

# വി. വി. കെ. വാലത്ത്

## — കവിയും ചരിത്രകാരനും

**ഐൻസ്റ്റീൻ വാലത്ത്**

# വി. വി. കെ. വാലത്ത് — കവിയും ചരിത്രകാരനും

ഐൻസ്റ്റീൻ വാലത്ത്

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2019

**V. V. K. Vālath — kaviyum charithrakāranum**
Malayalam: biography
by **Einstein Valath**
First published: 2019

Copyright © 2019, V. P. Asamani

These electronic versions are released under the provisionsof Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2017. ePub version was generated byTeX4ht from the same LaTeX sources. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Swatantra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Mopasang Valath

**Sayahna Foundation**
JWRA34, Jagathy, Trivandrum, India 695014
URL:www.sayahna.org

# ഉള്ളടക്കം

അവതാരിക xi

1 1918-ലെ ഒരു ഡിസംബർ രാത്രി 1

2 ഭസ്മം പൂശിയ ചിറ 3

3 പൂക്കൾ വിളിക്കുന്നു 7

4 തൊണ്ണൂറ്റൊമ്പതിലെ പെരുമഴ 11

5 മനുഷ്യരിലെ രണ്ടു ജാതി 17

6 ഗാന്ധിജിയെ തൊട്ടു; ഒരു ആറാം ക്ലാസ്സുകാരൻ 23

7 ഒരു തീവണ്ടിപ്പാതയുടെ കഥ 27

8 പിതാവിന്റെ നിര്യാണം 31

9 പട്ടാളക്കാരൻ 33

10 യുക്തിവാദി 37

11 ഇടപ്പള്ളിയിലെ ചങ്ങാതി 41

12 ഇടിമുഴക്കം 49

പട്ടിണിത്തോറ്റങ്ങൾ 53

ആർക്കറിയണം? 55

തലസ്ഥാന നഗരിയിൽ 56

ഉള്ളിലെ ഒച്ചകൾ 57

എങ്ങനെ? (1938 ഡിസംബർ 4) **60**
രക്ഷാസ്ഥാനം (1938 സെപ്തംബർ 11) **60**
യുദ്ധവിരുദ്ധകവിതകൾ **61**
13 അവർ ഞങ്ങളിൽ ജീവിയ്ക്കും! **63**
അവർ ഞങ്ങളിൽ ജീവിക്കും **64**
ലുമുംബയെ തറച്ച കുരിശ് (1961) **68**
14 ഓർമ്മക്കുറിപ്പുകൾ **71**
അതിശയിപ്പിക്കുന്ന ശൈലീഭംഗി — ടി. എം. ചുമ്മാർ **71**
നഷ്ടയശസ്സായിപ്പോയ ഒരു മഹാകവി.—പ്രൊഫ. മാത്യു ഉലകംതറ **72**
വാലത്തിന്റെ പ്രേമകവിതകൾ **72**
അത്ഭുതം (1942 ജൂലൈ) **79**
തിരുമുൽക്കാഴ്ച **80**
ജരാനരയില്ലാത്ത രചന–സി. പി. ശ്രീധരൻ **83**
15 കമ്യൂണിസ്റ്റ് **85**
16 അയയ്ക്കാഞ്ഞ കത്ത് **87**
17 ഉദ്യാനപാലകൻ **89**
18 ഒരു തല്ലു കേസ് **91**
19 ഗാന്ധിജി–ബൂർഷ്വാസംസ്കാരത്തിന്റെ ശങ്കരാചാര്യർ **95**
ഗാന്ധിജി ആരുടെ ആൾ? **97**
രാമരാജ്യ സോഷ്യലിസം **98**
വോട്ടുപെട്ടി സോഷ്യലിസം **99**
വെളിച്ചമില്ല—ഭാവിയുടെ നിഗൂഢമായ അന്ധകാരം **100**
20 സ്വാതന്ത്ര്യം വന്ന വഴി **101**
21 ഇവിടെ ഒരു കാമുകൻ മരിക്കുന്നു **105**
22 ഞാൻ ഇനിയും വരും **107**
23 വിവാഹിതൻ **111**
24 നിരൂപകൻ **117**
25 അമ്മയുടെ മരണം **119**

26 ഒരു ഏഴിലംപാല **121**

27 ‘അമ്മാവൻ’ **125**

28 ജീവിത ശൈലി **127**

29 ശരണം വിളി കൂടാതെ ഒരു ശബരിമല യാത്ര **131**

30 ഋഗ്വേദത്തിലൂടെ **135**

31 സംഘസാഹിത്യവേദി **139**

ചരിത്രകവാടങ്ങൾ **139**

‘പണ്ഡിറ്റ് കറുപ്പൻ’ പ്രകാശനം **140**

32 റിട്ടയർമെന്റ് **141**

33 ഷഷ്ടിപൂർത്തി **147**

34 സ്ഥലനാമഗവേഷണം **149**

35 തിരുവനന്തപുരം ജില്ലാ സ്ഥലചരിത്രം **155**

36 ജന്മനാടിന്റെ ആദരം **161**

37 അക്കാദമി പുരസ്കാരം **163**

38 അക്കാദമിയിലെ സുജനങ്ങൾ **165**

39 പ്രിയപ്പെട്ടവരുടെ വേർപാട് **167**

ജ്യേഷ്ഠൻ മാധവൻ **167**

ടി. കെ. സി. വടുതല, 1988 ജൂലായ് 1 **168**

ടാറ്റാപുരം സുകുമാരൻ, 1988 ഒക്ടോബർ 26 **168**

40 അന്ത്യനാളുകൾ **171**

ഈ സായംസന്ധ്യയിൽ **171**

41 ഒമർ ഖയ്യാം വരൂ, വരൂ! **175**

42 അങ്ങനെ ഒരു ദിവസം **179**

43 2001-ലെ ഒരു ജനവരി ദിനം **183**

“നീയെന്റെ വികാരവും
ഞാനതിലെ
വിഷാദവുമാണ്.
എനിക്കൊരു മുറിഞ്ഞ
ഹൃദയമുണ്ട്.
അതാണെന്റെ ആനന്ദം!”

— വി. വി. കെ. വാലത്ത്

## വി. വി. കെ. വാലത്തിന്റെ കൃതികൾ

1. ഇടിമുഴക്കം (ഗദ്യകവിത) 1947 ഫെബ്രുവരി
2. മിന്നൽവെളിച്ചം (ഗദ്യകവിത) 1948
3. ചക്രവാളത്തിനപ്പുറം (ഗദ്യകവിത)
4. ഞാൻ ഇനിയും വരും (കവിത)
5. അയയ്ക്കാഞ്ഞ കത്ത് (ചെറുകഥ)
6. ഇനി വണ്ടി ഇല്ലാ (ചെറുകഥ)
7. ഇവിടെ ഒരു കാമുകൻ മരിക്കുന്നു. (നോവൽ)
8. സംഘകാലകേരളം (പഠനം)
9. സംഘസാഹിത്യം എന്നാൽ എന്ത്? (പഠനം)
10. ചരിത്രകവാടങ്ങൾ (പഠനം)
11. ഋഗ്വേദത്തിലൂടെ (പഠനം)
12. ശബരിമല, ഷോളയാർ, മൂന്നാർ (യാത്രാവിവരണം)
13. വാലത്തിന്റെ കവിതകൾ (കവിത)
14. പണ്ഡിറ്റ് കെ. പി. കറുപ്പൻ (ജീവചരിത്രം)
15. കേരളത്തിലെ സ്ഥലചരിത്രങ്ങൾ – തൃശ്ശൂർ ജില്ല (സ്ഥലനാമപഠനം)
16. കേരളത്തിലെ സ്ഥലചരിത്രങ്ങൾ – പാലക്കാട് ജില്ല (സ്ഥലനാമപഠനം)
17. കേരളത്തിലെ സ്ഥലചരിത്രങ്ങൾ — എറണാകുളം ജില്ല (സ്ഥലനാമപഠനം)
18. കേരളത്തിലെ സ്ഥലചരിത്രങ്ങൾ — തിരുവനന്തപുരം ജില്ല (സ്ഥലനാമപഠനം)

# അവതാരിക

വി.വി.കെ.വാലത്തിന്റെ അതുല്യസംഭാവന ഏതെന്ന ചോദ്യത്തിന് നിസ്സംശയം പറയാവുന്നത് സ്ഥലനാമപഠനങ്ങളെന്നാണ്. എന്നാൽ അദ്ദേഹം കവിയായി തുട ങ്ങി കഥാകൃത്തും നോവലിസ്റ്റും വേദവ്യാഖ്യാതാവുമായി വളർന്ന ചരിത്രവീഥികളി ലൂടെ സ്ഥലനാമപഠനത്തിൽ എത്തിച്ചേരുകയാണുണ്ടായത്. അദ്ദേഹത്തിലെ സ്ഥ ലനാമപണ്ഡിതനിൽ ചരിത്രകാരനും കവിയും സമന്വയിക്കുന്നു. ചരിത്രസ്ഥലികളി ലൂടെ സുദീർഘസഞ്ചാരം നടത്തിയല്ലാതെ വാലത്തിന് സ്ഥലനാമപഠനം അസാ ദ്ധ്യമായിരുന്നു. അതിന് അദ്ദേഹം ഉപയോഗിക്കുന്ന ഭാഷ പലപ്പോഴും കവികളിൽ അസൂയ ജനിപ്പിക്കുന്നതുമാണ്.

വി. വി. കെ. വാലത്ത് എന്ന ബഹുമുഖവ്യക്തിത്വത്തെ വളരെ അടുത്തറിയാവു ന്ന മകൻ ഐൻസ്റ്റീൻ വാലത്ത് എഴുതിയ ഈ ജീവചരിത്രം അദ്ദേഹത്തിലെ കവി യെയും കഥാകൃത്തിനെയും നോവലിസ്റ്റിനെയും ചരിത്രകാരനെയും സ്ഥലനാമപ ണ്ഡിതനെയും മറ്റും ഒരു കഥ പറയുന്നപോലെ അനായാസമായി പരിചയപ്പെടുത്തു ന്നു. ഒപ്പംതന്നെ പുത്രൻ, സഹോദരൻ, പിതാവ്, ഭർത്താവ്, സുഹൃത്ത്, സഹപ്ര വർത്തകൻ എന്നിങ്ങനെ ജീവിതത്തിലെ വിവിധ റോളുകളിൽ അദ്ദേഹത്തിന്റെ ശക്തിദൗർബല്യങ്ങൾ അനാവരണം ചെയ്യുന്നുമുണ്ട്.

മാതൃഭൂമി വാരികയിൽ മാത്രം 1938 മുതൽ 1961 വരെ അറുപതോളം കവി തകൾ വാലത്ത് പ്രസിദ്ധീകരിക്കയുണ്ടായി. കൂടാതെ മലയാളരാജ്യംപോലുള്ള അക്കാലത്തെ പ്രമുഖ ആനുകാലികങ്ങളിൽ അദ്ദേഹത്തിന്റേതായി ധാരാളം കവി തകൾ വെളിച്ചം കണ്ടിരുന്നു. ഇടിമുഴക്കം, മിന്നൽവെളിച്ചം, ചക്രവാളത്തിനപ്പുറം, ഞാൻ ഇനിയും വരും, വാലത്തിന്റെ കവിതകൾ എന്നീ കൃതികളിലായി അവയിൽ കുറെയൊക്കെ പുസ്തകരൂപത്തിൽ വന്നിട്ടുണ്ട്. 1940-കളിൽ പ്രസിദ്ധീകരിക്കപ്പെട്ട

തിനാലായിരിക്കണം ആദ്യത്തെ മൂന്നും ഗദ്യകവിത എന്നാണ് അടയാളപ്പെടുത്തിക്കാണുന്നത്. ഇന്നാണെങ്കിൽ ആ വേർതിരിവ് ഉണ്ടാകുമായിരുന്നില്ല.

വൃത്തനിബദ്ധമായ കവിതകൾ രചിക്കാൻ കഴിയാഞ്ഞതുകൊണ്ടായിരുന്നില്ല വാലത്ത് വൃത്തത്തെ മിക്ക കവിതകളിലും തിരസ്കരിച്ചതെന്ന് 'ഞാൻ ഇനിയും വരും', 'വാലത്തിന്റെ കവിതകൾ' എന്നീ സമാഹാരങ്ങളിലെ ഛന്ദസ്ഥകവിതകൾ വ്യക്തമാക്കുന്നു. അലറാനും ഗർജ്ജിക്കാനും ഉറക്കെ കരയാനും പ്രേരിപ്പിക്കുന്ന പ്രമേയങ്ങൾ കൈകാര്യം ചെയ്തപ്പോൾ വൃത്തം തന്റെ ഉച്ഛൃംഖലമായ വിചാരവികാരങ്ങൾക്ക് ചങ്ങല തീർക്കുന്നുവെന്നു തോന്നിയപ്പോഴായാരിക്കണം അദ്ദേഹം അതുപേക്ഷിച്ചത്. പ്രമേയസ്വഭാവമനുസരിച്ച് ഒരേ കാലത്തുതന്നെ വ്യത്യസ്ത രചനകളിൽ വൃത്തം സ്വീകരിച്ചും തിരസ്കരിച്ചും അദ്ദേഹം കവിതകൾ രചിച്ചിരുന്നു.

1950-കളിൽ അന്നത്തെ യുവാക്കളുടെയിടയിൽ അദ്ദേഹത്തിന്റെ കവിതകൾക്ക് സ്വീകാര്യതയുണ്ടായിരുന്നതായി എനിക്ക് നേരിട്ടറിയാം. ഗദ്യകവിതകൾ പലതും ഹൈസ്കൂൾ വിദ്യാർത്ഥികൾ പ്രകടപ്രസംഗത്തിന് ഉപയോഗിച്ചിരുന്നു. 1954-ൽ സഖാവ് കെ. ദാമോദരൻ മുഖ്യപ്രാസംഗികനായി കൊടുങ്ങല്ലൂരിലെ മതിലകത്തുചേർന്ന സർദാർ ഗോപാലകൃഷ്ണൻ രക്തസാക്ഷിദിനത്തിൽ ഒരു യുവാവ് വാലത്തിന്റെ റോസംബർഗ് ദമ്പതിമാരെപ്പറ്റിയുള്ള കവിത വികാരോജ്ജ്വലമായി അവതിരിപ്പിച്ചത് ഇന്നും ഞാൻ ഓർക്കുന്നു. കവിതയിലെ വൃത്തനിരാസത്തിൽ 1960-70-കളിലെ ആധുനികരുടെ മുൻഗാമിയായിരുന്നു വാലത്തെങ്കിലും അദ്ദേഹത്തിനു ലഭിച്ച ഇത്തരമൊരു സ്വീകാര്യത അവർക്കാർക്കും ലഭിച്ചതായി അറിയില്ല. മാത്രമല്ല, അവരിൽ ടി. പി. രാജീവനൊഴികെ (ഒരു ഭാഷാപോഷിണി ലേഖനത്തിൽ) മറ്റാരും ആ മുൻഗാമിത്വത്തെ അംഗീകരിച്ചതായും ശ്രദ്ധിക്കപ്പെട്ടിട്ടില്ല. കവികളല്ലാത്ത ചില സമകാലികർ എഴുതിയ ഗദ്യകവിതകളിൽ ഗദ്യമല്ലാതെ കവിതയുണ്ടായിരുന്നില്ല. അതിനാൽ അക്കൂട്ടരുടെ രചനകൾ വാചാലതകൊണ്ടായിരുന്നു ശ്രദ്ധിക്കപ്പെട്ടത്.

സഹപ്രവർത്തകരോ അയൽക്കാരോ ബന്ധുക്കളോ അദ്ദേഹത്തിന് അടുത്ത സുഹൃത്തുക്കളായി ഉണ്ടായിരുന്നില്ല. എന്നാൽ അക്കാലത്തെ സാഹിത്യകാരന്മാരെല്ലാവരുമായി അടുപ്പമുണ്ടായിരുന്നു. മഹാകവി ചങ്ങമ്പുഴയുമായി ഉണ്ടായിരുന്ന ഹൃദയബന്ധത്തെ സംബന്ധിച്ച് വാലത്തിന്റെ തന്നെ ഒരനുസ്മരണക്കുറിപ്പ് ഈ കൃതിയെ സമ്പന്നമാക്കിയിട്ടുണ്ട്.

മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിലെ ചരിത്രഗ്രന്ഥങ്ങളും പുരാരേഖകളും വേണ്ടുവോളം ഉപയോഗിച്ചായിരുന്നു വാലത്ത് "സംഘകാലകേരളം" പോലുള്ള കേരളചരിത്രസംബന്ധിയായ കൃതികൾ രചിക്കയും, കേരളത്തിലെ

നാലു ജില്ലകളിലെ സ്ഥലനാമങ്ങൾ പഠനവിധേയമാക്കയും ചെയ്തത്. അറിവിന്റെ ഈ സജ്ജീകരണം മതിയായിരുന്നു ബൃഹത്തും ഈടുറ്റതുമായ ചരിത്രഗ്രന്ഥങ്ങൾ രചിക്കാൻ. അഭിജ്ഞന്മാർക്കിടയിൽ കൂടുതൽ സമ്മതിയും കീർത്തിയും അതു നല്കുമെന്നിരിക്കേ, സ്ഥലനാമപഠനം എന്ന അധികമാരും കൈവെച്ചിട്ടില്ലാത്ത ഒരു വിജ്ഞാനശാഖയിലേക്കായിരുന്നു അദ്ദേഹം തിരിഞ്ഞത്.

ജീവിതത്തിന്റെ അവസാനത്തെ മൂന്നു പതിറ്റാണ്ടായിരുന്നു വാലത്ത് സ്ഥലനാമപഠനത്തിൽ മുഴുകിയത്. “കേരളത്തിലെ സ്ഥലചരിത്രങ്ങൾ” എന്ന കൃതി അദ്ദേഹം 1969-ൽ പ്രസിദ്ധീകരിച്ചെങ്കിലും കൃത്യമായി സ്ഥലനാമപഠനം എന്ന വിഭാഗത്തിൽ പെടുത്താവുന്ന ആദ്യ രചന സാഹിത്യ അക്കാദമിപ്രസിദ്ധീകരണമായി വന്ന “കേരളത്തിലെ സ്ഥലചരിത്രങ്ങൾ: തൃശ്ശൂർ ജില്ല” (1981) ആകുന്നു. അക്കാദമിയുടെ പ്രാചീനഗ്രന്ഥശേഖരവും സ്കോളർഷിപ്പും ഉപയോഗപ്പെടുത്തിയായിരുന്നു ആ പഠനം നിർവ്വഹിച്ചത്. ജില്ലയിലെ ഓരോ സ്ഥലവും നേരിൽ കണ്ടും, സ്ഥലവാസികളോടു സംസാരിച്ചും നടത്തിയ ആ ഗവേഷണസപര്യ പൂർത്തിയാക്കാൻ ജോലിയിൽനിന്നു പിരിഞ്ഞ 1973-നു ശേഷമുള്ള വർഷങ്ങൾ വേണ്ടിവന്നു. തന്റെ ഗവേഷണരീതിയെപ്പറ്റി വാലത്ത് എഴുതി: “ബാല്യത്തിൽ കണ്ട വഴികൾ, വഴിയമ്പലങ്ങൾ, അത്താണികൾ, ചക്രച്ചുറ്റുകൾ, മലവാരങ്ങൾ, ഗുഹാക്ഷേത്രങ്ങൾ എല്ലാത്തിലും നൂറ്റാണ്ടുകളുടെ കഥകളുണ്ട്. ആ കഥകൾ തേടിയാണ് ഞാനലഞ്ഞത്. ഓരോ ജില്ലയുടെയും സ്ഥലചരിത്രമെഴുതിയത് എന്റെ വീട്ടിലിരുന്നുകൊണ്ടല്ല. ജില്ലയിലെ ഓരോ ഗ്രാമത്തിലും പോയി വിവരങ്ങൾ ശേഖരിക്കുകയായിരുന്നു. എത്ര കഷ്ടപ്പെട്ടായാലും നേരിൽ കാണാതെ ഞാനൊന്നുമെഴുതിയിട്ടില്ല.” ഇങ്ങനെ ശേഖരിച്ച സ്ഥലനാമങ്ങളെ തമിഴ് സംഘംകൃതികൾ, പ്രാചീന ലിഖിതങ്ങൾ, ഗ്രന്ഥവരികൾ, തിട്ടൂരങ്ങൾ തുടങ്ങിയ കേരളചരിത്രസാമഗ്രികളിൽനിന്ന് ആർജ്ജിച്ച വിജ്ഞാനത്തിന്റെ പിൻബലത്തോടെയായിരുന്നു വാലത്ത് പഠനവിധേയമാക്കിയത്. സംഘംകൃതികളിൽ വിവരിച്ചിട്ടുള്ള കുറിഞ്ചി (മല), മുല്ല (കാട്), പാല (വരണ്ട പ്രദേശം), മരുതം (കാർഷികമേഖല), നെയ്തൽ (കടലോരം) എന്നീ അഞ്ചുതരം ഭൂഖണ്ഡങ്ങൾ (ഐന്തിണകൾ) കേരളത്തിന്റെ സ്ഥലനാമോല്പത്തിക്ക് ആധാരമായി കണ്ടാണ് അദ്ദേഹം ഓരോ സ്ഥലവും പരിശോധിച്ചത്. വെറുതെ പറയുകയല്ല ഓരോ സ്ഥലവും ഇവയിൽ ഏതു വിഭാഗത്തിൽ പെടുന്നുവെന്നു കണ്ടെത്തുകയും, അങ്ങനെ അതിന്റെ ഉല്പത്തിയിലേക്കും ചരിത്രത്തിലേക്കും വായനക്കാരനെ കൂട്ടിക്കൊണ്ടുപോകയും ചെയ്യുന്നു.

ഐന്തിണവ്യവസ്ഥ കേരളത്തിന്റെ സ്ഥലനാമപഠനത്തിന് ഉപയോഗിക്കാമെന്ന സൂചന കോമാട്ടിൽ അച്യുതമേനോൻ (‘കൊച്ചിയിലെ സ്ഥലനാമങ്ങൾ’)

നല്കിയിരുന്നു. ഏതായാലും ആ സമീപനത്തിന്റെ വ്യാപകമായ സാദ്ധ്യത വിസ്മയകരമായി പ്രയോഗിച്ചത് വാലത്താണെന്നതിൽ സംശയമില്ല. അതാണ് ഈ മേഖലയിൽ അദ്ദേഹത്തിന്റെ ഏറ്റവും മൗലികമായ സംഭാവനയായി അടയാളപ്പെടുത്തേണ്ടത്.

മൂന്നു പതിറ്റാണ്ടുകാലത്തെ പരിചയം വാലത്തുമായി എനിക്കുണ്ടായിരുന്നുവെന്ന് അഭിമാനപൂർവ്വം അനുസ്മരിക്കുന്നു. തിരുവനന്തപുരം ആസ്ഥാനമായി ആരംഭിച്ച പ്ലെയ്സ് നെയിം സോസൈറ്റി (പ്ലാൻസ്) യുടെ സ്ഥാപകസെക്രട്ടറിയായി ഞാൻ പ്രവർത്തനമാരംഭിച്ച 1983 മുതൽ ആ ബന്ധം വളർന്നു. തിരുവനന്തപുരം ജില്ലയിലെ സ്ഥലനാമങ്ങളെപ്പറ്റിയുള്ള ഗ്രന്ഥരചനയ്ക്ക് മാസങ്ങളോളം അവിടെ അദ്ദേഹം പ്രവർത്തിച്ചിരുന്നപ്പോൾ അത് ദൃഢമായി. ഡോ. പുതുശ്ശേരി രാമചന്ദ്രനും (പ്രസിഡന്റ്) കേരളസർവ്വകലാശാല തമിഴ് വകുപ്പ് മേധാവിയായിരുന്ന ഡോ. കെ. നാച്ചിമുത്തുവും (വൈസ് പ്രസിഡന്റ്) പ്ലാൻസിന്റെ അക്കാദമിക് മുഖമായിരുന്നുവെങ്കിൽ, വാലത്ത് അതിന്റെ സർഗ്ഗാത്മകപാണ്ഡിത്യത്തിന്റെ മുഖമായിരുന്നു. കൊടുങ്ങല്ലൂരിലും വടകരയിലും തിരുവനന്തപുരത്തും വെച്ചുനടത്തിയ ഒട്ടേറെ പ്രാദേശിക-ദേശീയ സെമിനാറുകളിൽ അദ്ദേഹം പ്രബന്ധങ്ങൾ അവതരിപ്പിച്ച് ചർച്ചകളെ സാർത്ഥകവും സജീവവുമാക്കുകയുണ്ടായി.

1992-ൽ ഡോ. കെ.സി. ശങ്കരനാരായണൻ ഐ.എ.എസിന്റെ നേതൃത്വത്തിൽ പ്ലാൻസ് സംഘടിപ്പിച്ച സാഹസികമെന്നു വിശേഷിപ്പിക്കാവുന്ന 15 ദിവസം നീണ്ടുനിന്ന പമ്പായാത്രയിലും അദ്ദേഹം പങ്കെടുത്തു. പമ്പയുടെ പതനസ്ഥാനം മുതൽ ഉദ്ഭവം വരെ നടത്തിയ ആ പഠനപര്യടനം നല്ല ആരോഗ്യമുള്ളവർക്കു പോലും ഒരു വെല്ലുവിളിയായിരുന്നു. എന്നാൽ യാത്രാസംഘത്തിലെ ഏറ്റവും പ്രായമേറിയ വാലത്ത് ഏറ്റവും പ്രായംകുറഞ്ഞവരുമായി ചിരിച്ചും ഉല്ലസിച്ചും കാണപ്പെട്ടിരുന്നു. മദ്ധ്യവയസ്കരുമായോ പ്രായമേറിയവരുമായോ അദ്ദേഹം കാര്യമായി കൂട്ടുകൂടിയില്ല. പമ്പാതീരത്തെ ഓരോ സാംസ്കാരികകേന്ദ്രത്തിൽ സംഘം തമ്പടിച്ചപ്പോഴും വാലത്ത് നാട്ടുകാരുമായി സംസാരിച്ചു കുറിപ്പുകളെടുക്കുന്നത് കാണാമായിരുന്നു.

1985-ൽ കേരള ഗവർണർ ഉദ്ഘാടനം ചെയ്ത തിരുവനന്തപുരം സ്റ്റുഡന്റ്സ് സെന്ററിൽ നടന്ന പ്ലാൻസിന്റെ ത്രിദിന ദേശീയ സെമിനാറിൽ വാലത്തിനെ ആദരിക്കാൻ പ്രശസ്തിപത്രം തയ്യാറാക്കിയിരുന്നെങ്കിലും അദ്ദേഹത്തിന് എത്തിച്ചേരാനായില്ല. പിന്നീട് അദ്ദേഹത്തെ ആദരിക്കാനായി മാത്രം തിരുവന്തപുരത്ത് സംഘടിപ്പിക്കപ്പെട്ട സെമിനാറിൽ പ്രൊഫ. എസ്. ഗുപ്തൻ നായർ അത് അദ്ദേഹത്തിന് നല്കി. അന്ത്യനാളുകളിൽ ഒരിക്കൽക്കൂടി അദ്ദേഹത്തെ ആദരിക്കാൻ

മാത്രമായി പ്ലാൻസ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച യോഗത്തിലും പ്രമുഖ വ്യക്തികൾ ആ അതുല്യസംഭാവനകളെ പ്രശംസിച്ചു.

അലച്ചിലും എഴുത്തും വായനയും വാലത്തിന് ലഹരിയായിരുന്നു. സാധാരണക്കാർക്ക് പ്രിയങ്കരങ്ങളായ ജീവിതസൗകര്യങ്ങളെ നിസ്സാരവൽക്കരിക്കാനും പരിത്യജിക്കാനും ഈ ലഹരിയായിരിക്കണം അദ്ദേഹത്തിന് ശക്തിനൽകിയത്. സ്ഥലഗവേഷണത്തിനു വീട്ടിൽനിന്നിറങ്ങി പുറപ്പെട്ടാൽ തിരിച്ചെത്തുക ആഴ്ചകൾക്കു ശേഷമായിരിക്കും. അക്കാലയളവിൽ സ്വന്തം കുടുംബകാര്യങ്ങൾ എങ്ങനെയായിരുന്നുവെന്നതൊന്നും ഗവേഷകന് ചിന്താവിഷയമായിരുന്നില്ല എന്ന് മകനെന്ന നിലയിൽ അനുഭവത്തിൽനിന്നുതന്നെ ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നു.

അച്ഛനമ്മമാരോട് ഒരു മകനെന്ന നിലയിലും സഹോദരങ്ങളോട് സഹോദരനെന്ന നിലയിലും തന്റെ ഉത്തരവാദിത്വങ്ങളിൽനിന്ന് അദ്ദേഹം ഒഴിഞ്ഞുമാറിയിരുന്നു. അതിനുകാരണം നന്നേ ചെറുപ്പത്തിലേ അദ്ദേഹത്തിൽ ആവേശിച്ചിരുന്ന കവിയും ചരിത്രകാരനും മറ്റുമായിരുന്നു. സാധാരണ മനുഷ്യരിൽനിന്നു വ്യത്യസ്തമായി തനിക്കെന്തോ ചെയ്തുതീർക്കാനുണ്ടെന്ന ഒരു അബോധപ്രേരണ അദ്ദേഹത്തെ നയിച്ചിരിക്കണം. ഇക്കാര്യത്തിൽ അച്ഛനമ്മമാർക്കോ സഹോദരങ്ങൾക്കോ പ്രത്യേക പരിഭവത്തിനിടമില്ല. ഭാര്യയോടും മക്കളോടും ഇതേ നിലപാടാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. ഭാര്യ കൃശോദരി ടീച്ചർ എല്ലാ കുടുംബഭാരവും മനുഷ്യസഹജമായ ചെറിയ പ്രതിഷേധത്തോടെയാണെങ്കിലും ഏറ്റെടുത്തതിനാൽ വാലത്തെന്ന ഒരെഴുത്തുകാരനുണ്ടായി. ടീച്ചർ ഇല്ലായിരുന്നുവെങ്കിൽ വി.വി.കെ. വാലത്ത് എന്നൊരെഴുത്തുകരൻ ഉണ്ടാകില്ലായിരുന്നുവെന്ന ഗ്രന്ഥകാരന്റെ ആവർത്തിച്ചുള്ള പ്രസ്താവന വായനക്കാർക്കുകൂടി ബോദ്ധ്യപ്പെടുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ എന്നപോലെ കേരളത്തിലെ ഓരോ ജില്ലയിലെ സ്ഥലനാമങ്ങളെയും പറ്റി പഠനഗ്രന്ഥങ്ങൾ രചിക്കാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. പാലക്കാട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾകൂടി പൂർത്തിയാക്കാനേ കാലം അദ്ദേഹത്തെ അനുവദിച്ചുള്ളു.

പിതാവിനോടുള്ള സ്നേഹബഹുമാനങ്ങളാൽ അന്ധമായ ഒരു വരിപോലും ഈ കൃതിയിലില്ല. ഒരു മനുഷ്യനെന്ന നിലയിൽ അദ്ദേഹത്തിലെ പോരായ്മകൾ കണ്ടെത്തി രസകരമായി അവതരിപ്പിക്കാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. അതായിരിക്കാം ഇതിന്റെ മികവും. ഐൻസ്റ്റീൻ വാലത്തിന് വിജയങ്ങൾ ആശംസിച്ചുകൊണ്ട് ഈ ജീവചരിത്രകൃതി സന്തോഷപൂർവ്വം അവതരിപ്പിക്കുന്നു.

തൃശ്ശൂർ, കെ. എം. ലെനിൻ
25-12-2017

സമർപ്പണം

ഭർത്താവിനും മക്കൾക്കും സ്വയം സമർപ്പിച്ച
കെ.കെ.കൃശോദരിട്ടീച്ചർക്ക്.

# 1

## 1918-ലെ ഒരു ഡിസംബർ രാത്രി

മഞ്ഞുമഴപെയ്തു കൊണ്ടിരുന്ന ഒരു ഡിസംബർ 24 രാത്രി. ലോകമെങ്ങും ദേവാലയങ്ങൾ ക്രിസ്തുദേവന്റെ ജനനസ്മരണയിൽ പ്രാർഥനാപൂർവം ഉണർന്നിരിക്കുന്നു. ചേരാനല്ലൂർ യാക്കോശ്ലീഹാ പള്ളിയിൽ പാതിരാക്കുർബ്ബാന കഴിഞ്ഞ് വാലംകരയിലെ ഏതാനും ക്രിസ്ത്യൻ കുടുംബങ്ങൾ വീടുകളിലേയ്ക്ക് മടങ്ങുകയായിരുന്നു. രാത്രി ഒരു മണിയോടടുത്ത സമയം. ദേഹം തുളയ്ക്കുന്ന തണുപ്പ്. നോക്കുന്തോറും എങ്ങും കറുകറുത്ത ഗോപുരങ്ങൾ രൂപപ്പെട്ടു വരുന്ന കുറ്റാ കൂരിരുട്ട്. വഴിയുടെ ഇരുവശത്തും പുല്ലുവളർന്നു നിൽക്കുന്ന പാഴ്ഭൂമിയാണ്. പ്രേതപ്പറമ്പ് പോലെ. അകലെ അങ്ങിങ്ങായി ചെറിയ ഓലപ്പുരകൾ. ആ വിജനതയിൽ പകൽപോലും നടക്കാൻ ആളുകൾക്ക് പേടിയാണ്. മുമ്പിൽ നടക്കുന്ന പുരുഷന്മാർ ആഞ്ഞു വീശുന്ന ചൂട്ടുകറ്റയുടെ ചുവന്ന വെളിച്ചവും ചൂട്ടും കഴുത്തിലെ വെന്തിങ്ങയും കൈവിരലുകളിൽ തിരിയുന്ന കൊന്തയും മാത്രം ആശ്രയം. പിന്നിൽ തപ്പിത്തടഞ്ഞാണ് ചട്ടയും റേന്ത കുത്തിയ കവണിയും അടുക്കിട്ട് ഉടുത്ത കച്ചമുറിയും ധരിച്ച പെണ്ണുങ്ങളുടെ നടപ്പ്.

നാട്ടുവഴി പാടവരമ്പത്ത് അവസാനിക്കും. നേർത്ത പാടവരമ്പിലൂടെ ഒറ്റയടി വച്ച് നടക്കണം. പാടത്തിന്റെ കരയിൽ വരിയൊപ്പിച്ചു നിന്ന് ആർത്തു ചിരിക്കുന്ന പ്രേതങ്ങൾ പോലെ ശീതക്കാറ്റിൽ മുടിയഴിച്ച് ആടുന്ന തെങ്ങിൻ നിരകൾ. പാടം കഴിഞ്ഞാൽ തോടിന് അക്കരെയാണ് വാലം. തോടുകൾ ഒരു ദേശത്തിന്റെ പ്രകൃതി ദത്തമായ വരദാനമാണ്. സ്ത്രീകൾ തോട്ടിൽ തുണിയലക്കി കുളിച്ചു കയറാത്ത വീടുകളുണ്ടായിരുന്നില്ല. തോടിന് കുറുകെ ഉയരമുള്ള തടിപ്പാലം. വരാപ്പുഴയിൽ

നിന്ന് കൊച്ചിയിലേക്കും തിരിച്ചും ബോട്ടുകളും വളവരവഞ്ചികളും കേവുവള്ളങ്ങളും വാലം തോടിലൂടെ കടന്നുപോയ്ക്കൊണ്ടിരുന്നു. അതു കൊണ്ട് പാലം ഉയരത്തിൽ വേണ്ടിയിരുന്നു. കോൺക്രീറ്റ് ഇല്ലാത്ത കാലത്ത് തടി കൊണ്ട് മാത്രം നിർമ്മിച്ച രണ്ടു തട്ടുള്ള പാലം. രണ്ടാമത്തെ തട്ടിലേക്ക് കാൽ ഉയർത്തി വെക്കാൻ മുതിർന്ന വർക്കെ കഴിയൂ. വളരെ പേടിച്ചാണ് എല്ലാവരും ആ പാലം കടന്നിരുന്നത്. പലരും കാൽ വഴുതി പുഴയിൽ വീണിട്ടുമുണ്ട്. ഒരു കുശവൻ പകലന്തിയോളം കലം വിറ്റ് രാത്രി മടങ്ങിപ്പോകും വഴി ആ പാലത്തിൽ നിന്ന് താഴെ വീണിട്ടുണ്ട്.

പാതിരാക്കുർബ്ബാന കഴിഞ്ഞ് വരികയായിരുന്ന കുടുംബങ്ങൾ പാലമിറങ്ങി വാലം കരയിൽ എത്തി. വാലത്തെ വീടുകൾ സന്ധ്യയോടെ ഉറങ്ങാൻ തുടങ്ങും. വിളക്ക് കത്തിച്ചു അധികനേരം വയ്ക്കില്ല. കുട്ടികൾ നാമം ചൊല്ലിക്കഴിഞ്ഞാൽ അത്താഴം വിളമ്പലായി. അതും കഴിഞ്ഞാൽ എല്ലാ വിളക്കുകളും അണയും. മണ്ണെ ണ്ണ അടുത്ത ദിവസത്തേയ്ക്ക് കരുതിവയ്ക്കും. ക്ഷാമകാലമായിരുന്നു. എല്ലാത്തിനും ക്ഷാമം. ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞ് കഷ്ടി ഒരു മാസമേ ആയിട്ടുള്ളൂ. യൂറോ പ്പ് കേന്ദ്രീകരിച്ചു നടന്ന യുദ്ധത്തിന്റെ അലയൊലികൾ ലോകത്താകമാനം ചെന്നെ ത്തിയിരുന്നു. പാലം ഇറങ്ങിക്കഴിഞ്ഞുള്ള ആദ്യത്തെ വീട്ടിൽ അപ്പോഴും വെളിച്ചം കണ്ടു. എല്ലായിടത്തും കുറ്റാക്കുരിരുട്ട്. ആ വീട്ടിൽ മാത്രം വെളിച്ചം. റാന്തലിന്റെ അരണ്ട വെളിച്ചം. വരാന്തയിൽ ആരൊക്കെയോ നിൽപ്പുണ്ട്. വേലു ആശാന്റെ വീടാണല്ലോ. എന്താണ് സംഗതി എന്നറിയാൻ അവർ ആ ചെറിയ വീട്ടിലേക്ക് കയറി. അവിടെ ആശാന്റെ ഭാര്യ പാറു പ്രസവിച്ച വിവരമാണ് അവർക്ക് ലഭിച്ചത്. ക്രിസ്തു ജനിച്ച സമയം. ഒരു ആൺ കുഞ്ഞു പിറന്നിരിക്കുന്നു. ക്രിസ്തുവിനെ പിൽക്കാ ലത്ത് ഏറെ ആദരിക്കുകയും അനുഗമിക്കുകയും ചെയ്ത വാലത്തിനു ജനിക്കുവാൻ ഉചിതമായ സമയം അതുതന്നെ എന്ന് പ്രകൃതി നിശ്ചയിച്ചിരിക്കാം. അങ്ങനെ ഒരു ഡിസംബർ രാത്രിയിൽ ജനിച്ച വാലത്ത് നിരവധി ഡിസംബറുകളിലെ കുളിർ പെയ്യുന്ന മഞ്ഞുകാലങ്ങൾ ആവോളം ആസ്വദിച്ച് മറ്റൊരു ഡിസംബർ സന്ധ്യയിൽ അന്തരിച്ചു. ഇടിമുഴക്കം, മിന്നൽ വെളിച്ചം, ചക്രവാളത്തിനപ്പുറം, ഋഗ്വേദത്തിലൂടെ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, തിരുവനന്തപുരം ജില്ലാ സ്ഥലചരിത്രങ്ങൾ തുടങ്ങി കാലത്തിനു പകരം വയ്ക്കാൻ കഴിയാത്ത ഇരുപതോളം ഗ്രന്ഥങ്ങൾ രചിച്ച് മലയാളസാഹിത്യത്തിൽ സ്വന്തം കയ്യൊപ്പ് ചാർത്തിയ വി. വി. കെ. വാലത്ത് എന്ന എളിയ മനുഷ്യന്റെ വ്യക്തി ജീവിതത്തിലേക്ക് ഒരവലോകനം.

# 2

## ഭസ്മം പൂശിയ ചിറ

എറണാകുളം ജില്ലയിൽ ഇടപ്പള്ളിയ്ക്കടുത്തുള്ള ചേരാനെല്ലൂർ ചരിത്ര പ്രസിദ്ധമാണ്. കൊച്ചീ രാജ്യത്തിലെ ഇടപ്രഭുക്കന്മാരായിരുന്ന അഞ്ചു കയ്മൾമാരിൽപെട്ട ചേരാന ല്ലൂർ കർത്താവിന്റെ ആസ്ഥാനമായിരുന്നു ഈ പ്രദേശം. വരാപ്പുഴക്കായൽ എന്ന പേരിൽ വരാപ്പുഴ ഭാഗത്തുകൂടി ഒഴുകി കൊച്ചി അഴിമുഖം വഴി അറബിക്കടലിൽ സംഗമിക്കുന്ന പെരിയാറിന്റെ കിഴക്കേ കരയാണ് ചേരാനല്ലൂർ.

ചേരാനല്ലൂരിന്റെ പടിഞ്ഞാറ് ഭാഗത്ത് കായൽ തീരത്തോട് ചേർന്നാണ് തോടുകളും ചിറകളും എമ്പാടും നിറഞ്ഞ വാലം എന്ന താഴ്ന്ന കായലോര ഗ്രാമം. പടിഞ്ഞാറ് ഭാഗം വേമ്പനാട്ടു കായലാണ്. കായലിൽ നിന്നടിക്കുന്ന ഇളംകാറ്റിൽ ആടിയുലയുന്ന തെങ്ങുകൾ വാലംകരയിൽ എമ്പാടും മനോഹരകാഴ്ചയാണ്. . .

> "ഞണ്ടുകൾ മാളം വെച്ച് താവളമുറപ്പിക്കും
> കണ്ടവും മീൻ കളിക്കും കൈത്തോടും കയങ്ങളും
> മൂകമായ് ചൂടാണ്ടുള്ളോരുപ്പുവെള്ളത്തിൽക്കുളി-
> ച്ചാകവേ ഭസ്മം പൂശി നിൽക്കുന്ന ചിറകളും
> വട്ടമിട്ടെല്ലായ്പ്പോഴുംകാത്തു നിന്നീടുന്നൊരു
> പട്ടിണിത്തുരുത്താണെൻ ജന്മദേശമാം ഗ്രാമം."

എന്നാണ വാലത്ത് തന്റെ ജന്മഗ്രാമത്തെ വിശേഷിപ്പിച്ചത്.

എങ്ങും ദാരിദ്ര്യം കളിയാടിയിരുന്ന മനോഹരഗ്രാമം എന്ന വാലംകരയെ,

ദാരിദ്ര്യം ഇല്ലാത്ത ഇക്കാലത്ത് പരിഹസിച്ചാൽ അന്ന് ആ ചെറ്റക്കുരകളിൽ നിന്ന് ഉതിർന്ന നെടുവീർപ്പുകളും ഒഴുകിയ കണ്ണുനീരും മാപ്പ് തരില്ല. യഥാർത്ഥ വാലം ഒരു ദാരിദ്ര്യമേഖലയായിരുന്നു. ധനസ്ഥിതിയുള്ള ഒരാൾ പോലും അക്കാലത്ത് അവിടെ ഉണ്ടായിരുന്നില്ല. ഭൂരിഭാഗവും ഓല മേഞ്ഞ ചെറുവീടുകൾ. കൂലിപ്പണിക്കാരായ ആണുങ്ങൾ. സ്ത്രീജനങ്ങൾ പ്രഭാതം മുതൽ പ്രദോഷം വരെ തോട്ടുവക്കത്ത് നിരന്നിരുന്നു തൊണ്ട് തല്ലും. അതോടൊപ്പം ചകിരി പിരിച്ചു കയർ നിർമ്മാണവും നടക്കും. ചീഞ്ഞ മടലിന്റെ ദുർഗന്ധം വാലത്തേയ്ക്ക് കടന്നു ചെല്ലുന്ന ആരെയും സ്വാഗതം ചെയ്തിരുന്നു. മൂന്നോ നാലോ മുസ്ലിം, ക്രിസ്തീയ കുടുംബങ്ങൾ കഴിഞ്ഞാൽ തൊണ്ണൂറു ശതമാനവും ഈഴവ കുടുംബങ്ങളാണ്. തെക്കേ വാലം, വടക്കേ വാലം എന്ന് തിരിക്കേണ്ട തരത്തിൽ നീളമേറിയതായിരുന്നു വാലംകര. കിഴക്കു അരികിൽ കേവ് വള്ളങ്ങളും, ചെറു ബോട്ടുകളും കടന്നു പൊയ്ക്കൊണ്ടിരുന്ന വാലംതോട്. പടിഞ്ഞാറെ അരികിലൂടെ വേമ്പനാട്ടു കായലിലേക്ക് ഒഴുകുന്ന പെരിയാർ. വേമ്പനാട്ടുകായൽ കൊച്ചി അഴി വഴി അറബിക്കടലിൽ ചേരുന്നു. വേനൽക്കാലത്ത് കടലിൽ നിന്നു കായലിലേക്കാണ് വെള്ളം ഒഴുകുക. ഇതു കൊണ്ടു കായലിൽ വെള്ളം ഉപ്പു രസമുള്ളതാകും. കായലിൽ നിന്ന് സ്ഥിരമായി ഉപ്പു കാറ്റടിക്കുന്നതിനാൽ ചെടികൾ മുരടിക്കും. ചുറ്റും വെള്ളമുണ്ടായിട്ടും വാലത്തുകാർക്ക് കുടിക്കാൻ ശുദ്ധജലം കിട്ടാറില്ല. ഒന്നോ രണ്ടോ കിണറുകളിൽ മാത്രമായി ശുദ്ധജലം ചുരുങ്ങും. ആ കിണറുകളായിരിക്കും എല്ലാവരുടെയും ആശ്രയം.

ഇലകളും കൊമ്പുകളും പടർന്നു പന്തലിച്ച വലിയ ആഞ്ഞിലിമരങ്ങൾ വാലത്തുണ്ടായിരുന്നു. ആ മരങ്ങളിലായിരുന്നു, കാക്കകൾ രാത്രിയിൽ ചേക്കേറിയിരുന്നത്! സന്ധ്യയോടെ എവിടെ നിന്നെന്നറിയില്ല, കാക്കത്തൊള്ളായിരം കാക്കകൾ കൂട്ടംകൂട്ടമായി വരാൻ തുടങ്ങും. ക്രാ, ക്രാ ശബ്ദം അന്തരീക്ഷത്തിൽ അലയടിക്കുന്നത് കാതിൽ മുഴങ്ങിക്കേൾക്കാം. ഏറ്റവും വലിയ പ്രശ്നമാണ് അഭിഷേകം. കാക്കകളുടെ അഭിഷേകം കൊണ്ട് പുരപ്പുറം മുഴുവൻ വെള്ളനിറമായിരുന്നു. ആ സമയങ്ങളിൽ ആരെങ്കിലും വീടിനു പുറത്തിറങ്ങുകയോ, പുറത്തു നിന്ന് വീട്ടിലേക്കു വരികയോ ചെയ്താൽ അഭിഷേകം ശിരസാ വഹിക്കാതെ നിവൃത്തിയില്ല... എന്നിട്ടും അവിടത്തുകാർ ജന്മനാടിനോടുള്ള സ്നേഹം കൈവിട്ടില്ല. ഓണക്കാലത്ത് വാലം കൂടുതൽ മനോഹരിയാകും. പുൽക്കൊടിയും പൂവിടുന്ന പോന്നോണക്കാലത്ത് പറമ്പിലും തൊടിയിലും ഇലക്കുമ്പിളിൽ പൂ പറിക്കുന്ന കുട്ടികളെ കാണാം. ഉച്ച തിരിയുമ്പോൾ മാവേലിയുടെ അപദാനങ്ങൾ കീർത്തി

ക്കുന്ന ഓണപ്പാട്ടുകൾ കാറ്റിൽ ഒഴുകിയെത്തും. വാലത്തെ സ്ത്രീജനങ്ങൾ മികച്ച ഓണംകളിക്കാരായിരുന്നു. ഓണക്കാലത്ത് ഇളം തെന്നൽ വീശുന്ന ഉച്ചതിരിഞ്ഞ നേരങ്ങളിൽ വടക്കേവാലത്തും തെക്കെവാലത്തും ഒരേസമയം രണ്ടും മൂന്നും കൈകൊട്ടിക്കളികൾ അരങ്ങേറും. പഴയ കഥയാണ്. ഇന്ന് വാലം മറ്റു ഗ്രാമങ്ങൾ പോലെ 'ഫാഷണബിൾ' ആയിമാറിക്കഴിഞ്ഞു.

# 3

## പൂക്കൾ വിളിക്കുന്നു

അക്കാലത്ത് വടക്കേവാലത്തെ പ്രധാനപ്പെട്ട രണ്ടു വ്യക്തികളായിരുന്നു, വാലത്ത് നാരായണൻ വൈദ്യരും വേലു ആശാനും. വാലത്ത് നാരായണൻ വൈദ്യരുടെ ചികിത്സ തേടി അകലെ നിന്ന് ആളുകൾ എത്തിയിരുന്നു. വേലു ആശാൻ വേലു പൂജാരി എന്ന പേരിലും അറിയപ്പെട്ടിരുന്നു. എഴുത്തുപള്ളിക്കൂടത്തിലെ ഗുരു എന്നതിന് പുറമേ പ്രദേശത്തെ പൌരോഹിത്യവും അദ്ദേഹം നിർവഹിച്ചു.

വേലുപ്പൂജാരിയുടെയും ഏഴിക്കര താശ്ശൻ മകൾ പാറുവിന്റെയും ആറു മക്കളിൽ അഞ്ചാമനായി 1918-ൽ ജനിച്ച കുട്ടിയാണ് പിൽക്കാലത്ത് മലയാളസാഹിത്യത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച വി. വി. കെ. വാലത്ത്. വേലുപ്പൂജാരി വലിയ വിഷ്ണുഭക്തനായിരുന്നു. ആണ്മക്കൾ രണ്ടുപേർക്കും മഹാഭാരതത്തിൽ നിന്ന് പേരുകൾ നൽകി. ഒരാൾ മാധവൻ, അടുത്തയാൾ കൃഷ്ണൻ. പെണ്മക്കൾക്ക് രാമായണത്തിൽ നിന്നും. ജാനകി (ടാറ്റാപുരം സുകുമാരന്റെ മാതാവ്), ചിരുത, കല്യാണി, ഭാരതി. താൻ വേലു, സുബ്രഹ്മണ്യനാണല്ലോ. ഭാര്യ പാറു, പാർവതിയാണ്. ചുരുക്കത്തിൽ ദൈവങ്ങളുടെ സംഗമമാണ് ആ വീട്. പക്ഷെ, ദാരിദ്ര്യമൊഴിഞ്ഞു ഒരു നേരമില്ല. ചെറിയ കുട്ടികളുടെ പേരിടലും, ചോറ് കൊടുക്കലും, എഴുത്തിനിരുത്തും യഥാവിധി അച്ഛന്റെ മേൽനോട്ടത്തിൽ നടന്നു. ജ്യേഷ്ഠന്റെയും ജ്യേഷ്ഠത്തിമാരുടെയും ലാളനയിൽ ബാല്യം പിന്നിട്ട്, 1924-ലാണ് കൃഷ്ണൻ സ്കൂളിൽ ചേരുന്നത്. ജ്യേഷ്ഠൻ മാധവൻ അച്ഛനെപ്പോലെ സൌമ്യപ്രകൃതക്കാരനായിരുന്നു. ഒരു പക്ഷെ, ആ ജന്മപരമ്പരകളുടെ സ്ഥായിഭാവം സൌമ്യത ഒന്നു മാത്രമായിരുന്നു എന്ന് തോന്നാം.

കാരണം അവരിൽ ആരും ഉഗ്രരൂപികളായിരുന്നില്ല. സഹോദരിമാർ നിലത്തു വെയ്ക്കാതെയാണത്രേ കുഞ്ഞിനെ കൊണ്ട് നടന്നത്.

'വീട്ടിലോ നാട്ടിലോ വല്ല
കാട്ടിലോ മേട്ടിലോ സ്വയം
പൂവ് സൃഷ്ടിച്ച കൈയങ്ങു
വിളിക്കുന്നുണ്ട് നിങ്ങളെ . . .'

ബാല്യത്തിൽ കൃഷ്ണനെ വളരെ സ്വാധീനിച്ച ഒരു പദ്യശകലം. വീട്ടിലായാലും നാട്ടിലായാലും കാട്ടിലോ മേട്ടിലോ ആയാലും ഒരു പൂവ് അതിന്റെ മനോഹാരിത കൊണ്ട് നിങ്ങളെ മാടിവിളിക്കും. മഹാകവി കുമാരനാശാന്റെ 'ഒരു ഉത്ബോധനം' എന്ന കവിതയിലെ വരികൾ കൃഷ്ണന് മനഃപാഠമായി. പദ്യനുറുങ്ങുകൾ പാടി നടന്നിരുന്ന ബാല്യം പദ്യനിർമ്മാണത്തിലേക്ക് വഴിയൊരുക്കി. കൂടാതെ അച്ഛനിൽ നിന്നും കുമാരനാശാന്റെ ഏതാനും പദ്യങ്ങൾ കൂടി സ്ഥിരമായി കേട്ട് പഠിച്ചത് ആത്മാവിൽ അലിഞ്ഞു ചേർന്നിരുന്നു.

മനസ്സിൽ ആത്മഗദങ്ങൾ പദ്യരൂപത്തിൽ സാന്ദ്രമാകാൻ തുടങ്ങിയത് അങ്ങനെയാകാം. കുഞ്ഞുനാളിലെ പദ്യങ്ങളോട് ആഭിമുഖ്യമായിരുന്നു. പദ്യങ്ങളോട് എന്തെന്നറിയില്ലാത്ത അടുപ്പം എന്നും മനസ്സിൽ നിറഞ്ഞു നിന്നു. ചെറു പ്രായത്തിൽ എന്ത് കിട്ടിയാലും ശ്രദ്ധയോടെ വായിക്കുന്ന പ്രകൃതമായിരുന്നു. കൂടുതൽ വായിക്കുവാൻ ഒരു നിവൃത്തിയുമില്ല. സ്കൂൾ തലത്തിൽ പ്രസംഗമത്സരത്തിലും പദ്യരചനാമത്സരത്തിലും സജീവമായി പങ്കെടുത്ത കൃഷ്ണൻ സാഹിത്യത്തിലേക്ക് തിരിഞ്ഞത് സ്വാഭാവിക പരിണാമം മാത്രം.

കുട്ടിക്കാലത്ത് കൃഷ്ണൻ അച്ഛനെ അത്ഭുതത്തോടെയാണ് കണ്ടത്. തന്റെ റോൾ മോഡൽ എന്ന നിലയ്ക്ക് തന്നെയാണ് അച്ഛനെ ഉൾക്കൊണ്ടത്. മിതഭാഷണം, മിതഭക്ഷണം, ആദർശനിഷ്ഠ എന്നിവ അച്ഛനിൽ നിന്നാണ് വാലത്ത് സ്വീകരിച്ചത്. അച്ഛൻ ധാരാളിത്തം അറിഞ്ഞിട്ടില്ല. ആരെയും അറിഞ്ഞുകൊണ്ട് ഉപദ്രവിച്ചിട്ടില്ല.

ഒരിക്കൽ അയല്പക്കക്കാരനായ മുട്ടക്കച്ചവടക്കാരൻ മാപ്ല വേലു വീട്ടിലില്ലാത്ത തക്കം നോക്കി അതിര് കയ്യേറി. അതിരിലെ ഒരുനിര അടയ്ക്കാമര തൈകൾ പറിച്ച് പുഴയിലെറിഞ്ഞു. നൂറു തൈകൾ. വേലുവും മക്കളും കൂടി നട്ടതും നനച്ചുകൊണ്ടിരുന്നതുമാണ്. എന്നിട്ട് ആ സ്ഥലം കൂടി ചേർത്ത് പുതിയ വേലി കെട്ടി. വേലുവിന്റെ ഭാര്യയും മക്കളും പ്രതികരിക്കാനാവാതെ നിസ്സഹായരായി. എവിടെയോ പൂജകഴി

ഞ്ഞു വന്നപ്പോൾ അമ്മ സംഭവം അച്ഛനെ അറിയിച്ചു. അച്ഛൻ പടിഞ്ഞാറേ അതിരിൽ ചെന്ന് നോക്കി. അവിടെ മാപ്ലയുടെ പുതിയ വേലി കണ്ടു. നൂറോളം അടയ്ക്കാമരത്തൈകൾ അപ്രത്യക്ഷമായിരിക്കുന്നു. അച്ഛൻ ആ വേലി വലിച്ചുപറിച്ചെടുത്തു ദൂരെയ്ക്കെറിയുമെന്നു മക്കൾ വിചാരിച്ചു. അവിടെ മക്കൾക്ക് തെറ്റി. അച്ഛൻ പറഞ്ഞു. 'സാരമില്ല. ആ പാവം എടുത്തുകൊള്ളട്ടെ, ഇല്ലാഞ്ഞിട്ടല്ലേ?' അച്ഛൻ തിരിച്ചു നടന്നു. ഒരു ഇല്ലായ്മക്കാരന് മറ്റൊരു ഇല്ലായ്മക്കാരൻ സൌജന്യം നൽകുന്നു. ഒരു പുതിയ പാഠമാണ് പൂജാരി അതിലൂടെ മക്കളെ പഠിപ്പിച്ചത്. ന്യായമായ കാര്യത്തിലാണെങ്കിലും വഴക്കടിച്ചു ഒന്നും നേടാൻ നിൽക്കരുത് എന്ന പാഠം.

അധികം വൈകാതെ വാർത്ത പരന്നു. മുട്ടക്കാരൻ മാപ്ല അങ്ങാടിയിൽ തലചുറ്റി വീണു. വീട്ടിൽ കൊണ്ടുവന്നത് സ്വന്തം കുട്ടയിൽ മടക്കിച്ചുരുട്ടിക്കിടത്തിയാണ്. അച്ഛൻ പോയി കണ്ടു. എന്നിട്ട് പറഞ്ഞു. "മാപ്ല കുട്ടയിൽ തന്നെ മയ്യത്തായി. അയാൾക്ക് അത്രയും സ്ഥലമേ വേണ്ടിയിരുന്നുള്ളൂ . . . "

പൂജകൾ കഴിഞ്ഞ് വേലപ്പൂജാരി മടങ്ങി വരുമ്പോൾ തലയിൽ ഒരു ഭാണ്ഡവും ഉണ്ടാകും. കാക്കാമാപ്പിളയുടെ പാലം ഇറങ്ങി പാടവരമ്പത്തൂടെ അച്ഛൻ വരുന്നത് അകലെ നിന്നേ മക്കൾക്ക് കാണാം. വരമ്പ് പോകുന്ന വഴിയ്ക്കൊക്കെ വളഞ്ഞും തിരിഞ്ഞും പിന്നെയൊരു ദുർഘട പാലവും കൂടി കടന്നു വീടെത്തുമ്പോൾ ഒരുപാട് വൈകും.

വീട്ടിലെത്തി, കോലായിൽ ഭാണ്ഡം ഇറക്കി, അച്ഛൻ കുളിക്കാൻ പോകും. അപ്പോൾ അമ്മയും മക്കളും കൂടി ഭാണ്ഡം തുറന്നു പരിശോധിക്കും. എത്ര വിസ്മയത്തോടെയാണ് കുട്ടികൾ ആ നിധി പരിശോധിച്ചിരുന്നത്! നെല്ല്, പല ജാതി അരികൾ കൂടിക്കുഴഞ്ഞത്, മലര്, അവിൽ, ചന്ദനത്തിരി, പഴം, ഓറഞ്ച് അങ്ങിനെ . . . അമ്മ ക്ഷമയോടെ വീണ്ടും വീണ്ടും പരതും. പല വീടുകളിൽ നിന്നും പൂജകൾക്ക് പ്രതിഫലമായി ലഭിച്ചതായിരിക്കാം. അത് കിട്ടുവാൻ അച്ഛൻ ഭാണ്ഡം തുറന്നു കാത്തുനിന്നിട്ടുണ്ടാകും. അച്ഛനോട് അനുകമ്പയും സ്നേഹവും കൊണ്ട് കണ്ണ് നിറയും. അമ്മ അരിയിൽ കൈ കുഴിച്ചു തപ്പി ഒടുവിൽ വെള്ളിനാണയങ്ങൾ ഒന്നൊഴിയാതെ കണ്ടെടുക്കും. അത് എണ്ണി, മടിശ്ശീലയിൽ കെട്ടി, കുളി കഴിഞ്ഞ് വരുന്ന അച്ഛനെ ഏൽപ്പിക്കും. അച്ഛൻ അത് അമ്മയെ തന്നെ തിരിച്ച് ഏല്പിക്കും. എന്നിട്ട് വിഷാദത്തോടെ പറയും . . . ഇതേ ഒള്ളൂ.

ആ ഇല്ലായ്മ അച്ഛന്റെ ആയുസ്സു മുഴുവൻ കൂടെയുണ്ടായിരുന്നു. അച്ഛനും അമ്മയും സാമാന്യം നല്ലതോതിൽ ദാരിദ്ര്യം കൊണ്ടു നടന്നിരുന്നു, ഒരു അനുഷ്ഠാനം

പോലെ. പല ദിവസങ്ങളിലും രാവിലെ കഞ്ഞികുടി കഴിഞ്ഞ് സ്കൂളിലേയ്ക്ക് ഇറങ്ങുമ്പോൾ അമ്മ പറയുമായിരുന്നു.

“കൃഷ്ണാ, മകനേ ഉച്ചയ്ക്ക് വരണ്ടാട്ടോ.”

അടുക്കളയിൽ ഒന്നുമുണ്ടാകില്ല. ഉച്ചപ്പട്ടിണി. എന്തൊരു കൊടിയ അന്യായമാണത്! വാലംകരയിലും സമീപദേശങ്ങളിലും അറിയപ്പെടുന്ന അക്ഷരഗുരുവും പുരോഹിതനുമായ വേലുപ്പൂജാരിയുടെ മക്കൾ ഉച്ചപ്പട്ടിണിയാവുക എന്നത് വളരെ വലിയ വൈരുദ്ധ്യമായി അന്നേ അനുഭവപ്പെട്ടിരുന്നു. ദൈവങ്ങളിലുള്ള രക്ഷാബോധം ചെറുപ്പത്തിലേ കൃഷ്ണനു നഷ്ടമായിക്കൊണ്ടിരുന്നു. തൊട്ടുമുമ്പിലെ ഒഴിഞ്ഞ ഓട്ടു കിണ്ണവും അടുക്കളയിലെ കത്താത്ത അടുപ്പും കൃഷ്ണന്റെ മനസ്സിൽ വിദ്വേഷം പാകി. അത് മുള പൊട്ടി. വളർന്നു. ഭൂമിയിൽ താൻ മാത്രമല്ല, വിശന്നിരിക്കുന്നത് എന്ന തിരിച്ചറിവ് ഒരു ഞെട്ടലോടെയാണ് ആ കൌമാരക്കാരൻ അംഗീകരിച്ചത്. ലോകജനതയിൽ വലിയൊരു പങ്ക് ദാരിദ്ര്യത്തിലും രോഗത്തിലും ഒടുങ്ങുമ്പോൾ ന്യൂനപക്ഷം മിടുക്കന്മാർ പ്രഭുക്കളായി സുഖിക്കുന്നു. പ്രഭുക്കളും രാജാക്കന്മാരുമായി ചിലർ പിറവിയെടുക്കുന്നു. അതിന്റെ വ്യാകരണം തീരെ മനസ്സിലായില്ല.

# 4

## തൊണ്ണൂറ്റൊമ്പതിലെ പെരുമഴ

ചേരാനല്ലൂർ പള്ളി സ്കൂളിൽ ഒന്നാം ക്ലാസ്സിൽ ചേർന്ന് വിദ്യാഭ്യാസം ആരംഭിച്ച ബാല്യകാലത്തെ മറക്കാനാകാത്ത ഒരു അനുഭവം വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ടതാണ്. തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം. അന്ന് കൃഷ്ണന് ആറു വയസ്സ്. പിൽക്കാലത്ത് 'ഒരു വെള്ളപ്പൊക്കത്തിന്റെ ഓർമ്മയ്ക്ക്' എന്ന ശീർഷകത്തിൽ വാലത്ത് എഴുതിയ അനുഭവക്കുറിപ്പിലൂടെ കടന്നുപോകുന്നത് ആ കാലഘട്ടത്തിലെ കേരളീയ ജീവിതം തന്നെയാണ്. പുതിയ തലമുറയ്ക്ക് ഏറെക്കുറെ അജ്ഞാതമായ തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള സരസവിവരണം.

"തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം" എന്നു പറയുകയോ, കേൾക്കുകയോ ചെയ്യാത്ത മലയാളി കാണുമോ? സംശയമാണ്. കൊല്ലവർഷം 1099-ലെ വെള്ളപ്പൊക്കം കേരളത്തെ പ്രത്യേകിച്ച് മദ്ധ്യകേരളത്തെ പിടിച്ചുകുലുക്കിയ സംഭവമായിരുന്നു. അതിലും വലിയൊരു വെള്ളപ്പൊക്കം അതിനു മുമ്പുണ്ടായിരുന്നതായി കേട്ടിരുന്നില്ല. അതിനു ശേഷമാകട്ടെ, ഇന്നോളമുണ്ടായിട്ടുമില്ല. ഇന്നത്തെമാതിരിയുള്ള വാർത്താമാധ്യമങ്ങൾ ഇല്ലാതിരുന്നതിനാൽ മരിച്ചവരുടെ എണ്ണം കൃത്യമായി അറിയാൻ സാധിച്ചില്ല. കഠിനവർഷമായിരുന്നു, അക്കാലങ്ങളിൽ. മിഥുനം, കർക്കിടകം മാസങ്ങളിൽ സൂര്യനെ കാണുന്നത് അപൂർവ്വം. അഹോരാത്രം കോരിച്ചൊരിയുന്ന മഴ. നാട്ടിൽ തുള്ളിക്കൊരു കുടമായി പെയ്യുമ്പോൾ തുമ്പിക്കൈവണ്ണത്തിലത്രെ, മലയിൽ പെയ്യുക! കാർമേഘങ്ങളേയും കൊണ്ട് കാറ്റ് കിഴക്കോട്ട് പോയാൽ പിറ്റേന്ന് മലവെള്ളം തലനീട്ടും. തടുക്കാൻ അണക്കെട്ടുകളില്ല. മിഥുനം 27-നു പുഴ

യിലെ വെള്ളം ചുവന്നു കണ്ടപ്പോൾ പതിവുള്ള മലവെള്ളത്തിന്റെ ആരംഭം എന്നു മാത്രമേ ധരിച്ചുള്ളൂ.

വെള്ളപ്പൊക്കം ഒരു വാർഷികോത്സവമാണ്. വള്ളം കളിക്കാം. ഒഴുകിവരുന്ന മലവിറകും ശേഖരിക്കാം. കാടുകൾ അന്ന് പൂർണ്ണവിസ്തൃതിയിലും ഗാംഭീര്യത്തിലും നിന്നു. കാടുകളിലേയ്ക്ക് ലോറികളെ തള്ളിവിടാൻ റോഡുകളില്ല. അതുകൊണ്ട് വനംകൊള്ള സംഭവിച്ചില്ല. കാട്ടിൽ വേനൽക്കാലത്ത് അടിഞ്ഞമരുന്ന ഉണക്കമരങ്ങളും കൊമ്പുകളും മറ്റു വനവിഭവങ്ങളും മലവെള്ളം വാരിയെടുത്ത് തീരദേശത്തെത്തിക്കും. ഒരു കൊല്ലം കത്തിക്കാനുള്ള വിറകു മുഴുവൻ അങ്ങനെ ആളുകൾക്ക് സൗജന്യമായി കിട്ടിയിരുന്നു. ഞാൻ ഓർക്കുകയാണ്. . . .

ഒരു വഞ്ചി കിട്ടാൻ ചേട്ടൻ ഓട്ടമായി. എങ്ങും കിട്ടാനില്ലെങ്കിൽ മാത്രമേ ആരും ഹസ്സൻ മാപ്പിളയെ സമീപിക്കൂ. അറുത്ത കൈക്ക് ഉപ്പു തേയ്ക്കാത്തവനാണെന്നാണ് നാട്ടിൽ സംസാരം. പുഴവക്കിലെ ഓടുമേഞ്ഞ ഏക വഞ്ചിപ്പുര ഹസ്സൻ മാപ്പിളയുടേതാണ്. അതിന്റെ തൊട്ടുപുറകിൽ തന്നെ വെള്ളതേയ്ക്കാത്ത ചെങ്കല്ലു കൊണ്ട് പണിത അയാളുടെ വീടും. സമ്പന്നൻമാരുടെ യാത്രയ്ക്കുള്ള ചിത്രപ്പണിയോടുകൂടിയ ചായം തേച്ച കൂടാരവഞ്ചി, സാധാരണക്കാരുടെ യാത്രയ്ക്കുള്ള കമാനാകൃതിയിൽ പനമ്പുകൊണ്ടുള്ള മേൽപ്പുരയോടുകൂടിയ വളവര വഞ്ചി, വളവരയില്ലാത്ത വഞ്ചി തുടങ്ങി, ഒരാൾക്ക് സ്വയം തുഴഞ്ഞു പോകാൻ പറ്റുന്ന കൊതുമ്പുവഞ്ചി വരെ പല വാടകനിരക്കിലുമുള്ള പലതരം വഞ്ചികൾ ഹസ്സൻ മാപ്പിളയ്ക്കുണ്ട്.

'ഒരു പുത്തൻ കൂലി' വഞ്ചിയാണ് കിട്ടിയത്. കൊച്ചീ രാജാവിന്റെ നാണയമാണ് 'പുത്തൻ'. പുത്തൻ പിൻവലിക്കപ്പെട്ടിട്ടും അതിന്റെ മൂല്യമായ 10 ബ്രിട്ടീഷ് പൈയെ ഒരു പുത്തൻ എന്നു വിളിക്കുന്ന കീഴ്‌വഴക്കം 99 കാലത്ത് നിലനിന്നിരുന്നു. വാണം പോലെ ഒഴുക്കിലൂടെ പാഞ്ഞുവരുന്ന മലവിറകുകൾ വഞ്ചി നിറയെ വാരിക്കൂട്ടി, വീടിന്റെ മുറ്റത്തു കൊണ്ടുപോയി കൂട്ടിയിട്ടു. ഈട്ടി, തേക്ക്, ചന്ദനം, ഇരുമുള്ള്, മരുത് തുടങ്ങി പേരറിയുന്നതും അല്ലാത്തതുമായ കാട്ടുമരങ്ങളുടെ അവശിഷ്ടങ്ങളാണവ. വിറകുപിടുത്തം നിറുത്തി. സന്ധ്യയോടടുക്കുന്നു. വഞ്ചി തിരിച്ചേൽപ്പിച്ചുകളയാം. നാളേക്കുവച്ചാൽ വഞ്ചിക്കൂലി ഡബിളാകും പൈയുടെ മൂല്യമുള്ള ഒരു അരയണത്തുട്ടും (അണ = 12 പൈ) 3 പൈയുടെ ഒരു കാലണത്തുട്ടും മാത്രമേയുള്ളൂ. അതായത് 9 പൈ. കുറവുള്ള ഒരു പൈ കടം പറയാം. വഞ്ചിയും കൊണ്ടുചെന്നു. പക്ഷെ, അണ്ടിയോടടുത്തപ്പോഴാണ് മാങ്ങയുടെ പുളി! ഹസ്സൻ

മാപ്പിള തെല്ലും വഴങ്ങുന്നില്ല. പത്തു പൈയും തികച്ചു കൊണ്ടു ചെന്നാലേ, വഞ്ചി സ്വീകരിക്കുകയുള്ളൂ.

വഞ്ചിയും കൊണ്ടു തിരിച്ചു പോരേണ്ടിവന്നു. പോരുന്നവഴിക്കുണ്ട്, പറമ്പുകളെല്ലാം മുങ്ങിയിരിക്കുന്നു. മരങ്ങളുടെ കടയ്ക്കൽ ഒഴുക്കു കെട്ടിമറിയുന്ന ഒച്ച! വീട്ടിലെത്തി നോക്കുമ്പോൾ തെല്ലു മുമ്പു മുറ്റത്തു കൂട്ടിയിട്ട വിറകെല്ലാം ഒഴുകിപ്പോയിരിക്കുന്നു! വഞ്ചി വരാന്തയിലെ തൂണിൽ കെട്ടി. സമീപത്തുള്ള ചെറ്റക്കുടിലുകളിലെല്ലാം വെള്ളം കയറി. രാത്രിയ്ക്കു മുമ്പേ തന്നെ താമസക്കാർ ഒഴിഞ്ഞുപോയി. സന്ധ്യമയങ്ങി. കാക്ക കരയുന്നു. പശു പതിവില്ലാത്ത വിധം ദയനീയമായി മുക്രയിടുന്നു. പട്ടി മോങ്ങുന്നു, ഒരു പറ്റം ഞാറപ്പക്ഷികൾ ദീനസ്വരം മുഴക്കി വടക്കേചക്രവളത്തിലേക്ക് പറന്നു പോയി. നായർ ചത്തു തെക്കോട്ടും, ഞാറ കരഞ്ഞു വടക്കോട്ടും എന്ന പഴമൊഴി ഓർത്തു. ഇരുട്ടു വ്യാപിച്ചു. കാറ്റും മഴയും വർദ്ധിച്ചു. അത്താഴം കഴിച്ച് ഉറങ്ങാൻ കിടന്നു. ആർക്കും ഉറക്കം വന്നില്ല. ദൂരെ നിന്ന് വിളിയൊച്ചയും നിലവിളികളും മാറ്റൊലിക്കൊള്ളുന്നു. വരാന്തയിലെ ആദ്യത്തെ ചവിട്ടുപടി മുങ്ങി. രണ്ടാമത്തേതിനെ വിഴുങ്ങാൻ തല നീട്ടുകയാണ് വെള്ളം. കാറ്റിരമ്പുന്നു. മഴത്തുള്ളികൾ മുറ്റത്തെ പ്രളയജലത്തിൽ മദ്ദളം കൊട്ടുന്നു. മഴ തകർത്തു പെയ്തോട്ടെ. കാറ്റില്ലാതിരുന്നാൽ മതി. പുരയ്ക്കു മീതെ ഒരു തെങ്ങ് ചാഞ്ഞുനിൽക്കുന്നു. ഒരു കുലയിൽ മുപ്പതും നാൽപ്പതും കാഫലം തരുന്നു. പത്തുപെറ്റ പെണ്ണ് നിറയൗവനത്തിന്റെ ആരോഗ്യത്തോടെ പതിനൊന്നാമത്തേതിന്റെ ഭാരവും താങ്ങി, നിൽക്കുന്ന പോലുണ്ട് തെങ്ങ് വെട്ടാൻ മനസ്സു വന്നില്ല. എന്നാൽ ഇപ്പോൾ ബോദ്ധ്യമായി, സ്വർണ്ണം കായ്ക്കുന്ന മരമായാലും പുരയ്ക്കുമീതേ വന്നാൽ വെട്ടണം!

എവിടെയോ എന്തെല്ലാമോ ഒക്കെ മറിഞ്ഞു വീഴുന്ന ഒച്ച! മിനിട്ടു കൊണ്ട് രണ്ടാമത്തെ ചവിട്ടുപടിയും മുങ്ങി! ഇത് ഇതിനുമുമ്പ് ഒരു കാലത്തെ വെള്ളപ്പൊക്കത്തിലും ഉണ്ടാകാത്ത സംഭവമാണെന്ന് അച്ഛൻ പറയുന്നു. ഗൃഹാന്തർഭാഗം ആകെ പരിഭ്രാന്തിയിലാണ്. കൂട്ടനാമജപമായി "നാരായണ, നാരായണ . . . " പാലാഴി എന്ന പാരാവാരത്തിൽ പെരുമ്പാമ്പിന്റെ പുറത്തു പത്നീസമേതം പള്ളി കൊള്ളുന്ന നാരായണനുണ്ടോ, ഒരു പുഴയിൽ ഇത്തിരി വെള്ളം പൊങ്ങിയത് ഗൗനിക്കുന്നു! വിളിക്കേണ്ടത് നാരായണനെയല്ല, ഹസ്സൻ മാപ്പിളയെയാണ് എന്നു പറയാൻ തോന്നി. ആപത്തിൽ ഉതകാൻ പോകുന്നത് അങ്ങേരുടെ വഞ്ചിയാണല്ലോ! പുരയ്ക്കു മീതേ വെള്ളം വന്നാൽ അതുക്കു മിതേ വള്ളം എന്നു ചൊല്ലുണ്ട്. കോഴി കൂകി. പാതിരാക്കോഴിയാകണം. ജലപ്രളയത്തിന്റെ മീതെയാകയാൽ കൂകലിന്റെ

പ്രതിദ്ധ്വനിക്ക് വലിയ ശക്തിയുണ്ടായി. 'ലെന്താർണ്ണ്' വിളക്കെടുത്ത് വാതിൽ പാതി തുറന്ന് പുറത്തേയ്ക്കു നോക്കി. ഹസ്സൻ മാപ്പിള ത്തുണം ചാരിനിന്ന് ഉറക്കം തൂങ്ങുന്നു! വെള്ളം മൂന്നാമത്തെ ചവിട്ടുപടിയും വിഴുങ്ങി. "സാരമില്ല." അച്ഛൻ ആശ്വസിപ്പിച്ചു. "വെളുക്കുമ്പോൾ വെള്ളം ഇറങ്ങിത്തുടങ്ങും." ഒന്നു മയങ്ങിപ്പോയിരിക്കും. അപ്പോൾ കേൾക്കുന്നു, നിലവിളി — "അയ്യോ, പായിൽ വെള്ളം!" പെട്ടെന്നു വാതിൽ തുറന്നു. വരാന്ത മുങ്ങിയിരിക്കുന്നു! ഭാഗ്യത്തിന് കിഴക്ക് വെള്ള കീറിയിട്ടുണ്ട്. വേഗം തന്നെ കെട്ടു കെട്ടി. ആറംഗത്തിന്റെ കുടുംബം വഞ്ചിയിൽ കേറിയപ്പോൾ "അല്ലയോ, ഹസ്സൻ മാപ്പിളേ, അങ്ങയെ പടച്ചോൻ സഹായിക്കും" എന്നു പറയാൻ തോന്നി. അമരത്ത് അച്ഛൻ ഇരുന്നു. മഴ തെല്ലു ശമിച്ചിട്ടുണ്ട്. "സൂക്ഷിക്കണം. ആരും അനങ്ങിപ്പോകരുത്!" അച്ഛൻ ആജ്ഞാപിച്ചു.

എഴുത്താശാനായ അച്ഛന്റെ നാരായം പിടിച്ചു ശീലിച്ച കയ്യിൽ പങ്കായം കണ്ടപ്പോൾ അത്ഭുതം തോന്നി. വഞ്ചിക്ക് പിടിപ്പു കമ്മി. വിരൽ വെച്ചാൽ കണ്ടിക്കുന്ന ഒഴുക്കും. പുഴ, തോട്, പാടം, പറമ്പ്, എല്ലാം ഏകമയമാക്കിയ പ്രളയോപരി ഒഴുക്കിന്റെ ചുഴിയിൽ കുടുങ്ങാതെ, തെങ്ങിലും മരത്തിലും ഇടിക്കാതെ, വഞ്ചി, സമീപത്തെ ഏക പൊക്കസ്ഥലമായ ചന്തമൈതാനത്തെത്തി. നെടുവീർപ്പിട്ട് കരയ്ക്കിറങ്ങി. അവിടെ നൂറോളം വള്ളങ്ങളും ആയിരത്തോളം അഭയാർത്ഥികളും കൂടിയിട്ടുണ്ട്. നമ്പൂരിയും നായരും ഈഴവരും പുലയരും നമ്പ്രാന്തിയും ജോനകനും എല്ലാം അവിടെ അപ്പോൾ ഏകജാതി, ഏകമതം ഏകദൈവം എന്ന സിദ്ധാന്തം നടപ്പാക്കിയിരിക്കുന്നു. മനുഷ്യനെ ഒന്നിപ്പിക്കുന്നത് ദേശീയ ദുഃഖമാണ്. പലേടത്തും വള്ളം മുങ്ങിയ മരണവാർത്തകൾ കേൾക്കുന്നു. അല്പം കഴിഞ്ഞില്ല, മൈതാനത്തിന്റെ അങ്ങേതലയ്ക്കൽ നിന്ന് നിലവിളി. "തട്ടാൻപടി പൊട്ടാൻ പോകുന്നു! ഓടിക്കോ . . . " തട്ടാൻപടി പൊട്ടിയാൽ സ്ഥലത്തു കുടിയിരിക്കുന്നവരുടെ കഥ കഴിയും! വന്ന വഞ്ചിയിൽ തന്നെ തിരിച്ചു കേറി. നേരേ തെക്കോട്ടു വിട്ടു. 10 നാഴിക ദൂരെ ഒരു ബന്ധുവീടുണ്ട്. അവിടം പൊക്ക പ്രദേശമാണ്. രണ്ടാഴ്ച കഴിഞ്ഞാണ് വെള്ളം ഇറങ്ങിയത്. ഗവൺമെന്റും സാമൂഹ്യസംഘടനകളും ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തി. വടക്കേയിന്ത്യയിൽ നിന്നു പോലും ധനസഹായമെത്തി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഗാന്ധിത്തൊപ്പിയും ഖദർവസ്ത്രവും ധരിച്ച സന്നദ്ധഭടൻമാർ പനമ്പും ഓലയും മുളയും കൊണ്ട് വീടുപോയ പാവങ്ങൾക്ക് വീടു കെട്ടിക്കൊടുത്തു. പല ജന്മിമാരും ധർമ്മം കൊടുക്കാൻ പത്തായം തുറന്നിട്ടു. കഞ്ഞിവീഴ്ത്തു കേന്ദ്രങ്ങൾ തുറക്കപ്പെട്ടു. സർക്കാർ കുടിയാനവൻമാർക്ക് കരം ഇളവു

ചെയ്തു കൊടുത്തു. ആപത്തു കഴിഞ്ഞ് ഞങ്ങൾ തിരിച്ചെത്തിയത് ഒരു മാസം കഴിഞ്ഞാണ്. ആദ്യം ചെയ്യേണ്ട കൃത്യം, വഞ്ചി നന്ദിപൂർവ്വം ഉടമസ്ഥനെ തിരിച്ചേൽപ്പിക്കലാണ്. മാറിയ സാഹചര്യത്തിൽ വഞ്ചിക്കൂലി ചോദിക്കാതെ രണ്ടു കയ്യും നീട്ടി സ്വീകരിക്കുമെന്നാണ് കരുതിയത്. വെള്ളപ്പൊക്കക്കെടുതിയുടെ ഫലമായി ഒരു ചില്ലിക്കാശും കയ്യിലില്ല. അച്ഛൻ തന്നെയാണ് വഞ്ചി ഏൽപ്പിക്കാൻ പോയത്, വെള്ളപ്പൊക്കത്തിൽ ഹസ്സൻ മാപ്പിളയുടെ ഓർമ്മശക്തി ഒലിച്ചുപോയിരുന്നില്ല. കണക്ക് കൃത്യമായി കൂട്ടി.

"മിതിനം ഇരുപത്തിയേയാം തീയതിയാണ് മകൻ മഞ്ചി കൊണ്ടുപോയത്. അന്നത്തെ തീയതി തൊട്ട് 31-ന്ന വരെയുള്ള ആ മാസത്തിലെ 5 ദിവസത്തെ കൂലി ഞമ്മ വെള്ളപ്പൊക്കത്തിന്റെ പേരിൽ വിടുന്നു. കർക്കടകം 32 ദെവസോം ഇന്ന് ചിങ്ങം 4 വരെയുള്ള 4 ദെവസോം കൂടി 36 ദെവസത്തിന് ദെവസം പത്തു പൈ പ്രകാരം ആകെ വരേണ്ടത് ഒരു ബ്രിട്ടീഷ് റുപ്പ പതിനാലണ."

അച്ഛൻ വിനയപൂർവ്വം പറഞ്ഞു.

"ഒരു മാസത്തിനകം തന്നോളാം."

"അതു പറ്റൂല്ലാ."

"മലവെള്ളത്തിന്റെ പേരിൽ ഒരു വിട്ടുവീഴ്ച വേണം. ഹസ്സൻ മാപ്പിളെ. നമ്മളൊക്കെ നാട്ടുകാരല്ലെ?"

"അതല്ലേടോ, ആശാനേ, ഞമ്മ നിങ്ങ പറയാതെ തന്നെ 5 ദെവസത്തെ കൂലി എളവു ചെയ്തത്? എങ്ങനെ മലവെള്ളം വരാതിരിക്കും? മേടിച്ചാ കൊടുക്കാത്തവരുള്ളപ്പ മലവെള്ളോല്ല, തീമയേം പെയ്യും."

"ശരി. എന്നാൽ പണമുണ്ടായിട്ടു വഞ്ചിയും കൊണ്ടു വരാം."

വഞ്ചി തിരിച്ചു കൊണ്ടുവന്നു. ആളുകളെ കൂട്ടി മുറ്റത്തു കൂടി കെട്ടി വലിപ്പിച്ച് വീടിന്റെ പടിഞ്ഞാറേ ചായ്‌വിലെത്തിച്ചു... കടപ്പുറത്തു ചത്തടിഞ്ഞ തിമിംഗലം പോലെ വഞ്ചി അവിടെ കമിഴ്ന്നു കിടന്നു, നാലഞ്ചു വർഷത്തോളം. ക്രമേണ ദ്രവിക്കാൻ തുടങ്ങി. കഷണങ്ങൾ ദിവസേന അടർന്നു വീണു. വീണത് വീണത് അന്നന്ന് അടുപ്പിലേയ്ക്കും പൊയ്ക്കൊണ്ടിരുന്നു. ഒരു ദിവസം കേട്ടു: പാവം ഹസ്സൻ മാപ്പിള മയ്യത്തായി. അധികം താമസിയാതെ അദ്ദേഹത്തിന്റെ ആ ചരിത്രാവശിഷ്ടവും മയ്യത്തായി...!

# 5

## മനുഷ്യരിലെ രണ്ടു ജാതി

കേരളം പിച്ചവെച്ചു തുടങ്ങിയ അക്കാലത്ത് നാട്ടിലെ ഏറ്റവും കൌതുകകരമായ കാഴ്ച സ്വർണ്ണനിറവും ഉയരക്കൂടുതലും കൊണ്ട് പാടെ വ്യത്യസ്തരായ നമ്പൂതിരിമാരായിരുന്നു. തനി നമ്പൂതിരി ജന്മികൾ നാട് അടക്കിവാണിരുന്ന കാലം.

രാജാവിലും ഉയർന്നു നിന്നു നമ്പൂതിരിയുടെ പദവി. രാജാവിനെ ശിക്ഷിക്കാൻ കൂടി നമ്പൂതിരിയ്ക്ക് അധികാരമുണ്ടായിരുന്നു. ബ്രിട്ടീഷ് മലബാർ ഒഴികെ കേരളത്തിലെ കൊച്ചി–തിരുവിതാംകൂർ നാട്ടുരാജാക്കന്മാരെ നമ്പൂതിരിമാർ ഉള്ളം കയ്യിൽ വെച്ച് കറക്കിയിരുന്നു. നമ്പൂതിരി ദൈവമാണ്. ഭൂസ്വത്ത് മുഴുവൻ അവരുടേതാണ്. കൊല്ലിനും കൊലയ്ക്കും സർവ്വാധികാരം. ജന്മിയും അന്തഃപുരസ്ത്രീകളും വല്ലപ്പോഴുമേ പുറത്തിറങ്ങാറുള്ളു. ആ സ്ത്രീകളെ കാണാൻ എന്ത് തേജസ്സാണ്! നീണ്ടുയർന്നു പൊന്നിന്റെ നിറത്തിൽ. വട്ടത്തിലുള്ള മറക്കുട കൊണ്ട് മുഖം മറച്ചിരിക്കും. സംഘം ചേർന്നേ നടക്കൂ. ഈഴവരും പുലയരും എന്നല്ല, ആരും അവരെ കണ്ടാൽ തൊഴുതു പോകും. ഈശ്വരതുല്യർ. അവരുടെ ദേഹം വൃത്തിയുള്ളതാണ്. പൊന്നാണ്. പനയോല കൊണ്ടുള്ള മറക്കുട ചൂടി ജന്മിമാരും അവരുടെ അന്തഃപുരസ്ത്രീകളും ചേരാനല്ലൂർ ഭഗവതി ക്ഷേത്രദർശനം കഴിഞ്ഞു ഇടയക്കുന്നം ശ്രീകൃഷ്ണ ക്ഷേത്രത്തിലേക്ക് ദർശനത്തിനു പോകുന്ന കാഴ്ച കൃഷ്ണൻ അത്ഭുതാദരങ്ങളോടെ കണ്ടു നിന്നിട്ടുണ്ട്, അകലെ നിന്ന്. കാരണം അത്തരം വേളകളിൽ വഴിയിലെന്നല്ല, ആ പരിസരത്ത് പോലും ഐത്തജാതിക്കാർ ആരും ഉണ്ടാവാൻ പാടില്ല.

കേരളജനതയ്ക്ക് അപമാനകരമാംവിധം അയിത്താചാരം അന്ന് നിലനിന്നി

രുന്നു. നമ്പൂതിരി, നായർ തുടങ്ങിയ സവർണ്ണരിൽ നിന്ന് അയിത്തജാതിക്കാർ തീണ്ടാപ്പാട് അകലം എപ്പോഴും പാലിക്കേണ്ടിയിരുന്നു. അയിത്തജാതിക്കാരെന്ന് പറയുമ്പോൾ ഈഴവർ മുതൽ താഴോട്ടുള്ളവർ എല്ലാം. അയിത്തം, തീണ്ടൽ തുടങ്ങിയ അനാചാരങ്ങൾ ഇന്നത്തെ തലമുറയ്ക്ക് അവിശ്വസനീയവും അപരിചിതവുമാണ്. ആ വാക്കുകൾ സമകാലിക മലയാള ഭാഷയിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

ഈഴവരെ പാടത്തെ ചെളിയുടെ മണമില്ല. പക്ഷെ, കള്ളിന്റെ നാറ്റം! ചെത്തുകാരൻ അകലേ പോയാലും കള്ളിന്റെ മണമടിക്കും. കള്ള് ചെത്താണ് ഈഴവരുടെ കുലത്തൊഴിൽ. എന്നാൽ കൃഷ്ണന്റെ അച്ഛൻ ചെത്തുകാരനായിരുന്നില്ല. മുൻതലമുറകളിൽ ആരെങ്കിലും ചെത്തുകാരുണ്ടായിരുന്നോ എന്ന് അറിയില്ല. എങ്കിലും കൃഷ്ണൻ അടിക്കടി അയിത്തത്തിന്റെ പേരിൽ അപമാനിക്കപ്പെട്ടുകൊണ്ടിരുന്നു. സ്കൂളിൽ ചെല്ലുമ്പോൾ സമപ്രായക്കാരായ നായർ സതീർത്ഥ്യർ മൂക്കു പൊത്തി ചിരിക്കും. കൃഷ്ണനെ കള്ളു മണക്കുന്നത് പോലെ. ഇടയക്കുന്നത്ത് ഏതാനും നായർ കുടുംബങ്ങൾ താമസിച്ചിരുന്നു. അവരിലെ ഇളമുറക്കാരാണ് കൃഷ്ണനെ കാണുമ്പോൾ മൂക്ക് പൊത്തി ചിരിക്കാറുള്ളത്. സത്യത്തിൽ കൃഷ്ണനെ കള്ളുമണമില്ല. എന്നിട്ടും ജാതിനിന്ദ തുടർന്നു. കുഞ്ഞുവിപ്ലവകാരിയുടെ രക്തം തുടിച്ച കൃഷ്ണൻ പലപ്പോഴും ഏറ്റുമുട്ടലിന് ഒരുങ്ങി. പക്ഷെ, അശക്തന്റെ ഭീതി പുറകോട്ടു വലിച്ചു. പറ്റിയ സന്ദർഭത്തിന് വേണ്ടി കൃഷ്ണൻ കാത്തിരുന്നു. നമ്പൂതിരി എതിരെ വന്നാൽ ഈഴവൻ ഓടി മാറിക്കൊള്ളണം എന്ന നിയമം കൃഷ്ണന് സ്വീകാര്യമായി തോന്നിയില്ല. ഇതിനെ ഒരിക്കലെങ്കിലും ധിക്കരിക്കണം എന്ന് വാശിയായി.

അപൂർവ്വ വ്യക്തിത്വം ഒരാളുടെ ബാല്യകാലചോദനകളിൽ തിരനോട്ടം നടത്തും. തന്റെ വരവറിയിക്കും. ഭാവിയിൽ സംജാതമാകുന്ന സവിശേഷതകളെ തുടർജീവിതസംഭവങ്ങളിലൂടെ കേളികൊട്ടും. കൃഷ്ണൻ അത്തരം ഒരു അപൂർവവ്യക്തിത്വത്തിന് ഉടമയാണെന്നു കാണേണ്ടിയിരിക്കുന്നു. സമപ്രായക്കാരായ കുട്ടികളിൽ നിന്നും സതീർത്ഥ്യരിൽ നിന്നും വേറിട്ട് ഒരു ഭാവപ്പകർച്ച കൃഷ്ണനിൽ കണ്ടുതുടങ്ങിയിരുന്നു. അതിൽ പ്രധാനം അന്വേഷിയുടെതായിരുന്നു. ഓരോന്നിനെക്കുറിച്ചും നേരിട്ട് അന്വേഷിച്ചറിയും. ആർക്കും കൃഷ്ണനെ എന്തെങ്കിലും പറഞ്ഞു വിശ്വസിപ്പിക്കാൻ കഴിയുമായിരുന്നില്ല.

ഒരിക്കൽ അമ്മ മകനെ ക്ഷേത്രത്തിലേയ്ക്ക് ഒപ്പം കൂട്ടി. ക്ഷേത്രനടയിൽ അമ്മ മകനോട് പറഞ്ഞു:

"മോനെ, ഈശ്വരനെ തൊഴുതു പ്രാർത്ഥിക്കു,"

"എവിടെ ഈശ്വരൻ?" മകൻ ചോദിച്ചു.

"അതാ. ശ്രീകോവിലിനുള്ളിൽ."

"അത് കല്ലല്ലേ, അമ്മേ?"

ആ അമ്മ തീർച്ചയായും ഞെട്ടിയിരിക്കണം. പൂജാരിയായ പിതാവിന്റെ മകൻ പൂജാബിംബത്തെ കല്ല് മാത്രമായി കാണുന്നു. വാർദ്ധക്യ കാലത്ത് ഒരു സായാഹ്നത്തിൽ വാലത്ത് ഈ സംഭവത്തെക്കുറിച്ച് പറയുകയുണ്ടായി. അമ്മയെ വേദനിപ്പിച്ചതിലെ ദുഃഖം മുഖത്ത് പ്രകടമായിരുന്നു. കല്ല് കല്ലുമാത്രമാണ്. അതെ ങ്ങനെ ഈശ്വരനാകും? കല്ലിന്മേൽ ആരോപിക്കപ്പെടുന്ന ദൈവികത കൃഷ്ണന് മനസ്സിലായില്ല. നന്നേ ചെറുപ്പം മുതൽ യുക്തിസഹമായി മാത്രം കാര്യങ്ങളെ വിലയിരുത്താൻ ആ കുട്ടി പരിചയിച്ചു.

തനിക്കു തെറ്റെന്നു തോന്നുന്ന കാര്യങ്ങളെ ശക്തമായി എതിർക്കാൻ കൃഷ്ണൻ ധൈര്യപ്പെട്ടത് മറ്റൊന്നും കൊണ്ടല്ല. അടിച്ചേല്പിക്കപ്പെടുന്ന നിയമങ്ങൾ പ്രതി ഷേധം കൂടാതെ ശിരസാവഹിക്കാനുള്ള അസംഘടിതരുടെ ദുരവസ്ഥയ്ക്ക് വഴങ്ങുന്ന സ്വഭാവം കൃഷ്ണനെ മെരുക്കിയതുമില്ല.

അങ്ങനെ ഒരു ദിവസം സഹപാഠിയുടെ പിതാവായ ഒരു നായർ പ്രമാണിയു മായി കൃഷ്ണൻ തടിപ്പാലത്തിൽ വെച്ച് വഴക്ക് തുടങ്ങി. പാലം എന്നു പറഞ്ഞാൽ വീതിയേറിയതൊന്നുമല്ല. മൂന്നോ നാലോ തെങ്ങിൻ തടികൾ അടുപ്പിച്ചിട്ട് കയർ കൊണ്ട് വരിഞ്ഞു മുറുക്കിക്കെട്ടിയുണ്ടാക്കിയതാണ് തടിപ്പാലം. വീഴാതെ നടക്കാൻ മുകളിൽ നീളത്തിൽ വണ്ണക്കയറും ഉണ്ട്. ഒരു സമയം ഒരേ ദിശയിലേക്കു എത്ര പേർക്ക് വേണമെങ്കിലും പുറകെ പുറകെയായി പാലം കടക്കാം. എന്നാൽ, ഒരാൾ എതിർ ദിശയിൽ വന്നാൽ ഗതാഗതക്കുരുക്കാവും ഫലം. പാലത്തിൽ നായർ കയറിയാൽ അയിത്തജാതിക്കാരനായ ഈഴവൻ ഇറങ്ങി മാറി നിൽക്കണം. നായർ പാലം കടന്നു ഇറങ്ങിപ്പോയാലെ ഈഴവൻ കയറാവൂ. അതാണ് 'പാലം നിയമം'. സംഗതി അയിത്തം. അയിത്തമെന്നാൽ അശുദ്ധം. വൃത്തിയില്ലാത്ത ഇടം അശുദ്ധമാണ്. വൃത്തി വേണമെങ്കിൽ ദേഹത്ത് ചേറും ചെളിയും പുരളാൻ പാടില്ല. പാടത്തെ ചെളിയുടെ ഗന്ധത്തിനു രണ്ട് സംവേദനതലങ്ങളുണ്ടായിരുന്നു. ഇന്നും അങ്ങനെ തന്നെ. ഒന്ന്, ആ ഗന്ധം ഭക്ഷ്യവസ്തു കൃഷി ചെയ്തെടുക്കുന്ന മഹത്തായ ജീവിതധർമ്മവുമായി ബന്ധപ്പെട്ടാണ്. അത് സുഗന്ധമാണ്. കർഷ കന് അതിഷ്ടമാണ്. അവനു ചെളിയിലിറങ്ങാൻ അറപ്പില്ല. വെറുപ്പില്ല. അതിന്റെ

പേരിൽ ആരെല്ലാം അകറ്റി നിർത്തിയാലും അവരോടും അവനു വെറുപ്പില്ല. അവൻ പ്രഭാതം മുതൽ പ്രദോഷം വരെ പാടത്തെ ചെളിയിലായിരുന്നു. അന്തിയോളം പണിയെടുത്തു അവശനായി കുരയിലെത്തുന്ന അവൻ, വാസനസോപ്പു തേച്ചു ചൂടുവെള്ളത്തിൽ കുളിച്ചു വൃത്തിയുള്ള കിടക്കയിൽ കിടന്നുറങ്ങുകയായിരുന്നില്ല. അവൻ കുളിക്കുക പോലും വല്ലകാലത്തുമായിരുന്നു. അതുമായി ബന്ധപ്പെട്ടു ഒരു ഫലിതം വരെ കേട്ടിട്ടുണ്ട്. ഒരുദിവസം വിശേഷിച്ചു ഒരു കുളിപാസ്സാക്കിയ കൃഷീവലന് പനിപിടിച്ചു. ഒരാഴ്ച കുളിർന്നു വിറച്ചു കിടന്ന ആ പാവം ഇങ്ങനെ അത്ഭുതപ്പെട്ടു. "ആണ്ടും കൊല്ലോമെത്തി ഏനൊന്നു കുളിച്ചപ്പോൾ ഇങ്ങനെയാണെങ്കിൽ 'തെവ്തോം തെവ്തോം കുളിക്കണ തംബ്രാന്മാര്' എങ്ങനെ സഹിക്കുന്നു?" അങ്ങനെ വല്ലകാലത്തും കുളിച്ചിരുന്ന അവനു ചെളിമണം സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും അടയാളമായിരുന്നു. രണ്ടാമത്തെ തലം 'തെവ്തോം തെവ്തോം കുളിക്കണ തമ്പ്രാന്മാരു'ടേതായിരുന്നു. രാവിലെ കുളിച്ചു, വൃത്തിയുള്ള വസ്ത്രം ധരിച്ചു ഹവിർഗന്ധത്തിൽ ക്ഷേത്രദർശനം നടത്തി സ്വാദിഷ്ടമായി ഭക്ഷണം കഴിച്ചു സുഖജീവിതം നയിച്ചിരുന്ന അവർക്ക് ചെളിമണം അസഹ്യമായ ദുർഗന്ധമായിരുന്നു. അവരതിനെ വെറുത്തു. പാടത്ത് പണിയെടുക്കുന്ന അധഃകൃതൻ അടുത്ത് വരുമ്പോൾ അതേ ദുർഗന്ധം. രാവിലെ കുളിച്ചു, വൃത്തിയുള്ള വസ്ത്രം ധരിച്ചു നിൽക്കുന്ന ഒരാൾക്ക് പാടത്തെ ചെളി മണക്കുന്ന വൃത്തിഹീനനായ മറ്റൊരാളെ അടുത്ത് നിർത്താൻ കഴിയില്ല. "അഭ്യക്തനെസ്നാതൻ, അസ്നശൌചം നില്ലോനെ നല്ല ശുചി" എന്ന് ശാകുന്തളം വിവർത്തനത്തിൽ പറയുന്നതുപോലെ, വൃത്തിയായി നിൽക്കുന്നവർ വൃത്തിയില്ലാത്തവരെ അവജ്ഞയോടെ ആട്ടിയകറ്റി. അടുത്ത് വന്നാൽ ഛർദ്ദിക്കും. അതിനാൽ അശുദ്ധത്തെ അവർ അകറ്റി നിർത്തി. ഈ അശുദ്ധം തന്നെ പാമരഭാഷയിൽ അയിത്തമായി. ഈ രണ്ടു തലങ്ങളെയും പരിഗണിക്കുന്നതുകൊണ്ടാണ് പരിഷ്കൃതകാലത്തെ 'വലിയ വലിയ' ആളുകൾ കാലിൽ ഷൂസും കയ്യിൽ ഗ്ലൌസും ധരിച്ചു പാടത്തെ ചെളിയില് ഇറങ്ങുന്നത്. അവർ പാടത്തെ ചെളിയെ ആദരിക്കുന്നു, പക്ഷെ, അശുദ്ധി വരാൻ ആഗ്രഹിക്കുന്നില്ല.

നായർ പ്രമാണിയുമായുള്ള വഴക്കിലേക്ക് വരാം. ആദ്യം കയറിയത് നായരാണ്. അദ്ദേഹം പകുതി എത്തിയപ്പോഴാണ് മറുഭാഗത്തു നിന്ന് കൃഷ്ണൻ കയറുന്നത്. ന്യായം നായരുടെ ഭാഗത്താണ്. നിയമം വെച്ചാണെങ്കിൽ അധഃകൃതനായ കൃഷ്ണൻ ഇറങ്ങി മാറിക്കൊടുക്കണം. കൃഷ്ണൻ ഇറങ്ങാൻ കൂട്ടാക്കിയില്ല. പാലത്തിലൂടെ നായരുടെ മുമ്പിലേക്ക് നടന്നടുക്കുകയാണ്. കൃഷ്ണൻ ഒരു വശം ചേർന്ന്

ഒതുങ്ങി നടക്കുകയാണ്. നായർക്കു പോകാൻ സ്ഥലമുണ്ടല്ലോ എന്ന ഭാവത്തിൽ. നായർക്ക് കടന്നു പോകാൻ സ്ഥലം വേണ്ടതിലേറെ വിട്ടുകൊടുത്തിട്ടും നായർ പോകുന്നില്ല. “ആരാ ഈ ഏഭ്യൻ? വഷളൻ? അവനെ അടിച്ചോടിച്ച് ചാണകം തളിച്ച് ശുദ്ധിയാക്കാതെ നോം എങ്ങിന്യാ പാലം കടക്ക്വാ?” എന്നൊക്കെ ചോദിച്ച് അയിത്തം ഭയന്നു ഉറക്കെ അലറാനും നിലവിളിക്കാനും തുടങ്ങി. കൃഷ്ണന് കുലുക്കമില്ല. പിന്തിരിയില്ല. വാശി പിടിച്ച് നിൽക്കുകയാണ്. നായരുടെ വീടിന്റെ പടിക്കൽ കൂടിയാണ് പെരുവഴി പോകുന്നത്. കൃഷ്ണന് അനുവദിക്കപ്പെട്ട നടവഴി അതല്ല. തലചുറ്റി മൂക്ക് തൊടുന്ന തരം ‘പുലയാസ് റോഡുകളുണ്ട്!’ അല്ലെങ്കിൽ പ്രത്യേക ഊടുവഴികളുണ്ട്. അതിലെ പൊയ്ക്കൊള്ളണം. പക്ഷേ, നായരുടെ വീടിന്റെ പടിക്കൽ കൂടിയുള്ള പൊതുവഴിയേ മാത്രമേ കൃഷ്ണൻ നടക്കൂ. സ്ഥിരം അതാണ് പണി. നായർക്കു ശുണ്ഠി വരും. നായർ കാണാൻ വേണ്ടി കൃഷ്ണൻ നിരോധിതപാതയിൽ ചുറ്റിപ്പറ്റി നില്ക്കും. നായർ തല്ലാൻ ഓടിച്ചിടും. കൃഷ്ണൻ ഓടും. അത് പതിവാണ്. ഇത്തവണ കളി പാലത്തിന്റെ നടുക്ക് വച്ചാണ്. തോൽക്കാൻ രണ്ടുകൂട്ടരും തയ്യാറല്ല. മറുവശത്ത് നായരും വാശിയിലാണ്. അവർണ്ണന്റെ മുന്നിൽ തോറ്റ് കൂടാ. ഒരിക്കൽ തോറ്റാൽ പിന്നെ എക്കാലവും അവർണ്ണനു മുന്നിൽ തോറ്റുകൊടുക്കേണ്ടിവരും. അതാകട്ടെ, ഒരു ഒറ്റപ്പെട്ട തോൽവിയാവില്ല. ഒരു വ്യവസ്ഥയുടെ തന്നെ തോൽവിയാകും. (അധികം വൈകാതെ ആ തോൽവി സംഭവിക്കുകയും ചെയ്തു 1936-ൽ ക്ഷേത്രപ്രവേശന വിളംബരമുണ്ടായി.) കൃഷ്ണൻ കയറിൽ ബലമായി പിടിച്ച് ഒരറ്റത്ത് നിന്നു. മറ്റേ അറ്റത്ത് നായരുടെ അവസ്ഥ പരിതാപകരമായി. ‘ആരാ, ഈ എഭ്യനെ അടിച്ച് കൊല്ലുകാ?’ എന്നും മറ്റും അലറി വിളിച്ചത് കേട്ട് നായർ സിൽബന്തികൾ ഓടിക്കൂടി. അവർ രണ്ടും കല്പിച്ച് കൂട്ടത്തോടെ പാലം കയറി വന്നു. ഒടുവിൽ വേലുപൂജാരി വിവരമറിഞ്ഞ് ഓടി വന്നു കൃഷ്ണനെ പാലത്തിൽ നിന്നു എടുത്തു ഇറക്കി, എന്നാണു കഥ.

കൃഷ്ണൻ, പക്ഷെ, സ്വന്തവിശ്വാസപ്രമാണത്തിന്റെ പാലത്തിൽ നിന്ന് മരണം വരെ ഇറങ്ങി മാറിയില്ല. 1936-ൽ ക്ഷേത്രപ്രവേശന വിളംബരമുണ്ടായി. അതോടെ അവിടത്തെ പൊതുവഴികൾ മോചിപ്പിക്കപ്പെട്ടു. എങ്കിലും കൊച്ചീരാജാവിനു ബുദ്ധി തെളിയാൻ പിന്നെയും 10 വർഷമെടുത്തു. കാലം കടന്നുപോയി. സ്വാതന്ത്ര്യം കൈവന്നു. ജനാധിപത്യം നാട്ടിലേക്കിറങ്ങി. പാലം സംഭവത്തിലെ കൃഷ്ണന്റെ പ്രതിയോഗി നായർ പ്രമാണി ആൾ ആകെ മാറി. കാലത്തിനനുസരിച്ച് ഖദറുടുത്തു കോൺഗ്രസ്സായി. കുറച്ചുനാൾ കൂടി കഴിഞ്ഞപ്പോൾ നായർ പിന്നെയും മാറി.

മാറേണ്ടിവന്നു. അദ്ദേഹത്തിന്റെ മകൾ ഒരു ഈഴവ കാമുകനുമായി ഒളിച്ചോടി രജിസ്റ്റർ വിവാഹം ചെയ്തു. ആദ്യം ഞെട്ടിയെങ്കിലും പിന്നെ അയാൾ പ്രഖ്യാപിച്ചു. ഖദർ ധരിച്ച ഞാൻ ആദർശധീരനുമാണ്. ജാതിഭേദം അനാവശ്യം. ഇനിയെനിക്ക് ജാതി വ്യത്യാസമില്ല.

# 6

## ഗാന്ധിജിയെ തൊട്ടു; ഒരു ആറാം ക്ലാസ്സുകാരൻ

ഏതാണ്ട് ഇക്കാലത്ത് തന്നെ നടന്ന എന്ന് മനസ്സിലാക്കാവുന്ന ഒന്നാണ് ഗാന്ധിജിയെ കാണാൻ എറണാകുളത്തേയ്ക്കുള്ള യാത്ര.

ചേരാനെല്ലൂർ സെന്റ് ജെയിംസ് യു. പി. സ്കൂളിൽ സെക്കന്റ് ഫോമിൽ, (ഇന്നത്തെ ആറാം ക്ലാസ്) പഠിക്കുന്ന കാലത്ത് ഒരു ദിവസം എറണാകുളത്തു രാജേന്ദ്ര മൈതാനിയിൽ ഗാന്ധിജി വരുന്നു എന്നു കേട്ട് ആവേശമായി. കൂട്ടുകാരൻ ആന്റണിയേയും കൂട്ടി ഗാന്ധിജിയെ നേരിട്ട് കാണാനും പ്രസംഗം കേൾക്കാനും തീരുമാനിച്ചു. പിറ്റേന്ന് വീട്ടിൽ നിന്നിറങ്ങി, സ്കൂളിലേക്ക് പോകാതെ തീവണ്ടിപ്പാളത്തിലൂടെ നേരെ എറണാകുളത്തിനു വെച്ച് പിടിച്ചു. രാജേന്ദ്ര മൈതാനി എവിടെയാണെന്ന് അറിയില്ല. ആരോടും ചോദിക്കേണ്ട ആവശ്യമില്ല. റോഡിലൂടെ പോകുന്നവരൊക്കെ രാജേന്ദ്ര മൈതാനിയിലേക്കാണ്. റെയിലിലൂടെ പോകുന്നവരൊക്കെ രാജേന്ദ്ര മൈതാനിയിലേക്കാണ്. ആ സംഘത്തിന്റെ കൂടെ പോയാൽ മതി. രാവിലെ പുറപ്പെട്ടു. ഉച്ചയ്ക്ക് എറണാകുളത്തെത്തി. പൊരിക്കുന്ന വെയിലിലും മൈതാനം നിറയെ ജനക്കൂട്ടം. തിക്കിത്തിരക്കി ഒരു വിധം മുൻ നിരയിൽ എത്തി. പ്രസംഗം കേൾക്കുക എന്നതിലുപരി ഗാന്ധിയെ കാണുക എന്നതാണ് മുഖ്യലക്ഷ്യം. ആഗ്രഹം സാധിച്ചു. ഗാന്ധിയെ വളരെ അടുത്ത് കണ്ടു. പിറകിൽ നിന്നാണ് കണ്ടത്. അതുകൊണ്ട് മുതുകാണ് നന്നായി കണ്ടത്! നല്ല വീതിയും നീളവുമുള്ള മുതുക്! തൃപ്തി വരാഞ്ഞിട്ടു ഗാന്ധിയെ തൊട്ടുനോക്കുയും ചെയ്തു. ഗാന്ധിജിയുടെ വ്യക്തിത്വം വളരെ വലിയ ഒരാവേശമാണ് ഓരോ ഭാരതീയനിലും

പകർന്നിരുന്നത്. ഗാന്ധിയെ നേരിൽ കാണാനും തൊട്ടുനോക്കാനും കഴിഞ്ഞത് ജീവിതത്തിലെ അവിസ്മരണീയമായ ഒരനുഭവമായി വാലത്ത് പിൽക്കാലത്ത് പല തവണ പറഞ്ഞിട്ടുണ്ട്. കൂടെ, പിറ്റേന്ന് സ്കൂളിൽ എത്തിയപ്പോൾ കിട്ടിയ അവിസ്മരണീയമായ ചൂരൽക്കഷായത്തെക്കുറിച്ചും. ബ്രിട്ടീഷ് ഭരണത്തിനെതിരെ രാജ്യത്ത് വിപ്ലവം സംഘടിപ്പിക്കുന്ന ഗാന്ധിയുടെ പ്രസംഗം കേൾക്കാൻ പോയിരിക്കുന്നു. ധിക്കാരികൾ!

ഏഴാം ക്ലാസ് ജയിച്ചു. തുടർന്ന് പഠിക്കുവാൻ അടുത്തെങ്ങും ഹൈസ്കൂളുകളില്ല. ഉള്ളത് എറണാകുളത്ത് ക്രിസ്ത്യൻ പാതിരിമാരുടെ സെന്റ് ആൽബർട്സ് ഹൈസ്കൂൾ മാത്രം. പക്ഷെ എങ്ങനെ നിത്യവും പോയി വരും? വരാപ്പുഴയിൽ നിന്ന് ഇടപ്പള്ളിക്കടുത്തു പുകണക്കാവ് വരെ പണ്ട് കോകസന്ദേശത്തിലെ സന്ദേശഹരൻ നടന്നു പോയ പൂഴി മൺപാത മാത്രം. ഇന്നത്തെ ദേശീയപാത 17-ന്റെ ആദ്യമാതൃക. വാഹനങ്ങളൊന്നുമില്ല. പിന്നെ, ഇടപ്പള്ളി വഴി എറണാകുളത്തേയ്ക്ക് പോകുന്ന തീവണ്ടിപ്പാതയിലൂടെ നടക്കണം. ചിറ്റൂര് വരെ നടന്ന്, പണ്ട് ഇയ്യാംപാടം എന്ന് പറഞ്ഞിരുന്ന സ്ഥലത്ത് വെച്ച് തീവണ്ടിപ്പാതയിൽ കയറാം. പിന്നെ തീവണ്ടിപ്പാതയിലൂടെ നടന്നു എറണാകുളത്തെത്താം. മുമ്പ് ഗാന്ധിജിയെ കാണാൻ എറണാകുളത്തു പോയ അതേ വഴി. രാവിലേയും വൈകിട്ടും നടക്കണം. അന്ന് നടപ്പ് ആർക്കും ഒരു ആരോഗ്യപ്രശ്നമോ, അഭിമാനപ്രശ്നമോ ആയിരുന്നില്ല. അങ്ങനെ കൃഷ്ണനെ എറണാകുളത്ത് സെന്റ് ആൽബർട്സ് ഹൈസ്കൂളിൽ ചേർത്തു.

പത്താം ക്ലാസ് വരെയുള്ള മൂന്നു കൊല്ലം കൃഷ്ണൻ പോയി വന്നത് റെയിൽ പാളത്തിലൂടെ കാൽനടയായിട്ടായിരുന്നു. വീട്ടിൽ നിന്ന് രാവിലെ തെക്കൻ ചിറ്റൂരേക്ക് നടക്കും. ഇയ്യാംപാടത്ത് നിന്ന് വരമ്പിലൂടെ മുറിച്ചു കടന്നു റെയിൽ പാളത്തിൽ എത്തും. പിന്നെ, കൂട്ടുകാരുമൊത്ത് ഒറ്റനടപ്പ്. എറണാകുളം എത്തുന്നത് അറിയുക പോലുമില്ല. ഇയ്യാം പാടത്ത് നിന്ന് എറണാകുളത്തിനു തിരിയുന്നതിനു എതിർദിശയിൽ പോയാൽ ഇടപ്പള്ളിയിൽ എത്താം. അങ്ങനെയാണ് ചങ്ങമ്പുഴയുടെ വീട്ടിൽ എത്തിയിരുന്നത്. ആ തീവണ്ടിപ്പാതയ്ക്ക് വാലത്തിന്റെ ജീവിതത്തിൽ വലിയ സ്ഥാനമാണുള്ളത്. പിൽക്കാലജീവിതത്തിൽ ചങ്ങമ്പുഴയുടെ വീട്ടിൽ നിത്യസന്ദർശകനും പ്രിയചങ്ങാതിയുമായത് എന്നും ആ തീവണ്ടിപ്പാളത്തിലൂടെ നടന്നു പോയിട്ടായിരുന്നു. വാർദ്ധക്യകാലത്ത് തൃശ്ശൂർ. പാലക്കാട്, എറണാകുളം തിരുവനന്തപുരം ജില്ലകൾ ഒട്ടാകെ നടന്നുകണ്ട വാലത്തിനു ആ നടപ്പിനുള്ള ഊർജ്ജവും ഓജസ്സും നൽകിയത് ആ ബാല്യകാലത്തിലെ തീവണ്ടിപ്പാതസഞ്ചാരമായിരിക്കാം.

അങ്ങനെയുള്ള ആ തീവണ്ടിപ്പാതയുടെ വരവിനു പിന്നിൽ ഒരു കഥയുണ്ട്. 1989 ഏപ്രിൽ 23-ന് ദേശാഭിമാനി വാരാന്തപ്പതിപ്പിൽ വാലത്ത് എഴുതിയ 'ഒരു തീവണ്ടിപ്പാതയുടെ കഥ' എന്ന ലേഖനം കേരളചരിത്രത്തിലേക്കും സംസ്കാരത്തിലേക്കും വെളിച്ചം വീശുന്നുണ്ട്. തീവണ്ടിപ്പാത നിർമ്മാണത്തിനുള്ള സർവേ, മുതൽ തീവണ്ടിയുടെ വരവ് വരെയുള്ള കഥ സരസമായി വർണ്ണിക്കുന്ന, പാരായണ സുഖവും അറിവും പകരുന്ന ലേഖനം ഇവിടെ ചേർക്കുന്നു.

# 7

## ഒരു തീവണ്ടിപ്പാതയുടെ കഥ

എറണാകുളം ജില്ലയിലെ ചേരാനെല്ലൂരിൽ റോഡിൽ നിന്നു നോക്കിയാൽ കല്ലു കൊണ്ടു പണിതു കുമ്മായം തേയ്ക്കാത്ത ഒരു വീടു കാണാമായിരുന്നു. അതിന്റെ മുൻവശത്തെ ചുവരിൽ ഒരു വലിയ ഓട്ടയും. ഷൊർണൂർ–എറണാകുളം തീവണ്ടിപ്പാത സ്ഥാപിക്കുന്നതിന്റെ പ്രാരംഭമായ സർവേ നടന്നത് ആ വഴിയ്ക്കാണ്. സർവേയ്ക്കു വേണ്ടി ആ വീടിന്റെ ചുവരിൽ തുളച്ച തുള ചരിത്രസ്മാരകമായി ശേഷിച്ചതല്ലാതെ അതിലേ തീവണ്ടി വന്നില്ല. കോട്ടും സൂട്ടും ഇട്ട് സായ്പൻമാരായ ഉദ്യോഗസ്ഥൻമാരും ശിപായിമാരും കൊടിയും കുന്തോം കുഴലും കോലുമായി വന്നു ഭൂമി അളക്കുകയും സർവേയുടെ ആവശ്യാർത്ഥം വീടിന്റെ ഭിത്തി തുളയ്ക്കുകയും ചെയ്തപ്പോഴാണ് ബുദ്ധിമാൻമാരായ ഞങ്ങൾക്ക് കാര്യത്തിന്റെ 'ഗുട്ടൻസ്' പിടികിട്ടിയത്. തീവണ്ടി ചേരാനെല്ലൂരിൽ കൂടി വരാൻ പോകുന്നു! തീവണ്ടിയെപ്പറ്റി സംഭ്രമകരങ്ങളായ പല കിംവദന്തികളും പ്രചരിക്കുന്ന കാലം. തീവണ്ടി കാണാൻ 90 കി. മീ. ദൂരം കാൽനട യാത്ര ചെയ്ത് ഷോർണൂരിലേക്കു പോയ ചില സാഹസികൻമാരും കഥകൾ പ്രചരിപ്പിച്ചു.

ഭയങ്കരമാണ് തീവണ്ടിയുടെ ഒച്ച. കോഴിമുട്ട വിരിയുകയില്ല. ഒച്ചയുടെ ഊക്കിൽ മുട്ട കുലുങ്ങിപ്പൊട്ടും. ഗർഭിണികളുടെ ഗർഭം അലസും. നാട്ടിൽ അങ്കലാപ്പായി. ടിപ്പുവിന്റെ പടയോട്ടത്തിനു ശേഷം ഞങ്ങളുടെ നാട് ഇങ്ങനെ ഒരു പേടി പേടിച്ചിട്ടില്ല.

തീവണ്ടിഭീഷണി നീങ്ങിക്കിട്ടാൻ അമ്പലങ്ങളിൽ വഴിപാടുകൾ നേർന്നു. ജനം ഒരുമിച്ചു നാടുവാഴിയായ ചേരാനെല്ലൂർ കർത്താവിനെക്കണ്ട് സ്ഥിതിഗതി

കളുടെ ഗൗരവം ഉണർത്തിച്ചു. ധാരാളം 'കുഞ്ഞമ്മമാർ' (കർത്താവിന്റെ കുടുംബത്തിലെ സ്ത്രീകൾ) ഉൾപ്പെടുന്നതാണ്, 'അടിമഠം'. മാസം ശരാശരി രണ്ടു പ്രസവം വീതം അടിമഠത്തിൽ നടക്കുന്നു. അതോർത്തപ്പോൾ കർത്താവിനു ഭയം വർദ്ധിച്ചു. അദ്ദേഹം കുടിയാനവൻമാരോടു പറഞ്ഞു.

"തീവണ്ടി ചേരാനെല്ലൂരിൽ കൂടി ഓടിക്കാൻ ചേരാനെല്ലൂർ കർത്താവായ ഞാൻ 'മൂപ്പിലെ യജമാനൻ' എന്ന പട്ടവും കെട്ടി ഇവിടെ വാഴുമ്പോൾ സമ്മതിക്കില്ല."

ഉടൻ തന്നെ തൃപ്പൂണിത്തുറ കനകക്കുന്നു കൊട്ടാരത്തിലെത്തി, കൊച്ചി മഹാരാജാവിനെ 'മുഖം കാണിച്ച്' നിവേദനം നടത്തി. നാലു കോഴിയെ വളർത്തി നിത്യവൃത്തി കഴിക്കുന്നവരാണ് ചേരാനെല്ലൂരിലെ പാവങ്ങൾ. പിന്നെ ഗർഭം അലസിയാലത്തെ സ്ഥിതി! ജനസംഖ്യയുടെ ഭാവിയെന്ത്?

മഹാരാജാവു തിരുമനസ്സിന് സർവ്വവും ബോദ്ധ്യമായി. തീവണ്ടിയുടെ തലയറ്റം ഇരുമ്പുകൊണ്ടുള്ള ഒരു ഭയങ്കര രാക്ഷസനാണെന്ന് ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ പറഞ്ഞ് നാം കേട്ടിരിക്കുന്നു. മഹാരാജാവ് ദിവാനോട് ഉത്തരവായി: ചേരാനെല്ലൂരിൽ കൂടി റെയിലിടാനുള്ള തീരുമാനം മദിരാശി ഗവർണ്ണറെക്കൊണ്ട് റദ്ദാക്കിക്കണം.

ചേരാനെല്ലൂർക്കാർ വിജയം കൊണ്ടാടി. അമ്പലത്തിൽ പ്രത്യേകം വിളക്കു കഴിപ്പിച്ചു. ചേരാനെല്ലൂരിന്റെ തൊട്ടു തെക്കു സ്ഥിതി ചെയ്യുന്ന ഇടപ്പള്ളിയിൽക്കൂടിയായി അവസാന സർവേ. ചേരാനെല്ലൂർക്കാർ തള്ളിയ മാരണം ഇടപ്പള്ളിക്കാരുടെ തലയിലായി.

അതോടെ ചേരാനെല്ലൂർക്കാർ ഇടപ്പള്ളിക്കാരെ കളിയാക്കാനും തുടങ്ങി. ഇടപ്പള്ളി അങ്ങാടിയിൽ വെച്ച് ചേരാനെല്ലൂർക്കാരെ ഇടപ്പള്ളിക്കാർ തല്ലി. ചേരാനെല്ലൂരിൽ ചെന്നുപെടുന്ന ഇടപ്പള്ളിക്കാരെ അവരും തല്ലി. ദിവസേന തീവണ്ടിത്തർക്കവും അടിയും പതിവായി.

ഇടപ്പള്ളി ജനം ഇടപ്പള്ളി രാജാവിനെ സമീപിച്ചു. തിരുവിതാംകൂറിനു കീഴിലാണെങ്കിലും ഇടപ്പള്ളി രാജാവും മോശക്കാരനല്ല. നാല് ച. മൈൽ വിസ്താരമുള്ള ഇടപ്പള്ളി രാജ്യത്ത് നാൽപ്പത് ക്ഷേത്രങ്ങൾ. ഒക്കെ ചുട്ടകോഴിയെ പറപ്പിക്കുന്ന 'പ്രത്യക്ഷമുള്ളവ'. രാജാവിന്റെ മഠം, മാടമ്പിമാരുടെ 'എട്ടുകെട്ടുകൾ,' നമ്പൂതിരി ഇല്ലങ്ങൾ, അങ്ങാടികൾ, ജോനകപ്പള്ളി, നസ്രാണിപ്പള്ളി! ഇവയെല്ലാമിടയിൽക്കൂടി തീവണ്ടി കൊണ്ടുപോവാൻ പറ്റില്ലെന്ന് ഇടപ്പള്ളിരാജാവും വാദിച്ചുനോക്കി.

ചേരാനെല്ലൂർ മാർഗ്ഗം റദ്ദായ സ്ഥിതിയ്ക്ക് ആലുവായിൽ നിന്ന് എറണാകുളത്തേയ്ക്ക് ഇടപ്പള്ളിയിൽക്കൂടിയല്ലാതെ വേറേ മാർഗ്ഗമില്ല. തീവണ്ടി ആളുകളുടെ തലയ്ക്കു മീതെ കൂടി ഓടിക്കേണ്ടിവരും. റെയിൽവേ എന്നാൽ ബ്രിട്ടീഷ് ഗവർമ്മെണ്ടെന്നാണർത്ഥം! ഇടപ്പള്ളി രാജാവിനു സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തോട് കളിക്കാൻ പറ്റില്ല. ഉന്നത തലങ്ങളിൽ നടന്ന കൂടിയാലോചന വിജയിച്ചു. ഇലയ്ക്കും മുള്ളിനും കേടുകൂടാത്ത പോംവഴി കണ്ടുപിടിക്കപ്പെട്ടു.

ഇടപ്പള്ളിയുടെ വടക്കുഭാഗത്തു—എളമക്കര, പേരണ്ടൂർ ഭാഗത്ത്—കിഴക്കു പടിഞ്ഞാറായി 'വടുതല' വരെയുള്ള മൂന്നു മൈൽ ദൂരം വരുന്ന പ്രദേശം വിജനവും ശൂന്യവുമാണ്. കായലും ചതുപ്പും പാടവും ചുള്ളിക്കാടും കൊണ്ടുള്ള കാലം ചെല്ലാമൂല! പേടിച്ചാരും പട്ടാപ്പകൽ പോലും ചെല്ലാറില്ല. മുൻകാലങ്ങളിൽ ഇടപ്പള്ളി രാജാവ് വധശിക്ഷ നടപ്പാക്കിയിരുന്നതവിടെയാണ്. അതുകൊണ്ട് അവിടെ മുഴുവൻ ചോര കുടിക്കുന്ന 'അറുകൊലകൾ' എന്നറിയപ്പെടുന്ന പ്രേതങ്ങൾ വിഹരിക്കുന്നു. ഇടപ്പള്ളിക്കാരുടെ പേടിസ്വപ്നമാണവിടം. തീവണ്ടി അതിലേ പോകുമെങ്കിൽ ഇടപ്പള്ളിക്കാർക്കൊരു കുഴപ്പവുമില്ല. ഇടപ്പള്ളി രാജാവ് തന്റെ പ്രജകളെ സമാധാനിപ്പിച്ചു:

"ആ പ്രദേശം മുഴുവൻ വെള്ളച്ചാലല്ലെ? അവിടം മുഴുവൻ നികത്തി, റെയിൽ വെക്കാൻ പാകത്തിൽ മണ്ണിട്ട് പൊക്കി, സായിപ്പൻമാർ മുടിയട്ടെ. ഇനി, തീവണ്ടി ഓടിച്ചെന്നു തന്നെ വരികിൽ അവിടെയുള്ള ഭൂതപ്രേതപിശാചുക്കൾ വണ്ടിയെടുത്ത് വെള്ളത്തിൽ എറിയുകയും ചെയ്യും!"

ഭൂമിയുടെ വില തിട്ടപ്പെടുത്തി അനുവദിച്ച ഒരു നല്ല സംഖ്യ രാജാവ് നിരസിക്കുകയാണ് ചെയ്തത്. ഇടപ്പള്ളി ഇളങ്ങല്ലൂർ സ്വരൂപം ഭൂമി വിറ്റ് പണം വാങ്ങുന്ന കീഴ്‌വഴക്കമില്ല. രാജകുടുംബത്തിന് അപമാനമാണത്.

ഭൂമി സൗജന്യം കൊടുത്തതിന് പ്രത്യുപകാരമായി രാജാവിന് മദ്രാസ് ഗവർണർ ഒരു സൗകര്യം ചെയ്തുകൊടുക്കാൻ തീരുമാനിച്ചു. ഇടപ്പള്ളി റെയിൽവേ സ്റ്റേഷനിൽ നിന്ന് ഒരു മൈൽ അകലെയുള്ള രാജാവിന്റെ മഠത്തിലേക്ക് ഒരു രാജകീയശാഖ റെയിൽ ഇട്ടുകൊടുക്കുക! രാജാവിന്റെ വാസസ്ഥലത്തു നിന്ന് നേരിട്ടു തീവണ്ടിയാത്ര ചെയ്യാം.

പക്ഷെ, രാജാവ് സമ്മതിച്ചില്ല. "ഇവിടെക്കൂടി വേണ്ടെന്നും പറഞ്ഞ് വടക്കെത്തലയ്ക്കലെ പ്രേതക്കാട്ടിലേയ്ക്ക് തള്ളിക്കളഞ്ഞ മാരണം ഇപ്പോൾ നമ്മുടെ മഠത്തിലേയ്ക്കു കൊണ്ടുവരികയൊ?"

ആദ്യമായി തീവണ്ടി ഓടുന്ന ദിവസം ഇടപ്പള്ളിയിലെ ആബാലവൃദ്ധം ജനങ്ങൾ

ദൂരെ മാറിനിന്ന് നോക്കി. ഭൂതപ്രേതപിശാചുക്കൾ തീവണ്ടി മറിക്കുന്നത് കാണാൻ ആകാംക്ഷയോടെ കാത്തുനിന്നു.

എന്നാൽ ഒന്നും സംഭവിച്ചില്ല. വണ്ടി നേരേ ഓടിപ്പോയി. ജനം അത്ഭുതസ്തബ്ധരായി നിന്നപ്പോൾ ഒരു ബുദ്ധിശാലി വിളിച്ചുപറഞ്ഞു:

“പ്രേതങ്ങൾക്ക് ഇരുമ്പിനെ പേടിയാണ്. തീവണ്ടി ഇരുമ്പുകൊണ്ടാണ് ഉണ്ടാക്കിയിട്ടുള്ളത്!”

കേട്ടവർ പ്രതിവചിച്ചു: “സായിപ്പിന് ബുദ്ധിയുണ്ട്.”

ഷോർണ്ണൂർ—എറണാകുളം തീവണ്ടിപ്പാത 1899–ലാണ് പൂർത്തിയായത്. പണി തീരാൻ മൂന്നു വർഷം എടുത്തു. ആ തീവണ്ടിപ്പാതയിലൂടെ എറണാകുളത്തേയ്ക്കും ഇടപ്പള്ളിയിലേക്കും ചെറുപ്പം മുതൽ നിത്യവും ക്ഷീണമറിയാതെ നടന്നുകൊണ്ട് ഭാവിയിൽ നാലു ജില്ലകൾ മുഴുവൻ നടന്നുകാണാൻ വാലത്ത് താൻ പോലുമറിയാതെ മുൻകുട്ടി കാൽനട പരിശീലിക്കുകയായിരുന്നോ!

# 8

## പിതാവിന്റെ നിര്യാണം

അച്ഛന്റെ കഷ്ടതകൾ മാറണമെങ്കിൽ ദൈവങ്ങൾ അത്ഭുതങ്ങൾ കാണിക്കണം എന്ന സ്ഥിതിയായിരുന്നു. പക്ഷെ, വേലു പൂജാരി പൂജിച്ച ദൈവങ്ങൾ അദ്ദേഹത്തിനു അനുഗ്രഹങ്ങൾ നേരിട്ട് നൽകിയില്ല. അധികം വൈകാതെ അദ്ദേഹത്തിന്റെ കഷ്ടതകൾക്ക് അറുതിയായി. അച്ഛൻ വടക്കേ വാലത്ത് കണ്ടൻ കുമാരൻ വേലു എന്ന വേലുപ്പൂജാരി (ജനനം 1872). 1111 കർക്കിടകം 10-ന് (1936 ജൂലൈ 25-ന്) 63-ആം വയസ്സിൽ വളരെ ആകസ്മികമായി മരിച്ചു. ക്ലാവ് പിടിച്ച ഓട്ടു കിണ്ടിയിൽ കഷായം കുടിച്ചതിനെത്തുടർന്ന് വിഷബാധയേറ്റ് മരിക്കുകയായിരുന്നത്രേ. ഗൃഹനാഥനായ വേലുപ്പൂജാരിയുടെ പെട്ടെന്നുള്ള മരണത്തോടെ വാലം തറവാട് സ്തംഭിച്ചു. അന്ന് കൃഷ്ണന് പതിനെട്ടു വയസ്സ്.

ഓലപ്പുരയായിരുന്നെങ്കിലും, ഒഴിഞ്ഞ വയറായിരുന്നെങ്കിലും ഭാര്യ പാറു അതുവരെ ദു:ഖം അറിഞ്ഞിട്ടില്ല. അറിയിച്ചിട്ടുമില്ല. എന്നാൽ, അപ്പോൾ ഗൃഹനാഥന്റെ അഭാവത്തിൽ അനാഥമായ അവസ്ഥയിലേക്ക് എല്ലാ ദു:ഖങ്ങളും കടന്നുവന്നു. പറക്കമുറ്റാത്ത കുഞ്ഞുങ്ങളെ നെഞ്ചോടു ചേർത്ത് കണ്മുന്നിലെ അന്ധകാരത്തിലേക്ക് പാറു എത്തും പിടിയും കിട്ടാതെ നോക്കി നിന്നു. അവിടെ ആ കുടുംബത്തിലെ പൌരോഹിത്യം താൽക്കാലികമായി നിലച്ചു. എന്നെന്നേയ്ക്കുമായി, എന്നു പറയാനാവില്ല. ഭാവിതലമുറകളുടെ ചങ്ങലക്കണ്ണികളിൽ എന്നെങ്കിലുമൊരിക്കൽ മറ്റൊരു വേലുപ്പൂജാരി കടന്നു വരില്ലെന്ന് ആര് കണ്ടു?

അച്ഛനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇല്ലായ്മയുടെ ഒരു ലോകമാണ് കൃഷ്ണന്റെ

ഓർമ്മയിൽ വരിക. അച്ഛൻ ജീവിതത്തിലൊരിക്കലും സുഖിച്ചൊന്നുണ്ടിട്ടില്ല. സുഖിച്ചൊന്നുറങ്ങിയിട്ടില്ല. മഴവെള്ളം ചോർന്നിറ്റുന്ന മുറിയിൽ മണ്ണെണ്ണ വിളക്കിന്റെ മഞ്ഞപ്രകാശത്തിൽ ക്ഷുർക്ക മെഴുക്കുപുരട്ടിയതും കൂട്ടി കഞ്ഞി കുടിക്കുമ്പോഴും മൃഷ്ടാന്നം കഴിച്ച ലക്ഷപ്രഭുവെപ്പോലെ സമൃദ്ധി ഭാവിക്കുകയും അങ്ങനെ ജീവിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. അച്ഛന്റെ ചുമലിൽ ഇരുന്നു അച്ഛൻ പോകുന്നിടമെല്ലാം സന്ദർശിക്കും. ഒരു നദി കാണുമ്പോൾ അത് എവിടെ നിന്ന് വരുന്നു എന്നും എങ്ങോട്ട് പോകുന്നുവെന്നും ചോദിക്കും. ഒരു കുളം കണ്ടാൽ, ഒരു അമ്പലം കണ്ടാൽ, ആകാശം കണ്ടാൽ, മഴയും ഇടിവെട്ടും കാണുമ്പോൾ ഓരോന്ന് ചോദിച്ചുകൊണ്ട് ജിജ്ഞാസ പ്രകടിപ്പിക്കും. അച്ഛൻ ക്ഷമയോടെ ഓരോന്നിനും മറുപടി പറഞ്ഞുകൊണ്ടായിരിക്കും നടക്കുക.

അച്ഛന്റെ മരണത്തോടെ ഒറ്റപ്പെട്ടുപോയ കൃഷ്ണൻ എന്ന കുട്ടി അച്ഛന്റെ പൂജാസാമഗ്രികൾ എടുത്തുവെച്ചു. ഒരു രുദ്രാക്ഷമാല. ശംഖ്. പൂജാസമയത്ത് ഉപയോഗിച്ചിരുന്ന അരപ്പട്ട, ഒരു ചെറിയ ത്രിശൂലം, ആമത്തലയും ആമക്കാലുകളും കൊത്തിയ ശംഖ് തട്ട് തുടങ്ങിയവ. അച്ഛന്റെ എല്ലാ ചരമദിനങ്ങളിലും ആ സാമഗ്രികളിലൂടെ പിതൃ സ്മരണ പുതുക്കി, അന്ത്യം വരെ.

പൂജാരിയുടെ കുടുംബം നിലനിന്നു പോകാൻ സ്വതവേ, വലിയ വിഷമം തന്നെ. ചുരുങ്ങിയ വരുമാനം കൊണ്ട് എല്ലാവരുടെയും കാര്യങ്ങൾ കഴിയണം. അതുകൂടി ഇല്ലാതായപ്പോൾ മൂത്തമകൻ മാധവൻ പഠനം നിർത്തിവെച്ച് കുടുംബച്ചുമതല ഏറ്റെടുത്തു. മാധവൻ ഒരു കണക്കെഴുത്തുകാരനായി. അഞ്ചു പേരിൽ നാലാമനായ കൃഷ്ണൻ മാത്രമാണ് പത്താം തരം കടന്നത്. മറ്റെല്ലാവരും കൃഷ്ണന്റെ പഠനത്തിനു വേണ്ടി വഴിമാറി. കൃഷ്ണന്റെ പഠനത്തിനും ഭക്ഷണത്തിനും വേണ്ടി മാധവൻ പട്ടിണി കിടന്നു. ആ ത്യാഗം ഏതാണ്ട് ജീവിതാന്ത്യം വരെ മാധവൻ തുടർന്നു.

പിതാവിന്റെ മരണം സൃഷ്ടിച്ച അനാഥത്വം ദുഃഖകരമായ ചിന്തകളിലേക്ക് വഴി തിരിച്ചു. ഒരു നിയോഗം പോലെ വാലത്ത് ചെറിയ പദ്യങ്ങളിലൂടെ രചന ആരംഭിച്ചു. 1939-ൽ എസ്. എസ്. എൽ. സി. പാസ്സാകുന്നതിനു ഒരു വർഷം മുമ്പ്, കൌമാരപ്രായത്തിൽ അല്പം കൂടി തെളിച്ചു പറഞ്ഞാൽ ഇരുപതു് വയസ്സിനുള്ളിൽ വാലത്തിന്റെ അനേകം കവിതകൾ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ മുൻപേജിൽ അച്ചടിച്ച് വന്നിരുന്നു.

## 9

# പട്ടാളക്കാരൻ

എസ്. എസ്. എൽ. സി. പരീക്ഷ വളരെയേറെ പ്രാധാന്യത്തോടെ നടത്തപ്പെട്ടിരുന്നകാലം. അന്ന് എസ്. എസ്. എൽ. സി. പരീക്ഷ പാസ്സായാൽ അതൊരു പദവിയായിരുന്നു. അഭിമാനമായിരുന്നു. എല്ലാ വിഷയങ്ങളിലും ജയിക്കണം. എങ്കിലേ വിജയിക്കു. ഏതെങ്കിലും ഒരു വിഷയത്തിൽ തോറ്റാൽ പൂർണ പരാജയം. പിന്നെ എല്ലാ വിഷയങ്ങളും വീണ്ടും എഴുതണം. പിൽക്കാലത്ത് ഗ്രൂപ്പ് സമ്പ്രദായം, മോഡറേഷൻ, തുടർമൂല്യ നിർണ്ണയം, ഗ്രേസ് മാർക്ക്, സേ പരീക്ഷ എന്നീ ഓമനപ്പേരുകളിൽ മാർക്ക് ദാനങ്ങൾ കടന്നുവന്നു. വിജയം നൂറുമേനി കൊണ്ടാടുകയാണിപ്പോൾ. ഗുണനിലവാര താരതമ്യം അവിടെ നിൽക്കട്ടെ. ഏതായാലും വാലത്ത് ഏറെ പ്രയത്നിച്ച് പരീക്ഷയെഴുതി. അക്കാലത്ത് പരീക്ഷാഫലം എല്ലാ ദിനപത്രങ്ങളും പൂർണമായി പ്രസിദ്ധീകരിക്കുമായിരുന്നു. പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്ന തീയതി അടുത്തു. ഫല പ്രഖ്യാപനത്തിന്റെ തലേന്ന് വാലത്ത് നാടുവിട്ടു. തീവണ്ടിയിൽ അദ്ദേഹം മദിരാശിയിൽ എത്തി. ആ യാത്രയ്ക്ക് കാരണം ഭാവിയെക്കുറിച്ചുള്ള ആശങ്കകളായിരുന്നു. വിജയിക്കുമോ, എന്ന സംശയവും. വിജയിച്ചാൽ തന്നെയും തുടർ പഠനത്തിനു നിവൃത്തിയില്ല. എന്തെങ്കിലും വരുമാനമാർഗ്ഗം കണ്ടെത്തിയേ തീരൂ. സാഹിത്യം തന്റെ ആത്മാവിഷ്കാരഭ്രമികയാണ്. ജീവനോപാധിയല്ല. പിറ്റേന്ന് ഫലപ്രഖ്യാപനം. രാവിലെ 'ദി ഹിന്ദു' പത്രത്തിൽ അച്ചടിച്ചുവന്ന പരീക്ഷാ ഫലത്തിൽ നോക്കിയപ്പോൾ വാലത്തിനു വിശ്വസിക്കാൻ

കഴിഞ്ഞില്ല. എസ്. എസ്. എൽ. സി. വിജയിച്ചിരിക്കുന്നു. ഉടനെ നാട്ടിലേക്ക് മടങ്ങിപ്പോന്നു.

എന്നിട്ടും എന്തു ചെയ്യണം, എങ്ങോട്ടു പോകണം എന്ന കാര്യത്തിൽ വ്യക്തത വന്നില്ല. കിട്ടാവുന്ന കൃതികളും ക്ലാസ്സിക്കുകളും വായിച്ചു. തനിക്ക് എന്തൊക്കെയോ ചെയ്യാനുണ്ട്, തനിക്കു എന്തൊക്കെയോ പറയാനുണ്ട്, എന്ന ഉൾബോധം വാലത്തിന്റെ മേൽ നിയന്ത്രണം സ്ഥാപിച്ചു കഴിഞ്ഞിരുന്നു.

അങ്ങനെയിരിക്കെ എറണാകുളത്ത് വെച്ചു മിലിട്ടറി റിക്രൂട്ടിംഗ് നടക്കുന്ന വിവരം അറിഞ്ഞു വാലത്ത് അവിടെ ഹാജരായി. കടുത്ത മാനസികസംഘർഷം അനുഭവിക്കേണ്ടി വന്നു. കാരണം, താൻ ഏറ്റവും വെറുക്കുന്ന സാമ്രാജ്യത്വ ശക്തിയുടെ പ്രതീകമാണ് ഗ്രേറ്റ് ബ്രിട്ടൻ. അങ്ങനെയിരിക്കെ ബ്രിട്ടന്റെ കൂലിപ്പട്ടാളത്തിൽ പണിയെടുക്കുക എത്ര നിന്ദ്യമാണ്. സാമ്രാജ്യത്വം 'വെച്ച്' നീട്ടുന്ന നക്കാപ്പിച്ച്'യ്ക്കു മുന്നിൽ ഒരു ലോകപൌരൻ ആദർശങ്ങൾ ബലികഴിയ്ക്കുക എന്നത് എത്ര അപമാനകരമാണ്? മറുവശത്ത്, ആരിൽ നിന്നായാലും അദ്ധ്വാനിച്ചു പ്രതിഫലം പറ്റുന്നതിൽ തെറ്റില്ല, എന്ന ചിന്തയും. മറ്റു തൊഴിൽ സംരംഭങ്ങളുടെ കുറവും വാലത്തിനെ സ്വാധീനിച്ചു. എന്തായാലും വാലത്ത് ബ്രിട്ടീഷ് സേനയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

1939-1945 വരെയുള്ള കാലത്തു സഖ്യകക്ഷികളും അച്ചുതണ്ടു ശക്തികളും തമ്മിൽ നടന്ന നാളിതുവരെ മനുഷ്യചരിത്രം കണ്ട ഏറ്റവും ഭീകരമായ രണ്ടാം ലോക മഹായുദ്ധകാലത്താണ് വാലത്ത് സിവിലിയൻ ക്ലാർക്കായി ബ്രിട്ടീഷ് ഇന്ത്യൻ പട്ടാളത്തിൽ ചേരുന്നത്. യുദ്ധവുമായി ബന്ധപ്പെട്ട ഏതെങ്കിലും മേഖലയിൽ ജോലി ചെയ്യാനുള്ള മാനസികശക്തി വാലത്തിനുണ്ടായിരുന്നതായി കരുതാൻ ന്യായമില്ല. വാലത്ത് പട്ടാളത്തിൽ പണിയെടുത്തിട്ടുണ്ട് എന്നത് തന്നെ വലിയൊരു തമാശയാകാം.

ബാംഗ്ലൂരിലെ വൈറ്റ്ഫീൽഡിലെ അംനിഷൻ ഡിപ്പോയിലായിരുന്നു, ജോലി. അങ്ങോട്ടുള്ള യാത്ര ആവേശം നിറഞ്ഞതായിരുന്നു. പുതിയ അനുഭവങ്ങൾ തേടിയുള്ള യാത്ര. എറണാകുളത്ത് നിന്നു തീവണ്ടി മാർഗം കോഴിക്കോട്ടു എത്തി, അവിടെനിന്നു, മനോഹരമായ താമരശ്ശേരി ചുരം കയറി, വയനാട് വഴി ബാംഗ്ലൂരിൽ എത്തിയിട്ടാണ് ജോലിയിൽ പ്രവേശിച്ചത്. അവിടെ എത്തിപ്പെട്ടത് അന്നത്തെ സാഹചര്യത്തിൽ ചില്ലറക്കാര്യമല്ല. ആ ജോലി സമ്പാദനം ഒരു രക്ഷപ്പെടലായിരുന്നു. ദാരിദ്ര്യത്തിൽ നിന്നു, നാട്ടിലെ തൊഴിലില്ലായ്മയിൽ നിന്ന്, പിതാവ്

അനുഷ്ഠിച്ചു പോന്ന പൌരോഹിത്യ കർമ്മത്തിൽ നിന്ന്. അതിലുപരി ലോകം കാണുക എന്ന കൌതുകം ആത്മാവിൽ തുടിച്ചു നിന്നത് കൊണ്ടും! പഞ്ചായത്തിനു വെളിയിൽ, സംസ്ഥാനത്തിനും രാജ്യത്തിനും വെളിയിൽ ലോകം എന്ന മഹാസാമ്രാജ്യത്തിലെ മഹാജനസാഗരത്തിൽ എളിയ ഒരാളായി, തൊഴിലാളി വർഗ്ഗപ്പോരാളിയാവുക എന്നതായിരുന്നു സ്വപ്നം. അവിടെ അദ്ദേഹം പലപല മഹാത്മാക്കളെ കണ്ടു. ഗാന്ധിജി, നെഹ്റു, കാറൽ മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ . . . അതുപോലെ, ദുഷ്ടശക്തികളെയും കണ്ടു. ഒന്നാം ലോക മഹായുദ്ധത്തിൽ പിറക്കുകയോ പൊലിയുകയോ ചെയ്ത വിപ്ലവങ്ങൾ വാലത്തിനെ ഹരം കൊള്ളിച്ചു. അദ്ദേഹം മനുഷ്യന്റെ പക്ഷത്തായിരുന്നു. അതുകൊണ്ട് വിപ്ലവത്തിന്റെയും. രണ്ടു ലോക മഹായുദ്ധങ്ങളിലൂടെ കൊന്നൊടുക്കപ്പെട്ട ശതകോടി മനുഷ്യർ ലോകത്തിന്റെ ആകമാനം ദു:ഖമാണ്. നിരാലംബരായ പാവപ്പെട്ട മനുഷ്യർ. തന്റെ അച്ഛനും അമ്മയും പെങ്ങളും അക്കൂട്ടത്തിൽ ഉള്ളതായി വാലത്ത് കണ്ടു.

ക്ലാർക്കിന്റെ ജോലിയാണ്. തോക്കെടുത്ത് അതിർത്തിയിൽ പോകുകയൊന്നും വേണ്ട. കൊള്ളാം, നല്ല കാര്യം. കുറെനാൾ ജോലി ചെയ്തു. എന്നാൽ, തങ്ങൾക്കു തെറ്റ് പറ്റി എന്ന് റിക്രൂട്ടിംഗ് ഓഫീസർമാർ തിരിച്ചറിഞ്ഞത് പിന്നീടാണ്. ബ്രിട്ടനാണ് ഇന്ത്യ ഭരിക്കുന്നത്. പക്ഷെ, ഒരു ബ്രിട്ടീഷ് വിരോധിയെ ആണ് അവർ പട്ടാളത്തിലേക്ക് റിക്രൂട്ട് ചെയ്തത്. 1943 ഒക്ടോബർ 3-ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വാലത്തെഴുതിയ 'ഇരുപതാം നൂറ്റാണ്ടിന്റെ വെളിച്ചം', എന്ന കവിത ആരോ കുത്തിപ്പൊക്കി സായ്പ്പിനെ വായിച്ചു കേൾപ്പിച്ചപ്പോഴാണ് അബദ്ധം തിരിച്ചറിയുന്നത്. ഒരു ഗാന്ധിജീസ്തുതി . . . "ഗാന്ധിജി ജീവിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ വെളിച്ചം ജ്വലിക്കുന്നു." ഇതാണ് ആദ്യ വരി. ഒരു പ്രശസ്ത മലയാളകവി നമ്മുടെ ഉമസ്തപ്പടയിൽ ഉണ്ട് എന്ന അഭിമാനകരമായ വാർത്തയറിഞ്ഞു ധ്വര (സായ്പ്) സന്തുഷ്ടനായി. അദ്ദേഹം തന്റെ മുറിയിലേക്ക് വാലത്തിനെ വിളിപ്പിച്ചു. കഴിയുന്നത്ര മനസ്സിലാകാവുന്ന ഇംഗ്ലീഷിൽ ചില കാര്യങ്ങൾ ചോദിച്ചു.

"ഗാന്ധിജി ബ്രിട്ടീഷ്ഗവണ്മെന്റിനു എതിരാണെന്ന് അറിയാമോ? ബ്രിട്ടീഷ് പട്ടാള ഉദ്യോഗസ്ഥനായിരുന്നുകൊണ്ട് ഗാന്ധിയെ പ്രകീർത്തിച്ചു കവിതയെഴുതുന്നത് ശിക്ഷാർഹമല്ലേ? മേലിൽ ആവർത്തിക്കാതിരിക്കുമോ?"

മൂന്നേ മൂന്നു ചോദ്യങ്ങൾ. വാലത്ത് ആറാം ക്ലാസ്സ് മുതൽ ഗാന്ധിയുടെ ആരാധകനാണ്. അറിയാവുന്ന ഇംഗ്ലീഷിൽ മറുപടി നൽകി.

“എതിരാണെന്നറിയാം. ശിക്ഷാർഹമാണെന്നും അറിയാം. പക്ഷേ, മേലിലും ആവർത്തിക്കും.”

സായ്പ് അത്ഭുതപ്പെട്ടു. ഈ മലയാളികളുടെ ഒരു . . . ! അദ്ദേഹം ഉടൻ തന്നെ ഒരു പാരിതോഷികം കവറിലിട്ടു വാലത്തിനു കൊടുത്തു. ഹസ്തദാനവും ചെയ്തു.

സംഭവം നടക്കുന്നത് രാവിലെ ഒൻപതു മണിക്ക്. ഉച്ചയോടെ പെട്ടിയും പ്രമാണങ്ങളുമെടുത്ത് വാലത്ത് നാട്ടിലേക്ക് മടങ്ങി. സല്യൂട്ട് ഗ്രേറ്റ് ബ്രിട്ടൻ. എബൌട്ടേൺ—മാർച്ച്!

# 10

## യുക്തിവാദി

ജോലി നഷ്ടപ്പെട്ടത് വാലത്തിനു വലിയ പ്രഹരമായി. സാമ്രാജ്യത്വത്തിനെതിരെ ശബ്ദിച്ച അപരാധത്തിന് തക്ക ശിക്ഷ സാമ്രാജ്യത്വം കല്പിച്ചു. അതൊന്നും വാലത്തിനെ തളർത്തിയില്ല. ചൊടിപ്പിച്ചുമില്ല. ജീവിതം തിരിഞ്ഞു നിന്നു. മുന്നോട്ട് ഏതു വഴി തിരഞ്ഞെടുക്കണമെന്ന് നിർണ്ണയിക്കാനാവാത്ത അനിശ്ചിതാവസ്ഥ . . . വിദ്യാഭ്യാസം തുടരുവാൻ സാമ്പത്തികശേഷിയുടെ പിൻബലമില്ല. അച്ഛന്റെ വിശ്വാസ പ്രമാണങ്ങളിൽ വിശ്വാസം നഷ്ടപ്പെട്ടിരുന്നതിനാലും, അയിത്തം തുടങ്ങിയ അനാചാരങ്ങളിൽ അമർഷം തോന്നിയതിനാലും പൌരോഹിത്യ ജോലിയോട് അടുപ്പം തോന്നിയില്ല. പുതിയ ഒരു തുടക്കത്തിനായുള്ള അന്വേഷണം അടിയന്തിരമായി ആരംഭിച്ചു.

ഒരു മനുഷ്യൻ സഹജീവിയ്ക്ക് വഴി മാറണമെന്ന അവസ്ഥയ്ക്കെതിരെ കൃഷ്ണന്റെ മനസ്സിൽ കടുത്ത സംഘർഷം നടന്നിരിക്കണം. അങ്ങനെ സ്വന്തം മനസ്സിൽ തോന്നിയ പടി, ജാതി, മതം, വർഗ്ഗം തുടങ്ങിയ വിവേചനങ്ങൾക്ക് അതീതനായി സ്വയം പ്രഖ്യാപിച്ചു. ഒരു പുരോഹിതന്റെ മകൻ ആ പാത പിന്തുടർന്നില്ല എന്ന് മാത്രമല്ല, ആത്മീയതയും കൈവിട്ടു. അത് ഒരേസമയം വൈരുദ്ധ്യവും ദുരന്തവുമാണ്. അന്നത്തെ കാലത്ത് നിരീശ്വരത്വം സ്വന്തം ജീവിതാദർശമായി ഒരാൾ തെരഞ്ഞെടുത്താൽ ഒന്നുകിൽ അത് ആരംഭശൂരത്വമാകും അല്ലെങ്കിൽ കപടമുഖമാകും. എന്നാൽ വാലത്തിന്റെ നിരീശ്വരത്വം തലച്ചോറിനുള്ളിൽ ജന്മം കൊണ്ടതാണ്, എന്നെനിക്കു തോന്നുന്നു. കാരണം, വാലത്തിന്റെ നിരീശ്വരവാദം

അല്പായുസ്സായിരുന്നില്ല. സന്ദർഭാനുസരണം എടുത്തണിഞ്ഞ മുഖംമൂടിയുമായിരുന്നില്ല. അത് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനുള്ളതായിരുന്നില്ല. സ്ഥിരതയുള്ള നിരീശ്വരനാകാൻ വാലത്തിനെ പ്രാപ്തനാക്കിയത്, താൻ സ്വയം ഒരു ബിംബമാണെന്നുന്ന ബോദ്ധ്യമത്രേ. ഒരു ഈശ്വരബിംബം മറ്റു ബിംബങ്ങളോടു പ്രാർത്ഥിക്കുന്നതെന്തിന്? മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു, മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു, മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി മണ്ണ് പങ്കുവെച്ചു, എന്ന വയലാറിന്റെ വരികൾ ലോകത്തോട് വിളിച്ചുപറഞ്ഞതിനേക്കാൾ വലിയ സത്യമേതാണ്?

'ഈ സായം സന്ധ്യയിൽ' എന്ന ലേഖനത്തിൽ വാലത്ത് ഇങ്ങനെ എഴുതി:

> "എനിയ്ക്ക് ജാതിയില്ല. മതമില്ല. ദൈവമോ, ക്ഷേത്രമോ ഇല്ല. ആ വക സൂചനകളൊന്നും എന്റെയോ എന്റെ മക്കളുടെയോ പേരക്കുട്ടികളുടേയോ പേരുകളിൽ ഒളിച്ചു നിൽക്കുന്നില്ല. അതുപോലെ എന്റെ പുസ്തകങ്ങളും എന്റെ ജാതി വിളംബരം ചെയ്കയില്ല. ജാതിചിന്ത മനുഷ്യന്റെ മനസ്സിൽ വരുന്നതോടെ അവൻ അങ്ങേയറ്റം തരം താഴ്ന്നതായാണ് ഞാൻ കണക്കാക്കിയിട്ടുള്ളത്. ഈ എൺപതാം വയസ്സിൽ തിരിഞ്ഞു നോക്കുമ്പോൾ എനിക്ക് അഭിമാനം തോന്നുന്നത് ഞാനൊരിക്കലും ഒരു ജാതിയുടെ ഭാഗമായി ചിന്തിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല എന്നതു കൊണ്ടാണ്. ഞാൻ മനുഷ്യനാണ്. ഒരു ചരിത്രകാരനായി അറിയപ്പെട്ടാൽ മതി."

ജാതിയും മതവും വലിച്ചെറിഞ്ഞപ്പോൾ കൂടെ അതിനകത്തെ ആചാരങ്ങളും അനാചാരങ്ങളും ദൈവങ്ങളും ഇറങ്ങിപ്പോയി. അങ്ങനെ കൃഷ്ണൻ ഒരു സ്വതന്ത്ര മനുഷ്യനായി രൂപപ്പെട്ടു. എന്നാൽ, ഒരു ഭഗവാന്റെ പേര് ചുമന്നു കൊണ്ട് ആ ഭഗവാനെയും അദ്ദേഹത്തിന്റേതായ സർവതിനെയും ധിക്കരിക്കുന്നത് നീതിയല്ലല്ലോ. അതുകൊണ്ടായിരിക്കാം, കൃഷ്ണൻ എന്ന പേര് തന്നെ ഉപേക്ഷിച്ചു. പൂർണ്ണമായല്ല. കാരണം ആ പേര് പിതാവ് ഇരുപത്തിയെട്ടാം നാൾ പേരിടീൽ വിധിപ്രകാരം മൂന്നുരു കാതിലോതിയതാണ്. അതിനോട് പിതൃബന്ധമുണ്ട്. ആദരമുണ്ട്. അത് കളയുന്നത് പിതൃത്വത്തെ അവഹേളിക്കുന്നതിനു തുല്യം. അതിനാൽ പേര് ചുരുക്കാക്ഷരങ്ങളിൽ മറച്ചു. വടക്കേ വാലത്ത് വേലു കൃഷ്ണൻ അങ്ങനെ വി. വി. കെ. വാലത്ത് ആയി, എന്ന് കരുതാം. പേര് കേട്ടാൽ ജാതി തിരിച്ചറിയരുത് എന്ന് അദ്ദേഹം ഉറപ്പിച്ചു. പെരുമാറ്റം കേരളാ ഗസറ്റിൽ പരസ്യപ്പെടുത്തി. പിന്നെ

അദ്ദേഹം വി. വി. കെ. വാലത്തായി. അതിനു ശേഷം അദ്ദേഹം 'കൃഷ്ണനെ' തിരിഞ്ഞു നോക്കിയിട്ടില്ല.

ജാതിയും മതവും ദൈവങ്ങളും ഒക്കെ പോയ ഒഴിവിലേക്ക് പുതിയ ഒരു കഥാപാത്രം കടന്നു വന്നു. ഒരു മാസികയാണ്. യുക്തിവാദി മാസിക. നിരീശ്വരവാദികൾക്ക് മാത്രം പ്രിയപ്പെട്ട ഒരു പ്രസിദ്ധീകരണം. എം. സി. ജോസഫിന്റെ പത്രാധിപത്യത്തിൽ തപാലിൽ വന്നുകൊണ്ടിരുന്ന ഈ മാസികയ്ക്കു മുഖചിത്രം ഇല്ല. എല്ലാ ലക്കത്തിലും മുഖപ്പേജിൽ തന്നെ സ്ഥിരം ഒരു നാലുവരി കവിത കാണാം.

"യുക്തിയേന്തി മനുഷ്യന്റെ
ബുദ്ധിശക്തി ഖനിച്ചതിൽ
ലഭിച്ചതല്ലാത്തതില്ലൊന്നും
മനുഷ്യരാശി വരിച്ചതിൽ"

യുക്തിവാദി മാസികയുടെ കവർ പേജിൽ അച്ചടിച്ചിരുന്ന ഈ നാലു വരികൾ വാലത്ത് എന്ന മനുഷ്യനെ പുതുക്കിപ്പണിതു. യുക്തിപൂർവ്വം ചിന്തിച്ച മനുഷ്യന്റെ ബുദ്ധിയിലും ഭാവനയിലും വിളഞ്ഞതല്ലാതെ ഒന്നും ഈ ലോകത്തിലില്ല. അങ്ങനെ മനുഷ്യനെന്ന മഹാശക്തനെ മറ്റെന്തിനെക്കാളും മീതെ പ്രതിഷ്ഠിച്ചുകൊണ്ട് അവരിലെ ഈശ്വരന്മാരെ തേടി അദ്ദേഹം സഞ്ചാരം ആരംഭിച്ചു.

യുക്തിമാർഗ്ഗത്തിലെ ആ യാത്ര നാട്ടതിർത്തികൾ കടന്നു ദേശീയമായും അന്തർദേശീയമായും മനുഷ്യരാശിയുടെ ഭാഗധേയങ്ങൾ തിരഞ്ഞു. ദൈവസങ്കല്പങ്ങൾ കേവലം സങ്കൽപ്പങ്ങൾ മാത്രമാണെന്ന് തിരിച്ചറിയുക മാത്രമല്ല, പിൽക്കാലത്ത് സ്വന്തം ഭാര്യയേയും മക്കളേയും ഈശ്വരാരാധനയിൽ നിന്ന് അകറ്റിനിറുത്തുവാൻ അങ്ങേയറ്റം പരിശ്രമിക്കുകയും ചെയ്തു. ഈശ്വരസങ്കല്പങ്ങളുടെ ഉറവിടം ചരിത്രവും നരവംശശാസ്ത്രവും കൊണ്ട് അളക്കുവാനും തെളിയിക്കുവാനും സ്വന്തം ജീവിതത്തിലൂടെ പരിശ്രമിച്ചു. ജീവിതത്തിൽ അന്ത്യം വരെ നാസ്തികനായി ജീവിക്കുവാൻ വാലത്തിനു കഴിഞ്ഞു. 'ഞാൻ മരിക്കുമ്പോൾ പൊതുശ്മശാനത്തിൽ സംസ്കരിക്കണമെന്നും അതിനു മുമ്പ് പൂജാദി കർമ്മങ്ങൾ നടത്തരുത്'എന്നും മക്കളെ പറഞ്ഞേൽപ്പിച്ചു.

# 11

## ഇടപ്പള്ളിയിലെ ചങ്ങാതി

അറുപതോളം ആദ്യകാല കവിതകൾ അന്നത്തെ പ്രമുഖ മാധ്യമങ്ങളിൽ അവതരിപ്പിച്ചു. അവയിൽ ഏറിയ പങ്കും കേവല കവിതയ്ക്ക് അപ്പുറം നൊമ്പരപ്പെടുത്തുന്ന ജീവിത സന്ദർഭങ്ങളായിരുന്നു. ആ രംഗത്ത് വാലത്തിന്റെ പ്രിയസുഹൃത്തായിരുന്നു, ചങ്ങമ്പുഴ. 1996–ലെ ഡയറിയുടെ ഒരു താളിൽ 1946 മേയ് മാസത്തിലെ ചങ്ങമ്പുഴയോടൊത്തുള്ള ഒരു അനുഭവം പങ്കു വെയ്ക്കുന്നുണ്ട്. കൗമാരപ്രണയം, ദാരിദ്ര്യക്ലേശം, സാമ്രാജ്യത്വ വിരോധം, യുദ്ധവിരോധം, വിശ്വമാനവികത, സ്വാതന്ത്ര്യമോഹം എന്നീ കൃത്യതയുള്ള ആശയങ്ങളിലൂടെ കടന്നുപോയ വാലത്ത് കവിതയിൽ ചങ്ങമ്പുഴയുടെ സ്വാധീനം വലുതായിരുന്നു. ചങ്ങമ്പുഴ വാലത്തിന്റെ ആരാദ്ധ്യമിത്രമായിരുന്നു. വാലത്ത് നിന്നു തീവണ്ടിപ്പാളത്തിലൂടെ കാൽനടയായ് ഇടപ്പള്ളിയിലെത്തും, മിക്കവാറും എല്ലാ ദിവസവും. ആ കൂടിക്കാഴ്ചകൾ ചങ്ങമ്പുഴയുടെ ജീവിതാന്ത്യം വരെ തുടർന്നിരുന്നു. 'ചങ്ങമ്പുഴ—ഒരു അനുസ്മരണം' എന്ന ശീർഷകത്തിൽ 1957 ഒക്ടോബർ 5–ൽ നവയുഗം വാരിക സാഹിത്യപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തെയാണ് ഇവിടെ അവലംബമാക്കുന്നത്.

ഒരിക്കൽ ഒരു സ്വകാര്യ സംഭാഷണത്തിനിടെ ചങ്ങമ്പുഴ വാലത്തിനോട് പറഞ്ഞു. "ഒരു പൈ പോലും കയ്യിലില്ലാതെ അലഞ്ഞുതിരിയണം. കള്ളവണ്ടി കേറണം. പിടിച്ചിറക്കും. അടുത്തവണ്ടിയിൽ കേറണം കയ്പേറിയ ജീവിതാനുഭവങ്ങളിലൂടെ എങ്ങോട്ടെന്നില്ലാതെ, എന്തിനെന്നില്ലാതെ, സഞ്ചരിക്കണം.

അങ്ങനെ ഈ ഭൗതിക പ്രപഞ്ചത്തിന്റെ അതിർത്തി രേഖകൾ വരെ അലയാൻ കഴിഞ്ഞെങ്കിൽ എന്ന് ഞാൻ ആശിക്കുകയാണ്. ഹായ്! എന്ത് രസമാണത്!"

വാലത്ത് അത്ഭുതാധീനനായി അത് കേട്ടിരുന്നുപോയി. ചങ്ങമ്പുഴയെ സംബന്ധിച്ചിടത്തോളം സാഹിത്യസേവനം പട്ടിണി അല്ല. ആകർഷകമായ വരുമാനം അസൂയാവഹമായിട്ടാണ് ചങ്ങമ്പുഴയ്ക്ക് സിദ്ധിച്ചിരുന്നത്. ആ മഹത്തായ ഐശ്വര്യസിദ്ധി ഒരു വശത്ത്. സ്നേഹവതിയായ ശ്രീദേവിയും അരുമക്കുഞ്ഞുങ്ങളും ചേർന്ന കുടുംബസൌഭാഗ്യം മറുവശത്ത്. രണ്ടു ഭാഗ്യാനുഭൂതികളുടേയും നടുക്ക് സ്വന്തം മായാമോഹങ്ങളുടെ ഒരു കൃത്രിമ ഗോളം സൃഷ്ടിച്ച് അതിൽ വാഴുവാനുള്ള ഒരു ആന്തരിക പ്രേരണ അദ്ദേഹത്തിന് എങ്ങനെ കിട്ടിയെന്ന് വാലത്ത് അത്ഭുതപ്പെട്ടു.

"ടിക്കറ്റു പരിശോധകരുടെ കണ്ണുവെട്ടിച്ച് തീവണ്ടിയാത്ര ചെയ്യാൻ കുട്ടിക്കാലത്ത് എന്തുതമാശയായിരുന്നെന്നൊ! ഇടപ്പള്ളി റെയിൽവേ സ്റ്റേഷനിൽ വണ്ടി വന്നു നിന്നാൽ പിൻവാതിലിൽ കൂടി അടുത്ത പറമ്പിലേക്ക് ഒരു ഓട്ടം വെച്ച് കൊടുക്കും." ചങ്ങമ്പുഴ ഇത് തുറന്നുപറഞ്ഞു പൊട്ടിച്ചിരിച്ചു.

"ദാരിദ്ര്യത്തിന്റെ കളിത്തൊട്ടിലിലാണ് ചങ്ങമ്പുഴ വളർന്നത്. അനതിവിദൂര ഭാവിയിൽ താൻ അതിൽ നിന്നു മോചനം നേടുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. മറ്റുള്ളവർ സാഹിത്യാഭ്യസനത്തിന്റെ ഹരിശ്രീ കുറിക്കുന്ന പ്രായത്തിൽ ചങ്ങമ്പുഴ വിഖ്യാതനായ കവിയായിത്തീർന്നിരുന്നു. ആയിരമായിരം അനുവാചകരുടെ ആരാധനാലോകമണിയിച്ച പരിവേഷവും വഹിച്ചു പൊടുന്നനെ അദ്ദേഹം ഉയർന്നു നിന്നപ്പോൾ മലയാള സാഹിത്യം കോൾമയിർ കൊണ്ടു. അതിന്റെ ഔദ്ധത്യം വർദ്ധിച്ചു.

"മതിമോഹന ശുഭനർത്തനമാടുന്നയി മഹിതേ, മമ മുന്നിൽ നിന്നു നീ മലയാള കവിതേ," എന്ന് അദ്ദേഹം തന്നെ പാടി. ചങ്ങമ്പുഴക്കവിതകളിലൂടെ സഞ്ചരിക്കുന്ന ഒരാൾക്ക് ദിഗ്ഭ്രമം ബാധിക്കും. അദ്ദേഹത്തിന് സ്ഥിരമായ ഒരു താവളം ഉണ്ടായിരുന്നില്ല. ഇന്ന് കണ്ടിടത്ത് നാളെ കാണില്ല. സ്ഥിരമായ വിശ്വാസങ്ങളുടെയും എല്ലാത്തരം ലൌകിക, അലൌകിക ബന്ധങ്ങളുടെയും കൈപ്പിടിയിൽ നിന്നു കുതറിച്ചാടാനുള്ള സാമർത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രാപഞ്ചിക രഹസ്യങ്ങളെ നിഗൂഢമായ എല്ലാത്തരം ആസ്തിക്യങ്ങളെ, അദ്ദേഹം ധിക്കരിച്ചു. ധിക്കരിക്കാൻ ആഹ്വാനം ചെയ്തു.

"വിത്തനാഥന്റെ ബേബിക്ക് പാലും
നിർദ്ധനച്ചെറുക്കന്നുമിനീരും

ഈശകല്പിതമാകിലമ്മട്ട-
ള്ളീശ്വരനെ ചവിട്ടുക നമ്മൾ.''

തനിക്കു തോന്നിയ വഴിയേ ചങ്ങമ്പുഴ സഞ്ചരിച്ചു. ആരോടും വഴി ചോദിച്ചി ല്ല. എല്ലാ ചൂണ്ടുപലകകളെയും കബളിപ്പിച്ചു കൊണ്ട് ശ്മശാന ശൂന്യതകളിലൂടെ ഏകനും ദുഃഖിതനുമായി കണ്ണീർ വാർത്തും എന്നാൽ പലപ്പോഴും മനോഹരപൊ ന്മാനായ മാരീചനെപ്പോലെ തുള്ളിച്ചാടിയും അദ്ദേഹം സഞ്ചരിച്ചു. അദ്ദേഹം കടന്നുപോയ മാർഗ്ഗങ്ങളിലെ കാലടിപ്പാടുകളിൽ നിന്നു അവാച്യമായ ഒരുനാദബ്ര ഹ്മത്തിന്റെ ഗാനമേള മുഴങ്ങിക്കൊണ്ടിരുന്നു. ഗാനത്തിന്റെ ലഹരിയിൽ തന്നിലെ താൻ അലിഞ്ഞലിഞ്ഞ് ഇല്ലാതെയാകട്ടെയെന്ന് ചങ്ങമ്പുഴ എഴുതിയിരുന്നു.

പരുപരുത്ത ജീവിത യാഥാർഥ്യത്തിന്റെ പാറപ്പുറത്ത് ഭാവനയുടെ പനിനീർ പ്പൂവും പച്ചപ്പട്ടും കൊണ്ട് കവിത രചിക്കുവാൻ ചങ്ങമ്പുഴയ്ക്ക് കഴിഞ്ഞു. കവിതയിലെ ഭാവനയെ കെട്ടിപ്പുണർന്നു ജീവിതം തന്നെ അദ്ദേഹത്തിനൊരു ഭാവനയായി പ്പോയി.

''എന്മനം നൊന്തുനൊന്തങ്ങനെ ഞാനെന്റെ
കണ്ണീരിൽ മുങ്ങി മരിക്കുവോളം''
ചങ്ങമ്പുഴ പാടി.''

തൃശ്ശൂർ നിന്നു മടങ്ങി വന്ന്, ചങ്ങമ്പുഴ ഇടപ്പള്ളിയിൽ ഭാര്യാഗൃഹത്തിൽ താമസ മാക്കിയ കാലത്താണ് വാലത്തും ചങ്ങമ്പുഴയും തമ്മിൽ സമ്പർക്കം പുലരുന്നത്. വീടിന്റെ വലതു വശത്ത് ഒരു വൈക്കോൽപ്പുര നിന്നിരുന്നു. ഒരു മുറിയിൽ പുസ്ത കങ്ങളും നടുക്ക് അദ്ദേഹവും. മറ്റെമുറിയിൽ വൈക്കോലും. വൈക്കോൽ തുരുമ്പും സിഗരറ്റ് കുറ്റികളും കരിഞ്ഞ തീപ്പെട്ടിക്കൊള്ളികളും അവിടെങ്ങും ചിതറിക്കിട ക്കും. ''ഇതൊരു വൃത്തികേടാണല്ലേ? എന്നാൽ എനിക്ക് ഇതിലൊരു സൌന്ദര്യം തോന്നുന്നു!'' അദ്ദേഹം പറയാറുണ്ടായിരുന്നു.

ഒരു ദിവസം അദ്ദേഹം പറഞ്ഞു. ''ഞാനുമുണ്ട്, നിങ്ങളുടെ കൂടെ. നമുക്ക് ഒന്ന് തുണ്ടത്തുംകടവ് (വരാപ്പുഴയ്ക്കടുത്ത്) വരെ പോകണം. ഈ വീടൊന്നു നന്നാക്കണം. കുറെ ഇഷ്ടിക വാങ്ങണം. നാല് നാഴിക നടന്ന് വാലത്തും ചങ്ങമ്പുഴയും വരാപ്പുഴ കടത്തു കടവിലെത്തി. വരാപ്പുഴക്കായൽ അവിടെ വെച്ച് പെരിയാറിനെ സഹർഷം ഏറ്റുവാങ്ങി അറബിക്കടലിനെ ലക്ഷ്യം വെച്ച് മന്ദം മന്ദം ഒഴുകുകയായിരുന്നു. വെയിലും വെളിച്ചവുമുള്ള കാലം.

ആകാശം അതിന്റെ ശോഭയേറിയ നീലച്ചായം ലോഭം കൂടാതെ കായലിൽ പകർന്നു കൊണ്ടിരുന്നു. ഒരു നല്ല ചിത്രം വരച്ചപോലെ തെങ്ങുകളും ഇരു കരകളിലും നിൽപ്പുണ്ടായിരുന്നു.

വഞ്ചിക്കാരൻ പയ്യൻ വഞ്ചി തുഴയുകയാണ്. അറിയാതെ അവന്റെ ചുണ്ടിൽ ഒരു സംഗീതം മുഴങ്ങി.

"ഇരുമെയ്യാണെങ്കിലും നമ്മൾ ഒറ്റ-
ക്കരളല്ലേ, നീയെന്റെ ജീവനല്ലേ. . . "

അവൻ തുടർന്നുള്ള വരികളും പാടികൊണ്ടിരുന്നു. ചങ്ങമ്പുഴയുടെ മുഖത്ത് ഒരു അസാധാരണമായ പ്രസന്നതയുണ്ടായി.

വഞ്ചി കരയ്ക്കടുത്തു. രണ്ടുപേരും ഇറങ്ങി. ചങ്ങമ്പുഴ ഒരു രൂപ അവന്റെ കയ്യിൽ വെച്ചുകൊടുത്തു. ഒരണയാണ് രണ്ടുപേർക്ക് കടത്തുകൂലി. ബാക്കി പതിനഞ്ചണ തിരിച്ചു കൊടുക്കാൻ അവന്റെ കയ്യിൽ ചില്ലറ തികയുകയില്ലെന്ന് അവൻ പറഞ്ഞു.

"വേണ്ട. അത് താനെടുത്തോ!" അത് പറഞ്ഞുകൊണ്ട് ചങ്ങമ്പുഴ വാലത്തിനെയും വിളിച്ച് ഒരു നടത്തം കൊടുത്തു. അല്പം നടന്നു കഴിഞ്ഞു ചങ്ങമ്പുഴ പറഞ്ഞു. "അവൻ എന്റെ കവിത ചൊല്ലിയപ്പോൾ വാസ്തവത്തിൽ എനിക്കുണ്ടായ ആനന്ദം അതെഴുതിയപ്പോൾ എനിക്കുണ്ടായിരുന്നില്ല. ഞാനാ ഒരു രൂപ അവനു പാരിതോഷികം നൽകിയതാ."

വീട് പരിഷ്കരിക്കപ്പെട്ടു. അതിനു പുത്തൻ ഗെറ്റപ്പ് വീണു. വൈക്കോൽപ്പുരയിൽ നിന്ന് എഴുത്തുമുറിക്കു മോക്ഷം കിട്ടി. എഴുത്ത് മുറിയിൽ മേശപ്പുറത്തു അദ്ദേഹത്തിന്റെയും പ്രിയതമയുടെയും ചിത്രം വെച്ചിട്ടുണ്ട്. ഒരു ഭാഗത്ത് വിശ്വസാഹിത്യകാരന്മാർ ബുക്കലമാരകളിൽ വരിവരിയായി സ്ഥാനം പിടിച്ചിട്ടുണ്ട്.

രാത്രിയാണ് എഴുത്ത്. വാലത്ത് അവിടെ ചെല്ലുമ്പോൾ രാവിലെ പത്തു മണി കഴിഞ്ഞിരിക്കും. അപ്പോഴാണ് ഉറക്കമുണരുക. വർത്തമാനം പറയുന്ന കൂട്ടത്തിൽ ഭാര്യ ഒരു കപ്പ് ചായയുമായി വരും. തോർത്തും സോപ്പും ഉമിക്കരിയും സിഗരട്ടും തീപ്പെട്ടിയുമൊക്കെ എടുത്തു യാത്രയാകും. നല്ല വെയില് വീണിരിക്കും. രണ്ടുപേരും ഇടവഴിയിലൂടെ കിഴക്കോട്ടു നടക്കും. അവിടങ്ങളിൽ പണ്ടുകാലത്ത് വ്യാഴാഴ്ച ചന്ത എന്ന് പറഞ്ഞിരുന്ന ഒരു സ്ഥലമുണ്ട്.

കാടിന്റെ എതിരെ വഴിവക്കിൽ തന്നെ ഓലക്കീറു കൊണ്ടു കുത്തിമറച്ച ഒരു കുടിൽ നിന്നിരുന്നു. തല കുനിച്ചു അദ്ദേഹം ആദ്യം അതിലേക്കു കയറും. പുറകെ

തല കുനിച്ച് വാലത്തും അനുഗമിക്കും. കുറ്റികളിൽ പലക വെച്ച് കെട്ടി നിർമ്മിക്കപ്പെട്ട ബെഞ്ചിൽ ഇരിക്കും. ഉടനെ ഒരാൾ ഇലയിൽ പുട്ടും കടലയും പപ്പടവും മുമ്പിൽ കൊണ്ടുവന്നു വയ്ക്കും. വളരെ വിനയഭാവത്തിൽ. കൂടെ ഒരു ഗ്ലാസ്സ് ചായയും.

"എനിക്കിത്തരം ചായക്കടകളാണിഷ്ടം." ചങ്ങമ്പുഴ പുഞ്ചിരി തൂകിക്കൊണ്ട് പറഞ്ഞു. ചായക്കുടിലിൽ നിന്ന് അവർ നേരേ വടക്കോട്ടു നടക്കും. അവിടെ വിശാലമായ ഒരു കുളവും ഒരമ്പലവുമുണ്ട്. മനോഹരമായ പൂഴി അവിടമെങ്ങും പൂക്കൾ വിതറിയിട്ടുണ്ടാകും. എന്നിട്ട് കുളത്തിന്റെ വക്കിലിരുന്നു പല്ല് തേക്കാൻ തുടങ്ങും. കുളത്തിലിറങ്ങി വസ്ത്രങ്ങൾ അലക്കും. കുളി കഴിഞ്ഞു കേറുമ്പോൾ മണി ഒന്ന് കഴിഞ്ഞിരിക്കും. ശ്രീദേവി ഊണും വെച്ച് കാത്തിരിക്കുകയാവും.

അധികനാൾ കഴിഞ്ഞില്ല. പുതുക്കിപ്പണിത ഭാര്യാഗൃഹത്തിൽ നിന്ന് അദ്ദേഹം സ്വഗൃഹത്തിലേക്കു കുടുംബസമേതം താമസം മാറ്റി. നന്നേ ക്ഷീണിച്ചിരുന്നു. ചില്ലറ ചികിത്സകളും തുടങ്ങിയിട്ടുണ്ട്. ആ വരാന്തയിൽ ഇരുന്നുകൊണ്ട് തലേ രാത്രി എഴുതി ത്തീർത്ത കവിത വളരെ ആവേശപൂർവ്വം ഉറക്കെ വായിച്ചു കേൾപ്പിക്കാൻ ക്ഷീണം തോന്നാറില്ല. ഈ കാലഘട്ടത്തിലാണ് ചങ്ങമ്പുഴക്കവിതകളിലെ ചൂടേറിയ ഭാഗങ്ങൾ അദ്ദേഹം രചിച്ചത്. 'ചുട്ടെരിക്കിൻ' ഒരു ഉദാഹരണമാണ്. അത് 'ചിത്രോദയ'ത്തിനു പോസ്റ്റു ചെയ്യാൻ പോകുന്നതിനു മുമ്പ് വാലത്തിനെ വായിച്ചു കേൾപ്പിക്കുകയുണ്ടായി. തന്റെ 'ഇടിമുഴക്ക'ത്തിന്റെ മുഖപേജിൽ ആ കവിത ചേർക്കാൻ വാലത്ത് അനുവാദം ചോദിച്ചു. "എങ്കിൽ രണ്ടു വരി കൂടി ഇരിക്കട്ടെ." അദ്ദേഹം അവിടെ ഇരുന്നുകൊണ്ട് തന്നെ കുത്തിക്കുറിച്ചു. എന്നിട്ട് വായിച്ചു.

"മമ ശബ്ദം മഹിയൊട്ടുക്കിടിവെട്ടിയലറുമീ-
മമ ശബ്ദം കേൾക്കുവാൻ മിഴി തുറക്കിൻ!"

* * *

ചങ്ങമ്പുഴയ്ക്ക് ക്ഷീണം ഏറിക്കൊണ്ടിരുന്നു. ഒരു ദിവസം അദ്ദേഹം പറഞ്ഞു. "ഒരു ആടിനെ വാറ്റി കഴിക്കണം. അതിനു വേണ്ട മരുന്നുകളെല്ലാം തയ്യാറായി. ഒന്നുമാത്രം കിട്ടിയിട്ടില്ല. തെങ്ങിന്റെ ചാരായം വേണം."

വാലത്തിന്റെ സ്ഥലത്തിനടുത്ത് ചിറ്റൂരോ മറ്റോ കിട്ടുമെന്ന് പറഞ്ഞു. വാലത്തിന്റെ അന്വേഷണം ഫലിച്ചു. സാധനം തരാമെന്നു ഒരാൾ ഏറ്റു. എന്നാൽ അയാൾക്ക് അത് ചങ്ങമ്പുഴയുടെ വീട്ടിൽ എത്തിക്കാൻ ഒരു ഭയം. കാരണം, അത് തിരു

വിതാംകൂറും ഇത് കൊച്ചിയുമാണ്. അന്ന് കൊച്ചി സംയോജനം നടന്നിരുന്നില്ല. പോരെങ്കിൽ വ്യാജമദ്യവും.

ഒരു ധീരകൃത്യം നടത്തിക്കളയാമെന്ന് വാലത്ത് തീരുമാനിച്ചു. സാധനം ഒരു പതിനാറു ഔൺസ് കുപ്പിയിൽ എടുത്ത് ഒരു സ്യൂട്ട് കേസിൽ ഭദ്രമായി വെച്ച്, അതിരാവിലെ പുറപ്പെട്ടു. ഇത് രോഗിയായ മഹാകവിയ്ക്ക് മരുന്നുണ്ടാക്കാനാണ്, അദ്ദേഹം രണ്ടു ദിവസം കൂടി ജീവിച്ചു നാല് വരിക്കവിത കൂടുതൽ എഴുതാൻ സാധിച്ചാൽ അത് നമുക്കും നേട്ടമാണല്ലോ, എന്ന് പറഞ്ഞാലൊന്നും എക്സൈസുകാർ വിടില്ല. എങ്കിലും അനിഷ്ട സംഭവം ഒന്നും കൂടാതെ സാധനം വാലത്തിനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിലെത്തി. അദ്ദേഹം അതേറ്റു വാങ്ങി ഭാര്യയെ ഏൽപ്പിച്ചു.

ദിവസങ്ങൾ കഴിഞ്ഞു. വാലത്ത് ശ്രീദേവിയോടു ചോദിച്ചു.

"ആടിനെ വാറ്റിയില്ലേ?"

"വാറ്റിക്കൊണ്ട് വരാൻ എവിടെയോ ഏർപ്പാട് ചെയ്തിട്ടുണ്ടെന്ന് പറയുന്നത് കേട്ടു."

"പിന്നെ, . . . ആ കുപ്പിയിലെ . . . ?"

"ഓ, അതവിടെ കാലിക്കുപ്പിയായി ഇരുപ്പുണ്ട്."

കുടി നിർത്തിയെന്നാണ് അദ്ദേഹം വാലത്തിനോട് പറഞ്ഞിരുന്നത്.

"അല്ലാ, പട്ടയെക്കാളും നല്ലത് തെങ്ങിന്റെയാണല്ലേ?"

എന്നിട്ടദ്ദേഹം അപരാധബോധത്തിന്റെ ഒരു വക പരിഹാസത്തോടെ ഒരു ചിരി ചിരിച്ചു.

"ഇഷ്ട, എനിക്കബദ്ധം പറ്റി. തീർച്ച. ഇനി തൊടില്ല. ഞാനത് കുടിച്ചുപോയി."

അദ്ദേഹം വളരെ വികാരാധീനനായി കാണപ്പെട്ടു.

"സ്നേഹിതാ, ഞാൻ തന്നെ എന്നെ നശിപ്പിച്ചു. ഒരുകാലത്ത് ചായയും ചാരായവും മാത്രം കൊണ്ട് ഞാൻ ദിവസങ്ങളോളം ജീവിച്ചിട്ടുണ്ട്. ഭാര്യയും അമ്മയും ഊണും തയ്യാറാക്കി കരഞ്ഞുകൊണ്ട് പറയും, ഉണ്ണാൻ. ഉണ്ണില്ല. ആരോടും മിണ്ടില്ല. അങ്ങനെ തോന്നാൻ കാരണമെന്ത്? എനിക്ക് തന്നെ അജ്ഞാതമാണ്."

അദ്ദേഹം സ്വന്തം സ്മരണകളുടെ ചുരുളഴിക്കും.

"രണ്ടു മണിയാകുമ്പോൾ പുറത്തിറങ്ങും. കാൽനടയായി നേരെ ടൌണിലേക്ക് നടക്കും. ഒരു കഷണം കഞ്ചാവെടുത്തു കടലാസ്സിൽ പൊതിഞ്ഞു ഷൂവിൽ വെച്ചിരിക്കും. ഷൂവിനുള്ളിലെ സാധനം നന്നായി മർദ്ദിക്കപ്പെടാൻ നടന്നു പോകും. വഴിമധ്യേ, ഒരു ക്രിസ്ത്യാനിയുടെ കടയുണ്ട്. അവന്റെ കടയ്ക്കു നേരെ വരുമ്പോൾ

ഞാൻ ഒരു അടയാളം കൊടുക്കും. രാത്രി തിരിച്ചുവരുമ്പോൾ എല്ലാം ഒരുക്കിയി ട്ടുണ്ടാകും. രണ്ടു പ്ലേറ്റ് നിറയെ സാധനങ്ങൾ. ഒന്നെനിക്കും ഒന്നയാൾക്കും. കുടി കഴിഞ്ഞാൽ ഞാൻ ഷൂപൊക്കും. അവൻ കയ്യിട്ടു പൊതിയെടുത്ത് രണ്ടു വീടിയി ലായി തെറുക്കും. ഒന്നു എന്റെ ചുണ്ടത്തു വെച്ച് കൊളുത്തിത്തരും. ഒന്നവനും. ഇത്രയുമായാൽ പിരിയാൻ സമയമായെന്നർത്ഥം. ഞാനിറങ്ങി ഒരു നടത്തം കൊടുക്കും. പാതിരാ കഴിഞ്ഞിരിക്കും. കുറ്റാക്കൂരിരുട്ടും. എന്നാലും ഊടുവഴിയിൽ കൂടിയേ വീട്ടിലേക്കു മടങ്ങുകയുള്ളൂ.

വീട്ടിൽ വിളക്ക് വിളറി എരിയുന്നുണ്ടാകും. ചാരെ ഭാര്യയും. അവൾ കരയു കയായിരിക്കും. എങ്കിലും എനിക്ക് അത്ഭുതം തോന്നുന്നു. ഒരിക്കലും ഒരു അനിഷ്ട സംഭവം ഉണ്ടാകാത്തതിൽ. വല്ല മരത്തിലും തലയിടിക്കാം. പാമ്പ് കടിക്കാം. വഴി യിൽ തന്നെ ബോധമറ്റു വീണുവെന്നും വരാം. യാതൊന്നുമുണ്ടായില്ല. ഇതാരുടെ ഭാഗ്യംകൊണ്ടാണെന്നറിയില്ല. . .

സ്വന്തം മനസ്സാക്ഷിയുടെ പ്രതിക്കൂട്ടിൽ നിന്ന് അദ്ദേഹമിതു പോലെ പ്രസ്താവി ച്ച സന്ദർഭങ്ങൾ ദുർല്ലഭമായിരുന്നില്ല.

"ഏഴാം സ്വർഗ്ഗം കടന്നു തവ കടമിഴിയിൽ ക്കൂടിയെന്നല്ല, ഞാനാം
പാഴാം പുൽതണ്ടിൽ നിന്നല്ലല, മധുരസ്വപ്നഗാനം പകർന്നു;
കേഴാം ഞാൻ, നാളെ വീഴാ; മടിയി- ലഖിലവും തേളുച്ചൂഴം മനസ്സിൽ
താഴാം, താഴട്ടെ, കേഴട്ടരികിൽ വരികയേ, ഹൃദ്യമെ, മദ്യമെ നീ. . . "

* * *

"രാത്രി രണ്ടുമൂന്നു തവണ ഛർദ്ദിച്ചു. രാവിലെ നേരെ കോയമ്പത്തൂർക്ക് പോയി." അദ്ദേഹം വാലത്തിനോട് പറയുകയായിരുന്നു. "ഡോക്ടർ ശരിക്ക് പരിശോധിച്ചു. ക്ഷയരോഗം മൂർദ്ധന്യത്തിൽ എത്തിക്കഴിഞ്ഞിരുന്നുവെന്നും പ്ര യാസമാണെന്നും പറഞ്ഞു. വാസ്തവത്തിൽ ക്ഷയരോഗബാധിതനാണ് ഞാനെന്നു അറിഞ്ഞിരുന്നില്ല. കോയമ്പത്തൂരേക്ക് പോകണമെന്ന് വിചാരിച്ച ആ രാത്രി യാണ് എനിക്ക് ആ രോഗത്തെക്കുറിച്ച് സ്വയം സംശയം ജനിച്ചത്."

വീടിന്റെ തെക്കുവശത്ത് ഒരു ഷെഡ് കെട്ടിയുയർത്തപ്പെട്ടു. ചങ്ങമ്പുഴ മരിക്കു ന്നതിനു രണ്ടു മാസം മുമ്പായിരുന്നു, അത്. പകർച്ചയിൽ നിന്ന് രക്ഷിക്കാൻ ഡോക്ട രുടെ നിർദ്ദേശപ്രകാരമാണ് വീടിനു തൊട്ടടുത്ത് പുര കെട്ടിയത്. ആ പുര കെട്ടി ത്തീർന്നപ്പോൾ ചങ്ങമ്പുഴ പറഞ്ഞു, "ഇതെന്റെ ബലിപ്പുരയാണ്". കേട്ടുനിന്ന വാല

ത്തിനു അത് സഹിക്കാനായില്ല. എങ്കിലും യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെട്ടു. വാലത്ത് അനുസ്മരണം ഇങ്ങനെ പൂർത്തിയാക്കി. "ആ കാഴ്ച കുറെനാൾ കണ്ടു. പിന്നെ ഒരു നാൾ അതിനടുത്ത് തന്നെ ദയനീയും വ്യസനകരവുമായ ചിതാഭസ്മവും കാണുമാറായി. അതിന്നരികിലായി കണ്ണീരിൽ കുളിച്ച് നിൽക്കുന്ന വിധവയായ ഒരു മാതാവും അച്ഛൻ നഷ്ടപ്പെട്ട സന്താനങ്ങളും. ആ ദു:ഖിതയായ സ്ത്രീയെക്കുറിച്ച് ആ ചിതാഭസ്മം പാടുന്നത് പോലെ തോന്നി:

"മൺ മറഞ്ഞുഞാനെങ്കിലുമിന്നു-
മെന്നണുക്കളിലേവമോരോന്നും
ത്വൽ പ്രണയസ് മൃതികളൂലാവി
സ്വപ്നനൃത്തങ്ങളാടുന്നു ദേവി . . . !" (സ്പന്ദിക്കുന്ന അസ്ഥിമാടം)

വാർദ്ധക്യകാലത്ത് ഒരിക്കൽ വാലത്ത് ചങ്ങമ്പുഴയുമായുള്ള സൌഹൃദം അനുസ്മരിച്ചിരുന്നു. ഈ സൌഹൃദത്തെക്കുറിച്ച് വാലത്തല്ലാതെ മറ്റുള്ളവർ പറഞ്ഞു അധികം കേൾക്കാൻ ഇട വന്നിട്ടില്ല. ചങ്ങമ്പുഴയുടെ തോണിയാത്രയിൽ കടത്തുകാരൻ തന്റെ കവിത ചൊല്ലിയതും ചങ്ങമ്പുഴ സന്തുഷ്ടനായി സമ്മാനം നൽകിയതുമായ കഥ വേറെയും കേട്ടിട്ടുണ്ട്. ആ കഥയിൽ വാലത്തില്ല, എന്നത് അത്ഭുതകരമായി തോന്നി. എളുപ്പം തമസ്കരിക്കാവുന്ന അത്രയ്ക്ക് നിസ്സാരനായിരുന്നു വാലത്ത്. ചെറുത്തുനിൽപ്പ് വാലത്തിനു വശമില്ല. ഒഴിഞ്ഞുമാറ്റമാണ് ശീലം.

ഇടയ്ക്കിടയ്ക്ക് ഓരോ കൃതിയുമായി രംഗത്ത് വരും. അതിൽ അല്ലും പകലും അവിശ്രമം അദ്ധ്വാനിച്ച നിസ്വാർത്ഥനായ ഒരു ദരിദ്രാത്മാവിന്റെ കയ്യൊപ്പുമുണ്ടാകും.

# 12

## ഇടിമുഴക്കം

വാലം എന്ന ഓണം കേറാമൂലയിൽ, ദ്രവിച്ച ഓലക്കുടിലിൽ മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിലിരുന്ന കൊണ്ട് ഒരു റേഡിയോ പോലും കൈവശമില്ലാതെ താൻ ജീവിച്ച കുഗ്രാമത്തിന് പുറത്തുള്ള വിശാലമായ ലോകത്തെക്കുറിച്ച് ലോകമനുഷ്യരാശിയെക്കുറിച്ച് ചിന്തിക്കുകയും അവരുടെ നൊമ്പരങ്ങൾ ഏറ്റുവാങ്ങുകയും ചെയ്യണമെങ്കിൽ പ്രതിഭയുടെ പ്രഭ ആ കൗമാരദശയിലും തിളങ്ങിയിരുന്നു, എന്ന് വ്യക്തമാണ്. ആ കാലമായിരുന്നു വാലത്തിലെ മനുഷ്യനെ പുനർനിർമ്മിച്ചത്.

കവിതാരചനയ്ക്ക് പ്രേരകമോ സഹായകമോ ആയ ഒരു പ്രത്യേക ഭൌതിക സാഹചര്യവും അദ്ദേഹത്തിന്റെ ജീവിതത്തിൽ അന്ന് ഉണ്ടായിരുന്നില്ല, എന്ന തോർക്കുമ്പോൾ അദ്ദേഹം കവിമാർഗ്ഗത്തിൽ പ്രവേശിച്ച എന്നത് തീർത്തും നിയോഗം തന്നെയായിരുന്ന എന്ന് മനസ്സിലാക്കാം.

വായനയിലൂടെയും ചിന്തയിലൂടെയും വളർന്ന വാലത്തിന്റെ കാവ്യജീവിതം പ്രണയകവിതകളിൽ തുടങ്ങി, പട്ടിണിത്തോറ്റങ്ങളിലൂടെ കടന്ന പോയി, സാമ്രാജ്യത്വ വിരുദ്ധതയിൽ ജ്വലിക്കുകയും അവിടുന്ന് വിശ്വമാനവികതയുടെ വിഹായസ്സിലേക്ക് പടർന്ന കയറുകയും ചെയ്തു. ഇടിമുഴക്കവും മിന്നല് വെളിച്ചവും പോലെ ശക്തവും ഉജ്ജ്വലവും അതേസമയം ക്ഷണികവുമായിരുന്നു. ആ കാവ്യ ജീവിതം. 1961-ൽ 43-ആം വയസ്സിൽ കവിതയോട് വിട പറഞ്ഞു.

ഒരുപക്ഷെ, അതിന ശേഷമാണ്, വാലത്തിന്റെ വ്യക്തിത്വം പൂർണ പ്രഭാവത്തിൽ എത്തിയത്. ദാരിദ്ര്യമാണ് വാലത്തിന്റെ കണ്ണ തുറപ്പിച്ചത്. അതാണ് കാവ്യ

കേൾപ്പിച്ചത്. അപ്പോൾ അദേഹം തന്റെ സഹജീവികളെ കണ്ടു. പാവങ്ങളും അടിമകളുമായ കോടിക്കണക്കിനു മനുഷ്യർ. അവർ, കേരളീയരോ, ഇന്ത്യാക്കാരോ മാത്രമായിരുന്നില്ല. അവർ ലോകത്താകമാനം വിശന്നവരായി കാണപ്പെട്ടു. അങ്ങനെ, അദ്ദേഹം ലോകമനുഷ്യനെ വായിക്കാൻ തുടങ്ങി. വാലത്തിന്റെ ആദ്യകാല കവിതകൾ ദാരിദ്ര്യത്തെ തൊട്ടറിഞ്ഞവയാണ്. അക്കൂട്ടത്തിൽ ഒരു കവിത ഇവിടെ ചേർക്കുന്നു.

"ഇങ്ങനെ തീകാഞ്ഞു കൊണ്ടിരുന്നാൽ
മതിയെന്നോ,
എങ്ങനെ കഴിയും നാം?" തമ്പി ഭേദിച്ചൂ മൗനം.
കത്തിയ നെരിപ്പോടിൽക്കൈത
പൂക്കവേ, മന്ദം
ചിത്തവല്ലഭനോടു തുടർന്നാൾ സഗൽഗദം.
"ഒട്ടുമില്ലരിയരി കാച്ചുവാൻ മാർഗം,വൃഥാ
കോട്ടുവായിടുകയാണടുപ്പും കലങ്ങളും!"
തീയിനെയാശീർവ്വദിച്ചിരിക്കും ഭർത്താവോതീ:
"തീരെ നീയറിയാതെ ചൊല്ലുകയാണോ കാന്തേ,
മടിയില്ലയിത്തോളിൽത്തൂമ്പയും വഹിച്ചിപ്പേ-
മഴയത്തുമേ കൂസലെന്യേ പോകാൻ; പക്ഷേ,
ഒരുവേലയുമില്ല; കഷ്ടമായ്, തുരുമ്പിന-
ങ്ങിരയാകട്ടേ തൂമ്പ; നമ്മളീവിശപ്പിനും!
ഇരുണ്ടു നിൽപൂ പേർത്തും മാരിയാൽ ഭൂവും ദ്യോവു-
മിരമ്പിപ്പായുന്നല്ലോ, ക്രൂരമായ് കൊടുങ്കാറ്റും!
എന്തിതിന്നവസാന, മെവിടെപ്പോകാൻ നമ്മൾ?
ഹന്ത പൊന്തിടും നാളെ നിശ്ചയം മലവെള്ളം."
"സാരമില്ലുണ്ടില്ലെങ്കിൽ" പ്രേയസി ചൊന്നാളിപ്പുൽ-
ക്കുരയിൽ കുനിക്കൂടിക്കിടക്കാം മരിപ്പോളം.
കഠിനം,"വെള്ളമെങ്ങാൻ പൊങ്ങിയാൽ!"കദനത്തിൻ
കനലിൽ ദഹിച്ചുപോയ് തമ്പിതൻ ശബ്ദം പിന്നെ!

(വെള്ളപ്പൊക്കം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1940 ആഗസ്റ്റ് 4)

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ആദ്യകാല കവിതകളിൽ ഇന്നു ലഭ്യമായവ പരിശോധിക്കുമ്പോൾ വൈകാരിക മനസ്സിന്റെ ഒരു തരം വ്യസനിപ്പിക്കുന്ന തുടർച്ചാക്രമം കാണുന്നുണ്ട്. ആദ്യം അനുഭവപ്പെടുന്നത് അണപൊട്ടി പ്രവഹിക്കുന്ന ആഹ്ലാദമാണ്. രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞു. ദുരന്തമാരികൾ തോർന്നു മാനം തെളിഞ്ഞു. ഇനി നന്മയുടെ പൂക്കാലമാണ്. സമാധാനത്തിന്റെ ലോക സംവിധാനമാണ്. ആരൊക്കെയായിരിക്കും ലോക നേതാക്കൾ? ആരോ ആകട്ടെ, ഞങ്ങൾ ലോക ജനത ഇതാ റെഡി. നമുക്ക് ഒരുമിച്ച് ഒരു നവ്യ ലോകം സൃഷ്ടിക്കാം, എന്ന തരത്തിൽ ഉല്പതിഷ്ണുത്വത്തിൽ നിന്നു ഉറവെടുത്ത ആത്മവിശ്വാസത്തിന്റെയും ശുഭാപ്തി വിശ്വാസത്തിന്റെയും നാളുകൾ.

1947 ഫെബ്രുവരിയിൽ വാലത്തിന്റെ ആദ്യകവിതാസൃഷ്ടി 'ഇടിമുഴക്കം' പ്രസിദ്ധീകരിച്ചു.

ദാരിദ്ര്യത്തിൽ ജനിച്ച്,
ദാരിദ്ര്യത്തിൽ ജീവിച്ച്
ദാരിദ്ര്യത്തിൽ വെച്ച്,
ഒരുദിവസം കാണാതെ പോയ
എന്റെ അച്ഛന്റെ ഓർമ്മയ്ക്ക്.

എന്നായിരുന്നു ഈ കൃതിയുടെ സമർപ്പണം. താൻകടന്നുപോന്ന ദിനങ്ങളിലെ പട്ടിണിയുടെ ഓർമ്മകൾ എളുപ്പത്തിലൊന്നും വാലത്തിനെ വിട്ടകന്നിരുന്നില്ല.

"ഒരു കയ്യിൽ
അന്നവും,
ഒരു കയ്യിൽ സ്വാതന്ത്ര്യവുമായി
വരാത്തഈശ്വരൻ
ഇന്ത്യയ്ക്ക് വേണ്ടാ!"

എന്ന് 'ഇടിമുഴക്കം' എന്ന കവിതയിൽ വാലത്ത് പ്രഖ്യാപിച്ചു. സർവ്വ ലോകത്തുമുള്ള സാധാരണ മനുഷ്യന്റെ അടിമത്തത്തിനെതിരെ, രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ജന്മം കൊണ്ട പുത്തൻ സാമ്രാജ്യത്വത്തിനെതിരെ നിർദ്ധനനായി നിന്ന് കൊണ്ട് തന്നെ വാലത്ത് കവിതകളിലൂടെ ഇടിമുഴക്കവും മിന്നൽ വെളിച്ചവുമായി ചക്രവാളത്തിനപ്പുറത്തെയ്ക്ക് ശരമ്പുകളെയ്തു.

വി. വി. കെ. വാലത്ത് എന്ന വ്യക്തിത്വം കളമൊഴിഞ്ഞത് സ്ഥലനാമ ഗവേഷ

കനായിട്ടാണെങ്കിലും അദ്ദേഹം അതിനു മുമ്പ് നിരവധി സാഹിത്യ മേഖലകളിൽ ശ്രദ്ധേയമായ രചനകൾ നിർവഹിച്ചിരുന്നു. തുടക്കം കവിയായിട്ടായിരുന്നല്ലോ.

പട്ടിണി ഒരു സാധാരണ സംഭവമായിരുന്ന കാലഘട്ടത്തിൽ ജനിക്കാൻ ഭാഗ്യമുണ്ടായി, എന്ന് വാലത്ത് എവിടെയോ രേഖപ്പെടുത്തിയത് ഓർമ്മിക്കുന്നു. ലോകത്തെമ്പാടുമുള്ള മനുഷ്യന്റെ യഥാർത്ഥപ്രശ്നം വിശപ്പു തന്നെ എന്ന തിരിച്ചറിവിലൂടെയാണ് വാലത്ത് വളർന്നത്. അദ്ദേഹം 40-കളുടെ ആരംഭത്തിൽ മാതൃഭൂമി,നവജീവൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ എഴുതിയ കവിതകൾ ഉള്ളടക്ക വൈവിദ്ധ്യം കൊണ്ട് മൂന്നു ഘട്ടങ്ങളിലൂടെ കടന്നുപോയതായി മനസ്സിലാക്കാം.

പട്ടിണിത്തോറ്റങ്ങളുടേതായിരുന്നു, ആദ്യ ഘട്ടം. പിന്നീട് സാമ്രാജ്യത്വ വിരുദ്ധ കവിതകളിലേയ്ക്ക് തിരിഞ്ഞു. ഒടുവിൽ വിശ്വ മാനവിക കവിതകൾ എന്ന ഘട്ടത്തിൽ എത്തി നിൽക്കുകയും ചെയ്തു. സൌന്ദര്യ ദേവത. (1938 ജൂലൈ 25), നൂല്പ്പുകാരി (1942 ഡിസ. 27), പടയിലെ പ്രണയം, തുടങ്ങിയ കവിതകൾ അദ്ദേഹത്തിന് ചങ്ങമ്പുഴയുമായുണ്ടായിരുന്ന സൌഹൃദത്തിന്റെ സാമ്പിളായി കാണാമെന്നല്ലാതെ യഥാർത്ഥ വാലത്തുകവിതയുടെ മുഖം വ്യക്തമാക്കുന്നില്ല.

"ഹുങ്ക് കൂടുന്ന കൂട്ടമാണോർക്കിൽ
പെങ്കിടാങ്ങൾ സമസ്തവും,
തണ്ടുകൂടുമവർക്ക് മാറിടം
ചെണ്ടണിഞ്ഞു തുടങ്ങിയാൽ."

എന്നെഴുതിയ വാലത്ത്, പെട്ടെന്ന് തന്നെ കവിതയെ ഗൌരവമായ സാമൂഹിക നിരീക്ഷണത്തിന് ഉപാധിയായി സ്വീകരിച്ചു. അതിനു ഏറ്റവും വലിയ തെളിവാണ് (1938 ) സെപ്റ്റ. 11-നു മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച രക്ഷാസ്ഥാനം എന്ന കവിത.

കണ്മുന്നിൽ കണ്ട ദാരിദ്ര്യം, പാവപ്പെട്ടവന്റെ കൂടപ്പിറപ്പും സന്തത സഹചാരിയും അവകാശവും അലങ്കാരവുമായ ദാരിദ്ര്യം. ആ പട്ടിണിപ്പാവങ്ങൾക്ക് വേണ്ടി വാലത്ത് കുറെയേറെ തോറ്റങ്ങൾ രചിച്ചു.

. . . . . . പാഴ്ക്കിനാവുകൾകണ്ടു മയങ്ങിക്കിടക്കുമ-
പ്പാടത്തിൻ നടുക്കതാ,
കെട്ടിഞാന്നൊരു ശവം നിൽക്കുന്നു,പ്രഭുത്വത്തിൻ
ദുഷ്ടമാം കാവ്യത്തിന്റെയാശ്ചര്യചിഹ്നം പോലെ!

വഞ്ചനയുടെ നീണ്ട ചൂണ്ടലിൽക്കുടുങ്ങിപ്പോയ്,
നെഞ്ചിടി നിന്നു, ചത്തു ളുങ്ങിയ മത്സ്യം പോലെ!

പട്ടിണി താങ്ങാൻ കഴിയാതെ ജീവനൊടുക്കിയ ആയിരമായിരം നിസ്സാരജന്മങ്ങളുടെ സ്മരണയ്ക്ക് ഈ പട്ടിണിത്തോറ്റങ്ങൾ സമർപ്പിക്കട്ടെ.

* * *

## പട്ടിണിത്തോറ്റങ്ങൾ

അദ്ദേഹത്തിന്റെ ആദ്യകാല കവിതകളിൽ ഒരു വലിയ വിഭാഗം,സാധാരണക്കാരന്റെ ദാരിദ്ര്യ ക്ലേശത്തെ പുറം ലോകത്ത് എത്തിച്ച പട്ടിണിത്തോറ്റങ്ങളായിരുന്നു, എന്ന് പറഞ്ഞുവല്ലോ.

'ഒരുവേലയുമില്ല; കഷ്ടമായ്, തുരുമ്പിന-
ങ്ങിരയാകട്ടേ ളുമ്പ; നമ്മളീവിശപ്പിനും!' (വെള്ളപ്പൊക്കം)
'ചുട്ടുപഴുത്തമരുവെക്കാൾചൂടല്ലൊ
പട്ടിണിതന്റെ മണൽപ്പരപ്പിൽ.' (എങ്ങനെ?)
'ഒട്ടുമേ പണക്കാർക്കു ചൊല്ലിയാലറിയാത്ത
പട്ടിണിസ്സമുദ്രത്തിൽ നിലയില്ലാതായല്ലോ. . . ' (രക്ഷാസ്ഥാനം)
"ഒട്ടുമില്ലരിയരി കാച്ചുവാൻ മാർഗം,വൃഥാ
കോട്ടുവായിടുകയാണടുപ്പുംകലങ്ങളും!" (വെള്ളപ്പൊക്കം)

മേൽ കാണിച്ച ഈരടികളെല്ലാം ഒരു കാലത്ത് കേരളം അമർന്നു പോയിരുന്ന ദാരിദ്ര്യത്തെ ഓർമ്മിപ്പിക്കുന്നു, എന്നതിനേക്കാൾ, മനോഹരമായ കാവ്യഭംഗി വെളിവാക്കുകയും ചെയ്യുന്നു. അക്കാലത്ത് അമേരിക്കയിൽ നിന്ന് മൈദയും പാൽപ്പൊടിയും ദുരിതാശ്വാസത്തിന് കേരളത്തിൽ എത്തിയിരുന്നു. വാലത്തിന്റെ സഹപാഠിയായിരുന്ന തെക്കൻ ചിറ്റൂർ കോളരിക്കൽ ജോസഫ് എന്നയാൾ വർഷങ്ങൾക്കു മുമ്പ് ഈ ലേഖകനോട് പറഞ്ഞ ഒരു വാക്യം ഈ സന്ദർഭത്തിൽ ഓർമ്മ വരികയാണ്.

" . . . . . . . . . മകനെ, ഞാനും വാലത്തും സ്കൂളിൽ പഠിക്കുമ്പോൾ ഉച്ചയ്ക്ക് കപ്പലണ്ടിപ്പിണ്ണാക്ക് തിന്നു പച്ചവെള്ളം കുടിച്ചു വിശപ്പടക്കിയിട്ടുണ്ട്."

അതൊരു മോശപ്പെട്ട കാര്യമാണെങ്കിലും അന്നത്തെ കപ്പലണ്ടിപ്പിണ്ണാക്ക് എന്ന സാധനം മായം കലരാത്തതും സ്വാദിഷ്ഠവുമായിരുന്നു എന്ന് പ്രത്യേകം പറയണം.

സന്നദ്ധസംഘടനകൾ കഞ്ഞിവീഴ്ത്ത് നടത്തിയിരുന്ന കാലം. കഞ്ഞിവീഴ്ത്ത് എന്നുകേട്ടാൽ പഴയ തലമുറയിലുള്ളവർക്കേ മനസ്സിലാകൂ. അന്നത്തെ ആളുകൾ എവിടെയെങ്കിലും കഞ്ഞിവീഴ്ത്ത് ഉണ്ടെന്നു കേട്ടാൽ പാത്രവും എടുത്തു ഓടും. കഞ്ഞി വീഴ്ത്ത് കേന്ദ്രത്തിൽ എത്തിയാൽ വരിയായി നിൽക്കണം. സമ്പന്നന്മാർ കനിഞ്ഞു വലിയ ചരുവങ്ങളിൽ കഞ്ഞിവയ്ക്കും. എന്തെങ്കിലും പുഴുക്കും ഉണ്ടാകും. ഓരോരു ത്തർക്കായി ചിരട്ടക്കയിലിൽ കഞ്ഞി ഒഴിച്ചുകൊടുക്കും. അതാണ് കഞ്ഞിവീഴ്ത്ത്.

അരിയ്ക്ക് ക്ഷാമം. കിലോയ്ക്ക് ഒരു രൂപ നിരക്കിൽ ആവശ്യം പോലെ അരി വിതരണം നടക്കുന്ന ഇക്കാലത്ത് ആരും ഇത് വിശ്വസിച്ചേക്കില്ല . സംഗതി സത്യമാണ്. അരിമണി കണികാണാനില്ല. ആരെങ്കിലും വഴിയിലൂടെ സഞ്ചിയിൽ അരിയുമായി പോയാൽ അവന്റെ പണി തീർന്നതു തന്നെ! സകലരും ചേർന്നു തട്ടി പ്പറിക്കും. വീടുകളിൽ അരിവെപ്പു പതിവില്ല. സാധാരണ ഉണക്കക്കപ്പ വെള്ളത്തി ലിട്ടു കുതിർത്തി വേവിച്ചു തിന്നും. ഇടിച്ചു പുട്ട് പുഴുങ്ങും. ചേമ്പിൻ താൾ, ചേമ്പില, ചൊറിഞ്ഞണത്തിന്റെ ഇല, മുരിങ്ങയില, എന്നിവ പാവപ്പെട്ടവന്റെ ഫാസ്റ്റ് ഫുഡ് വിഭവങ്ങളായിരുന്നു. അങ്ങനെ ദാരിദ്ര്യ മേഖലയായി പ്രഖ്യാപിക്കപ്പെട്ടതിനാൽ ഇക്കാലത്ത് സോമാലിയയിലേക്കെന്ന പോലെ കേരളത്തിലേക്ക് വിദേശരാജ്യ ങ്ങൾ പാൽപ്പൊടിയും അമേരിക്കാപ്പൊടിയുമായെത്തിയിരുന്നു. ഈ ലേഖകൻ കുട്ടിക്കാലത്ത് പാൽപ്പൊടിക്കും അമേരിക്കാപ്പൊടിക്കും വേണ്ടി പാത്രങ്ങളുമായ് വരി നിന്നിട്ടുണ്ട്.

റെയിൽപ്പാളത്തിലൂടെ എന്നും സഞ്ചരിച്ചിരുന്ന കാലത്ത്, ഒരിക്കൽ, ഇടപ്പള്ളി യ്ക്കടുത്തു വെച്ച് തീവണ്ടി കയറി മരിച്ച ഒരു അജ്ഞാതന്റെ ജഡം പ്ലാറ്റ്ഫോമിൽ ഓലക്കീറു കൊണ്ട് മൂടിയിട്ടിരുന്ന ദൃശ്യം അദ്ദേഹത്തെ വല്ലാതെ ദു:ഖിപ്പിച്ചു. സാധാ രണക്കാരുടെ മരണങ്ങൾ ലോകം അറിയുകപോലും ഇല്ല. പരേതന്റെ ബന്ധുക്കളെ അറിയിക്കാൻ മാർഗ്ഗമൊന്നുമില്ല. അപകടം നടന്നപ്പോൾ തീവണ്ടി അൽപനേരം നിർത്തിയിട്ടു. അത്ര തന്നെ! വണ്ടി നിൽക്കാൻ എന്താണ് കാരണം എന്ന് യാത്ര ക്കാർ പരസ്പരം അന്വേഷിച്ചു. എങ്കിലും ആർക്കും ഒന്നും മനസ്സിലായില്ല. അല്പം കഴിഞ്ഞു വണ്ടി മുന്നോട്ടു നീങ്ങി. യാത്രക്കാർക്ക് സമാധാനമായി. അത്രയേയുള്ളൂ. പത്തുകാശിനു വിലയില്ലാത്ത ഒരുവനുവേണ്ടി തീവണ്ടി അൽപനേരമെങ്കിലും നിർ

ത്തിയിട്ടത് തന്നെ വലിയ കാര്യം. ദരിദ്രന്റെ ജീവിതത്തെക്കുറിച്ച് ആർക്കറിയണം എന്ന് കവി ചോദിക്കുന്നു (ആർക്കറിയണം? മാതൃഭൂമി, 1941 ഒക്ടോബർ 5).

## ആർക്കറിയണം?

വണ്ടി പെട്ടെന്നു നിന്നു, പരിഭ്രമോൽ-
ക്കണ്ഠയോടോടിക്കൂടിനാരാളുകൾ! . . .
ഹന്ത, വണ്ടിയിൽ മേവുവോരിൽച്ചിലർ-
ക്കെന്തുകൊണ്ടോ കരുത്തോലയായ് മുഖം.
നിർവ്വികാരതപോലെയുദ്വേഗപൂർവ്വം
നിശ്ചലം നിന്നു കാറ്റും നിമേഷവും.
പിന്നിലിക്കഥ വിസ്മരിച്ചു,വീണ്ടും
മുന്നേപ്പോൽ വണ്ടിയോടി, യതിജവം.
ദൂരെയുള്ളേതോ ദാരിദ്ര്യമഗ്നമാം
കൂരതന്നിലൊരമ്മ സഗൽഗതം,
അച്ഛനിപ്പോളരിയുമായെത്തുമെ-
ന്നാശ്വസിപ്പിപ്പതുണ്ടാം, കിടാങ്ങളെ!
  ആർക്കിവയറിഞ്ഞിട്ടു?—'മെയിൽവണ്ടി'
  യോർക്കിലിത്തിരി നിന്നതാണത്ഭുതം!

അമ്മയ്ക്ക് വലിയ പ്രതീക്ഷയുണ്ട്. കുട്ടികളുടെ അച്ഛൻ അരിയുമായി വന്നു കൊണ്ടിരിക്കുന്നു, ഇപ്പോൾ തന്നെ എത്തും എന്ന പ്രതീക്ഷ. എന്നാൽ ആ അച്ഛൻ അകലെയൊരിടത്ത് ആരോരുമറിയാതെ ഒരു ഓലക്കീറിനടിയിൽ ചേതനയറ്റ് ചതഞ്ഞരഞ്ഞു കിടക്കുന്ന സത്യം എന്നാണ് അവരറിയുക? എങ്ങനെ ആ ദുർവി ധിയെ അവർ ഏറ്റെടുക്കും? ആവോ. ആർക്കറിയാം? ആർക്കുമറിയില്ല. ആർക്കും അറിയേണ്ട കാര്യവുമില്ല. അതാണ് ജീവിതം. ഇതെഴുതുമ്പോൾ ഞാൻ അറി യാതെ നന്തനാരെ സ്മരിച്ചുപോയി. നന്തനാരെ കടപ്പെട്ടുകൊണ്ട് പറയാം. നാം അറിയപ്പെടാത്ത മനുഷ്യ ജീവികൾ. 'തലസ്ഥാന നഗരിയിൽ' എന്ന കവിതയിൽ വരഞ്ഞ ജീവിതചിത്രം ഇന്നും അതേപടി തന്നെ കാണാം.

## തലസ്ഥാന നഗരിയിൽ

വഴിവക്കിലും കാനയിലും
പീടികത്തിണ്ണയിലും ഇടനാഴിയിലും
അവിടവിടെയായി ചത്തുകിടക്കുന്ന
മനുഷ്യരെ കാണുക.
ഇതാ—ഒന്ന് ഏതാണ്ട്
കാണയുടെ ആഴത്തിൽ
തലകുത്തിക്കിടക്കുന്നു.
മറ്റൊന്നു പീടികത്തട്ടിൽ.
പാതിരാത്രിക്കുശേഷം വരൂ . . .
ഇരുവശത്തും ഒന്നിനുമേൽ ഒന്നായി ചായ്ച്ച
അസംഖ്യം ശരീരങ്ങൾ കാണാം.
അവരെല്ലാം ഉറങ്ങുകയാണ്.
അവരിൽ കുട്ടികളുണ്ട്.
സ്ത്രീകളുണ്ട്—പുരുഷന്മാരുണ്ട്
മുരൾച്ചകൾ,പിറുപിറുക്കലുകൾ ഞരക്കങ്ങൾ
തേങ്ങലുകൾ—അവിടെനിന്നു കേൾക്കാം.
വെളുക്കുമ്പോൾ ഇവ
വലിഞ്ഞിഴഞ്ഞു മറയുന്നു.
അവയിൽ ചിലത് അവിടെത്തന്നെ
അടിഞ്ഞുകൂടുന്നു.
അങ്ങനെ സമുദായത്തിലെ ചില വ്രണങ്ങൾ
അവിടെവെച്ചു കാണാതാവുന്നു.
മുനിസിപ്പാലിറ്റി വണ്ടികൾ നോക്കുക
അവയിൽ കുന്നുകൂടിക്കിടക്കുന്ന
വളങ്ങൾ, കന്നുകാലികളുടെ മലമൂത്രങ്ങൾ
ചീഞ്ഞളിഞ്ഞ വസ്തുക്കൾ
ചത്ത തവളകൾ, പെരുച്ചാഴികൾ
. . . ഒന്നുരണ്ടു മനുഷ്യ ശരീരങ്ങളും കാണാം.
സാധാരണ സംഭവം.

കഷ്ടം . . . ഈ മൃതദേഹങ്ങൾ നോക്കിനിൽക്കുന്നഞാൻആരാണ്?
ദരിദ്രൻ. മരിച്ചുകഴിഞ്ഞവൻ
ദരിദ്രൻ ദരിദ്രന്റെ മുന്നിൽ
ചിരട്ട നീട്ടുന്നു.
മുങ്ങിച്ചാവുന്നവൻ മുങ്ങിച്ചാവുന്നവനുമായി
കെട്ടിപ്പിണയുന്നു.
വീണ്ടും വീണ്ടും പിടിക്കപ്പെടുന്ന
ഒരു കുറ്റക്കാരനാണ് മനുഷ്യൻ.
ഭൂമി അവന് ഒരു കാരാഗൃഹമാണ്.
എവിടെയായാലും അവൻ ശിക്ഷിക്കപ്പെടും
എന്നു തോന്നും വിധമാണ് അതുണ്ടാക്കിയിട്ടുള്ളത്.
അങ്ങനെ രണ്ടു മൃതദേഹങ്ങളുടെ മുന്നിൽ നിന്ന്
അസംഗതമായി, ഞാനെന്തൊക്കെയോ
ചിന്തിച്ചുപോയി.
മാപ്പാക്കുക. (1947)

1947-ൽ രചിച്ച 'തലസ്ഥാന നഗരിയിൽ' എന്ന കവിത അവസാനിപ്പിക്കുന്നത് കവിതയിലെ നൂതന പ്രവണതയെ അവതരിപ്പിച്ചുകൊണ്ടാണ്. കവിതയെന്നത് ഈരടികളിലും ശ്ലോകങ്ങളിലും കാണുന്ന ഗാനാത്മകതയല്ലെന്നും, അത് ചിത്രത്തിലും ശില്പത്തിലും പ്രസംഗത്തിലും എന്നല്ല, എന്തിലും, ഉല്കൃഷ്ടമായി ചെയ്യപ്പെട്ട എന്തിലും നിന്ന് സഹൃദയനിലേക്ക് വഴിഞ്ഞൊഴുകുന്ന ആനന്ദമാണ്, എന്നുമുള്ള തിരിച്ചറിവ് വാലത്തിന്റെ കവിതകളെ നൂതനമാക്കി. 'ഞാനെന്തൊക്കെയോ ചിന്തിച്ചുപോയി, മാപ്പാക്കുക',എന്ന ആക്ഷേപഹാസ്യം നിറഞ്ഞ വരികൾ 1947-ലെ പദ്യഭാഷയെ ഞെട്ടിച്ചിരിക്കാം. അന്നത്തെ മലയാള പദ്യങ്ങളിൽ നിന്ന് വ്യത്യസ്തമായ പുരുഷശബ്ദമായിരുന്നു വാലത്തിന്റെ കവിത. അതിനെ ഗദ്യകവിത യെന്നു വിളിച്ചു ഇകഴ്ത്തിയാലും.

## ഉള്ളിലെ ഒച്ചകൾ

തെരുവിൽക്കിടന്നു ഈച്ചയും പുഴുവും ആർക്കുന്ന
പഴുത്തുപൊട്ടിയ വെള്ളരിക്ക പോലത്തെ
പുണ്ണു തുറന്നു കാട്ടി

ഒരു കാശിനു നിലവിളിക്കുന്ന
ദൈവശിക്ഷയുടെ വകയായ
എന്റെ പെണ്ണുങ്ങളേയും
ദൈവകാരുണ്യത്തേയും തിരിച്ചറിയാൻ
ഞാനെന്റെ മടയിലേയ്ക്കു
രാത്രി കയറിച്ചെന്നു.
എന്റെ തലച്ചോറിൽ മുഴുവൻ
പനിനീർപ്പൂവായിരുന്നു.
ഞാൻ തന്തയെന്നു വിളിക്കുന്ന വയസ്സൻ
പഴുത്തൊലിക്കുന്ന വ്രണത്തിൽ മാന്തി
ചോരയൊലിപ്പിച്ചിട്ട്
എന്നെ പല്ലിളിച്ചുകാട്ടി.
അതിസാരം പിടിച്ച് അവസാനിക്കാറായ കുട്ടി
നിലത്തു കിടന്നുരുളുന്നു.
ഞാൻ തള്ളയെന്നു വിളിക്കുന്ന ഒരുവൾ
ഒരു മൂക്കിൽ ഇരുന്നു കണ്ണീർവാർക്കുന്നു.
അവളുടെ അരയിൽ
ഒരു പഴന്തുണിക്കഷണം തൂങ്ങുന്നു
അതു പഴച്ചാറു വീണതുപോലെ പശപിടിച്ചിരിക്കുന്നു.
എന്റെ ഉള്ളിൽ കാറ്റുവീശുന്നു.
ഞാൻ എന്നെ സൂക്ഷിച്ചു നോക്കി;
എന്റെ ദേഹം അഴുക്കാണ്.
വിരൂപമാണ്.
അതിനു നാറ്റമുണ്ട്.
എന്റെ മടയും ഞാൻ വെറുത്തു.
ഞാൻ നാലുപാടും ആദ്യമായി കണ്ണോടിച്ചു.
ഈ ലോകംഎത്ര സുന്ദരമായിരിക്കുന്നു.
ചെറുകാറ്റിൽ തത്തിയുലയുന്ന ചെടികൾ
ഈശ്വരന്റെ മന്ദഹാസങ്ങൾ
മുകളിൽ, മുകളിൽ പറന്നു പോകുന്ന

മേഘശകലങ്ങൾ.
മഴവില്ലുകൾ, പനിനീർപൂക്കൾ,കവിതകൾ
എനിക്കു ഹൃദയം വീണിരിക്കുന്നു.
എന്റെ പുഴു തത്തുന്ന ജഡം
എനിക്കു കുറച്ചിലായിത്തോന്നി.
ഒരു ക്ഷയരോഗിയുടെ ചുണ്ടിൽ തൂങ്ങുന്ന
കഫക്കട്ടയെപ്പോലെ
ഞാനതിനേയും വലിച്ചുകൊണ്ടു നടന്നു.
അരയിൽ തൂങ്ങുന്ന കീറപ്പഴന്തുണി
എന്റെ നഗ്നതയോട്
വഴക്കടിച്ചുകൊണ്ടിരുന്നു.
സൗന്ദര്യത്തെ ആരാധിച്ചും
ദൈവമഹിമയെ വാഴ്ത്തിയും
ഹൃദയം നിറയെ ഭാവനയും വയറു നിറയെ വിശപ്പുമായി
ഞാനലഞ്ഞു
ആമ
ഓട്ടിനുള്ളിലേയ്ക്കു തലവലിക്കുന്നതുപോലെ
ഞാൻ
എന്നിലേയ്ക്കുതന്നെ മടങ്ങിപ്പോന്നപ്പോൾ
വീണ്ടും ഞാനൊരു കുപ്പയായി, എച്ചിലായി.
ക്രമേണ
ഘനം കുറഞ്ഞ ഒരു വസ്തുവായിത്തീർന്നു.
വൃത്തികെട്ട, ഭാരമേറിയ ജഡത്തിൽ നിന്ന്
ഒരു ദിവസം
മുട്ടയിൽ നിന്നു പക്ഷിക്കുഞ്ഞെന്നപോലെ
ഞാൻ പുറത്തേയ്ക്കു പറന്നുപോയി. (1946)

1946-ൽ രചിച്ച ഈ കവിതയിലെ 'ദൈവ കാരുണ്യവും ദൈവ ശിക്ഷയും തമ്മിലുള്ള തിരിച്ചറിവിനുള്ള യാത്രകൾ' ഇന്നും തുടരുന്നു. ദാരിദ്ര്യവും അപകർഷതാബോധവും തളർത്തിയ മനുഷ്യൻ സമൂഹത്തിൽ നിന്ന് പുറന്തള്ളപ്പെടുന്ന

ചിത്രം ലോക മനസ്സാക്ഷിയുടെ മുമ്പിൽ വരഞ്ഞിടുന്ന ഈ കവിത ഏറെ ആത്മാനുഭവങ്ങൾ ഉൾക്കൊള്ളുന്നു.

പ്രാഥമിക വിദ്യാഭ്യാസകാലം കഴിഞ്ഞു. ഉയർന്ന പഠനരംഗത്ത് കാൽ വെയ്ക്കാൻ പിൻബലമില്ല. കൈപിടിച്ച് വഴിതെളിക്കാൻ മുൻഗാമികളില്ല. ജീവിതത്തിന്റെ അരക്ഷിതത്വം തിരിച്ചറിഞ്ഞു. തനിക്കു താൻ മാത്രം എന്ന കണ്ടെത്തലിൽ നിന്നുകൊണ്ട് അദ്ദേഹം തന്നെത്തന്നെയുംചുറ്റുപാടിനെയും ആദ്യമായി കാണുമ്പോലെ നോക്കുന്ന അനുഭവമാണ്, ഉള്ളിലെ ഒച്ചകൾ എന്ന കവിത. മലയാള കവിതയിലെ പദ്യവഴക്കം വിട്ടു ഭാഷ എങ്ങനെ ജീവിതാവവസ്ഥകളുമായി പോരടിക്കുന്നുവെന്നതിന് ദൃഷ്ടാന്തം തന്നെ ഈ രചന.

## എങ്ങനെ? (1938 ഡിസംബർ 4)

കാലുചാൺ മാത്രമാമീവയറിന്നൊരു
നാലുവറ്റിന്നായിരന്നു പോയാൽ
പാരതന്ത്ര്യത്തിനാൽദ്ദാഹിച്ചൊരുതുള്ളി
സ്വാതന്ത്ര്യവെള്ളമിരന്നുപോയാൽ
ഭീമശ്മശാനസ്ഥലിയിലൊരാറടി
ഭൂമിയളക്കുവാൻ കൽപനയ്ക്കായ്.
അല്ലെങ്കിൽ ഘോരക്കരിങ്കൽത്തുറുങ്കിന്റെ
വാതിൽ തുറക്കുവാൻ കൽപ്പനയ്ക്കായ്.

നാലു വറ്റും സ്വാതന്ത്ര്യ വെള്ളവും യാചിച്ചുപോയാൽ ക്രൂര ശിക്ഷയാണ് ഒരാളെ കാത്തിരിക്കുന്നത്. ഇത് ഇന്ത്യയിലെ മാത്രമല്ല, ലോകത്ത് എവിടെയും നടമാടുന്ന കാട്ടുനീതിയാണ്. എങ്ങനെയാണ് ഈ ലോകത്ത് സമാധാനത്തോടെ ജീവിക്കാൻ കഴിയുന്നത് എന്ന് കവി ചോദിക്കുന്നു.

## രക്ഷാസ്ഥാനം (1938 സെപ്തംബർ 11)

"പാഴ്ക്കിനാവുകൾകണ്ടു മയങ്ങിക്കിടക്കുമ-
പ്പാടത്തിൻനടുക്കേതോ മരക്കൊമ്പിൽ
കെട്ടിഞാന്നൊരു ശവം നിൽക്കുന്നു,പ്രഭുത്വത്തിൻ
ദുഷ്ടമാം കാവ്യത്തിന്റെയാശ്ചര്യചിഹ്നം പോലെ!"

പ്രഭുത്വത്തിന്റെ ദുഷ്ടമാം കാവ്യത്തിന്റെ അന്ത്യഭാഗത്തുള്ള കേവലം ഒരു ആശ്ച ര്യചിഹ്നം പോലെ, പാടത്തിന്റെ നടുക്ക് മരക്കൊമ്പിൽ തൂങ്ങി നിൽക്കുന്ന ഒരു ദരി ദ്രന്റെ ശവം. എങ്ങനെയുള്ള പാടം? അത് പാഴ്ക്കിനാവുകൾ കണ്ടു മയങ്ങിക്കിട ക്കുകയാണ്. തീർന്നില്ല. ആ കാഴ്ച വാലത്തിലുണ്ടാക്കിയ അവസ്ഥ എത്ര ദാരുണ മാണെന്നു നോക്കൂ.

“വഞ്ചനയുടെ നീണ്ട ചൂണ്ടലിൽക്കുടുങ്ങിപ്പോയ്,
നെഞ്ചിടി നിന്നു, ചത്തു തൂങ്ങിയ മത്സ്യം പോലെ!”

കവിതയുടെ അവസാന വരികളിൽ കവി സാധാരണക്കാരന്റെ നിസ്സഹായാവസ്ഥ വിവരിക്കുന്നു.

“ഒട്ടുമേ പണക്കാർക്കു ചൊല്ലിയാലറിയാത്ത
പട്ടിണിസ്സമുദ്രത്തിൽ നിലയില്ലാതായല്ലോ . . . ”

പട്ടിണിത്തോറ്റങ്ങളിലെ കവിതകൾ അതാത് അവസ്ഥകളിൽ അവസാനിക്കു ന്നില്ല. ആത്യന്തികമായി അവ സാമ്രാജ്യത്വ ഭീകരതയ്ക്ക് നേരെ വിരൽ ചൂണ്ടുന്നവ യാണ്. ലോക മനുഷ്യന്റെ ദാരിദ്ര്യത്തിനും കഷ്ടപ്പാടിനും കാരണമായി വാലത്ത് കുറ്റപ്പെടുത്തുന്നത് രണ്ടാം ലോകം മഹായുദ്ധത്തിനു ശേഷം ഉരുത്തിരിഞ്ഞ ലോക സാമ്രാജ്യത്വത്തെയാണ്.

## യുദ്ധവിരുദ്ധകവിതകൾ

വംശീയ ഹത്യകളും രാഷ്ട്രീയ കൊലപാതകങ്ങളും ലോകം ഉണ്ടായകാലം മുതൽ ഇന്നോളം തുടരുകയാണ്. ഇനിയും തുടരും. രണ്ടാം ലോക മഹായുദ്ധം നടക്കുന്ന കാലയളവിൽ എഴുതിയ വിമാനാക്രമണം എന്ന കവിത രാജ്യങ്ങൾ തമ്മിൽ യുദ്ധം നടക്കുന്നിടത്തോളം കാലം പ്രസക്തമാണ്.

### വിമാനാക്രമണം (1942 മാർച്ച് 15)

ഊക്കോടു പൊന്തീ കുഴൽവിളി, വൻവിമാ-
നാക്രമണത്തിന്റെ വിളംബരം പോൽ.
തേടിയഭയം തിരക്കിട്ടു തീവ്രമാം
പേടികൊണ്ടന്ധരായ്, സംഭ്രാന്തരായി.
മാളിക വിട്ടിങ്ങു കാട്ടെലി മാതിരി

മാളങ്ങളിൽ നൂണിറങ്ങുന്ന മാനവൻ
മൃത്യുവെപ്പക്ഷങ്ങൾ കെട്ടിപ്പറപ്പിച്ച
മർത്ത്യ, നീ പേടിച്ചൊഴികയായൊ?
ജീവിതം ലോലാർദ്ര സൗന്ദര്യപൂരിത-
പൂവിതളാണെന്ന പാടീ, കവേ ഭവാൻ.
കഷ്ടം തെളിയിച്ചു, “ഞാൻ മാത്രമാണേക-
സൃഷ്ടികർത്താവെന്ന” ശാസ്ത്രകാരാ, ഭവാൻ.
സത്യവേദങ്ങളേ നിങ്ങൾ പ്രസംഗിച്ച
മർത്ത്യനും മണ്ണും മരവുമൊന്നെന്നുമേ!
മന്നിതിൽ മങ്ങാതെ സംസ്കാരമേ, നിന്ന
മിന്നിച്ചിരിച്ചു, നിൻകാനൽജ്ജലങ്ങളും.
ഇന്നിതാ വേദോക്തി സാർത്ഥകമാക്കമീ-
യുന്നതധ്വാനം ശ്രവിക്കുവിനേവരും!
തുംഗസൗധങ്ങൾതൻ സൗഭാഗ്യഭ്രതിയിൽ
മുങ്ങിക്കുളിച്ചുള്ള ഭാഗ്യസമ്പന്നരേ,
പാതവക്കിൽക്കിടന്നയ്യൊ. പൊറുക്കാഞ്ഞ
വേദന കൊണ്ടു പിടഞ്ഞ നിർഭാഗ്യരേ,
ഇച്ചെറുമാളത്തിനുള്ളിൽമനുഷ്യരായ്
നിശ്ചയം ഹാ! നിങ്ങളൊന്നിച്ചു, വിസ്മയം!
ആപത്തു സൗഹൃദം പോറ്റുവാനാണെങ്കി-
ലാകട്ടെ മോളിലിരമ്പുമീത്തീക്കളി.

# 13

## അവർ ഞങ്ങളിൽ ജീവിയ്ക്കും!

വാലത്തിനെ സവിശേഷമാക്കുന്ന ഏറ്റവും പ്രധാന സംഗതികൾ അദ്ദേഹത്തിന്റെ സാർവലൌകികതയാണ് എന്ന് പറയാം. അദ്ദേഹം ഒരു വീടിന്റെയോ, ഒരു നാടിന്റെയോ, ഒരു ജാതിയുടെയോ, ഒരു മതത്തിന്റെയോ, ഒരു സമൂഹത്തിന്റെയോ, ഒരു സംസ്കാരത്തിന്റെയോ, ഒരു വിഭാഗത്തിന്റെയോ, ഒരു തത്വസംഹിതയുടെയോ പ്രതിനിധിയാവാൻ ഇഷ്ടപ്പെട്ടില്ല. വിശ്വ മാനവ സങ്കല്പത്തിലുറച്ച സാർവലൌകിക വീക്ഷണം അദ്ദേഹത്തിന്റെ ഓരോ പ്രവർത്തനങ്ങളിലും കാണാം. മക്കൾക്ക് മോപ്പസാങ്, ഐൻസ്റ്റീൻ, സോക്രട്ടീസ് എന്നീ ഫ്രഞ്ച്, ജെർമ്മൻ, ഗ്രീക്ക് പേരുകളിട്ടത് ഏറ്റവും പ്രകടമായ ഉദാഹരണമാണ്.

താൻ ഒരു ഇന്ത്യൻ പൌരനെന്നതിലുപരി ലോകപൌരനാണെന്ന് ആത്മാർത്ഥമായി വിശ്വസിച്ചിരിക്കണം. അതുകൊണ്ടാണ്, റോസൻബർഗ് ദമ്പതികളെ വൈദ്യുതകസേരയിൽ ഇരുത്തി വധിച്ചപ്പോൾ അദ്ദേഹത്തിന് നൊന്തത്; ആ വധത്തെ അദ്ദേഹം അപലപിച്ചത്; അവരെ ക്കുറിച്ച 'അവർ ഞങ്ങളിൽ ജീവിക്കും.' എന്ന് കവിത രചിച്ചത്.

റഷ്യയ്ക്ക് വേണ്ടി ചാരവൃത്തി നടത്തി ശാസ്ത്ര രഹസ്യങ്ങൾ ചോർത്തിയ കുറ്റത്തിന് യു. എസ്. സർക്കാർ ഈ ദമ്പതികളെ വൈദ്യുത കസേരിൽ ഇരുത്തി വൈദ്യുതി ഏൽപ്പിച്ച വധിച്ചു. ആദ്യ ഷോക്കിൽ തന്നെ ഭർത്താവ് ജൂലിയസ് റോസൻബർഗ് മരിച്ചു. എന്നാൽ, ഭാര്യ ഏഥൽ ആദ്യ ഷോക്കിൽ മരിച്ചില്ല. രണ്ടാം ഷോക്കിലും മരിച്ചില്ല. മൂന്നാമത്തെ ഷോക്കിലാണ് ഏഥൽ കീഴടങ്ങിയത്.

ഏഥലിന്റെ ശിക്ഷ നടപ്പാക്കാൻ ദൈവം രണ്ടു വട്ടം വിസമ്മതിച്ചു. കാരണം ആ വധം ഒരു തെറ്റായ തീരുമാനമായിരുന്നു. ഏഥൽ നിരപരാധിയായിരുന്നെന്നു പിന്നീട് കോടതി ലോകത്തോട് ഏറ്റുപറഞ്ഞു. ആ കവിത ഇവിടെ ചേർക്കുന്നു.

## അവർ ഞങ്ങളിൽ ജീവിക്കും

'ചരിത്രത്തിന്റെ നാഴികക്കല്ലുകൾ ചലിച്ചു.
എല്ലാം കഴിഞ്ഞു.
അവർ നമ്മുടെ റോസൻബർഗ്ഗ് ദമ്പതികളെ കൊന്നുകളഞ്ഞു!
രക്ഷിക്കുക, രക്ഷിക്കുക എന്ന നിലവിളി
കോടി കോടി അലയടിച്ചപ്പോൾ,
ഓർക്കുക!
ദുഷ്ടന്മാർ അവരെ ഒടുവിൽ കൊന്നുകളഞ്ഞു.!
രണ്ടു കുഞ്ഞുങ്ങളെ അവർ അനാഥരാക്കി
പ്രിയപ്പെട്ട ഏതൽ
കുലുക്കമില്ലാത്ത ഐസനോവറിന്റെ കൊലക്കസേരയെ
നീ മുന്നപ്രവശ്യം മുട്ടുകുത്തിച്ചു.
അന്തിയൂസെ, ഓർക്കുക . . .
തീ ഹെർക്കുലിസിനെ കാണുന്ന ദിവസം
അടുത്തുവരുന്നു!
നിന്റെ കൈ കൊണ്ടു നീ തന്നെ കെട്ടിയുണ്ടാക്കിയ സിംഗ്സിംഗ്ജയി
ലിന്റെ ഭിത്തികളിൽ
നീതന്നെകാൽ തട്ടിവീഴും
റോസൻ ബർഗ് ദമ്പതികളുടെ
ചോരയിൽ നിന്നടർത്തിയെടുത്ത
ചുവന്ന റോസാപുഷ്പങ്ങളിൽ
ഞങ്ങൾ തല കുമ്പിടുന്നു
അവർ ഞങ്ങളിൽ ജീവിക്കും . . . . . . .'

1938-ൽ ആരംഭിച്ച് 1961 വരെ രണ്ടു പതിറ്റാണ്ടുകൾ മാതൃഭൂമി ആഴ്ചപ്പതിപ്പ് മുഖപേജിൽ പ്രസിദ്ധീകരിച്ച അറുപതോളം ആദ്യകാല കവിതകൾ പുസ്തകരൂപ ത്തിലാക്കാതിരുന്നതും കവിതാരംഗത്ത് ജീവിതകാലം മുഴുവൻ തുടരാതിരുന്നതും

പിൽക്കാലത്ത് അദ്ദേഹത്തിന്റെ കവിവിലാസം തന്നെ നഷ്ടപ്പെടുത്തി. കവിതാസാഹിത്യ ചരിത്രങ്ങളിൽ വാലത്ത് എന്നൊരു കവിയേയില്ല. താൻ പറയാനുദ്ദേശിക്കുന്ന ആശയങ്ങൾ ഏറ്റവും തീഷ്ണമായി അനുവാചകരിലേക്ക് പകരാൻ മൂർച്ചയുള്ള ഭാഷ തേടി പദ്യരൂപം വെടിഞ്ഞു അദ്ദേഹം എത്തിയത് ഗദ്യകവിതയിലാണ്. അത് രസകരമായ ഒരു നിറപ്പകർച്ചയാണ്. അതുവരെ പദ്യവടിവിൽ മനോഹര കവിതകൾ എഴുതിയിരുന്നു, എന്നതിന് ആദ്യകാല കവിതകൾ മുഴുവൻ ദൃഷ്ടാന്തമാണ്.

സാമ്രാജ്യത്വം തകർക്കപ്പെടേണ്ട ഒന്നാണെന്നും, അതിന്റെ അടിക്കല്ല് പറിക്കാൻ കേവല മനുഷ്യന് സാധിക്കുമെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ആ വിശ്വാസം ജന്മം കൊടുത്ത അനേകം കവിതകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. തന്റെ വാക്കുകൾ പണക്കാരന്റെ ആത്മവിശ്വാസം തകർക്കുമെന്നും സാമ്രാജ്യത്വം വാലും പൊക്കി ഓടുമെന്നും അദേഹം കരുതിയിരിക്കാം. ആ പ്രതീക്ഷ നഷ്ടമായപ്പോൾ അദ്ദേഹം കവിതയെഴുത്തു നിർത്തി, എന്ന് അനുമാനിക്കാം.

കാവ്യരചന വാലത്തിനു ഒരു വിനോദം ആയിരുന്നില്ല. പോരാട്ടമായിരുന്നു. എന്നാൽ ഒരു യുദ്ധത്തിലും അദ്ദേഹം വിജയിച്ചില്ല. ജയിക്കാൻ കഴിയുമായിരുന്നില്ല. താൻ കാണിച്ചുകൊടുത്ത ജീവിതപ്രശ്നങ്ങൾ ആരിലും ഒരു പ്രതികരണവുമുണ്ടാക്കിയില്ല. ആര് എന്ത് എഴുതിയാലും നമുക്ക് ഒരു കുഴപ്പവുമില്ല എന്ന അവസ്ഥ. കവിത പലതുംപോലെ ഒരു സാഹിത്യരൂപം മാത്രമായി പ്രസ്ഥാനവൽക്കരിക്കപ്പെട്ടു. പല പല പുരസ്കാരങ്ങൾ ജന്മം കൊണ്ടു. നാളതുവരെ മനുഷ്യന്റെ ജീവൽ പ്രശ്നങ്ങൾ കവിതയിലൂടെ പലകുറി ആവിഷ്കരിച്ചു. പക്ഷെ, മനുഷ്യന്റെ ഒരു പ്രശ്നവും പരിഹരിക്കപ്പെട്ടില്ല. പകരം പ്രശ്നങ്ങൾ കൂടിക്കൂടി വന്നു. മനുഷ്യൻ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിയ്ക്കുവാൻ ആരംഭിച്ചു. അത്തരം ജീവിത അവസ്ഥകളോട് സമരസപ്പെടുവാൻ കഴിയാതെ വാലത്ത് സമ്മർദ്ദത്തിൽപെട്ടു. സാമുദായിക, വർഗ്ഗീയ, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെതായ ആസ്ഥാനകവികൾ ഉണ്ടായി. കവികൾ സ്വന്തം കവിതകളെ വിപണികളിൽ സ്വയം എഴുന്നള്ളിക്കാൻ തുടങ്ങി. കളിയരങ്ങുകൾ വിസ്തൃതിയിലായി. കവിയരങ്ങുകൾ വേദി കയ്യടക്കി. സ്വയം കവിസിംഹാസനം നിർമ്മിക്കാനും സഹകരണാടിസ്ഥാനത്തിൽ കവിയശസ്സ് നിലനിർത്താനും തല്പരനല്ലാത്ത വാലത്തിനു പത്രത്താളുകളിൽ കിടന്ന ചത്ത കവിതകൾ മടുപ്പുണ്ടാക്കി. വേറിട്ടൊരു വഴി അദ്ദേഹം തിരഞ്ഞു. എഴുതിപ്പോന്ന കവിതകളിലെ ദുർമേദസ്സുകളെ അദ്ദേഹം തിരിച്ചറിഞ്ഞു. കവിത പാട്ടുപോലെ പാടേണ്ടതാണെന്ന വ്യവസ്ഥ

തള്ളിക്കളഞ്ഞു. കവിതയിലെ പാട്ട് സംബന്ധിയായ ചേരുവകൾ എടുത്തുകളഞ്ഞു. എന്നിട്ട് നിവർന്നു നിന്നു. അതാണ് ഗദ്യ കവിത.

"ഒരുമനുഷ്യനായിരുന്നപ്പോൾ
ഞാനൊരു കഴുതയായിരുന്നു.
വിനയപൂർവ്വം ഞാൻ ഭാരം ചുമന്നു.
ഭക്തിപൂർവ്വം ഞാൻ മർദ്ദനംസ്വീകരിച്ചു.
ഇടനാഴികകളിൽ,എച്ചിൽക്കുഴികളിൽ,
ഓവുചാലുകളിൽഞാൻകഴിഞ്ഞുവന്നു."

എന്ന് വാലത്ത് 1947-ൽ അടിച്ചമർത്തപ്പെട്ട മനുഷ്യനെ അവതരിപ്പിച്ചപ്പോൾ, പിന്നെയും പത്തൊൻപതു കൊല്ലംകഴിഞ്ഞ്, 1966-ലും പിൽക്കാലത്തെ പ്രമുഖ ആധുനിക കവികൾ

'എൻ, നിൻ, മമ, തവ, മാമക താവക' താളങ്ങളിൽ കൃഷ്ണനേയും രാധയേയും വെച്ച് പദ്യമാർഗ്ഗത്തിൽ ചുവടുവയ്ക്കുകയായിരുന്നു, എന്ന് അന്വേഷിച്ചാൽ അറിയാൻ കഴിയും.

'ഒരു ശിശുവായിരുന്നപ്പോൾ
ചത്തുമലച്ച അമ്മയുടെ മുലപ്പാൽ ചപ്പി വലിച്ച്
ഞാൻ വളർന്നു.' (ഇടിമുഴക്കം)

എന്ന് 1947 ഫെബ്രുവരിയിൽ വാലത്ത് എഴുതി.

"നിരത്തിൽ കാക്ക കൊത്തുന്നു, ചത്തപെണ്ണിന്റെ കണ്ണുകൾ
മുലചപ്പി വലിക്കുന്നു നരവർഗ്ഗ നവാതിഥി."

(ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം)

എന്ന് 1950-ൽ അക്കിത്തം എഴുതി.

രണ്ടു കവിതയിലും ചിത്രം ഒന്നു തന്നെ. മാനുഷികാവസ്ഥയും ഒന്നു തന്നെ. ഏതോ ഒരു ഗതികെട്ട നരവർഗ്ഗ നവാതിഥി തെരുവിൽ ചത്ത അമ്മയുടെ മുല ചപ്പി വലിക്കുന്നു എന്ന് അക്കിത്തം 1950-ൽ അകലെ മാറി നിന്ന് ചൂണ്ടിക്കാണിക്കുമ്പോൾ, അതിനു മൂന്നു വർഷങ്ങൾക്കു മുമ്പേ അതിനെക്കാൾ തീവ്രമായി, ചത്ത് മലച്ച അമ്മയുടെ മുലചപ്പി വലിച്ചാണ്, ഞാൻ എന്ന കുട്ടി വളർന്നത് എന്ന് വാലത്ത് വിളിച്ചറിയിക്കുന്നു. എത്ര അടുത്തു നിന്നുകൊണ്ടാണ് വാലത്ത് ജീവിത

ത്തെ ചിത്രീകരിച്ചത്? പക്ഷെ, വാലത്ത് എഴുതിയത് ഗദ്യകവിതയിലായിരുന്നു.! ആർക്കുവേണം? തുമ്പും വാലുമില്ലാത്ത ഗദ്യകവിത? അത് വലിയ പാതകം തന്നെ. കാണേണ്ടത് കാണാതെ പോയേക്കാം. പക്ഷെ കണ്ടെങ്കിൽ കാണാത്ത വണ്ണം പോകരുതല്ലോ. നിരത്തിൽ ചത്തപെണ്ണിന്റെ മുല ചപ്പിവലിക്കുന്ന നരവധ്ഗനവാതിഥിയെ ഒത്തിരിയൊത്തിരിപ്പേർ കണ്ടു വിസ്മയിച്ചു. എന്നാൽ അതിനു മുമ്പേ, ചത്തുമലച്ച അമ്മയുടെ മുല ചപ്പി വലിച്ചു വളർന്ന കുട്ടിയെ ആരും കാണാതെ പോകയോ കാണാത്തവണ്ണം പോകയോ ചെയ്തു. തമസ്കരണത്തിന്റെ കാലം ഹ്രസ്വമാണ്. സത്യം വൈകിയാണെങ്കിലും പ്രത്യക്ഷമാകും.

പദ്യകവിതകളുടെ സുവർണ്ണകാലത്ത് ഗദ്യകവിതയുടെ അവസ്ഥയെക്കുറിച്ച് "ഗദ്യകവിത—മലയാളത്തിലെ ഒരു അനാഥപ്രസ്ഥാനം' എന്ന ശീർഷകത്തിൽ 1966 ഒക്ടോബർ 3-ലക്കം മലയാളരാജ്യം ചിത്രവാരികയിൽ വാലത്ത് ഒരു ലേഖനം എഴുതിയിരുന്നു. അതിൽ ഇങ്ങനെ പറയുന്നു. "ഭാഷയിൽ ഗദ്യകവിതകൾ അവഗണിക്കപ്പെട്ട ഒരു അനാഥപ്രസ്ഥാനമായി മാറിയിരിക്കുന്നു. ഗദ്യകവിതയിൽ നിന്ന് പണ്ടേയ്ക്ക് പണ്ടേ ഒളിച്ചോടി കഥാസാഹിത്യത്തിൽ ചെന്ന് സ്ഥിരതാമസമാക്കി പ്രശസ്തി നേടിയ ഭാഗ്യശാലികളാണ് പൊൻകുന്നം വർക്കിയും കേശവദേവും മറ്റും. ഗദ്യകവിതയുടെ ലോകം ഇടുങ്ങിയതത്രേ. ആകയാൽ ഇടയ്ക്കിടെ ആവിർഭവിക്കുന്ന ഗദ്യകവിതകൾക്ക് ആൾപ്പാർപ്പില്ലാത്ത വീടുകളിലെ എകാന്തതടവുകാരുടെ അനുഭവമാണുള്ളത്." വയലാറിൽ ഗർജ്ജിച്ച സിംഹം പിന്നെ തലകാണിച്ചത് സിനിമയിലാണ്. മലയാള കവികളുടെ പരമോന്നതസാഫല്യം സിനിമയ്ക്ക് പാട്ടെഴുതലായിരുന്നെന്നു വ്യക്തമായ സ്ഥിതിയ്ക്ക് വാലത്ത് കവിത നിർത്തിയത് ഉചിതമായ കാര്യം എന്നേ പറയേണ്ടു. അപ്പോഴാണ് കവികൾക്കിടയിൽ വാലത്ത് വ്യത്യസ്തനായിരുന്നെന്ന് കാണാൻ കഴിയുന്നത്.

എന്നാൽ പിന്നീട് എന്താണ് ഉണ്ടായത്? കവിതയിലെ പദ്യം എങ്ങോട്ട് പോയി? ആർക്കുമറിയില്ല. ഗദ്യത്തിൽ എഴുതിയാൽ കുറേക്കൂടി ശക്തമായ കവിതയാകും എന്ന് പുതിയ കവികൾക്കും ആസ്ഥാന കവികൾക്കും വെളിപാടുണ്ടായി. പതിറ്റാണ്ടുകൾക്ക് മുമ്പ് വാലത്ത് അവതരിപ്പിച്ച ആധുനിക കവിതയെ കവിതയെന്നു വിളിക്കാൻ താൻ പോലും ധൈര്യപ്പെട്ടിരുന്നില്ല. ഗദ്യകവിത എന്ന ശീർഷകത്തിൽ ആധുനിക കവിതയെ അകറ്റി നിർത്തിയവർ പിന്നീട് സ്വയം ഗദ്യകവിത എഴുതി അതിനെ ആധുനിക കവിതയെന്നു വിശേഷിപ്പിച്ചു. ആധുനികതയുടെ തലതൊട്ടപ്പൻ മാരുമായി. . . മുമ്പേ പറന്ന പക്ഷി, വാലത്ത് വിസ്മരിക്കപ്പെടുകയും

ചെയ്തു. ആധുനിക മലയാള കവിതയുടെ ആവിർഭാവം ആരുടെ കവിതയിൽ കണ്ടെത്തിയാലും ആധുനികതയുടെ ആചാര്യപദവി ആർക്കു നൽകിയാലും വിരോധമില്ല. വാലത്തിന്റെ 1947-ലെ ഗദ്യകവിതകളെ 'കവിതകൾ' എന്നനിലയ്ക്ക് ഒരു വട്ടമെങ്കിലും വായിക്കപ്പെടേണ്ടതാണ്. കവിതയുടെ പരിണാമത്തെക്കുറിച്ച 2016 നവംബർ 5-നു മാതൃഭൂമി ദിനപത്രത്തിൽ ശ്രീ എം. ജി. എസ്. നാരായണന്റെ പേരിൽ വന്ന കുറിപ്പ് ആധുനിക കവിതയെ പുതിയ തലമുറ എവിടെ എത്തിച്ചു എന്നു മനസ്സിലാക്കാൻ സഹായിക്കും '.

"കവിത വായിക്കാതായി. കവിതയോട് മമതയുണ്ടായിരുന്ന പലരും കവിത വായന നിർത്തി. ഇപ്പോൾ ഗദ്യകവിതയാണ്. മുറിച്ചു മുറിച്ചു വാചകങ്ങൾ എഴുതിയാൽ കവിതയായി. വായനക്കാരെ ആകർഷിക്കുന്ന ബിംബ കൽപ്പനകളൊക്കെ ഏറെക്കുറെ ഇല്ലാതായെന്ന് തോന്നുന്നു."

എന്നാൽ വാലത്തിന്റെ ഗദ്യകവിത വരിമുറിച്ച് എഴുതിയ വാചകങ്ങളായിരുന്നില്ല. അതിൽ ജീവിതത്തിന്റെ നേർസ്പന്ദനം തുടിച്ചിരുന്നു . . .

1961-ൽ രചിച്ച 'ലുമുംബയെ തറച്ച കുരിശ്' എന്ന കവിതയോടെ അദ്ദേഹം കാവ്യമേഖല വിട്ടു എന്നാണു കരുതേണ്ടത്. കവിതയിലെ മൂർച്ചയുള്ള നാവായിരുന്നു വാലത്ത്. സാധാരണ മനുഷ്യന്റെ അവകാശങ്ങളുടെ മേലുള്ള ഏത് ആക്രമണത്തെയും വാലത്ത് അംഗീകരിച്ചിട്ടില്ല. ലുമുംബ –– ലോകത്തിന്റെ കണ്ണുനീർത്തുള്ളിയാണ്. കോംഗോയിലെ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ജനനായകനെ നന്നേ ചെറുപ്രായത്തിൽ രാജ്യദ്രോഹക്കുറ്റം ചുമത്തി വധിച്ചപ്പോൾ, വാലത്ത് എഴുതിയ കവിതയാണ് 'ലുമുംബയെ തറച്ച കുരിശ്'. പിന്നീട് ആ കൊല അനാവശ്യമായിരുന്നെന്നു സമ്മതിച്ച ബെൽജിയം സർക്കാർ വർഷങ്ങൾക്കു ശേഷം ലോകത്തോട് മാപ്പ് പറഞ്ഞു. മാപ്പ് വരുന്നതിനു മുമ്പേ വാലത്ത് ഐക്യരാഷ്ട്രസഭയ്ക്ക് നേരെ വിരൽ ചൂണ്ടിയിരുന്നു.

## ലുമുംബയെ തറച്ച കുരിശ് (1961)

ഐക്യരാഷ്ട്രസഭ
മാപ്പുസാക്ഷിയായി മരവിച്ചു നിന്നപ്പോൾ,
പട്ടാപ്പകൽ,
ആ കശാപ്പു നടന്നു
കൊളോണിയലിസത്തിന്റെ ആ കശാപ്പ് നടന്നു.

ലുമുംബ വധിക്കപ്പെട്ടു.
നാഗരികതയുടെ
നാൽക്കവലകൾ നടുങ്ങി.
നവോത്ഥാനത്തിന്റെ
ആദ്യത്തെ അദ്ധ്യായം കണ്ണീരിൽ കുതിർന്നു.
ലുമുംബയുടെ രക്തം കോംഗോയുടെ മാത്രമല്ല;
ആഫ്രിക്കയുടെ മാത്രമല്ല;
അഖിലലോകത്തിന്റെ
അല്ലും പകലും നടന്നുകേറുന്ന
മുഴുവൻ മനുഷ്യരാശിയുടെ രക്തം!
അതൊരു തീക്കടലായി
ഇരമ്പിവരുന്നു!
അത്
'തങ്കാനീക്കയിലെ കാലൊമ്പോ' ആയി
ആർത്തുവരുന്നു.
കോളനിപ്രഭുക്കളെ, വിറകൊള്ളുക!
ലുമുംബയെ തറച്ച കുരിശ് നിങ്ങളെ വിടില്ല! . . .

ഇത്തരം ലോകദുരന്തങ്ങളിൽ രൂക്ഷഭാഷയിൽ പ്രതികരിച്ച മലയാള കവികൾ വേറെയില്ല, എന്നതാണ് വാലത്തിനെ വ്യത്യസ്തനാക്കുന്നത്. എന്നാൽ, പറയാനുള്ളത് പറഞ്ഞുകഴിഞ്ഞപ്പോൾ ശിഷ്ടകാലം കവിവിലാസത്തിൽ കഴിച്ചുകൂട്ടാതെ സ്വയം ആ നട്ടുവൻ കളമൊഴിഞ്ഞു.

# — 14 —

# ഓർമ്മക്കുറിപ്പുകൾ

ടി. എം. ചുമ്മാർ, പ്രൊഫ. മാത്യു ഉലകംതറ, സി. പി. ശ്രീധരൻ എന്നിവർ വാലത്തിനെക്കുറിച്ചെഴുതിയ ലേഖനങ്ങളിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

## അതിശയിപ്പിക്കുന്ന ശൈലീഭംഗി — ടി. എം. ചുമ്മാർ

"1938 മുതൽ വി. വി. കെ. വാലത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പ്, ദീപിക, ദീപം, തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി കവിതകളെഴുതിയിരുന്നു. പദ്യശാഖ വിട്ട് ഗദ്യശാഖയിലേക്ക് കടന്നതോടെ അദ്ദേഹത്തിന്റെ കവിതകളെപ്പററിയുള്ള ഓർമ്മ പലരിൽ നിന്നും വിട്ടുപോയിട്ടുണ്ടെന്നാണ് തോന്നുന്നത്. കാവ്യലോകത്തിൽ പ്രതിഷ്ഠ പ്രാപിച്ചിട്ടുള്ള പല കവികളെക്കാളും കാവ്യദേവത അക്കാലത്ത് അദ്ദേഹത്തെ അനുഗ്രഹിച്ചിരുന്നുവെന്നാണ് അവ വായിച്ചപ്പോൾ എനിക്കു തോന്നിയത്.

പാവങ്ങളുടേയും അസ്വതന്ത്രരുടേയും ഭാഗത്തു നിന്നു കൊണ്ടാണ് കവി പലപ്പോഴും പോരാടിയിരുന്നത്. അർത്ഥകൽപ്പന, അലങ്കാരചാതുരി, ആശയമഹത്വം, തുടങ്ങിയ കാര്യങ്ങളിൽ വാലത്തും ചങ്ങമ്പുഴയും തമ്മിൽ വളരെ സാദൃശ്യങ്ങളുണ്ടായിരുന്നു. രണ്ടുപേരിലും അതിശയിപ്പിക്കുന്ന ശൈലീഭംഗി കാണാമായിരുന്നു.

ശ്രീ വാലത്ത് കവിതാരംഗത്തു നിന്നു പിന്തിരിയാതിരുന്നെങ്കിൽ മലയാളത്തിലെ ഒരു പ്രശസ്തകവിയായി പേരെടുക്കുമായിരുന്നു, എന്നുള്ളതിൽ എനിക്കു സംശയമില്ല".

## നഷ്ടയശസ്സായിപ്പോയ ഒരു മഹാകവി.—പ്രൊഫ. മാത്യു ഉലകംതറ

ഗദ്യകവിതാകൃത്തും ഗവേഷകനുമായി അറിയപ്പെടുന്ന വി. വി. കെ. വാലത്ത് ഒരു കാലഘട്ടത്തിൽ ഉച്ഛൃംഖലനായിരുന്ന കവിയായിരുന്നു. 1938-39 കാലഘട്ടങ്ങളിലെ മാതൃഭൂമി, കേരളപത്രിക, നവജീവൻ, പൗരനാദം, മുതലായവയുടെ പഴയ ഏടുകളിൽ അൽപം ഗവേഷണം നടത്തിയപ്പോഴാണ് ജീവിച്ചിരിക്കെത്തന്നെ നഷ്ടയശസ്സായിപ്പോയ ഒരു മഹാകവിയുടെ ഉലികാവ്യാപാരം വെളിച്ചത്തുവന്നത്.

യശശ്ശരീരനായ ചങ്ങമ്പുഴയോടൊപ്പം ആ കാലഘട്ടത്തിന്റെ സവിശേഷശൈലിയിൽ ധാരാളം കവിതകൾ വാലത്ത് രചിച്ചിട്ടുണ്ട്. മിക്കവാറും മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പ്രഥമപക്ഷങ്ങളെത്തന്നെ അവ അലങ്കരിക്കുകയും ചെയ്തു.

അദ്ദേഹം തന്റെ സാഹിത്യസഞ്ചാരപഥം മാറാതെയിരുന്നെങ്കിൽ ചങ്ങമ്പുഴയ്ക്കൊപ്പം അറിയപ്പെടുന്ന ഒരു മലയാളകവിയാകുമായിരുന്നെന്ന അദ്ദേഹത്തിന്റെ കവിതകളോരോന്നും വിളിച്ചു പറയുന്നുണ്ട്."

വാലത്തിന്റെ കവിതകൾക്ക് പലപ്പോഴും ലോകചരിത്രത്തിന്റെ ഒരു പശ്ചാത്തലം കാണാം. 'മിന്നൽ വെളിച്ച'ത്തിലെ 'പൊളിഞ്ഞ ഭൂപടം', 'ഇരുപതാം നൂറ്റാണ്ടിന്റെ വെളിച്ചം', 'ഹതഭാഗ്യരായ ജർമ്മൻ ജനതകൾ', മുതലായ കവിതകൾ ഇതിനു തെളിവാണ്. ഫാസിസവും യുദ്ധകാംക്ഷയുമില്ലാത്ത ഒരു ലോകരാഷ്ട്രഭാവി അദ്ദേഹത്തിന്റെ കവിതകളിൽ വ്യക്തമായും അവ്യക്തമായും കാണാൻ കഴിയും.

ചങ്ങമ്പുഴയേയും ഇടപ്പള്ളിയേയും അപേക്ഷിച്ച് ആശാന്റെ കവിതകളിൽ വിഷാദാത്മകത്വം കുറവാകാൻ കാരണം, ഇടപ്പള്ളിയും ചങ്ങമ്പുഴയും സ്വാനുഭവങ്ങളിൽ നിന്ന് എഴുതിയപ്പോൾ ആശാൻ മനോനയനങ്ങൾ കൊണ്ട് ദർശിച്ചാണ് എഴുതിയിരുന്നത്, എന്ന തന്റെ നിരീക്ഷണം വാലത്ത്, 'ജയകേരള'ത്തിൽ 'ചങ്ങമ്പുഴ ജീവിക്കണം' എന്ന ലേഖനത്തിലും 'കേരളപത്രിക'യിൽ കേരളത്തിന്റെ യഥാർത്ഥശബ്ദം' എന്ന ലേഖനത്തിലും വെളിപ്പെടുത്തി.

## വാലത്തിന്റെ പ്രേമകവിതകൾ

"ചങ്ങമ്പുഴയുടേയും ഇടപ്പള്ളിയുടേയും ഗാനശൈലിയോട് വാലത്തിന്റെ രചനയ്ക്ക് ചില സാമ്യങ്ങളുണ്ട്. അത് ആ കാലഘട്ടത്തിന്റെ സവിശേഷതയിൽ നിന്നുണ്ടായതു മാത്രമാണ്. സൂക്ഷ്മ പരിശോധനയിൽ സ്വന്തം നാദമുള്ള ഒരു കവിയാണ്

വാലത്ത് എന്ന് കാണാൻ വിഷമമില്ല. അദ്ദേഹത്തിന്റെ പ്രേമകവിതകൾക്ക് പോലും സ്വന്തമായ ഒരു ചുണയും തന്റേടവുമുണ്ട്. . .

'നിന്നാത്മനായകനിന്നു രാവിൽ
വന്നിടും, വന്നാൽ നീയെന്തുചെയ്യും?

എന്നാരംഭിക്കുന്ന ഒരു കവിത ഇടപ്പള്ളിയും മറ്റൊന്ന് ചങ്ങമ്പുഴയും എഴുതിയിട്ടുണ്ടല്ലോ. അതിനെ അനുസ്മരിപ്പിക്കുന്ന ഒന്ന് വാലത്തും രചിച്ചിട്ടുണ്ട്. എന്നാൽ, വാലത്തിന്റേത് അവയിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്ന് നോക്കുക.

"പ്രാണാധിനാഥേ പടയിലെന്റെ പ്രാണൻ പിരിഞ്ഞാൽ
  നീയെന്തുകാട്ടും?"
ധീരനാമങ്ങയെപ്പറ്റി ഞാനോ കോരിത്തരിച്ചൊരു പാട്ടുപാടും!"

"ആവിലമാനസയായി നീയിഭ്ഭുവിൽ വിധവയായ് തീരുകില്ലേ?"

"പോരിൽ മരണത്തിന് മാറിലോളം ചോരതിളച്ച യുവഭടന്റെ
ഏതും കൂസാത്ത യുവഭടന്റെ ഏകവിധവയെന്നുള്ള കാര്യം
ഞാനഭിമാനകരവികാരാധീനയായ് നിന്ന് ഞെളിഞ്ഞു ചൊല്ലും.!"

ഈ തന്റേടമാണ് വി. വി. കെ. കവിതയുടെ മുഖമുദ്ര. കാമുകി ഉപേക്ഷിച്ചു പോയ ശേഷം വിലപിക്കുന്ന കാമുകന്റെ ദീനസ്വരം നമുക്ക് സുപരിചിതമാണ്. എന്നാൽ അവൾ ഉപേക്ഷിച്ചു പോകുമെന്നറിഞ്ഞുകൊണ്ട് തന്നെ വാലത്തിന്റെ കാമുകൻ സ്നേഹിക്കുന്നു.

"തരുനിരച്ചായകളാൽ തഴുകുമൊരു കൈത്തോടി-
ന്നിരുകരയിലമരുന്നു ഞങ്ങളിന്നും.
എന്നാലക്കൈതോടി-
ന്നെങ്ങനെയൊരു വലിയ
ദുർന്നരക വാരിധിയായിടുന്നു?
ചിരകാല പ്രാർഥിതമാമഭിലാഷത്തിൻ മുമ്പിൽ
ചിറകെട്ടിനിൽപ്പതേതന്ധകാരം?
കദനത്തിൻ കറയറ്റ കണ്ണീരിൽ കഴുകിയ
ഹൃദയം കൊണ്ടവളെ ഞാൻ വേട്ടതല്ലോ.
അത് പാടേ വിസ്മരിച്ചവൾ പക്ഷേ,യണിയിക്കാ –

മപരന്റെഗളസീമയിൽ വരണമാല്യം.
സമുചിതമാമാചാരമര്യാദയെന്നതിനെ
സമുദായം തലയാട്ടി സമ്മതിക്കാം.
പാരം മമ ജീവിതമോപാഴായിപ്പോയെന്നാൽ
പാടില്ല ഞാനവളെപ്പഴി പറയാൻ.
തലയിൽ സ്വയം സ്വന്തം ശവമഞ്ചവും ചുമ-
ന്നലയുകയാണനിശം ഞാനവളെച്ചൊല്ലി
ഇരുകാലിരവു പകൽ ഇളകുമൊരു ശവമായി-
ട്ടിഴയുകയാണിരുളിൽ ഞാനവളെച്ചൊല്ലി.
മമ വീഥികൾ വിജനങ്ങൾ വിഫലങ്ങൾ മരവിച്ച
മരണത്തിൻ മറവിയിലിനി മായാൻ മാത്രം.
അനുരാഗ വേദനകളലതല്ലുമെൻ നെഞ്ചി-
ലവളിന്നൊരുനെടുവീർപ്പായ് നിലകൊള്ളുന്നു.”

നമ്മുടെ ഏതു പ്രേമഗാനത്തോടും കിടനിൽക്കാൻ പോന്ന ഭാവതീവ്രതയും രചനാസാരള്യവും ഈ ഗാനത്തിനുണ്ട്. പ്രണയം തീവ്രമാണ്. പ്രണയഭംഗം ദുസ്സഹവുമാണ്. എന്നാൽ അതിന്റെ മുന്നിൽ വിലപ്പെട്ട ജീവിതം ഹോമിച്ച “മരണദിനത്തിന്റെ മണിമുഴക്ക”മെന്നു വിലപിച്ചു കൊണ്ട് രംഗത്ത് നിന്ന് മാറുന്നുമില്ല.

മഹാകവി വള്ളത്തോളിനെപ്പോലെ കാറു കണ്ട കർഷകനേയും കർഷകന്റെ കണ്ണീരിനെയും ആസ്പദമാക്കി ഒന്നിലേറെ കവിതകൾ അദ്ദേഹമെഴുതിയിട്ടുണ്ട്.

“ഇച്ഛപോൽ സ്വച്ഛമായുത്ത്യമായ്പ്പാരിനെ –
പ്പച്ചവർണ്ണോജ്ജ്വലപ്പട്ടുടുപ്പിച്ചു നീ.
എന്നിട്ടുമയ്യോ നിനക്ക് ലഭിച്ചതോ,
എന്നുമീക്കീറപ്പഴന്തുണിത്തുണ്ട് താൻ.
വിത്തപ്രഭാവം ജയിക്കുവാൻ ജന്മിയ്ക്ക്
പത്തായമെല്ലാം നിറച്ചുകൊടുപ്പു നീ.
എന്നിട്ടുമയ്യോ വിശന്നിടും കുഞ്ഞിന്റെ
കണ്ണീർ തുടയ്ക്കുവാനപ്രാപ്തനാണുനീ.
പങ്കം നിറഞ്ഞോരിപ്പാടത്തിലല്ലയോ
തങ്കം വിളയിച്ചു കാട്ടുന്നു നിന്റെ കൈ.”

പക്ഷെ, ത്യാഗത്തിനു കിട്ടുന്ന കൂലി നിസ്സഹായതയും നിരാശയും മാത്രം. ഇങ്ങനെ പ്രയത്നം അവഗണിക്കപ്പെടുകയും ചൂഷണം വെന്നിക്കൊടി പാറിക്കുകയും ചെയ്യുന്ന വ്യവസ്ഥിതിക്കെതിരെ, "വരൂ നീ വേഗം വരൂ വർഷത്തിൻ കൊടുങ്കാറ്റെ," എന്ന് വിപ്ലവക്കൊടുങ്കാറ്റിനെ ചങ്ങമ്പുഴ ആഹ്വാനം ചെയ്തു. നമ്മുടെ കവി സർവ്വവും കഴുകി വെടിപ്പാക്കുന്ന ഒരു മലവെള്ളത്തെയാണ് ക്ഷണിച്ചു വരുത്തുന്നത്.

മലയും കാടും തകർത്തിരമ്പിക്കുതിച്ചെത്തും
മലവെള്ളമേ, നിന്നെ കാത്തു കാത്തിരിപ്പു ഞാൻ.
തുള്ളുകയല്ലോ ചെയ്‌വൂ സ്വാർത്ഥത്തിൻ സുഖാസവ
ത്തള്ളലാലീനാലഞ്ചു വൃക്ഷങ്ങൾ പുഴവക്കിൽ
അവയ്ക്കാകാശത്തോളമുയരാൻ വണ്ണം വയ്ക്കാൻ
അവിരാമമീമന്നിലക്രമം പുലർത്തീടാൻ
നാടാകെ നീളും കൊമ്പും ചില്ലയും പരത്തിയീ
നാട് കീഴടക്കുവാൻ കോട്ടകെട്ടുവാൻ വിണ്ണിൽ
ഏതുമേയുയരുവാൻ ഗതിയറ്റ് ഏറെലക്ഷ –
മേഴപ്പുൽക്കൊടിവൃന്ദം മണ്ണടിയണം പോലും.

അഞ്ചാറു മുതലാളി വൃക്ഷങ്ങൾക്ക് വളരുവാൻ ലക്ഷോപലക്ഷം ഏഴകളായ പുൽക്കൊടികൾ വളവും വെള്ളവും കിട്ടാതെ വലയണമെന്നോ!

"മലവെള്ളമേ നിന്റെയൊഴുക്കിൽക്കടപൊട്ടി
മറിഞ്ഞിടുമാദുഷ്ടമാമരക്കൂട്ടം നാളെ.
അലറൂ സമുദ്രമേ, അടിക്കൂ കൊടുങ്കാറ്റെ,
ഉലകം ഞെട്ടും വിധമിളകൂ, ഇടിവാളേ!"

'ഇടിമുഴക്ക'മെന്ന ഗദ്യകവിതയിലൂടെ അനുവാചകരെ ഞെട്ടിച്ച കവിയുടെ സാമൂഹ്യബോധം ഒരു സാമൂഹ്യവിപ്ലവമലവെള്ളപ്പാച്ചിലിനെ സ്വാഗതം ചെയ്തില്ലെങ്കിലേ അത്ഭുതമുള്ളൂ.

ചങ്ങമ്പുഴക്കാലഘട്ടത്തിൽ തന്നെ തത്തുല്യമായ വലിയൊരു വാഗ്ദാനവുമായി രംഗപ്രവേശം ചെയ്തശേഷം ഇടക്കാലത്തുവച്ച് പ്രവാഹം നിലച്ചു പോയ വാലത്തിന്റെ കാവ്യകല്ലോലിനിയെക്കുറിച്ച് ഇത്രയെങ്കിലും പറയാതെ വയ്യ. ആ കവിതകളിൽ എമ്പാടും മറഞ്ഞു കിടക്കുന്ന ഒരു പ്രത്യേകതരം സൌന്ദര്യാവബോധത്തെക്കുറിച്ചും.

കവികൾ സൌന്ദര്യോപാസകരാണ്. വാലത്തും ഇതിനൊരു അപവാദമല്ല. എന്നാൽ, ബാഹ്യസൌന്ദര്യത്തെക്കാളുപരി ഒരുതരം ആഭ്യന്തരസൌന്ദര്യത്തെയാണ് ഉപാസിക്കുന്നതെന്ന്, 'കാക്ക' എന്ന കവിതയിൽ കണ്ടെത്താം. വസ്തുക്കളുടെ പുറന്തോടുകൾക്കുള്ളിൽ കടന്നു കാണാനുള്ള കഴിവ് കവികൾക്ക് മാത്രമേയുള്ളൂ. ഈ കാഴ്ചയിൽ കവികൾ പ്രതിജനഭിന്നവിചിത്രമാർഗ്ഗമാണ് സ്വീകരിച്ചുപോരുന്നത്. പ്രതിഭയുടെ ലക്ഷണവും അതാണല്ലോ. സൌന്ദര്യദേവതയെത്തന്നെ അഭിസംബോധന ചെയ്യുന്ന ഒരു കവിതയിൽ യൌവനത്തിൽ വന്നു വിഭ്രമിപ്പിക്കുന്ന ഒരു മായാമരീചികയാണ് സൌന്ദര്യമെന്നു അദ്ദേഹം വെളിപ്പെടുത്തുന്നു.

"വിശ്വസിച്ചീടുവാൻ തെല്ലുമേ കൊള്ളാത്ത
വേശ്യയെപ്പോലുള്ള സൌന്ദര്യ ദേവതേ,
പാവമിക്കൊച്ചു പ്രപഞ്ചം സദാ നിന്റെ
കാലടി തേടി നടക്കുന്നതത്ഭുതം."

ഇതാണ് പൊതുവേ പറഞ്ഞാൽ വാലത്തിന്റെ സൌന്ദര്യനിരീക്ഷണം. സൌന്ദര്യത്തിന്റെ പിന്നാലെ പായുന്നത് അർത്ഥശൂന്യമാണ്. ഇത് ബാഹ്യസൌന്ദര്യം കാണാനുള്ള കണ്ണ് അദ്ദേഹത്തിനില്ലാത്തതുകൊണ്ടല്ല.

"ലോലമാണെങ്കിലും കൊള്ളിയാൻ വള്ളിയിൽ
ലോകം മുഴുവൻ വെളുത്തുകാണുന്നു ഞാൻ.
പുല്ലിൻ തലപ്പിലും കാവ്യാങ്കുരങ്ങൾ പോൽ
നല്ല മരതകകാന്തി കാണുന്നു ഞാൻ.
അൽപനേരത്തെയ്ക്കോരാനന്ദ മെങ്കിലും
അത്ഭുതമാണവ കാട്ടും പ്രബുദ്ധത."

ഇങ്ങനെ ക്ഷണികമെങ്കിലും അത്ഭുതകരമായ സൌന്ദര്യത്തിന്റെ മുഖം ഒരു കവിയായ അദ്ദേഹത്തെ ആകർഷിക്കുന്നുണ്ട്. എങ്കിലും അതിന്റെ മറുവശമാണ് എപ്പോഴും അദ്ദേഹത്തിന്റെ ഭാവനയെ പിടിച്ചു നിർത്തുക. ആകാശത്ത് തടിച്ചു കൂടുന്ന മേഘമാലകളോട് അദ്ദേഹം പറയുന്നത്,

"നിന്റെ ഭീകര വാളിളക്കത്താൽ
നിന്റെ പായും വെടികളാൽ
നാടഖിലം നടുങ്ങും മർദ്ദന
നാടകം കളിക്കുന്നു നീ."

യൌവനത്തിന്റെ സൌന്ദര്യം വേശ്യയുടേതു പോലെ കബളിപ്പിക്കുന്നതാണെന്ന് പറഞ്ഞ കവി ബാല്യത്തിന്റെ സൌകുമാര്യത്തിൽ നിർവ്വതി കൊള്ളുന്നതും നമുക്ക് കാണാം.

"ഓമനപ്പൈതലിൻ കൈത്തളിർകൊണ്ടുള്ള
കോമളസ്പർശനമേറ്റേറ്റ് മേൽക്കുമേൽ
പാരമിടിഞ്ഞു തുടങ്ങുമാവക്ഷോജ
ഭാരമുലഞ്ഞൊരു കോൾമയിർക്കൊള്ളലിൽ
അമ്മതൻ സൌന്ദര്യസമ്പത്ത് കട്ടോര-
ക്കൊച്ചുവിരുതനെയാദ്യമായ്ക്കാണവേ,
നിർവ്വതിസ്തബ്ധതപൂണ്ടു ഞാൻ."

എന്നാണ് അദ്ദേഹം പറയുക. പ്രകൃതിയുടെ ആനന്ദനർത്തനം പോലും ഒരു പ്രത്യേക രീതിയിലാണ് അദ്ദേഹത്തെ ആകർഷിക്കുക.

"വിരവിൽ വാസരത്തിന്നുടെനഗ്നത
വിനയപൂർവ്വം മറയ്ക്കുവാനായിതാ
ദിനകരൻ നെയ്തിടുന്നു സകൌതുകം
കനകരശ്മിയാൽമഞ്ജു ചേലാംശുകം.
ഉണരുമുൽഫുല്ല പൂങ്കോഴികൾ ഗള-
മുടനുടൻ നീട്ടിയൂതുന്നു കാഹളം.
കടൽമർമ്മരം കൊണ്ട് മുഖരിതം.
അടവിയാഹ്ലാദം പൂണ്ടു പുളകിതം.
മലർവനിയിൽ പൊഴിപ്പൂ കിളികുലം
മധുരമാദകനാദം മദാകുലം.
സമരം ചെയ്യുവാൻ പൂകട്ടെ,യുജ്ജ്വല
സ്സമയത്തോടോത്ത് ജീവിതപ്പോർനിലം.

പ്രഭാത കാഹളം പോലും അദ്ദേഹത്തിന് സമരകാഹളമാണ്. ആകാശത്തിന്റെ പ്രസന്നഭാവങ്ങളെ മാത്രം ധ്യാനിച്ചിരിക്കുന്ന കവിയെ ആ നിരർത്ഥക ധ്യാനനിദ്രയിൽ നിന്ന് കാളമേഘങ്ങൾ വന്നു വിളിച്ചുണർത്തുന്നു.

"കോടക്കരിംകാർകുളങ്ങളീ വാനിലെ
വേടക്കിടാത്തിമാർ നാട്ടുകാക്കുന്നവർ

ഇന്നലെ മിന്നിയ നീലാംബരത്തിന്റെ
സുന്ദരമാകിയ പൂങ്കാവനികയിൽ
ആമന്ദമാനസ ലാസ്യവിലോലരാ-
യാടിക്കുഴഞ്ഞോരാരാവെള്ളി മേഘങ്ങളെ,
നീട്ടറ്റ വാനിന്റെ നീലത്തടാകത്തിൽ
നീന്തിക്കുളിച്ചോരാ ദേവാംഗനകളെ
ധ്യാനിച്ചിരിക്കും കവേ ഭവാനെങ്ങളെ
കാണുന്നതേതും പിടിക്കുന്നതില്ലയോ?”

ബൂർഷ്വാ സൌന്ദര്യദർശനത്തിന്റെ തലയ്ക്കൊരടിയാണ് കാർമേഘക്കിടാത്തിമാരുടെ ഈ ചോദ്യം.

“ഭംഗിയും മേന്മയും തൊട്ടു തെറിക്കാത്ത
ഞങ്ങൾ മുഴുവൻ കറുത്തിരുണ്ടുള്ളവർ
ഉള്ളിൽ ചെളികെട്ടി നിൽക്കും കറുപ്പിനാ-
ണല്ലോ പുറം മോടി വേണ്ടത് നിത്യവും.
ഭൂവിന്നു സമ്പൽസമൃദ്ധി ചൊരിയുവാൻ
ദ്യോവിങ്കൽ വന്നു പിറന്നവരാണിവർ.

പ്രയോജനക്ഷമതയാണ് സൌന്ദര്യമെന്നുള്ള സോക്രട്ടീസിന്റെ ദർശനമല്ല, കാർമേഘത്തിന്റെ സൌന്ദര്യം കാണാൻ കഴിവുള്ള കർഷകന്റെ പക്ഷത്തു നിൽക്കുന്ന വിപ്ലവകാരിയായ ഒരു കവിയുടെ സൌന്ദര്യദർശനമാണിത്. കാർമേഘങ്ങൾ പറയുകയാണ്,

“പുഷ്ടാനുഭൂതിയിൽ ഞങ്ങളെ കാൺകവേ,
പൊട്ടിച്ചിരിക്കുന്നു പൂഞ്ചോലവല്ലികൾ.
പട്ടിണികൊണ്ട് ഹോ! കോട്ടുവായിട്ടീടും
പൊട്ടക്കുളങ്ങളും തുഷ്ടിയുൾക്കൊൾവിതേ.
കേവലം പുല്ലുപോൽ ഭൂവിന് വേണ്ടിയീ
ജീവിതം ഞങ്ങൾ ത്യജിക്കുന്നു സാദരം.
എന്നിട്ടുമെങ്ങളെ കാൺകവേ ദിക്കുക-
ളെന്തിനീവണ്ണം മുഖം കറുപ്പിക്കുവാൻ?
ഒന്നോർക്കിലാസാധു കർഷകൻ മാത്രമു-

ണ്ടൊന്നു തിരിഞ്ഞൊരു നന്ദി ചൊല്ലീടുവാൻ."

തന്റെ ജന്മദേശത്തിന്റെ അപൂർവസൌന്ദര്യത്തെ അദ്ദേഹം വർണ്ണിക്കുന്നത് അസാധാരണമായ രീതിയിലാണ്.

"ഞണ്ടുകൾ മാളം വെച്ച് താവളമുറപ്പിക്കും
കണ്ടവും മീൻ കളിക്കും കൈത്തോടും കയങ്ങളും
മൂകമായ് ചൂടാണ്ടുള്ളോരുപ്പുവെള്ളത്തിൽക്കുളി-
ച്ചാകവേ ഭസ്മം പൂശി നിൽക്കുന്ന ചിറകളും
വട്ടമിട്ടെല്ലായ്പ്പോഴുംകാത്തു നിന്നീടുന്നൊരു
പട്ടിണിത്തുരുത്താണെൻ ജന്മദേശമാം ഗ്രാമം."

പ്രഭാതത്തിന്റെ മൂടൽമഞ്ഞിനെ ശ്മശാന ധൂമമായും, കിളികളുടെ കളകൂജനങ്ങളെ മരിച്ച വീട്ടിലെ കരച്ചിലായും മറ്റും ഉല്ഭാവനം ചെയ്യുന്ന ഒരസുലഭസമീപനം ഈ കവിയിൽ ചിലപ്പോൾ നമുക്ക് കാണാം.

"ഇരവിൻ ശ്മശാനത്തിൽ നിന്ന് പൊങ്ങിയ ധൂമ-
പടലം പുലർകാല മഞ്ഞലമായാറായി.
ചത്തുവീണൊരു രാവിൻ ശവത്തിൻ തലയ്ക്കലായ്കത്തി നിന്നൊരാ
ച്ചെറു-
ദീപവും കെടാറായ്.
നീളത്തിൽത്തൻ മാതാവിൻ മരണോദന്തം കണ്ടു–
നാളത്തെ ഉയർത്തിപ്പൂങ്കോഴികളറിയിക്കേ,
ദീനദീനമാക്കൊച്ചുപുലരി വിഹംഗമസ്വാനങ്ങലാളെ
പൊട്ടിക്കരയുന്നതു കേൾക്കായ്."
എന്തൊരു ഭീകരമായ പ്രഭാതം!

## അത്ഭുതം (1942 ജൂലൈ)

ഈ കവിത ഒരു പക്ഷിയെക്കുറിച്ചാണ്. തീരെ കറുത്തത്, ആകൃതി കാമ്യമല്ല, മുഷിപ്പൻ നടപ്പ്, കർണ്ണശൂലമായ ഒച്ച, കള്ളക്കടക്കൺ എന്നൊക്കെ വിശേഷിപ്പിക്കുന്നു. ഒരു കാക്കയെക്കുറിച്ചു ഇത്ര പറയാനുണ്ടോ, ഒരുപക്ഷെ, കുട്ടിക്കവിതയാകാം എന്നൊക്കെ തോന്നി, പലവട്ടം ഈ കവിത ഞാൻ വായിക്കാതെ

വിട്ടിട്ടുണ്ട്. എന്നാൽ എപ്പോഴോ അവസാനത്തെ രണ്ടു വരികൾ വായിച്ചപ്പോൾ ഞാൻ തരിച്ചിരുന്നുപോയി. ആ വരികൾ ഇങ്ങനെയായിരുന്നു.

‘അത്ഭുത,മൊരു തിര്യക്കിനോടൊപ്പ-
മെത്തുവാനെത്ര പോകണം, മാനവൻ? . . . . . .’

പരിസര ശുദ്ധി, കൂട്ടായ്മ, പരദുഃഖവിലാപം എന്നീ ഗുണങ്ങൾ ജന്മസന്ദേശമാക്കിയ ആ പക്ഷി എത്രയോ വലുത്, സമീപകാലത്തെ മനുഷ്യസ്വഭാവവുമായി ഒത്തുനോക്കുമ്പോൾ! മനുഷ്യൻ ഇനി എത്രകാലം കഴിഞ്ഞാലാണ് ഒരു ചെറുപക്ഷിയ്ക്ക് തുല്യമെത്തുന്നത് എന്ന വാലത്തിന്റെ ചോദ്യം ഇന്നും പ്രസക്തമാണ്.

## തിരുമുൽക്കാഴ്ച

അതിസുന്ദരിയായ ഒരു ഹൈന്ദവ യുവതിയെ അക്ബറുടെ ഭടന്മാർ അപഹരിച്ച് ചക്രവർത്തിയ്ക്ക് കാഴ്ചവച്ചു. വള്ളത്തോളിന്റെ ‘ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി’ എന്ന പ്രസിദ്ധ കവിതയെ അനുസ്മരിപ്പിക്കുന്ന ഈ ഇതിവൃത്തം വാലത്തിന്റെ ‘തിരുമുൽക്കാഴ്ച’യിലേതാണ്. എന്നാൽ വള്ളത്തോളിന്റെ മുഗൾ ചക്രവർത്തിയുടെ സൌന്ദര്യദർശനമല്ല, വാലത്തിന്റെ ചക്രവർത്തിക്കുള്ളത്.

### തിരുമുൽക്കാഴ്ച (1939 ഡിസംബർ 31)

പാരാകെ മുഗൾക്കൊടിപാറിക്കാനക്ബർക്കുള്ള
പാരിച്ച പടപാഞ്ഞു പോർമദംതുള്ളും കാലം.
അന്നൊരു ദിനമവർക്കുള്ളതസൌന്ദര്യത്തിൻ
പോന്നലതല്ലും നല്ലോരപ്സരസ്സിനെക്കിട്ടി.
“അള്ള!” വൻസന്തോഷത്തിൻ തീയിൽ വീണഴന്നവർ
ചൊല്ലിനാർ, നമുക്കിപ്പോളീ നിധി കാട്ടിത്തന്നു.
നിശ്ചയം, കിനാവിലും കണ്ടിടാ തിരുമേനി . . .
നിസ്തുലമിതുപോലോരഴകിൻ വിലാസത്തെ,
ഉന്നതമുഗൾവംശരാജകൊട്ടാരം പാരം
ഹിന്ദുകന്യകമാർതൻ നന്ദനോദ്യാനം നൂനം!
മാധുരി ചൊരിഞ്ഞീടുമിന്നു തൊട്ടതിലൊരു
മാദകമദാലസകൌതുകം സൌഗന്ധികം!
കരയുന്നുവോ ഭാഗ്യം കൈപിടിയ്ക്കുമ്പോൾ,ക്കന്യേ?

ചെറുതോ സമ്രാട്ടിന്റെ വെപ്പാട്ടിയാകും ഭാഗ്യം?
കാണിയും വൈകിക്കൂടാ, കാമ്യമാംതൃക്കാൽക്കൽ നാം,
കാണിക്ക വെച്ചീടാനീക്കാന്തിദം കാഴ്ച ദ്രവ്യം.
തമ്പുരാൻ പ്രസാദിയ്ക്കു, മരുതപ്പെട്ടും, നാമ്മോ-
ടമ്പിയന്നിട്ടും നൽകും ബിരുദും സ്ഥാനങ്ങളും.”
അല്പവും കനിവെന്യേസാധ്വിയെ റാഞ്ചിപ്പെട്ടെ-
ന്നശ്വത്തിൻപുറത്തേറ്റിപ്പറന്നാർ കഴുകന്മാർ.
പട്ടാളസ്സലാംചെയ്തു ചക്രവർത്തി തൻമുന്നിൽ-
ത്തുഷ്ടരായർപ്പിച്ചാരപ്പാരിജാതത്തെബ്ഭടർ
കാരുണ്യം കസവോളിപൂശുമാനനത്തോട-
ക്കാതരാകുലമായ കാന്തിധാമത്തെക്കാൺകെ,
നല്ലോരാദരവാർന്നദ്ധീരഗംഭീരോദാരൻ
ചൊല്ലെഴും മുകിലേന്ത്യാഭരതൻ ചൊല്ലീ മന്ദം,
“എത്ര സുന്ദരനാകുമായിരുന്നേനെ ഹാ, ഞാനി-
നിത്തയ്യൽക്കൊടിയെന്റെ മാതാവായിരുന്നെങ്കിൽ!”

ആ മഹിളയെ തന്റെ മുന്നിൽ കണ്ടയുടനെ ചക്രവർത്തി പറയുകയാണ്,

“എത്ര സുന്ദരനാകാമായിരുന്നേനേ,ഹാ,ഞാ-
നിത്തയ്യൽക്കൊടിയെന്റെ മാതാവായിരുന്നെങ്കിൽ!

വാലത്തിന്റെ സൌന്ദര്യദർശനത്തിന്റെ സവിശേഷത ഇക്കവിതയിൽ കാണുന്നുണ്ട്.

“ആകാശമേ, നീ ധരിച്ചീടുമാടകൾ
ആകവേ കീറിപ്പറിഞ്ഞതാണെങ്കിലും
ഉള്ളം കുളിർക്കുമാറുല്ലസിക്കുന്നവ,
വെള്ളപ്പളുങ്കുപോൽ ശുദ്ധമായ്, മുഗ്ദ്ധമായ്.”

എന്ന് പാടുവാൻ അദ്ദേഹത്തിനേ കഴിയൂ. കവിയോട് ഒരു പുൽത്തകിടി പറയുന്നത് നോക്കുക.

ചായം പുരട്ടിയ കൃത്രിമാഡംബര
സായാഹ്നഭംഗി ചമഞ്ഞു നിന്നീടവേ,

താണുകിടക്കുന്നോരെന്നെ ദർശിക്കു-
വാൻ താവക ളുലികയ്ക്കിഷ്ടമാകാ, കാവേ,
എങ്കിലുമാർക്കുമൊരാശ്വാസ വിശ്രമ,
സങ്കേതമാണ് മൽജീവിതസൈകതം
ഓളമറ്റേകാന്ത ശാന്തി തുളുമ്പിടു-
മോലക്കമോലുന്ന പച്ചക്കടലു ഞാൻ "

വി. വി. കെ. വാലത്ത്, പാവങ്ങളുടെ പടയാളി—പുൽകൊടികളും മണൽതരികളും,) ഇങ്ങനെ മറ്റുള്ളവർ അവഗണിച്ചു കടന്നു പോകുന്നിടങ്ങളിൽ സൌന്ദര്യം ദർശിക്കുവാൻ, മറ്റുള്ളവരുടെ നിയന്ത്രണങ്ങളെ അപഹരിക്കുന്ന കൃത്രിമഭംഗികളുടെ മൂടുപടം മാറ്റി നോക്കുവാൻ വാലത്തിന്റെ കവിത എപ്പോഴും ശ്രമിക്കുന്നു.

"പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണൂ
പശ്ചിമാംബരത്തിലെ പനിനീർപ്പൂന്തോട്ടങ്ങൾ!

എന്ന് ചങ്ങമ്പുഴ പ്രകൃതിയുടെ സൌന്ദര്യലഹരിയിൽ ഉന്മത്തനാകുമ്പോൾ വാലത്ത് അതിന്റെ മറുപുറത്തുള്ള വൈകൃതങ്ങളുടെ സൌന്ദര്യം ആവിഷ്കരിക്കാൻ ശ്രമിക്കുന്നത് കാണാം. ഇവരുടെ കവിതകളെ താരതമ്യം ചെയ്യാൻ ശ്രമിക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട ഒരു വ്യത്യാസമാണിത്. ചങ്ങമ്പുഴ സൌന്ദര്യത്തിന്റെ കാമുകനാണ്. വിപ്ലവത്തിന്റെ കാഹളമാണ്. തത്ത്വശാസ്ത്രത്തിന്റെ ആരാധകനാണ്. എല്ലാമാണ്. എന്നാൽ വാലത്ത് വ്യക്തമായ സാമൂഹ്യവീക്ഷണമുള്ള ഒരു നാട്ടിൻപുറത്തിന്റെ വിപ്ലവകവി എന്ന നിലയിൽ എന്തിനെയും നോക്കി ക്കാണുന്നു. പ്രേമനൈരാശ്യത്തെപ്പോലും ഒരു വെല്ലുവിളിയായിക്കാണാൻ ശ്രീ വാലത്തിന്റെ കവിതയ്ക്ക് സാധിക്കുന്നത് ഇതുകൊണ്ടാണ്.

കൈരളിയുടെ കഷ്ടകാലമെന്നു പറയട്ടെ, ഒരു കാലഘട്ടത്തിന്റെ രോമഹർഷമായിരുന്ന കവി, ഇടയ്ക്ക് വെച്ച് തന്റെ മാദ്ധ്യമം ഒന്ന് മാറിയെടുക്കുകയും പുതിയ ഇടിമുഴക്കങ്ങൾ സൃഷ്ടിക്കുവാനായി ഗദ്യമേഖലയിലൂടെ വഴിമാറി സഞ്ചാരമാരംഭിക്കുകയും ചെയ്തു. ഇന്ന് വാലത്തിന്റെ കവിതകൾ മധുരിക്കുന്ന ഓർമ്മകൾ മാത്രമാണ്. ആ ഓർമ്മകളെ അനശ്വരമാക്കുമാറു അദ്ദേഹത്തിന്റെ പഴയ കവിതകൾ നഷ്ടപ്പെട്ടു പോകാതെ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുക മാത്രമാണ് ഇനി നമുക്ക് കരണീയമായിട്ടുള്ളത്."

വാലത്തിന്റെ സാഹിത്യ ജീവിതത്തിലെ പദ്യസാഹിത്യം എന്ന ഒരു ഉജ്ജ്വ

ലമായ മേഖലയ്ക്ക് ഇവിടെ തിരശ്ശീല വീണു. എന്നാൽ, വാലത്ത് എന്ന കവി മരിച്ചില്ല. പദ്യകവിതയുടെ പ്രാസവടിവുകളും ലജ്ജാശീലവും സ്ത്രൈണതയും മടുത്ത്, അതുപേക്ഷിച്ച് എഴുന്നേറ്റു നിന്ന് ചിലത് വിളിച്ചു പറയണമെന്ന ഉൽക്കടമായ ഉൾവിളി അദ്ദേഹത്തെ ഗദ്യകവിയാക്കി, എന്ന് പറയാം.

ഞാൻ ഇനിയും വരും എന്ന ഗദ്യകവിതയുടെ അവസാന വരികൾ നോക്കുക.

"കൈ നിറയെ വിജയവും കാൽനിറയെ ചോരയും കൊണ്ട്
ഞാൻ കയറി വരും.
അന്ന് നീ
ഈ നെറ്റിയിലെ വിയർപ്പു തുടക്കുമോ?
ഈ കവിളിലെ കണ്ണീരൊപ്പുമോ . . . "

പദ്യകവിത ഉപേക്ഷിച്ചതിൽ വാലത്തിനു പിന്നീട് മനസ്താപമുണ്ടാകുകയോ, പദ്യത്തിലേക്കു തിരിച്ചുവരികയോ ഒന്നും ഉണ്ടായില്ല. ഗദ്യകവിതയിൽ കൂടുതൽ സ്വതന്ത്രമായി വിഹരിച്ചു. പതിറ്റാണ്ടുകൾക്ക് ശേഷം പദ്യകവിത ഗദ്യകവിതയിലേക്ക് കൂറുമാറി, ആധുനിക കവിതയായി. അപ്പോഴേക്ക് വാലത്ത് ഗദ്യകവിതയും ഉപേക്ഷിച്ചു കഴിഞ്ഞിരുന്നു. ഗദ്യം മാത്രമായി. അവയെല്ലാം വാലത്തിന്റെ സാഹിത്യജീവിതത്തിലെ ശ്രദ്ധേയമായ പരിണാമഘട്ടങ്ങളായിരുന്നു.

സി. പി. ശ്രീധരന്റെ ഒരു ആസ്വാദനം നോക്കാം.

## ജരാനരയില്ലാത്ത രചന—സി. പി. ശ്രീധരൻ

"ശ്രീ വാലത്തിന്റെ പേരോർക്കുമ്പോൾ ആദ്യമായി മനസ്സിൽ കടന്നുവരിക, അദ്ദേഹത്തിന്റെ ഗദ്യകവിതകളത്രെ. ഗദ്യപദ്യങ്ങളുടെ അംശങ്ങൾ സമന്വയിപ്പിച്ച് കവിത്വത്തിന്റെ ചുട്ടുപൊള്ളുന്ന വികാരവായ്പു പ്രകാശിപ്പിക്കുവാൻ ഉചിതമായ സുപ്രധാന മാധ്യമമായിരുന്നു, ഗദ്യകവിത.

പൊൻകുന്നം വർക്കിയുടെ 'തിരുമുൽക്കാഴ്ച', വി. വി. കെ. വാലത്തിന്റെ 'ഇടിമുഴക്കം' എന്നിവ നമ്മുടെ ഗദ്യകവിതയിൽ കിട്ടാവുന്ന ഏറ്റവും മികച്ച കൃതികളത്രേ. കേശവദേവ് അടക്കമുള്ള ഒന്നാം കിടക്കാരും ഇടത്തരക്കാരുമെല്ലാം അന്നു ഗദ്യകവിതാസരണിയിൽ പയറ്റിക്കൊണ്ടിരിക്കെയാണ് വി. വി. കെ. വാലത്ത് അവിടെ തന്റെ സിംഹാസനം ഉറപ്പിക്കുന്നത്. വാലത്തിൽ ഒരു കവിയും ഗദ്യകാരനും കുടിയിരിക്കുന്നുവെന്ന്, അന്നേ തെളിഞ്ഞു. കമ്മ്യൂണിസ്റ്റു പാർട്ടിയുമായുണ്ടായിരുന്ന

ബന്ധം ഒരു ധിക്കാരിയുടേയും റബലിന്റേയും വിഗ്രഹഭഞ്ജകന്റെയും നിലയിൽ പ്രശ്നങ്ങൾ നോക്കിക്കാണാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഗദ്യകവിതയിൽ നിന്നു ചെറുകഥയിലേക്കും, തീ പാറുന്ന പ്രബന്ധരചനയിലേക്കും കടന്ന്, ഹൃദയാഗ്നി ജ്വാലകൾക്കു വാഗ്രൂപം നൽകിയ വാലത്ത്, സ്വതന്ത്രചിന്തയുടേയും സ്വതന്ത്രമായ ചരിത്രഗവേഷണത്തിന്റെയും പാതയിലേക്കു കടന്നു. മാർക്സിസവും കമ്മ്യൂണിസവും കടന്ന് സ്വന്തം അസ്തിത്വത്തിന്റെ തായ്‌വേരുകൾ കണ്ടെത്താൻ അന്വേഷണവു മായി തിരിച്ചത് ഈ ഘട്ടത്തിലായിരുന്നു.

ആ സത്യാന്വേഷികളുടെ സംഘത്തിൽ ചരിത്രഗവേഷണത്തിൽ സ്വന്തം സംസ്കാരത്തിന്റെ മൂലകന്ദം തേടുന്നതിന്റെ രസാവേശങ്ങൾ പുതിയ യാത്രയിൽ വാലത്തിനെ ഹരം പിടിപ്പിച്ചു. ആദ്യത്തെ ഗദ്യകവിതയിൽ കണ്ട ആ യുവസഹ ജമായ ഊർജ്ജപ്രസാരണം ഈ ചരിത്രാന്വേഷണത്തിലും നമുക്കു കാണാൻകഴി യും.

വാലത്ത് ഏതു രംഗത്തു നിന്നാലും ഏതിനെക്കുറിച്ചെഴുതിയാലും സ്വന്തം ചിന്തയുടേയും മാനസികവ്യാപാരത്തിന്റെയും സത്യസന്ധതയിൽ നിന്നും ആത്മാർ ത്ഥതയിൽ നിന്നും ഉടലെടുക്കുന്ന ഒരുതരം വികാരതീവ്രത അവയെ സചേതനങ്ങളും ക്ഷോഭജനകങ്ങളും ഹൃദയസ്പർശകങ്ങളുമാക്കും. അതുകൊണ്ടാണ് ആ രചനകൾ ക്കു ജരാനര ബാധിക്കാത്ത ഒരു നിത്യയുവത്വം പ്രകടമാകുന്നത്."

സ്വന്തം ചിന്തയുടേയും മാനസികവ്യാപാരത്തിന്റെയും സത്യസന്ധതയിൽ നിന്നും ആത്മാർത്ഥതയിൽ നിന്നും ഉടലെടുക്കുന്ന ഒരുതരം വികാരതീവ്രത, അതൊ ന്നു തന്നെയാണ് വാലത്തിന്റെ സാഹിത്യജീവിതത്തിന്റെ മുഖമുദ്രയും.

## 15

# കമ്യൂണിസ്റ്റ്

1947 മുതൽ 1957 വരെ കമ്യൂണിസ്റ്റ് അനുഭാവിയായി. അക്കാലത്ത് വാലംകര യിൽ കമ്യൂണിസ്റ്റ് അനുഭാവികൾ വേറെയുമുണ്ടായിരുന്നു. വാലംകര ചേരാനല്ലൂ രിന്റെ മോസ്കോ എന്ന് പ്രശസ്തി നേടിയ കാലം. അക്കാലത്ത് സഖാവ് പപ്പൻ ചേട്ടൻ പതിവായി ചേരാനല്ലൂരിലും വാലത്തും രാത്രികാലങ്ങളിൽ സ്റ്റഡിക്ലാസ് എടുക്കുമായിരുന്നു. ക്ലാസ് ഉള്ള ദിവസം വാലത്തിന്റെ വീട്ടിൽ പകല് തന്നെ വിവരമെത്തിക്കും. രഹസ്യത്തിലാണ്. 'ഇന്ന പപ്പൻ ചേട്ടൻ വരും!' വാലത്തിനും കുടുംബത്തിനും സന്തോഷമാണ്. പപ്പൻ ചേട്ടൻ അത്രയ്ക്ക് ആദരണീയനാണ്. കമ്യൂ ണിസത്തിനു വേണ്ടി ജീവിതം ഹോമിച്ചു. പപ്പൻ ചേട്ടൻ അനുഭവിച്ചത്ര പോലീസ് മർദ്ദനവും ജയിൽവാസവും അന്നത്തെ കാലത്ത് പപ്പൻ ചേട്ടന്റെ നിലവാരത്തി ലുള്ള മറ്റാർക്കും നേരിടേണ്ടി വന്നിട്ടില്ല. കൃശോദരിട്ടീച്ചരിന്റെ സഹോദരനും വാലത്തിന്റെ പ്രിയമിത്രവുമായിരുന്നു, സഖാവ് കെ. കെ. പത്മനാഭൻ എന്ന പപ്പൻ ചേട്ടൻ.

അക്കാലത്ത് വാലംകരയിൽ നിന്നു ചേരാനല്ലൂരിലേക്ക് താമസം മാറി. ചേരാ നല്ലൂരിൽ ഹിന്ദുക്കൾ കുറവാണെന്നു പറയാം. ഭഗവതി ക്ഷേത്രത്തോടും മാരാപ്പുരമ്പ് ശിവക്ഷേത്രത്തോടും ചേർന്നുള്ള ഏതാനും നായർ ഭവനങ്ങൾ ഒഴിച്ചാൽ ബാക്കി ചേരാനല്ലൂർക്കാർ മുഴുവൻ ക്രിസ്ത്യാനികളോ മുസ്ലീങ്ങളോ ആയിരുന്നു.

തലമുറകൾക്കു മുൻപ് ചേരാനല്ലൂർ കർത്താവിന്റെ വീട്ടിലെ ഒരു യുവതി അന്യ ജാതിക്കാരനായ ഒരാളുമായി അനുരാഗത്തിലായി. വാർത്തയറിഞ്ഞ കർത്താവ്

ക്ഷുഭിതനായി, ആ അന്യജാതിക്കാരനെ വധിക്കാൻ മട്ടാഞ്ചേരിയിലെ ഏതോ മാപ്പിളമാർക്ക് കല്പന കൊടുത്തു. അവർ ദൌത്യം നിർവഹിച്ചു. ആ അന്യജാതിക്കാരന്റെ ശിരസ്സ് അറുത്ത് കർത്താവിന്റെ കാൽക്കൽ കാഴ്ച വച്ചു. സംപ്രീതനായ കർത്താവു ചേരാനെല്ലൂര നാട്ടുവഴിയുടെ (ഇന്നത്തെ വരാപ്പുഴ മുതൽ 'കോകസന്ദേശ'ത്തിൽ പറയുന്ന പൂകണക്കാവ് ക്ഷേത്രം വരെയുള്ള നാട്ടുവഴി) കിഴക്ക് മഞ്ഞുമ്മൽ പുഴ വരെയുള്ള സ്ഥലം മാപ്പിളമാർക്ക് കരമൊഴിവായി സമ്മാനം നൽകി. അങ്ങനെയാണ് ചേരാനല്ലൂരിൽ മുസ്ലിങ്ങൾ വന്നതെന്ന് അന്ന് കൊല നടത്തിയ മാപ്പിളയുടെ അനന്തര തലമുറയിൽപെട്ട മംഗലശ്ശേരി നൈന അബ്ബാസ് മകൻ റിട്ട. അദ്ധ്യാപകൻ എം. എ. അബ്ദുൽഖാദർ മാസ്റ്റർ ഈ ലേഖകനോട് നേരിട്ട് പറഞ്ഞിട്ടുള്ളതാണ്. ആദ്യകാലത്ത് എത്തിച്ചേർന്ന മുസ്ലിങ്ങൾ പിൽക്കാല ജന്മികളുമായി.

മേല്പറഞ്ഞ മുസ്ലിങ്ങളും ക്രിസ്ത്യാനികളും കറകളഞ്ഞ കോൺഗ്രസ്സുകാരായിരുന്നു. കടുത്ത കമ്മ്യൂണിസ്റ്റ് വിരോധികളും. അവർക്കിടയിൽ കമ്മ്യൂണിസ്റ്റായി വാലത്ത് ജീവിച്ചു. ജീവിച്ചു എന്നല്ല, പോരടിച്ചു എന്ന് പറയണം. കാരണം, ഉപരോധം കൊണ്ട് വാലത്തിനെ അവർ ശ്വാസം മുട്ടിച്ചിരുന്നു. 'കമ്മൂണിസ്റ്റ്' എന്ന് അവഹേളിച്ചു. കുടിവെള്ളം വിലക്കി. അക്കാലത്ത് അവിടെ ക്രിസ്ത്യാനികളിൽ രണ്ടേരണ്ടു കമ്മ്യൂണിസ്റ്റുകളെ ഉണ്ടായിരുന്നുള്ളൂ . . . ഒരാൾ സഖാവ് പീറ്റർ വാര്യത്ത്. അടുത്തയാൾ സഖാവ് സേവിയർ. സഖാവ് എന്ന വിളി പരിഹസിച്ചു വിളിക്കുന്നതാണ്. ഈ മൂവരുമാണ് അന്നത്തെ കമ്മ്യൂണിസ്റ്റുകാർ. 1957-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വാലത്ത് ആദ്യമായും അവസാനമായും കമ്മ്യൂണിസ്റ്റ് പാർടി സ്ഥാനാർഥിയായി മൽസരിച്ചു മൂന്നു വോട്ടിനു തോറ്റു. ഒരു കോൺഗ്രസ് കോട്ടയിൽ കയറി മാറ്റുരയ്ക്കാൻ കാണിച്ച ചങ്കൂറ്റവും മൂന്നു വോട്ടിന്റെ പരാജയവും വാലത്തിനു ഒരു കരുത്തുറ്റ പ്രതിച്ഛായ സമ്മാനിച്ചു.

# 16

## അയയ്ക്കാഞ്ഞ കത്ത്

1948 സെപ്തംബർ 18-ന ടി. ടി. സി. യ്ക്ക് പരിശീലനം ആരംഭിച്ചു. അദ്ധ്യാപകജീവിതത്തിലേക്കുള്ള ആദ്യ ചുവടുവയ്പ്പായിരുന്നു, അത്. അദ്ധ്യാപകപരിശീലന കാലഘട്ടത്തിൽ വാലത്ത് ധാരാളം ചെറുകഥകളും ഒരു നോവലും എഴുതി. ചെറുകഥ എന്ന പേരിൽ കൊല്ലത്ത് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന മാസികയിൽ വൈക്കം മുഹമ്മദ് ബഷീർ, ഉറൂബ്, ടാറ്റാപുരം സുകുമാരൻ, തോമസ് പള്ളിക്കൽ, തോമസ് പാലാ, എം. ടി. വാസുദേവൻ നായർ എന്നിവരോടൊപ്പം സ്ഥിരമായി വാലത്തിന്റെ ഓരോ കഥയും പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ 'ഇവിടെ ഒരു കാമുകൻ മരിക്കുന്നു' എന്ന നോവലും. ഒരു ഭഗ്നപ്രണയത്തിന്റെ ദുഃഖസ്മരണകൾ അടിത്തറയിട്ട പ്രമേയമായത് കൊണ്ടാകാം ശീർഷകം കാമുകന്റെ മരണത്തിൽ കലാശിച്ചത്. ഇനി വണ്ടി ഇല്ലാ, അയയ്ക്കാഞ്ഞ കത്ത് എന്നീ രണ്ടു കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. അയയ്ക്കാത്ത കത്ത് 18/9/1948-ൽ ജയകേരളം മാസികയിലാണ് ആദ്യം വെളിച്ചം കണ്ടത്. ഇതിവൃത്തം രണ്ടിലും ഒറ്റവാക്കിൽ പ്രേമപരാജയം ആണെന്ന് പറയാം.

1949-ൽ ടി. ടി. സി. പൂർത്തിയാക്കി ചേരാനല്ലൂർ അൽ ഫറൂഖ്യ ഹൈസ്കൂളിൽ അദ്ധ്യാപകനായി. അക്കാലത്ത് കേരള എം. എൽ. സി. (നിയമസഭാ കൌൺസിൽ അംഗം) ആയിരുന്ന വി. കെ. കുട്ടിസാഹിബ് ആയിരുന്നു സ്കൂൾ മാനേജർ. ജീവിതത്തിനു ഒരടുക്കും ചിട്ടയും കൈവന്നു. വീട്ടിൽ നിന്ന് ജോലിയ്ക്ക് നടന്നു പോയി വരാം. ആ ജോലിയിൽ തുടർന്നു 1973-ൽ സർവീസിൽ നിന്ന് വിര

മിച്ചു. സാമൂഹ്യശാസ്ത്ര അദ്ധ്യാപകനായി ഏതാണ്ട് 24 വർഷം ജോലി ചെയ്തു. ഒരു വിദഗ്ദ്ധ അദ്ധ്യാപകനായിരുന്നു എന്ന് ആരും പറഞ്ഞു കേട്ടിട്ടില്ല. പക്ഷെ, ലോകചരിത്രകാര്യങ്ങളിൽ വാലത്ത് മാഷ് തികഞ്ഞ പണ്ഡിതനാണ്. ആ നാളുകളിൽ കേരളത്തിൽ അങ്ങോളമിങ്ങോളം അദ്ദേഹം പ്രസംഗകനായിരുന്നു. ഒരു സാമൂഹ്യശാസ്ത്ര അദ്ധ്യാപകന് അക്കാലത്ത് വിദ്യാലയത്തിൽ നിർവഹിക്കേണ്ട ചുമതലകൾക്കപ്പുറം വാലത്ത് തന്റെ സാഹിത്യപ്രവർത്തനങ്ങൾക്കാണ് കൂടുതൽ സമയം ചെലവഴിച്ചത്. ഉപജീവന മാർഗ്ഗം അദ്ധ്യാപനം ആയിരുന്നു എങ്കിലും അദ്ദേഹം വിദ്യാലയത്തിൽ ഒതുങ്ങിക്കൂടിയില്ല. തനിക്കു എന്തൊക്കെയോ ഗൌരവതരമായ പ്രവർത്തനങ്ങൾ ചെയ്യാനുണ്ടെന്നും താൻ വേറിട്ട വ്യക്തിത്വമാണെന്നു അദ്ദേഹം വിശ്വസിച്ചു. അതാണ് അദ്ദേഹത്തെ മറ്റ് അദ്ധ്യാപകരിൽ നിന്ന് വ്യത്യസ്തനാക്കിയത്.

# 17

## ഉദ്യാനപാലകൻ

ആദ്യകാലശിഷ്യ, മുൻ ചേരാനെല്ലൂർ ഗ്രാമപഞ്ചായത് അംഗം, കാരിക്കാട്ട് സരസ്വതി പതിവായി പറയുമായിരുന്നു, 'ഞങ്ങൾ സാരിയുടുത്ത വലിയ പെൺകുട്ടികളാണ് ക്ലാസ്സിലിരിക്കുന്നത്. ഞങ്ങടെ അടുത്ത് വരാൻ മാഷിനു പേടിയാണ്. ബോർഡിന്റെ അടുത്ത് നിന്ന് ഈസ്റ്റ് ഇന്ത്യാ കമ്പനി, വട്ടമേശ, നീളൻമേശ, മൌണ്ട്ബാറ്റൻ എന്നൊക്കെ പറയും. ഞങ്ങൾക്കൊന്നും മനസ്സിലാവില്ല. പിറ്റേന്ന് ചോദ്യം ചോദിക്കുമ്പോൾ ഉത്തരം പറഞ്ഞില്ലെങ്കിൽ അല്ലെങ്കിൽ എല്ലാരും കൂടി ചിരിച്ച് ബഹളമുണ്ടാക്കിയാൽ വടിയുമായി തല്ലാൻ വരും. അപ്പോൾ ഞാൻ ഒളിച്ചു പിടിച്ച ഒരു റോസാപ്പൂ എടുത്തു ഉയർത്തി കാണിക്കും. അതോടെ മാഷിന്റെ ദേഷ്യം തീർന്നു. പൂക്കൾ മാഷിനു ജീവനാണ്. വലിയ ചുവന്ന പനിനീർപ്പൂവാണെങ്കിൽ ഭേഷായി.'

വീട്ടിൽ വാലത്തിനു ഒരു റോസ് ഗാർഡൻ ഉണ്ടായിരുന്നു. നിറയെ പൂക്കളും. എത്ര തരം ഹൈഡ്രാഞ്ചിയ ഉണ്ട് എന്നു ചോദിച്ചാൽ, എത്ര തരം റോസുണ്ട് എന്ന്, ചോദിച്ചാൽ ഉത്തരം കൃത്യമായി പറയും. അതേസമയം മാഷിന്റെ മൂത്ത മകൻ ഏതു ക്ലാസ്സിൽ പഠിക്കുന്നു, എന്നു ചോദിച്ചാൽ മാഷ് സംശയത്തിലാകും. നാലിലോ, അതോ അഞ്ചിലോ? ഭാര്യയെ വിളിക്കും. 'ക്രിശോ . . . മോപസാങ്ങ് ഏതു ക്ലാസ്സിലാണെന്നു പറഞ്ഞു കൊടുക്കൂ.' അതാണ് വീടുമായുള്ള ബന്ധം. എങ്ങും പിടിക്കാത്ത ഏതു ചെടിയും മാഷ് നട്ടു പിടിപ്പിക്കും. പൂവിടീക്കും. പൂക്കൾ എല്ലാവരെയും കാണിച്ചുകൊടുക്കും. പറിക്കാൻ സമ്മതിക്കില്ല. ചത്താലും ഒരു പൂവ് ആർക്കും

കൊടുക്കില്ല. ഒഴിവാക്കാനാവാത്തവർക്ക് ഒന്നോ രണ്ടോ തണ്ടുകൾ മുറിച്ചു കൊടുക്കും. എന്നിട്ട് ഉപദേശിക്കും: 'നട്ടാൽ മാത്രം പോരാ. നനയ്ക്കണം. സംരക്ഷിക്കണം. നിത്യവും രാവിലെ എടുത്തു വേര് വന്നോ എന്ന് നോക്കണം.'

ഒരിക്കൽ വാലത്തിനു എവിടെ നിന്നോ ഒരു ചെടി കിട്ടി. എന്ത് ചെടിയാണെന്നറിയില്ല. കൊടുത്തയാൾ പറഞ്ഞുമില്ല. നട്ടചെടി നിത്യവും എടുത്തു വേരു വന്നോ എന്ന് നോക്കി ഇളിഭ്യനായ ആരോ ഒരു പണി കൊടുത്തതാണ്. കൊടുത്തു ശീലമില്ലാത്ത ശുദ്ധനായത് കൊണ്ട് കിട്ടിയത് 'പണി' ആണെന്ന് വാലത്ത് അറിഞ്ഞതുമില്ല. വേണ്ട പരിചരണങ്ങൾ കൊടുത്തപ്പോൾ ചെടി ഉഷാറായങ്ങു വളർന്നു. പൂവോ കായോ ഇല്ല. ഇലകൾക്ക് നല്ല നീലനിറം വെച്ചു. അങ്ങനെയിരിക്കെ ചെടി മൊട്ടിട്ടു. ചെറിയ മൊട്ടുകൾ. വാലത്ത് ആകാംക്ഷയോടെ കാത്തിരിക്കുകയാണ്, വിരിയുമ്പോൾ പൂവ് എങ്ങനെയിരിക്കുമെന്ന് ഊഹിക്കും. നിറം, മണം, വലുപ്പം ഇതൊക്കെ ഭാവനയിൽ കാണും. അന്ന് ഭാര്യ കൃശോദരിയുടെ സഹപ്രവർത്തകയും ഭർത്താവും വാലത്തിന്റെ വീട്ടിൽ ഏതോ ആവശ്യത്തിനു വന്നു. ഭർത്താവ് പോലീസുകാരനാണ്. അകത്തുകയറി ഇരിക്കാൻ ക്ഷണിച്ചിട്ടും പോലീസുകാരൻ അതിഥി മുറ്റത്തു നിന്ന് അകത്തേയ്ക്ക് കയറുന്നില്ല. ചവിട്ടു പടിക്കൽ നിന്ന് മണം പിടിക്കുകയാണ്. എന്നിട്ട് മുറ്റത്തെ ചെടികൾക്കിടയിലൂടെ സൂക്ഷ്മ നിരീക്ഷണം നടത്തി. മിനിട്ടുകൾക്കുള്ളിൽ തൊണ്ടി കണ്ടെടുത്തതുപോലെ പുതിയ ചെടിയുടെ അടുത്തെത്തി. ഒരിലയും മൊട്ടും എടുത്തു തിരുമ്മി മണപ്പിച്ചു. വാലത്ത് അഭിമാനത്തോടെ പുഞ്ചിരിക്കുകയാണ്. പോലീസുകാരൻ ചോദിച്ചു.

'ഇതേതാ, ചെടി?'

'അറിയില്ല. ഒരു പുതിയ ചെടിയാണ്.' പോലീസുകാരൻ അത് കേട്ട് ഉറക്കെ ചിരിച്ചു. വാലത്ത് മാഷിനെ അയാൾക്ക് ബഹുമാനമാണ്. അയാൾ ശബ്ദം താഴ്ത്തി പറഞ്ഞു. 'ഇതിനെ വേരോടെ പിഴുതെടുത്ത് ഒരു കുഴിയുണ്ടാക്കി അതിലിട്ട് മണ്ണിട്ട് മൂടണം. ഇന്ന് തന്നെ. ഇപ്പോൾ തന്നെ. മനസ്സിലായോ? ഇല്ലെങ്കിൽ വാലത്ത് മാഷ് ജയിലിൽ പോകും. പോണോ?' ഏതാണ് ചെടിയെന്നു പോലീസുകാരൻ വാലത്തിന്റെ കാതിൽ അടക്കം പറഞ്ഞു. വാലത്ത് മൂക്കത്ത് വിരൽ വെച്ച് പോയി. ഇതിനെയാണോ ഇത്രയും ദിവസം ആറ്റു നോറ്റു വളർത്തിയത്?! വാലത്ത് അപ്പോൾതന്നെ ആ ചെടി പിഴുതെടുത് കുഴിച്ചുമൂടി.

# 18

## ഒരു തല്ല കേസ്

ചേരാനല്ലൂർ അൽ ഫറൂഖ്യാ ഹൈസ്കൂളിൽ ജോലി ചെയ്തിരുന്ന നാളുകളിൽ വാലത്ത് നേരിട്ട ഗുരുതരമായ പ്രശ്നമായിരുന്നു, തല്ല കേസ്. സ്കൂളിൽ സഹപ്രവർത്തകനായ ഒരു അറബി മൌലവിയെ വാലത്ത് തല്ലി, എന്നതാണ് കേസ്. സത്യാവസ്ഥ ആർക്കുമറിയില്ല. മൌലവിയെ തല്ലിയെന്നത് കേട്ട് മുസ്ലിങ്ങൾ സംഘടിച്ചു. വാലത്തിനെ കൈകാര്യം ചെയ്യാൻ പറ്റിയ അവസരമായി അവർ തല്ലകേസ് എടുത്തു. ബഹളമായി. പള്ളിയിലും വീടുകളിലും വെച്ച് കൂടിയാലോചനകൾ നടന്നു. പോലിസ് സ്റ്റേഷനിൽ പരാതിയെത്തി. കടുത്ത കമ്മ്യൂനിസ്റ്റ് വിരോധികളായ ചില മുസ്ലിങ്ങൾ ഒത്തുതീർപ്പിനു നിൽക്കാതെ കോടതിയിൽ ക്രിമിനൽ കേസ് കൊടുക്കാനുള്ള ശ്രമത്തിലായി. പക്ഷെ, മുസ്ലിം സമൂഹം വലിയ പ്രതിസന്ധിയിലായിരുന്നു. വാലത്ത് പ്രതികരിക്കുന്നില്ല, എന്നതായിരുന്നു പ്രശ്നം. വാലത്തിന്റെ പിന്നിൽ ആരും അണിനിരക്കുന്നുമില്ല. മതപരമായോ, രാഷ്ട്രീയമായോ, പ്രാദേശികമായോ വാലത്തിനു വക്കാലത്തുമായി ആരും സഹായത്തിനില്ല. ഒറ്റയാൾ പോരാട്ടം നടത്തുകയാണ്. ആൾ സമൂഹത്തിൽ മാന്യനാണ്. അദ്ദേഹം മൌലവിയെ തല്ലുന്നത് ആരും കണ്ടിട്ടുമില്ല. പരാതിക്കാർ പുലിവാല് പിടിച്ച അവസ്ഥയായി. വാലിൽ പിടിച്ചുപോയി. ഇനി വിടാൻ കഴിയില്ല. ആ ദിവസങ്ങളിൽ ഒരു ആരോപണം കൂടി ഉയർന്നു വന്നു. ‘സ്കൂളിൽ വിദ്യാർഥികൾ ഇരിക്കുന്ന ബെഞ്ചുകളിൽ വാലത്തുമാഷ് നായിങ്കരണപ്പൊടി ഇുകി!. വിദ്യാർഥികൾ ആസനം ചൊറിഞ്ഞു നെട്ടോട്ടമായി!.’ പൊതുജനമദ്ധ്യത്തിൽ വാലത്ത്

തേജോവധം ചെയ്യപ്പെടുകയായിരുന്നു. വാലത്ത് പിറ്റേന്ന് തന്നെ നോട്ടീസടിച്ചു, നായിങ്കരണപ്പൊടി സംഭവത്തിൽ തനിക്കു പങ്കില്ലെന്ന് നാട്ടാരെ അറിയിച്ചു. കേസ് വിചാരണ അടുത്തു. വാലത്തിനു സമൻസ് കിട്ടി. ചേരാനല്ലൂർ മുസ്ലീം പള്ളിയിലെ മുഖ്യപുരോഹിതന്റെ രണ്ടു പെണ്മക്കളാണ് കേസിലെ ദൃക്സാക്ഷികൾ. വാലത്തു മാഷ് അറബി മൌലവിയെ തല്ലുന്നത് അവർ കണ്ടിരിക്കുന്നു! പോരെ? കുട്ടികളെ മൌലവിമാർ മാറിമാറി പരിശീലിപ്പിക്കുകയായിരുന്നു. വാലത്ത് മാപ്പ് പറഞ്ഞാൽ കേസിൽ നിന്ന് രക്ഷിക്കാം എന്നായി. വാലത്ത് മാപ്പ് പറയണമെങ്കിൽ കാക്ക മലർന്നു പറക്കണം! വിചാരണയ്ക്ക് രണ്ടു ദിവസം മുമ്പ് ഒരു രാത്രിയിൽ അലിയാരു കുഞ്ഞ് എന്നൊരു മുസ്ലീം പ്രമാണി രഹസ്യമായി വാലത്തിനെ വന്നു കണ്ടു. അദ്ദേഹത്തിന് ഒരു കാര്യത്തിന്റെ നിജസ്ഥിതി അറിയണം. സത്യത്തിൽ മാഷ് മൌലവിയെ തല്ലിയിട്ടുണ്ടോ? താൻ മൌലവിയെ എന്നല്ല, ആരെയും തല്ലിയിട്ടില്ല, എന്ന് വാലത്ത് ഉറന്നു പറഞ്ഞു. അലിയാര് കുഞ്ഞു ഉടനെ മടങ്ങിപ്പോയി.

വിചാരണ ദിവസം സമാഗതമായി. പോലീസിന്റെ സാന്നിദ്ധ്യത്തിൽ സ്കൂൾ ഓഫീസ്സിൽ കോടതി കൂടി. വാലത്ത് അക്ഷോഭ്യനായി പ്രതിസ്ഥാനത്ത് നിന്നു. വാലത്തിനു വക്കീൽ ഇല്ല. സാക്ഷികളായ രണ്ടു പെൺകുട്ടികളും ഹാജരായി.

വിസ്താരം തുടങ്ങി.

പോലീസിനോട് സത്യം മാത്രമേ പറയാവൂ. ഇദ്ദേഹത്തെ അറിയുമോ?

അറിയാം ഞങ്ങടെ മാഷാണ്.

മാഷ് മൌലവിയെ തല്ലുന്നത് നിങ്ങൾ കണ്ടോ?

ഇല്ല.

തല്ലുന്നത് നിങ്ങൾ കണ്ടു എന്നാണല്ലോ പരാതി?

അത് ബാപ്പ പറഞ്ഞു, കണ്ടെന്നു പറയാൻ.

അപ്പോൾ മൌലവിയെ തല്ലിയില്ലേ?

ഇല്ല.

ഇപ്പോൾ ഇങ്ങനെ മാറ്റിപ്പറയാൻ എന്താൻ കാരണം.

പോലീസിനോട് നുണ പറഞ്ഞാൽ ലാത്തികൊണ്ട് അടിയ്ക്കുമെന്നു പറഞ്ഞു.

ആര്?

ഒരിയ്ക്കാക്കാ.

കേസ് തീർന്നു. ആൾക്കൂട്ടം പിരിഞ്ഞു.

അലിയാര് കുഞ്ഞിനെ വാലത്ത് അവിടെയെല്ലാം നോക്കിയെങ്കിലും എങ്ങും

കണ്ടില്ല. പിന്നീട് ചേരാനല്ലൂരിലെ മുസ്ലിം സമൂഹം വാലത്തിനെ സ്നേഹാദരങ്ങളോടെ ഉൾക്കൊള്ളുകയായിരുന്നു.

# 19

# ഗാന്ധിജി—ബൂർഷ്വാസംസ്കാരത്തിന്റെ ശങ്കരാചാര്യർ

1943 ഒക്ടോബർ 3-ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വാലത്ത് ഒരു ലേഖനമെഴുതിയിരുന്നു. പിന്നീടു വന്ന 'മിന്നൽ വെളിച്ചം' എന്ന കൃതിയിൽ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്നായിരുന്നു അതിന്റെ തലക്കെട്ട്. ഒരു ഗാന്ധിജീസ്തുതി... പിന്നീട് കേന്ദ്ര സാഹിത്യ അക്കാദമിയുടെ പ്രസിദ്ധീകരണത്തിൽ അതിന്റെ ഹിന്ദി പരിഭാഷയും വന്നു. തന്റെ തന്നെയായ ആ സൃഷ്ടിയെ ഒന്നു പുന:പരിശോധന ചെയ്യാൻ തന്നെ അനുവദിക്കണം എന്ന മുഖവുരയോടെ, ഗാന്ധിജിയെക്കുറിച്ചുള്ള ധാരണകളിൽ വലിയ പൊളിച്ചെഴുത്ത് നടത്തിക്കൊണ്ട് എഴുതിയതാണ് 'ഗാന്ധിജി—ബൂർഷ്വാ സംസ്കാരത്തിന്റെ ശങ്കരാചാര്യർ' എന്ന ലേഖനം.

## ഗാന്ധിജി—ബൂർഷ്വാസംസ്കാരത്തിന്റെ ശങ്കരാചാര്യർ

(1951 ജനവരി 14 തിങ്കളാഴ്ച വിരാട് പത്രം പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പൂർണ്ണ രൂപം)

1943 ഒക്ടോബർ 3-ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഞാനൊരു ലേഖനമെഴുതിയിരുന്നു. പിന്നീടു വന്ന 'മിന്നൽ വെളിച്ചം' എന്ന കൃതിയിൽ ' ഇരുപതാം നൂറ്റാണ്ടിന്റെ വെളിച്ചം' എന്നായിരുന്നു അതിന്റെ തലക്കെട്ട്. ഒരു ഗാന്ധിജീസ്തുതി... എന്റെ തന്നെയായ ആ സൃഷ്ടിയെ ഒന്നു പുന:പരിശോധന ചെയ്യാൻ എന്നെ അനു

വദിക്കണം. അതിനു മുമ്പായി, ആ ഭംഗിയുള്ള തലക്കെട്ടിൽ ഒരു കവിത രചിക്കാൻ എന്നെ പ്രേരിപ്പിച്ച രണ്ടു കാരണങ്ങളെപ്പറ്റിയും രണ്ടു വാക്കു പറയുവാനുണ്ട്.

ഒന്ന്, ഞാൻ ബ്രിട്ടിഷുകാരന്റെ അടിമയാണെന്നത്. രണ്ട്, ഞാൻ ദരിദ്രനാണെന്നത്. എന്റേയും എന്റെ അന്ധകാരമയമായ എല്ലാ ചുറ്റുപാടുകളുടേയും പശ്ചാത്തലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വം വഹിച്ച് സ്വാതന്ത്ര്യത്തിനു വേണ്ടി സമരം നടത്തിയ ഗാന്ധിജിയെ ഞാൻ സൂക്ഷിച്ചുനോക്കി. ഓരോ ഖദർക്കുപ്പായത്തിന്റെയും ഉള്ളിൽ നിന്ന് പ്രസംഗപീഠത്തിലേയ്ക്ക് ഉതിർന്നു വീണ ശബ്ദങ്ങളുടെ അർത്ഥം ഞാൻ മനസ്സിലാക്കിയിരുന്നു.

"നമ്മുടെ മാതൃഭൂമി ഇന്ത്യയാണ്. ഇന്ത്യയെ ബ്രിട്ടീഷുകാർ കൊള്ളയടിച്ചു തിന്നുകൊഴുക്കുന്നു. അതുകൊണ്ട് ഇന്ത്യാക്കാർ പട്ടിണി കിടക്കുന്നു. "

ബ്രിട്ടീഷുകാരെ ഓടിക്കാൻ കഴിയുക എന്നാൽ ഇന്ത്യാക്കാരനായ എന്റെ വീട്ടിലെ പട്ടിണിയെ ഓടിക്കുകയാണർത്ഥമെന്ന് പാവപ്പെട്ട ഞാൻ വിശ്വസിച്ചു. വ്യാവസായികമായി അവർ ചെയ്യുന്ന കൊള്ളയെ മറ്റൊരു രൂപത്തിലും കോൺഗ്രസ്സിന്റെ സത്യദൂതന്മാർ വ്യാഖ്യാനിച്ചു തന്നിരുന്നു.

. . . ബ്രിട്ടീഷുകാർ ഇന്ത്യയിലെ അസംസ്കൃതസാധനങ്ങൾ കൊള്ളയടിക്കുന്നു. ഇന്ത്യയിലെ പഞ്ഞിയെല്ലാം ഋത്തുവാരി അവർ ലങ്കാഷെയറിൽ വെച്ചു തുണിയാക്കി, ഇന്ത്യയുടെ കമ്പോളത്തിലൂടെ പണം വാരുന്നു.

അങ്ങനെ ഒരു ദിവസം ആ വ്യസനമയമായ പരമാർത്ഥം എന്നേയും ഖദറുടുപ്പിച്ചു ഇന്ത്യയിൽ ലങ്കാഷയറുകൾ ഉണ്ടാകാത്തതിന്റെ രഹസ്യവും ഇന്ത്യയിലെ തൊഴിലില്ലായ്മയുടേയും പട്ടിണിയുടേയും രഹസ്യവും എനിക്കു മനസ്സിലായി.

അപ്പോൾ ഇന്നേയ്ക്ക് ഏഴുകൊല്ലം തികച്ചും കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ ഇവിടെ എന്തെല്ലാം നടന്നു. . . ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്ന് ഓടിയ്ക്കപ്പെടുകയോ, ഓടുകയോ, അല്ല, ഇന്ത്യയ്ക്കു കൈ കൊടുത്തു ഗുഡ് ബൈ പറഞ്ഞ് സാവധാനം പോകുകയാണുണ്ടായതെന്ന് ഒരു പക്ഷേ, നിങ്ങൾ തിരുത്തിയേക്കാം, ശരി, ഏതായാലും അവർ പോയി.

ഗാന്ധിജിയുടെനേട്ടം ചരിത്രം രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ ബ്രിട്ടീഷുകാരൻ പോയിട്ടും നമ്മുടെ പട്ടിണി പോയില്ല. എന്നല്ല, ബ്രിട്ടീഷുകാരന്റെ കീഴിൽ പോലും ഇല്ലാതിരുന്ന കൊടും മർദ്ദനവും നമ്മെ കുഴിച്ചുമൂടാൻ തുടങ്ങി.

നാം സ്വതന്ത്ര ഭാരതത്തിന്റെ സന്താനങ്ങളാണെന്നു കൂടി നമുക്കിന്നു പറയാൻ

ലജ്ജ തോന്നുന്നു. ഇന്ത്യൻ സ്വാതന്ത്ര്യം വെറും നുണയാണെന്ന് ചിലപ്പോഴൊക്കെ തോന്നിപ്പോകുന്നു. ഇതിന്റെ കാരണമാരായാൻ നമുക്ക് അവകാശമുണ്ട്.

ഇന്നു പ്രത്യക്ഷത്തിൽ വെള്ളക്കാരൻ നമ്മുടെ പത്തായംകൊള്ളയടിക്കുന്നുവെന്നു ആരും ആരോപിക്കുന്നില്ല. എന്നാൽ നമ്മുടെ ഭക്ഷണമെവിടെ? നമ്മുടെ സൗഖ്യവും സമാധാനവും ക്ഷേമവും ആരു തട്ടിപ്പറിച്ചു?

എന്റെ മുന്നിൽ ഭാവനയില്ല. കവിതയില്ല, പ്രതീക്ഷയില്ല. എന്നാൽ, ഒരൊറ്റ പരമാർത്ഥം മാത്രം ഉണ്ട്. – ഞാൻ എല്ലാ വഴികളിലും കൂടി കൊല്ലപ്പെട്ടിരിക്കുന്നു.

സ്വതന്ത്ര ഇന്ത്യയിലെ ധീരപൗരനെന്ന ബഹുമതിയ്ക്കർഹതയുള്ള ഓരോ പാവപ്പെട്ടവനും വെറും തിണ്ണയിൽ കൈകാലിട്ടടിച്ചു അന്ത്യശ്വാസം വലിക്കുമ്പോൾ, ഇന്ത്യയുടെ രാജകീയ ഗാംഭീര്യങ്ങളുടെ ഉത്തുംഗസൗധങ്ങളുടെ വാതായനങ്ങളിൽ നിന്നു ഗാന്ധിജിയെക്കുറിച്ചുള്ള സ്തോത്രഗീതങ്ങൾ ഉതിർന്നു വീഴുന്നുണ്ട്.

## ഗാന്ധിജി ആരുടെ ആൾ?

അധ്വാനിക്കുന്നവരും കഷ്ടപ്പെടുന്നവരും അനുനിമിഷം അടിച്ചുവീഴ്ത്തപ്പെടുന്നു. അവരുടെ വിയർപ്പും കിതപ്പും ജീവനും ചൂഷണം ചെയ്യപ്പെടുന്നു. അവരുടെ പരാതികൾക്ക് ലോക്കപ്പും ജയിലും വെടിയുണ്ടയും മറുപടി പറയുന്നു. സ്വതന്ത്ര ഇന്ത്യയിലെ ഓരോ തെരുവീഥിയും അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ കട്ടച്ചോരയുടെ ചുവന്ന പനിനീർപ്പൂക്കൾ കൊണ്ടാണിന്ന് അലങ്കരിക്കപ്പെട്ടിരിക്കുന്നത്. ഓരോ മൺതരിയിലും മർദ്ദനത്തിന്റെ ഓരോ മഹനീയ കഥ അന്തർലയിച്ചിട്ടുണ്ട്. നട്ടാപ്പകലും നടുക്കുറുപാതിരകൾ വാപിളർത്തി നിൽക്കുന്ന ചുറ്റുപാടിൽ—ഞാൻ അന്നു കണ്ട ഇരുപതാം നൂറ്റാണ്ടിന്റെ വെളിച്ചം എവിടെയാണെന്നു ചോദിക്കേണ്ടിയിരിക്കുന്നു. ആ വെളിച്ചം . . . അത് എനിക്കു വേണ്ടിയായിരുന്നില്ല. അത് മറ്റു ചിലർക്കു വേണ്ടി മാത്രമായിരുന്നു . . .

ഈ പേടിപ്പെടുത്തുന്ന അർധരാത്രിയുടെ വ്യസനമയമായ നിഴൽപ്പാടിൽ ആ വെളിച്ചത്തിന്റെ ആവേശം പകർന്നു കൊടുത്ത അനവധി വിളക്കുകൾ എരിഞ്ഞുകൊണ്ടിരുന്ന എടുപ്പുകൾ ദൽഹിയിലേയും ബോംബേയിലേയും തെരുവീഥികളിൽ ഉയർന്നു നിൽക്കുന്നത് ഞാൻ കാണുന്നുണ്ട്.

ഇപ്പോൾ ഗാന്ധി ആരെന്ന് എനിക്കു മനസ്സിലായി. ബ്രിട്ടീഷുകാരന്റെ സ്ഥാനത്ത് ഇന്ത്യൻ ബൂർഷ്വാസിയെ പ്രതിഷ്ഠിച്ച് അവന്റെ ചൂഷണത്തിന് ഇന്ത്യൻ ജനതയെ വിട്ടുകൊടുത്ത മഹാത്മാവാണ്, ഗാന്ധിജി. ഞാനിതു പറയുമ്പോൾ

നിങ്ങൾ എന്നോടു കോപിക്കുമെന്ന് എനിക്കറിയാം. പക്ഷെ, ഇന്ത്യൻ ഭരണാധിവർഗ്ഗം ഗാന്ധിജിയുടെ സ്തുതിഗീതങ്ങൾ പാടിക്കൊണ്ടാണ് മുന്നോട്ടു വന്നതും മുന്നോട്ടു പോകുന്നതുമെന്ന് മനസ്സിലാക്കണം. പ്രോലിട്ടേറിയൻ സംസ്കാരത്തിന്റെ ഐതിഹാസികമായ വിപ്ലവത്തിന്റെ ദൃഷ്ടിയിൽ അദ്ദേഹം ആരുമല്ല. അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനു വിഘാതമുണ്ടാക്കുന്ന പഴഞ്ചൻ വേദാന്തത്തിന്റെ ജനയിതാവായിരുന്നു, അദ്ദേഹം . . .

## രാമരാജ്യ സോഷ്യലിസം

ദാരിദ്ര്യവും പട്ടിണിയും മാറ്റാൻ മതം നാളിതുവരെ ഉപദേശിച്ചുകൊണ്ടിരുന്ന ഔഷധങ്ങളിൽ കവിഞ്ഞൊന്നും ഗാന്ധിജിയ്ക്കു തരുവാനുണ്ടായിരുന്നില്ല. ഗാന്ധി ചരിത്രത്തിന്റെ തന്നെ വിരോധാഭാസമാണ്. പട്ടിണിയും ദാരിദ്ര്യവും പരിഹരിക്കാനുള്ള സംരംഭത്തിൽ ശാസ്ത്രീയമായ, ചരിത്രപരമായ വ്യാഖ്യാനം കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്നാൽ, അദ്ദേഹത്തിനു മുമ്പു തന്നെ, ലോകത്തിലാദ്യമായി കാറൽ മാർക്സ് തന്റെ വിപ്ലവകരമായ തത്ത്വശാസ്ത്രം പ്രഖ്യാപിച്ചിരുന്നു.

1917-ലെ റഷ്യൻ വിപ്ലവം ആ തത്ത്വത്തെ ചരിത്രത്തിന്റെ തലയ്ക്കൽ യാഥാർത്ഥ്യമാക്കി. പക്ഷേ, ഗാന്ധിയുടെ ആർഷവും പാവനവുമായ പൂണുനൂൽ, മാർക്സിയൻ ചിന്താഗതിയെ തീണ്ടി അശുദ്ധമായിരുന്നില്ല. ഭഗവത്ഗീതയും ഉപനിഷത്തും രാമരാജ്യവും കൊണ്ട് കാലം കഴിച്ചിരുന്ന അദ്ദേഹം പഴകി ദ്രവിച്ച നൂറ്റാണ്ടുകളെ ആധുനിക യുഗത്തിന്റെ തലയ്ക്കൽ അടിച്ചിരുത്താൻ യത്നിച്ചു. മറ്റാർക്കും കഴിയാത്ത വ്യത്യസ്തമായ തന്റെ വ്യക്തിമഹത്വം കൊണ്ട് അദ്ദേഹത്തിനത് എളുപ്പം സാധിക്കുകയും ചെയ്തു.

ഒരു കണക്കിൽ ഇന്ത്യയിൽ ഉണർന്നുവന്നുകൊണ്ടിരുന്ന തൊഴിലാളി സമരത്തെ ആന്തരികമായി പിന്തിരിപ്പിച്ച ഒരു അണ്ടർകറന്റായിരുന്നു, ഗാന്ധി.

യഥാർത്ഥ സോഷ്യലിസത്തിന്റെ ജൻമമെടുക്കലിനെ പിന്നിൽ നിന്നു കുത്താനുള്ള അഞ്ചാംപത്തികൾക്കൊക്കെ വേണ്ടത്ര ആയുധം പണിതിട്ടിട്ടാണ് ഗാന്ധിജി പോയത്.

## വോട്ടുപെട്ടി സോഷ്യലിസം

ലോകത്തിൽ ഒരു ഭാഗത്തും ഗാന്ധിയൻ ആദർശം വിലപ്പോകുന്നതല്ല. അക്രമരാഹിത്യം ഒരു പ്രായോഗിക സിദ്ധാന്തവുമല്ല. ഭരിക്കാൻ അവസരം കിട്ടിയ ഗാന്ധിശിഷ്യൻമാർക്കും ഭക്തർക്കും ഗാന്ധിയൻ തത്ത്വം എത്രമാത്രം ഒരു ചൂണ്ടിപ്പലകയായിരുന്നുവെന്നും നമുക്കറിയാം.

സോഷ്യലിസം നടപ്പാകാൻ യഥാർത്ഥ തൊഴിലാളിവർഗ്ഗം ആവശ്യപ്പെടുന്ന പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണോ, അവ നടപ്പാക്കാൻ ഗാന്ധിശിഷ്യൻമാർ വിസമ്മതിക്കുന്നുവെന്നു മാത്രമല്ല, ആ ആവശ്യത്തെ അടിച്ചമർത്താൻ എല്ലാത്തരം ഹിംസാപരമായ ആയുധങ്ങളും അഴിച്ചുവിടുകകൂടി ചെയ്യുന്നു. അതിന് അവർക്ക് പ്രേരണ കിട്ടിയത് ഗാന്ധിയിൽ നിന്നാണെന്ന ധാർഷ്ട്യവുമുണ്ട്.

സാധാരണക്കാരൻ ഇനിയും മനസ്സിലാക്കാത്ത ഒരു സത്യമുണ്ട്. മുതലാളിത്തം നിലനിൽക്കുന്ന ഒരു രാജ്യത്ത് വോട്ടുപെട്ടി വഴി പുലരുന്ന താല്പര്യം പാവപ്പെട്ടവന്റെയല്ല, സ്ഥാപിതതാല്പര്യക്കാരന്റെയാണ്.

പട്ടിണി മറ്റാൻ രുദ്രാക്ഷം ജപിക്കലും കടുകിലതിന്നലും നിരാഹാരവ്രതമെടുക്കലും വാക്കിലും മനസ്സിലും പ്രവൃത്തിയിലും അഹിംസ പാലിക്കലും പ്രത്യൗഷധമായാൽ പിന്നെ ബൂർഷ്വാസിയ്ക്കു സുഖമായി. ഈ ഗാന്ധിയൻ വേദാന്തക്കാരെ സൂക്ഷിക്കുക. എന്തുകൊണ്ടെന്നാൽ, മുതലാളിത്തത്തിന്റെ വളരെ ഇണക്കമുള്ള ഈ പട്ടികൾ ഇന്ത്യയിൽ അങ്ങോളമിങ്ങോളം അഴിച്ചുവിടപ്പെട്ടിരിക്കുകയാണ്. അവ കടിക്കും. അവയ്ക്ക് ഇയിടെയായി പേയിളകിയിരിക്കുകയാണ്. ഇന്നലെ അവർ ബ്രിട്ടീഷ് ഇന്ത്യയിൽ ഗാന്ധിജിയുടെ പിന്നിൽ നിന്നു വാലാട്ടിയെങ്കിൽ ഇന്നു അവ സ്വതന്ത്ര ഇന്ത്യയിൽ ട്രൂമാന്റെ പിന്നിൽ നിന്നു വാലാട്ടുന്നുണ്ട്.

ജനാധിപത്യത്തിലേയ്ക്ക് ഉയർന്നുവന്ന രാജ്യങ്ങളൊന്നും ബൂർഷ്വാസിയുടെ എച്ചിലിലനക്കി, എച്ചിൽക്കുഴിയിൽ നിന്നു മുളച്ചുയർന്നതല്ല. നാം കൊട്ടിഘോഷിക്കുന്ന ഇന്ത്യൻ ജനാധിപത്യത്തിനു പിന്നിലുള്ളത്, ഇന്ത്യാ—ബ്രിട്ടീഷ്—അമേരിക്കൻ സാമ്രാജ്യവാദികളുടെ ഇന്ത്യൻ ജനാധിപത്യത്തിനെതിരേയുള്ള ഗൂഢാലോചനയാണ്. ഇന്ത്യൻ ഭരണാധികാരികൾ അതുകൊണ്ട്, അമേരിക്കൻ ഡോളർ മേധാവിത്വത്തെ താലോലിക്കുന്നു.

## വെളിച്ചമില്ല—ഭാവിയുടെ നിഗൂഢമായ അന്ധകാരം

ഇതിന്റെ പേർ സ്വാതന്ത്ര്യമെന്നല്ല. ഇത് ഏറ്റവും ഇരുളടഞ്ഞ കാലഘട്ടമാണ്. ഇവിടെയെങ്ങും ഗാന്ധിജിയുടെ വെളിച്ചമില്ല. ചൂഷണത്തിന്റെ വകയായ രാമരാജ്യവേദാന്തം ഇവിടെ ഫലിക്കാൻ പോകുന്നില്ല. ലോകത്തിന്റെ ഒരു ഭാഗത്തും അതു വിലപ്പോയില്ല. സാറിനും ചിയാങ്ങിനും ആകാത്തത് ഇന്ത്യയിലും ആകാൻ പോകുന്നില്ല.

ഇതു വിമോചനസമരങ്ങളുടെ കാലഘട്ടമാണ്. സാമ്രാജ്യത്വത്തിന്റെ കരാള ചെയ്തികൾ തുടച്ചുമാറ്റിക്കൊണ്ട്, പരിപൂർണ്ണ ജനകീയ ജനാധിപത്യ റിപ്പബ്ലിക്ക് സ്ഥാപിച്ചു തുടങ്ങുന്ന കാലം. അതിന്റെ ആവേശകരമായ ശബ്ദവീചികൾ ഇന്ത്യയുടെ അയൽപ്പക്കങ്ങളിൽ നിന്ന് ഇളകിവന്നു. ഇന്ത്യയെ വലിച്ചിളക്കിത്തുടങ്ങി.

അപ്പോൾ, ഏഴു കൊല്ലത്തിനുമുമ്പ് എന്റെ ഭാവനയെ ഉണർത്തുകയോ, കാടു കയറ്റുകയോ ചെയ്ത ആ ലേഖനത്തെപ്പറ്റി എനിക്കു തന്നെ ഇന്നു ചിരി വരികയാണ്. . . . . .

# 20

# സ്വാതന്ത്ര്യം വന്ന വഴി

സ്വതന്ത്ര ചിന്തകൻ. ജാതിയുടെയോ, പ്രത്യയ ശാസ്ത്രത്തിന്റെയോ അങ്ങനെ എന്തിന്റെയെങ്കിലും ഒക്കെ വക്താവായി അറിയപ്പെടാൻ വാലത്ത് ആഗ്രഹിച്ചില്ല. എവിടെയും താൻ ഒറ്റയ്ക്ക് ആയിരുന്നു. തന്റെ പിന്നിൽ ഒരു രാഷ്ട്രീയ കക്ഷിയോ, മതസംഘടനയോ പിന്തുണയ്ക്കാൻ ഉണ്ടായിരുന്നില്ല.

1951 ഏപ്രിൽ 19-നാണ് സ്വാതന്ത്ര്യം വന്ന വഴി എന്ന ലേഖനം വെളിച്ചം കാണുന്നത്. 60-ലേറെ വർഷങ്ങൾക്കു ശേഷവും ആ ലേഖനം എത്രത്തോളം പ്രസക്തമാണെന്നു മനസ്സിലാക്കാൻ ആ ലേഖനത്തിലൂടെ തന്നെ കടന്നു പോകേണ്ടതുണ്ട്.

## സ്വാതന്ത്ര്യം വന്ന വഴി

("ഇടതുപക്ഷം" വാരിക. എഡിററർ: പന്തളം പി. ആർ. മാധവൻ പിള്ള, ഏപ്രിൽ 19, 1951)

ആഗസ്റ്റ് 15! മൂക്കത്ത് വിരൽ വെച്ചുകൊണ്ടല്ലാതെ ആ നാമം ഉച്ചരിക്കുക വയ്യ. എന്തെല്ലാം പ്രതീക്ഷകളുടെ കുതിരപ്പുറത്താണ് അതെഴുന്നെള്ളിയത്! എല്ലാ കഷ്ടപ്പാടുകളും അവസാനിക്കുക, എല്ലാത്തരം അടിമത്തങ്ങളും അവസാനിക്കുക, പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും മാറുക, ചൂഷണത്തിന്റെയും മർദ്ദനത്തിന്റെയും കൊള്ളയുടേയും കൊലക്കഥകൾക്കു വിരാമമിടുക––സമത്വസുന്ദരവും സുഖസമൃ

ദ്ധവും സ്വാതന്ത്ര്യ സുരഭിലവുമായ—കാലം ആഗസ്റ്റ് 15-ന്റെ തലയ്ക്കൽ ഒരു നക്ഷത്രം പോലെ തെളിഞ്ഞു നിന്നപ്പോൾ ഒന്നര നൂറ്റാണ്ടുകാലത്തെ ഭാരം ചുമന്നു തളർന്ന മനുഷ്യൻ—പാവപ്പെട്ട മനുഷ്യൻ—എല്ലാത്തരം ദൗർഭാഗ്യങ്ങളുടേയും ആകത്തുക യായ മനുഷ്യൻ ആശ്വസിച്ചു. അവൻ നെറ്റിയിൽ നിന്നു വിയർപ്പു തുടച്ചു. ആലസ്യ ത്തിൽ നിന്നു ഉണർന്നു കണ്ണുതിരുമ്മി. അവന്റെ ചുണ്ടിൽ ഒരു പ്രത്യാശ പൊടി ഞ്ഞു.

അതിനു കാരണമുണ്ടായിരുന്നു. ഇന്ത്യാക്കാരന്റെ അധഃപതനങ്ങൾക്കൊക്കെ കാരണം വിദേശാധിപത്യമാണെന്ന് അവൻ വിശ്വസിക്കുകയും വിശ്വസിപ്പിക്കപ്പെ ടുകയും ചെയ്തു. ബ്രിട്ടീഷുകാരൻ ഇന്ത്യ വിടുക എന്നതിന്റെ അർത്ഥം ഇന്ത്യയിലെ പട്ടിണിയും തൊഴിലില്ലായ്മയും മാറുകയെന്നാണെന്നു അവൻ പഠിക്കുകയും പഠി പ്പിക്കുകയും ചെയ്തു. ബ്രിട്ടീഷുകാരൻ ഇന്ത്യ വിട്ടു. ഇന്ത്യയുടെ സിംഹാസനം ഇന്ത്യയുടെ കയ്യിലേക്കു തന്നെ വീണു. കോൺഗ്രസ് ഭരിക്കാൻ കയറി. ഒന്നര നൂറ്റാണ്ടിന്റെ പഴക്കം ചെന്ന സാമ്രാജ്യത്ത്വത്തിന്റെ മരണമണി പോലെ ആഗസ്റ്റ് മാസത്തിലെ ഒരു അർദ്ധരാത്രിയിൽ പള്ളികളിൽ നിന്നും അമ്പലങ്ങളിൽ നിന്നും കൂട്ടമണികൾ ലഹള കൂട്ടി. കതിനവെടികൾ പൊട്ടി. പോലീസുകാരൻ ത്രിവർണ്ണ പതാക പൊക്കി. ലോക്കപ്പിന്റെ, ജയിലിന്റെ തലയിൽ ത്രിവർണ്ണപതാക പാറി.

ആ പതാകയുടെ സ്ഥാപനത്തിനു വേണ്ടി ജീവാർപ്പണം ചെയ്ത ദേശസ്നേഹി കളുടെ ചോര അപ്പോഴും അവയുടെ കീഴെ അവശേഷിച്ചു കിടന്നിരുന്നു.

എന്നാൽ എല്ലാം ചതിയായിരുന്നു. കടുത്ത വഞ്ചനയായിരുന്നു.

വളർന്നു വരുന്ന തലമുറയുടെ, പിറവിയെടുക്കുന്ന ജനകീയജനാധിപത്യത്തി ന്റെ പിന്നിലുണ്ടായ ഒരു ഗൂഢാലോചനയായിരുന്നു. വിദേശമുതലാളിത്തവും സ്വദേ ശമുതലാളിത്തവും ചേർന്നുള്ള ഗൂഢലോചന! നമ്മുടേതു കുഴപ്പം നിറഞ്ഞ കാലഘ ട്ടമാണ്. പ്രത്യേകിച്ചും ആഗസ്റ്റു പതിനഞ്ചിനു ശേഷമുള്ള കാലം. ഇവിടെ ജനാധി പത്യമല്ല, ഫാസിസ്റ്റു മുറകളാണു പുലരുന്നത്. ഇവിടെ സമാധാനമുണ്ടൊ? അഭിപ്രാ യസ്വാതന്ത്ര്യമുണ്ടോ? വിചാരസ്വാതന്ത്ര്യമുണ്ടോ? ഞാനൊരു കമ്യൂണിസ്റ്റല്ല. കമ്യൂ ണിസ്റ്റുപ്രവർത്തകനല്ല. പക്ഷെ, തികച്ചും പഴഞ്ചനല്ല. എനിക്കൊരു സ്വതന്ത്രവും പുരോഗമനപരവുമായ ചിന്താഗതിയുണ്ട്.

ഈ ചിന്താഗതി ബ്രിട്ടീഷുകാരൻ ഇവിടെ ഭരണം നടത്തിയ കാലം മുതൽ ഞാൻ വെച്ചുപുലർത്തിപ്പോരുന്നതാണ്. ബ്രിട്ടീഷുകാരന്റെ പോലീസ് എന്നെ ഭീഷ ണിപ്പെടുത്തുകയോ എന്റെ വീട്ടിൽ കാലുകുത്തുകയോ ഉണ്ടായിട്ടില്ല. എന്നാൽ സ്വാ

തന്ത്ര്യം കിട്ടിയതിനുശേഷം എന്താണുണ്ടായത്. പോലീസ് പലവട്ടം എന്റെ വീടു പരിശോധിച്ചു. എന്നെ ഭീഷണിപ്പെടുത്തി. ഒരു കാര്യവുമില്ലാതെ എന്റെ വീട്ടിലു ള്ളവരെ പരിഭ്രമിപ്പിച്ചു. അലമാരയിലെ പുസ്തകങ്ങളും എനിക്കു വന്ന കത്തുകളും എടുത്തു അരിച്ചു പരിശോധിച്ചു. എന്തിനു വേണ്ടി? എന്നിട്ടു എന്ത് അവർക്കു കിട്ടി? ഒന്നുമില്ല.

**ഞാൻ ചോദിച്ചു:** നിങ്ങൾക്കെന്താണ് വേണ്ടത്?

**പോലീസുകാരൻ പറഞ്ഞു:** ഇവിടെ കമ്യൂണിസമുണ്ടോ എന്നു നോക്കിയതാണ്.

. . .

കഷ്ടം. അതിനു ചൈനയിലായിരുന്നു അവർ പോകേണ്ടിയിരുന്നത്! നിരോധി ക്കാത്ത മാക്സിം ഗോർക്കിയുടെ 'അമ്മ'യെന്ന വിശിഷ്ടഗ്രന്ഥം എനിക്കു ഇന്ത്യൻ പോലീസിനെ ഭയന്നു ഒളിച്ചുവെയ്ക്കേണ്ടി വന്നു. പണ്ഡിറ്റ് നെഹ്രുവിന്റെ ഭരണത്തിൽ പോലും നിരോധിക്കാത്തൊരു സുപ്രസിദ്ധകൃതി ഒളിച്ചുവെയ്ക്കാൻ നിർബ്ബന്ധിതനാ യൊരവസ്ഥ ഇവിടത്തെ സ്വാതന്ത്ര്യബോധം എത്രത്തോളം സുരക്ഷിതമാണെന്നു തെളിയിക്കയാണോ?

സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പു വരെ കോൺഗ്രസ്സിന്റെ സമരത്തേയും ഇന്ത്യൻ ദേശാഭിമാനത്തിന്റെ അള്ളിപ്പിടുത്തത്തേയും ആദരിച്ചുകൊണ്ട് എന്റെ എളിയ തൂലികയും അതിന്റെ പങ്ക് നിർവ്വഹിക്കുകയുണ്ടായി. അന്നത്തേയും ഇന്ന ത്തേയും മാതൃഭൂമി ആഴ്ചപ്പതിപ്പ് എന്റെ അത്തരം ലേഖനങ്ങൾ ചൂടോടെ വാങ്ങി പ്രഥമ പേജിൽ തന്നെ ചേർക്കുക പതിവായിരുന്നു. അക്കാരണം കൊണ്ട് എനി ക്കുണ്ടായിരുന്ന ജോലി അന്നത്തെ സർക്കാർ നഷ്ടപ്പെടുത്തി. എനിക്ക് കോൺ ഗ്രസ്സിനുവേണ്ടി ജയിലിൽ പോകേണ്ടി വന്നിട്ടില്ല. എന്നിരുന്നാലും ഒരുത്തന്റെ ജോലി, അവന്റെ ഭക്ഷണപ്പാത്രം അവനിൽ നിന്നു തട്ടിത്തെറിപ്പിക്കുകയെന്നത് — അവനെ സംബന്ധിച്ചിടത്തോളം വലുതാണ്. അതിനൊക്കെ സ്വാതന്ത്ര്യം കിട്ടി യതിനു ശേഷം എനിക്കു കിട്ടിയ പ്രതിഫലം നാലേക്കറു ഭൂമിയല്ല, രാത്രിയെന്നോ പകലെന്നോ ഇല്ലാതെ പോലീസിനെ പേടിച്ചു കഴിഞ്ഞുകൂടേണ്ട പരിതസ്ഥിതി യാണ്.

ഈ രാത്രി എന്നവസാനിക്കും? പേടിപ്പെടുത്തുന്ന, ശ്വാസം മുട്ടിക്കുന്ന ഈ ദുരന്തനാടകം എന്നവസനിക്കും? എന്തൊരു സാംസ്കാരികകാടത്തമാണ് തലയ്ക്കു മുകളിൽ! ഈ ഇരുളടഞ്ഞതും ഇടുങ്ങിയതുമായ അർദ്ധരാത്രിയുടെ ഇടനാഴിയിൽ

വെച്ച് ഞാനിപ്പോൾ ആഗസ്റ്റ് പതിനാലിലെ എനിക്കു പറ്റിയോരു വിഡ്ഢിത്തം ഓർത്തു പോവുകയാണ്.

അന്ന് എന്തൊരു ഭയങ്കര മഴയായിരുന്നെന്നോ! ലോകമുണ്ടായിട്ടു ഇതു പോലൊരു മഴയുണ്ടായിരിക്കില്ല. അടുത്തുള്ള പള്ളിയിലെ പാതിരിയോട് വായ്പ വാങ്ങിയ രണ്ടു കതിനായും നിറച്ചുവെച്ച ആ പച്ചപ്പാതിരയിൽ പിറവിയെടുക്കുന്ന സ്വാതന്ത്ര്യത്തെ ആഘോഷിക്കുവാൻ ഞാൻ കാത്തിരിക്കുകയാണ്. ഉറങ്ങാതെ, കണ്ണുചിമ്മാതെ, വാച്ചിൽ പന്ത്രണ്ടു മണിയാകുന്നതും നോക്കി. സ്വാതന്ത്ര്യശിശു പെറ്റുവീഴുന്ന ആ അനർഘനിമിഷവും കാത്ത്.

അങ്ങനെ, പന്ത്രണ്ടു മണി വന്നു. മഴ തുമ്പിക്കൈ വണ്ണത്തിൽ വിട്ടുകൊടുക്കുകയാണ്. എന്തൊരു കൂരിരുട്ട്! ലോകമുണ്ടായിട്ടു ഇതുപോലൊരു കൂരിരുട്ടു കണ്ടിരിക്കില്ല. മുറ്റത്തു നിരപ്പൊക്കത്തിനു പ്രളയമാണ്, കല്ലും കട്ടയും പലകക്കഷ്ണങ്ങളും കൊണ്ട് കഷ്ടിച്ചു കതിന വെയ്ക്കാൻ ഞാൻ അൽപം സ്ഥലം സമ്പാദിച്ചു. ഒരു കയ്യിൽ ചൂട്ടും മറുകൈയിൽ തലയിൽ ചൂടിയ മുറവും പിടിച്ച് കൃത്യം പന്ത്രണ്ടു മണിക്കു ഞാൻ കതിനയ്ക്കു തീ കൊടുത്തു. ഒന്നു ചീറിപ്പോയി! രണ്ടാമത്തേതു കണിശത്തിനു പൊട്ടി. അതിന്റെ പ്രതിധ്വനി ഇരമ്പുന്ന പേമാരിയിൽ വീണു തെല്ലിട പൊട്ടിക്കരഞ്ഞു. ആ പൊട്ടിക്കരച്ചിലിനു അകലെയെവിടെയോ നിന്നു പട്ടിണിയുടെ ഓരിയിടൽ മറുപടി പറഞ്ഞു.

ഓ, അന്നു ഞാൻ ധ്യാനിച്ച പ്രഭാതം ഇപ്പോൾ എവിടെയാണെന്നാണ് എന്റെ ആലോചന!

(ഏപ്രിൽ 19, 1951)

# 21

## ഇവിടെ ഒരു കാമുകൻ മരിക്കുന്നു

ഇവിടെ ഒരു കാമുകൻ മരിക്കുന്നു എന്ന നോവൽ എഴുതിക്കഴിഞ്ഞ് ഒരു വർഷത്തിനു ശേഷം 1955 സെപ്റ്റംബറിലാണ് പ്രസിദ്ധീകരിച്ചത്. എറണാകുളം സി. പി. പി. എസ്. പ്രസ്സിലായിരുന്നു ഒന്നാം പതിപ്പിന്റെ അച്ചടി. സമർപ്പണം ഇങ്ങനെയായിരുന്നു.

> "എന്നെ ആത്മാർഥമായി
> സ്നേഹിച്ചിരുന്ന മഹാകവി
> ചങ്ങമ്പുഴയുടെ ഓർമ്മയ്ക്ക്."

"ദിവസങ്ങൾ കടന്നു പോകുന്നു" എന്നായിരുന്നു, ഈ നോവലിന് ആദ്യം നൽകിയിരുന്ന പേര്. "ഇവിടെ ഒരു കാമുകൻ മരിക്കുന്നു" എന്ന പേര് നിർദ്ദേശിച്ചത് പ്രിയസ്നേഹിതനായിരുന്ന പോഞ്ഞിക്കര റാഫി ആയിരുന്നു. പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി പരിശോധിക്കാൻ വൈക്കം മുഹമ്മദ് ബഷീറിനെ ഏൽപ്പിച്ചു. അക്കാലത്ത് ബഷീർ എറണാകുളത്ത് താമസിച്ചിരുന്നു. ഒരു താൽക്കാലിക വാസസ്ഥാനം. കാനൻ ഷെഡ് റോഡിലെ ആ കാർഷെഡ് പോലുള്ള പീടികമുറി ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. (എന്റെ കൌമാരത്തിൽ അച്ഛനോടൊപ്പം എറണാകുളത്ത് കൂടെ നടന്നു പോകുമ്പോൾ ആ കട കാണിച്ചു എന്നോട്, 'ഇവിടെയാണ് ബഷീർ താമസിച്ചിരുന്നതെന്ന്' എന്ന് അച്ഛൻ പറഞ്ഞത് ഇന്നും ഓർമ്മിക്കുന്നു.) പരിശോധിക്കാൻ ഏൽപ്പിച്ച കയ്യെഴുത്തുപ്രതി ബഷീറിന്റെ പക്കൽ നിന്നു എവിടെയോ നഷ്ടപ്പെട്ടു.

അത് അന്വേഷിച്ച് കണ്ടെത്തിത്തരാമെന്ന് ബഷീർ ഏറ്റുവെങ്കിലും വാലത്തിനു പ്രതീക്ഷയുണ്ടായിരുന്നില്ല. തന്റെ തന്നെ പൂർവകാല അനുഭവങ്ങൾ ആയതിനാൽ വലിയ താൽപ്പര്യവും നഷ്ടബോധവും വാലത്തിനു ഇല്ലായിരുന്നു. പോയെങ്കിൽ പോകട്ടെ എന്ന് കരുതി. ഒരു കൊല്ലത്തിനു ശേഷം ബഷീർ ആ കൃതിയുമായി വന്നു പ്രസിദ്ധീകരിക്കുവാൻ നിർബന്ധിച്ചു. അങ്ങനെയാണ് ഗ്രന്ഥം പുറത്തിറങ്ങുന്നത്. 6/8/1955-ൽ എഴുതിയ അവതാരികയിൽ വാലത്ത് ഇങ്ങനെ രേഖപ്പെടുത്തുന്നു: "ഇന്നായിരുന്നെങ്കിൽ ഞാനീ കൃതി എഴുതുമായിരുന്നില്ല. എങ്കിലും ഭൂതകാലത്തിനോട് യാതൊരു വഴക്കും ഇല്ലാത്തതിനാൽ ഈ കൃതിയും വൈകിയ വേളയിൽ പുറത്തയച്ചുകൊള്ളുന്നു. എന്റെ ഒരുകാലത്തെ ദൌർബല്യങ്ങൾ ആണെങ്കിൽ കൂടി ഇതിന്റെ മങ്ങിയ ഏടുകളുടെ മണ്ണിൽ എന്റെ ആത്മാവിന്റെ നേരിയ കാലടിപ്പാടുകൾ പതിഞ്ഞു കിടപ്പുണ്ട്."

1955 ഓഗസ്റ്റ് 28-ന് വിവാഹിതനായ വാലത്ത് അതേവർഷം അതേ മാസം ആറാം തീയതി അവതരിപ്പിച്ച നോവലിന്റെ പേര് ശ്രദ്ധേയമായി തോന്നുന്നു. 'ഇവിടെ ഒരു കാമുകൻ മരിക്കുന്നു!' ഒരു പ്രണയം അവിടെ അവസാനിച്ചുവോ? അങ്ങനെ ഒരു പ്രണയം ഉണ്ടായിരുന്നോ? തുടങ്ങിയ സംശയങ്ങൾ തീർത്തും അപ്രസക്തമല്ല. കാരണം, തലേവർഷം അദ്ദേഹം ആനാപ്പുഴ അദ്ധ്യാപകപരിശീലന കേന്ദ്രത്തിൽ പഠിതാവ് ആയിരുന്നു. അകലെയുള്ള പലരും ഒത്തുകൂടുന്ന ട്രെയിനിംഗ് കാലത്ത് ഒരു പ്രേമം മൊട്ടിട്ടുകൂടായ്കയില്ല. 'അയയ്ക്കാഞ്ഞ കത്ത്', 'ഇനി വണ്ടി ഇല്ല' എന്നീ കഥാസമാഹാരങ്ങളും പ്രണയഭംഗം വിഷയമാക്കി രചിക്കപ്പെട്ടവയാണ്. ഏതായാലും വിവാഹജീവിതത്തിലേക്ക് ഇറങ്ങും മുമ്പ് പ്രണയത്തിന്റെ പുസ്തകം കെട്ടിപ്പൂട്ടിവെച്ച് അദ്ദേഹം നടത്തിയ ഒരു തുറന്ന പറച്ചിലാകാം, 'ഇവിടെ ഒരു കാമുകൻ മരിക്കുന്നു' എന്നത്.

# 22

## ഞാൻ ഇനിയും വരും

പ്രണയത്തിന്റെ പുസ്തകം അങ്ങനെ അടച്ചുവയ്ക്കാൻ കഴിയില്ല എന്നതിന് തെളിവാണ് വർഷങ്ങൾക്കു ശേഷം വാലത്ത് 36 ഖണ്ഡങ്ങളിലായി എഴുതിയ 'ഞാൻ ഇനിയും വരും' എന്ന കാവ്യം.

> നീയെന്റെവികാരവും
> ഞാനതിലെ വിഷാദവുമാണ്.
> എനിക്കൊരു മുറിഞ്ഞ ഹൃദയമുണ്ട്.
> അതാണെന്റെ ആനന്ദം!'

എന്ന് തികച്ചും റൊമാന്റിക് ആയി ആരംഭിക്കുന്ന കവിത,

> "നിത്യ കന്യകേ,
> നിന്റെ പൂക്കൾ പൊഴിയാതിരിക്കട്ടെ,
> നിന്റെ ഹൃദയം പാറ പോലെ പരിമൃദുലവും,
> നിന്റെ സൌന്ദര്യം മഴവില്ലുപോലെ ശാശ്വതവുമാണ്."

എന്ന പ്രലപനത്തിലൂടെ ഒരു വിടപറച്ചിലിൽ എത്തുന്നു.

> "പിരിഞ്ഞു പോകലെന്ന
> ആചാര മര്യാദയുടെ മദ്ധ്യേ
> നാം അവസാന ഭക്ഷണത്തിനിരുന്നു.

നീയെനിക്കെതിരെ ഇരുന്നു. നിശബ്ദയായി.
നിർവ്വികാരയായി. നിഗൂഢയായി.
ഉള്ളിൽ ലഹള. ചുണ്ടിൽ മൂകത.
ഒരു വാക്ക് നീ മൊഴിഞ്ഞില്ല.
ഒരു പുഞ്ചിരി തൂകിയില്ല.
ഒരു വാക്ക്. ഒരു നോക്ക്.
ഞാനതിൽ ഒരു സായൂജ്യം കെട്ടിപ്പടുത്തേനെ."

ഒരു ട്രെയിനിംഗ് കോളേജിലെ ഹ്രസ്വകാല ശരാശരിപ്രണയത്തിനു അപ്പുറം ഇതിനു ആയുസ്സുണ്ടായിരുന്നില്ല. ഏതൊക്കെയോ പ്രതിബന്ധങ്ങളിൽ തട്ടി ആ പ്രണയം തകർന്നു. വാലത്ത് തഴയപ്പെട്ടു. ധീരമായി അന്തസ്സായി പിൻവാങ്ങുകയും ചെയ്തു! എങ്കിലും പ്രണയനൊമ്പരം വർഷങ്ങൾക്കു ശേഷവും കത്തിനിന്നു. ഹൃദയം കൊണ്ട് എഴുതിയ വരികളാണ് എന്നതാണ് ഈ കാവ്യത്തിന്റെ ആകർഷണീയത.

'നീയെന്റെ വികാരവും
ഞാനതിലെ വിഷാദവുമാണ്.
എനിക്കൊരു മുറിഞ്ഞ ഹൃദയമുണ്ട്.
അതാണെന്റെ ആനന്ദം!'

പക്ഷെ, അന്തിമയുദ്ധത്തിൽ വിജയം തനിക്കൊപ്പമായിരിക്കുമെന്നു അദ്ദേഹത്തിന് ഉറപ്പുണ്ട്. അങ്ങനെ ഒരു ദിവസം,

"കൈ നിറയെ വിജയവും കാൽ നിറയെ ചോരയും കൊണ്ട്
ഞാൻ കയറി വരും.
അന്ന് നീ
ഈ നെറ്റിയിലെ വിയർപ്പു തുടക്കുമോ? . . .
ഈ കവിളിലെ കണ്ണീരൊപ്പുമോ . . . ?"

എന്ന ചോദ്യത്തോടെ കാവ്യം അവസാനിക്കുന്നു. നെറ്റിയിലെ വിയർപ്പും കവിളിലെ കണ്ണീരും തുടയ്ക്കപ്പെടുകയില്ല, എന്നു അദ്ദേഹത്തിന് നന്നായറിയാം. കൈയിലെ വിജയവും കാലിലെ ചോരയും വിലപ്പോവുകയില്ലെന്നും ബോദ്ധ്യമുണ്ട്. കണ്ണീരും നൊമ്പരവും തനിക്കു മാത്രമുള്ളതാണെന്ന തിരിച്ചറിവിൽ വാലത്ത് അതിലാനന്ദം കണ്ടെത്തുകയായിരുന്നു.

നീലാകാശത്തിന്റെ ഞെട്ടിയിൽ നിന്നു
നീയൊരു നക്ഷത്രം പോലെ
പൊട്ടിവീണു.
ഒരു തെന്നൽ പോലെ നീ വരികയും,
ഒരു മിന്നൽ പോലെ നീ പോകയും ചെയ്തു.
നീയെന്റെ മനസ്സിൽ ഒരു ഓട്ടയുണ്ടാക്കുകയും
അതിൽ ഒളിച്ചിരിക്കുകയും ചെയ്തു.'

'ഞാൻ ഇനിയും വരും' 1975-ൽ സമസ്തകേരള സാഹിത്യപരിഷദ് ഹാളിൽ വെച്ച് പ്രൊഫ. സുകുമാർ അഴീക്കോട് പ്രകാശനം ചെയ്തു. അധ്യക്ഷൻ ടി. കെ. സി. വടുതല. എം. എം. ബഷീർ, ഓ. പി. ജോസഫ്, പോഞ്ഞിക്കര റാഫി, എൻ. കെ. ഏ. ലത്തീഫ്, തുടങ്ങിയവർ പ്രസംഗിച്ചു.

# 23

## വിവാഹിതൻ

1955 ഓഗസ്റ്റ് 28-ന് വാലത്ത് വിവാഹിതനായി. കലൂർ കാര്യപ്പറമ്പിൽ കുഞ്ഞപ്പന്റെയും കാർത്ത്യായനിയുടെയും മകൾ കൃശോദരിയായിരുന്നു വധു. എറണാകുളം സെന്റ് മേരീസ് കോൺവെന്റ് ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കി, നന്നേ ചെറിയ പ്രായത്തിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ചിരുന്നു, കാര്യപ്പറമ്പിൽ കൃശോദരി . . .

ഇന്നത്തെ കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം നിലകൊള്ളുന്ന പ്രദേശം ഒരുകാലത്ത് നോക്കെത്താദൂരത്തോളം 'കേന്ദ്ര കലവറ' എന്ന പേരിൽ വലിയ പൈപ്പുകൾ ശേഖരിച്ചുവെച്ചിരുന്ന ഒഴിഞ്ഞ ഭൂമിയായിരുന്നു. അരികിൽ ഹരിതാഭമായ പുഞ്ചപ്പാടവും. ആ പുഞ്ചയുടെ അരികിലായിരുന്നു, കാര്യപ്പറമ്പിൽ വീട്. വീടിരുന്ന അതേ സ്ഥാനത്താണ് ഇപ്പോൾ സ്റ്റേഡിയത്തിനു തൊട്ടു മുന്നിൽ കാണുന്ന പെട്രോൾ പമ്പ് സ്ഥിതി ചെയ്യുന്നത്. വീടിന്റെ മുന്നിൽ റോഡിന്റെ മറുഭാഗത്ത് കാര്യപ്പറമ്പിലിനു സ്വന്തമായിരുന്ന കൃഷിയിടം സർക്കാർ ഏറ്റെടുത്തതാണ് ഇപ്പോഴത്തെ സെന്റ് ആൽബർട്സ് കോളേജ് ഗ്രൌണ്ട്. ചേരാനെല്ലൂർ, കലൂർ, വെലിങ്ങ്ടൻ ഐലൻഡ്, എന്നീ ഗവ. എൽ. പി. സ്കൂളുകളിൽ പ്രധാനാദ്ധ്യാപികയായി സേവനം കാഴ്ചവെച്ച് കൃശോദരിടീച്ചർ 1983-ൽ വിരമിച്ചു.

വാലത്ത് ചരിത്രഗവേഷണ യാത്രകളിൽ മുഴുകിയപ്പോഴൊക്കെ കുടുംബം കാത്തു. മടങ്ങിയെത്തുമ്പോൾ ക്ഷമാപൂർവം പരിചരിച്ചു. നോട്ടു പുസ്തകം ഫുൾസ്കാപ്പിലേക്ക് പകർത്തി. മക്കൾ വളർന്നത് വാലത്ത് അറിഞ്ഞിട്ടില്ല. ചരിത്രഗവേഷണം ജീവിതമായി മാറിക്കഴിഞ്ഞിരുന്നു. പിന്നെ, എന്ത് കുടുംബം? ഓരോ

യാത്രയും രണ്ടാഴ്ചയോളം നീണ്ടുനിൽക്കും. ഒരു കുടുംബനാഥന്റെ കുറവ് കൂടി കൃശോദരി പരിഹരിച്ചു.

ചുരുക്കത്തിൽ, കൃശോദരി എന്ന കുടുംബിനി ഉണ്ടായിരുന്നില്ലെങ്കിൽ, വാലത്ത് എന്ന ചരിത്രകാരൻ രൂപപ്പെടില്ലായിരുന്നു. വാലത്ത് മരിച്ച് ഏഴാം വർഷം, 2007 ഡിസംബർ 18-ന്, കൃശോദരിട്ടീച്ചർ അന്തരിച്ചു.

വാലത്തിന്റെ മൂത്ത സഹോദരി ജാനകിയെ കലൂരിലെ വസ്തുവ്യാപാരി കൊച്ചപ്പൻ ആണ് വിവാഹം ചെയ്തത്. ജാനകി കൊച്ചപ്പൻ ദമ്പതികളുടെ ഏകപുത്രനാണ് പിൽക്കാലത്ത് പ്രശസ്തനായ സാഹിത്യകാരൻ ടാറ്റാപുരം സുകുമാരൻ. വി. വി. കെ. വാലത്ത് എന്ന വിപ്ലവ കവിയെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ടായിരുന്നത് കൊണ്ട് കല്യാണ ആലോചന വന്നപ്പോൾ കാര്യപ്പറമ്പില് വീട്ടുകാർക്ക് മറിച്ചൊന്നു ആലോചിക്കേണ്ടി വന്നില്ല. ജാനകി വഴിയാണ് ഈ വിവാഹ ബന്ധം രൂപപ്പെട്ടത്. പെണ്ണുകാണൽ ഒരു ഗംഭീര ചടങ്ങാക്കി മാറ്റി. കാറിൽ വന്നിറങ്ങിയ ചെക്കനെ കണ്ടപ്പോൾ പക്ഷെ, കല്യാണപ്പെണ്ണ് സ്തംഭിച്ചുപോയി. പ്രതീക്ഷകൾ തകിടം മറിഞ്ഞു. കറുത്ത് മെലിഞ്ഞ് കൊതുക് പോലൊരു മനുഷ്യൻ. എല്ലാവരുടെയും മുഖം വാടി. പെണ്ണുകാണൽ കഴിഞ്ഞു ചെക്കനും കൂട്ടരും പെട്ടെന്ന് മടങ്ങി. അധികം വൈകാതെ വിവരം കിട്ടി, പെണ്ണിനെ ഇഷ്ടമായില്ല. നല്ല വെളുത്തിട്ടല്ല. ഉയരവും പോര. പക്ഷെ, ജാനകിപ്പെങ്ങൾ അനുജന്റെ വാദം അംഗീകരിച്ചില്ല. അവർ നിരന്തരം പ്രയത്നിച്ചതിന്റെ ഫലമായി 1955 ആഗസ്റ്റ് 28-നു ആ വിവാഹം നടന്നു. (വാലത്തിന്റെ പ്രിയപ്പെട്ട ജാനകിപ്പെങ്ങൾ 1981 ജൂൺ 30-നു 82-ആം വയസ്സിൽ അന്തരിച്ചു.)

വാലത്ത് ഉയർന്ന ചിന്താഗതിക്കാരനായിരുന്നു. സാമാന്യജനങ്ങളിൽ ഒരാളായി അദ്ദേഹം തന്നെ ഒരിക്കലും കണ്ടിട്ടില്ല. ഉയർന്ന ചിന്താഗതി എന്ന ഒറ്റ വൈശിഷ്ട്യത്തിൽ അദ്ദേഹം തന്നത്താൻ ഒരു ഉയർന്ന തട്ടിൽ കയറി നിന്നു. ഭാര്യയടക്കം തനിക്കു ഒപ്പമല്ലാത്ത ആരെയും വകവെച്ചില്ല. കൃശോദരിയും കാര്യപ്പറമ്പു വീട്ടുകാരും തോറ്റ് മുട്ടുകുത്തി.

1956-മേയ് 26-നു അവർക്ക് ഒരു ആൺകുഞ്ഞു പിറന്നു. കാര്യപ്പറമ്പു വീട്ടിൽ വെച്ച് പേരിടീൽ ചടങ്ങ് നടക്കുകയാണ്. എന്ത് പേരിടും? പരിഷ്കാരത്തിന്റെ കാലമാണ്. മാക്കോത, കുഞ്ഞപ്പൻ ഒക്കെ പഴഞ്ചനായി. പുതിയ പേര് വേണം. ഹിന്ദി വിശാരദ് പാസ്സായ കൃശോദരി മകന് ഒരു പേര് കണ്ടുവെച്ചിരുന്നു. കരം ചന്ദ്. അല്ലെങ്കിൽ കിഷൻ ചന്ദ്. വാലത്തിനു രണ്ടും ഇഷ്ടമായില്ല. ആ പേരുകൾ

ഭാരതീയമാണ്. ലോകത്തിൽ ഭാരതം മാത്രമല്ല. ലോകം വിശാലമാണ്. വിശാലമായ കാഴ്ചപ്പാട് വേണം. പേര് സാർവ്വജനീനമാകണം. സാർവലൌകികമാകണം. ഞാനൊരു പേര് പറയാം. ഗീഥെ മോപസാങ്. എങ്ങനെയുണ്ട്? എല്ലാവരും ഞെട്ടി. എന്ത്? പേര് ആർക്കും മനസ്സിലായതുമില്ല. മുതിർന്ന ഏട്ടൻ പറഞ്ഞു. അതൊന്നും വേണ്ട. വായിൽ കൊള്ളുകയില്ല. മോഹൻദാസ് എന്നാവാം. വാലത്തിനു വല്ലാത്ത അസഹ്യത തോന്നി. എന്നാൽ നറുക്കിടാം എന്നായി. ഉടൻ വാലത്ത് പേപ്പർ ചെറുതായി മുറിച്ചു എല്ലാവരുടെയും നിർദ്ദേശങ്ങൾ ഓരോന്നിലായി എഴുതി ചുരുട്ടി കൈക്കുമ്പിളിൽ ഇട്ടു കുലുക്കി, കൃശോദരിയെക്കൊണ്ട് ഒന്നെടുപ്പിച്ചു. വായിപ്പിച്ചു. മോപ്പസാങ്! വാലത്ത് ആഗ്രഹിച്ച പേര് തന്നെ നറുക്കെടുപ്പിൽ കിട്ടി. എല്ലാവരും തല കുലുക്കി. സമ്മതം. മോപ്പസാങ്ങെന്നു കുഞ്ഞിനു നാമകരണം നടന്നു. വാലത്ത് വൈകുന്നേരമായപ്പോൾ വീട്ടിലേക്കു മടങ്ങി. ഭാര്യവീട്ടിൽ ഉറങ്ങുവാൻ താല്പര്യമില്ല!

അതിഥികൾ പോയിക്കഴിഞ്ഞു വിശ്രമിക്കുമ്പോൾ കൃശോദരിക്കൊരു സംശയം. എന്നാലും ആ വായിൽ കൊള്ളാത്ത പേരെങ്ങനെ നറുക്കെടുപ്പിൽ കിട്ടി? ബാക്കിവന്ന കടലാസ്സ് ചുരുളുകൾ മുറ്റത്ത് തുളസിച്ചെടിയുടെ കടയ്ക്കൽ കിടക്കുന്നത് കണ്ടു കൃശോദരി എല്ലാം പെറുക്കിയെടുത്തു. ആദ്യത്തേത് ചുരുൾ നിവർത്തി നോക്കി. അതിലും എഴുതിയ പേര് മോപ്പസാങ്!. പിന്നെ ധൃതിയിൽ എല്ലാ ചുരുളുകളും നിവർത്തി നോക്കി. എന്നിട്ട് ശ്ശെടാ! എന്ന ഭാവത്തിൽ വാലത്ത് പോയ വഴിയെ നോക്കി. ഒടുവിൽ ചവിട്ടു കല്ലിൽ താടിയ്ക്ക് കയ്യും കൊടുത്തിരുന്നു പറഞ്ഞു. "കാഞ്ഞ പുള്ളി തന്നെ!"

* * *

45 വർഷം നീണ്ട ദാമ്പത്യജീവിതത്തിൽ ഒത്തുതീർപ്പ്, വിട്ടുവീഴ്ച എന്നീ വ്യവസ്ഥകൾ സുലഭമായി പ്രയോഗിക്കപ്പെട്ടു. പക്ഷെ, എല്ലാ ഒത്തുതീർപ്പുകളും വിട്ടുവീഴ്ചകളും ഏക പക്ഷീയമായിരുന്നു, എന്ന് മാത്രം. എല്ലാം ഭാര്യയുടെ ഭാഗത്തു നിന്ന്. ഭർത്താവ് സകലമാന സ്വതന്ത്രൻ. താൻ വലിയ കവിയും സാഹിത്യകാരനുമാകയാൽ തന്റെ സമയത്തിനാണ് കൂടുതൽ മൂല്യം. കൃശോദരിട്ടീച്ചർക്ക് എന്ത് വിശേഷമാണ് ഉള്ളത്? വെറും സർക്കാർ വിലാസം അദ്ധ്യാപിക! അതാണ് വാലത്തിന്റെ മനോഭാവം. അങ്ങനെ ഭാര്യ എല്ലാ വീട്ടു കാര്യങ്ങളും തലയിൽ ഏറ്റെടുക്കേണ്ടി വന്നു. മൂന്നു ആൺമക്കൾ ആയതുകൊണ്ട് വാലത്ത് കൂടുതൽ സ്വതന്ത്രൻ ആയതു പോലെയാണ്. വീട്ടുകാര്യങ്ങൾ ഒന്നും നോക്കാറില്ല. ഒന്നും വാലത്തിനു ബാധകമ

ല്ല. ജീവിതം കൃശോദരിട്ടീച്ചറിന്റെ മാത്രം ബാദ്ധ്യത പോലെയാണ്. തനിക്ക് ഒരു ജീവിതം ആവശ്യമുള്ളതിനാലും മക്കളെ വളർത്തണം എന്നതിനാലും ഒരു പാട് ഒരുപാട് ആ ഭാര്യ സഹിച്ചിട്ടുണ്ട്. ആ ഭാര്യയെപ്പോലെ ഒരു ഭാര്യ അല്ലായിരുന്നെങ്കിൽ വാലത്ത് എന്നൊരു സാഹിത്യകാരൻ ഒരിക്കലും ഉണ്ടാകുമായിരുന്നില്ല.

1957-ൽ 'ഇടിമുഴക്കം' രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. ഈ കവിതാ സമാഹാരം അക്കാലത്ത് വളരെയേറെ ജനപ്രീതി നേടിയിരുന്നു. 1957 ഫെബ്രുവരിയിൽ അടുത്ത കവിതാസമാഹാരം 'ചക്രവാളത്തിനപ്പുറം' എന്ന പേരിൽ പ്രസാധനം ചെയ്തു. ഇടിമുഴക്കത്തിന്റെ തുടർച്ചയാണെന്നു പറയാം. വില ഒരു രൂപ.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ലോകമെങ്ങുമുള്ള മനുഷ്യരാശിയിലുണ്ടായ സ്വാതന്ത്ര്യമോഹം, സാർവ്വദേശീയ സൌഹാർദ്ദത്തിനും സമാധാനത്തിനുമായുള്ള അഭൂതപൂർവമായ ഉയിർത്തെഴുന്നേൽപ്—എന്നീ ലോകസംഭവങ്ങളുയർത്തിയ ആവേശത്തിൽ നിന്നുദിച്ചതാണ് ഇതിലെ പ്രതിപാദ്യം

കേവലം ഒരു നിസ്സാര നിമിഷത്തിന്റെ
ഇടുങ്ങിയ ഇടനാഴിയിൽ വെച്ച്
എല്ലാം പുകയായി, ചാരമായി കലാശിക്കും.
ആരു ശേഷിക്കും?
യുദ്ധത്തിന്റേതായ ലാഭക്കച്ചവടത്തിന്റെ
അവസാനത്തിൽ അടിഞ്ഞു കൂടുന്ന
അന്തമറ്റ ശ്മശാനം മാത്രം അവശേഷിക്കും.
തലയോടിൽ നിന്നു തലയോടിലെക്കും
 അസ്ഥിയിൽ നിന്ന് അസ്ഥിയിലേക്കും
അവശേഷിച്ച മാംസത്തിന്റെ
കരിഞ്ഞ മണവും പാർത്തു
പട്ടികൾ സഞ്ചരിക്കും.
ചോരകുടിയൻ പട്ടികൾ.
ശവംതീനിപ്പട്ടികൾ.
മനുഷ്യന്റെ സങ്കടം കൊണ്ട് പട്ടികൾ
സംഗീതമാലപിക്കും.

ഹൃദയരക്തം മുക്കിയെഴുതിയ ഈ വരികളിൽ പരാജിതനായ ഒരു വ്യക്തിയുടെ

ദുഃഖമാണ് നിഴലിക്കുന്നത്. വലിയ പ്രതീക്ഷയോടെ യുദ്ധാനന്തരലോകത്തെ അയാൾ ഉറ്റുനോക്കി. എന്നാൽ സാമ്രാജ്യത്വശക്തിയുടെ കരുത്തിനു മുൻപിൽ സാധാരണ മനുഷ്യൻ മുട്ടുകുത്തി.

# 24

## നിരൂപകൻ

പത്തു കൊല്ലത്തോളം 'മലയാളരാജ്യം' ചിത്രവാരികയുടെ (കൊല്ലം) പുസ്തകനിരൂപകനായി. ആ കാലഘട്ടം വാലത്ത് എന്ന മനുഷ്യനിലെ വ്യക്തിയേയും വ്യക്തിയിലെ മനുഷ്യനേയും പുനർനിർമ്മിച്ചു. മലയാള സാഹിത്യത്തിൽ മൗലികമായും വിവർത്തനമായും അന്ന് പ്രസാധനം ചെയ്യപ്പെട്ട ഒട്ടുമിക്ക മലയാള ഗ്രന്ഥങ്ങളും 'മലയാളരാജ്യം' വാരികയിൽ വാലത്തിന്റെ 'വായനശാലയിൽ' പംക്തിയിലൂടെ നിരൂപണം ചെയ്യപ്പെട്ടിട്ടുണ്ട്. വിഷയത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിയുള്ള ആ നിരൂപണങ്ങൾ വായനക്കാർക്ക് വളരെ പ്രിയപ്പെട്ട വായനാനുഭവം തന്നെയായിരുന്നു. എത്ര ഉന്നത വ്യക്തിയുടെ രചന ആയാലും ഖണ്ഡനവിമർശനത്തിന്റെ ചൂരൽ പ്രഹരം എൽപ്പിക്കുന്നതിൽ അദ്ദേഹത്തിന് ഒരു ഭയവും തോന്നിയിട്ടില്ല. എന്തെന്നാൽ അവയൊന്നും ഉപരിപ്ലവമായ എത്തിനോട്ടങ്ങളായിരുന്നില്ല. നിരൂപണം ചെയ്യേണ്ട കൃതി പക്ഷപാതരഹിതമായ വായനയ്ക്കും രണ്ടാം വായനയ്ക്കും ശേഷം പ്രകൃതവിഷയതിൽ മുൻവിധികൾ കൂടാതെ അനുബന്ധവായനയും കഴിഞ്ഞേ വാലത്ത് നിഗമനങ്ങളിൽ എത്തുകയുള്ളൂ. താൻ എത്തിച്ചേർന്ന നിഗമനങ്ങളിൽ പൂർണ്ണവിശ്വാസം ഉണ്ടായിരുന്നതിനാൽ നിരൂപണം ധീരമായിരുന്നു.

ഏറെയും ഗദ്യഗ്രന്ഥങ്ങൾ പഠനം നടത്തിയത് വഴി വാലത്തിൽ താനറിയാതെ ഒരു പക്വത രൂപപ്പെട്ടു എന്നതാണ് പത്തു വർഷക്കാലത്തെ നിരൂപണം കൊണ്ടുണ്ടായ പ്രധാനനേട്ടം. ഇക്കാലത്ത് തമിഴ് വായിക്കാനും പഠിച്ചു. മറുവശത്ത് ശത്രുക്കളുടെ ഒരു വലിയ നിര രൂപപ്പെട്ടുകഴിഞ്ഞു. മാധ്യമപംക്തിയുടെ മറവി

ലിരുന്ന കൊലകൊമ്പന്മാർക്കെതിരെ നടത്തിയ വിമർശനം പലപ്പോഴം കടുത്ത ഭാഷയിലുള്ള ഖണ്ഡനരൂപം കൈവരിച്ചതാണ് ശത്രുസമ്പാദനതിനു കാരണം. മലയാളരാജ്യം വാരികയുടെ സുവർണ്ണ കാലം അസ്തമിച്ചപ്പോൾ വാലത്തിന്റെ നിരൂപകജീവിതവും അവസാനിച്ചു. അതിനുശേഷം സാഹിത്യരംഗത്ത് ആരുമായും വലിയ കൂട്ടുകെട്ടുകൾ ഉണ്ടാക്കാൻ വാലത്തിനു കഴിഞ്ഞില്ല. ഒറ്റയാൾ പോരാളിയായി മാറേണ്ടി വന്നു. അതാണ് വാലത്ത് ഇഷ്ടപ്പെട്ടതും. അവിടെ സ്വാതന്ത്ര്യമുണ്ട്. കൂട്ടുകെട്ടിന്റെ ബാദ്ധ്യതകളില്ല. എങ്കിലും മലയാളസാഹിത്യകാരന്മാരിൽ പ്രധാനപ്പെട്ട എല്ലാവരോടും അദ്ദേഹം പോസ്റ്റ്കാർഡു വഴി നിരന്തരം ബന്ധപ്പെട്ടിരുന്നു. അവരിൽ പലർക്കും വാലത്തിനോട് ബഹുമാനമായിരുന്നെന്നു കത്തിടപാടുകൾ പരിശോധിച്ചതിൽ നിന്ന് മനസ്സിലായി. സ്ഥാപിതതാല്പര്യങ്ങൾ ദുഷിപ്പിക്കാത്ത ഒരു സ്ഥിരോത്സാഹിയായ സാഹിത്യകാരൻ എന്ന നിലയിൽ അവർക്കെല്ലാം വാലത്ത് സുസമ്മതനായിരുന്നു.

## 25

# അമ്മയുടെ മരണം

ആ വർഷം 1134 ഇടവം 12-ന (1959 മേയ് 26) അമ്മ പാറു അന്തരിച്ചു. തറവാട്ടിൽ നിന്ന് ചേരാനല്ലൂരിലെ വീട്ടിലേക്കു മാറിത്താമസിച്ച ശേഷം വാലത്തിനോടൊപ്പ മായിരുന്നു, അമ്മ കഴിഞ്ഞിരുന്നത്. അച്ഛൻ മരിച്ച ഇരുപത്തിമൂന്നാം വർഷത്തി ലായിരുന്നു അമ്മയുടെ മരണം. ഒരു കൊല്ലത്തോളം ശയ്യാവലംബിയായി. ഒടുവിൽ ഭക്ഷണവും പിന്നെ ജലപാനവും നിന്നു. ബോധം മറഞ്ഞു. കൺകുഴികൾക്കകത്തു ദുർബ്ബലമായ പോളകൾ അടഞ്ഞു. എല്ലിൻകൂട് മാത്രമായ ദേഹം ചലനമറ്റു. ശ്വാസം വലിച്ചെടുക്കുന്നതിന്റെ വളരെ ചെറിയ ഒരനക്കം മാത്രം.

മരണം ആസന്നമായി എന്ന് വ്യക്തമായി. മക്കളെല്ലാവരും അടുത്തെത്തി. മറ്റു ബന്ധുക്കളെ എല്ലാവരെയും അറിയിച്ചു. ആ കിടപ്പ് പതിനാലു ദിവസം കിടന്നു. ഏറ്റവും ഇളയ മകൾ ഭാരതിയുടെ ഭർത്താവ് പരമേശ്വരൻ ഒരു കാര്യം എല്ലാവ രോടും പറഞ്ഞു. "എന്തെങ്കിലും ആഗ്രഹം സാധിക്കാതെ ബാക്കിയുണ്ടെങ്കിൽ ആത്മാവ് ശരീരം വിടില്ല. അങ്ങനെ വല്ലതും ഉണ്ടായിരിക്കാം." എല്ലാവരും പരസ്പരം നോക്കി. അമ്മയ്ക്ക് അങ്ങനെ അന്ത്യാഭിലാഷം എന്തെങ്കിലും ഉള്ള തായി ആർക്കും അറിവില്ല. പരമേശ്വരൻ അളിയന് കാര്യം പിടികിട്ടി. അദ്ദേഹം പറഞ്ഞു. "അമ്മ കിടക്കുന്നത് മകൻ മാറിത്താമസിച്ച വീട്ടിലാണ്. സ്വന്തം വീട്ടിൽ കിടന്നു മരിച്ചാലേ ആത്മാവിനു തൃപ്തി വരൂ. അപ്പോഴേ മരണം സംഭവിക്കൂ."

കാര്യം ശരിയാണ്, എന്ന് എല്ലാവർക്കും തോന്നി. പക്ഷെ എങ്ങനെ? ആ അവസ്ഥയിൽ തറവാട്ടു വീട്ടിൽ എത്തിക്കുക എളുപ്പമായിരുന്നില്ല. ത്രുവെള്ള മുണ്ടും

ള്ളുവെള്ള ജൂബ്ബയും ധരിച്ച്, വെളുത്ത് സുന്ദരനായ പരമേശ്വരൻ പള്ളുരുത്തിയിൽ അബ്ക്കാരി ജോലിക്കാരനായിരുന്നു. സിദ്ധനൊന്നുമായിരുന്നില്ല. എങ്കിലും ഒരു സിദ്ധനെപ്പോലെ അദ്ദേഹം അമ്മയുടെ കാതിൽ ഉറക്കെ ചോദിച്ചു.

"അമ്മയ്ക്ക് എന്തെങ്കിലും ആഗ്രഹമുണ്ടോ?"

അതുതന്നെ മൂന്നു പ്രാവശ്യം ചോദിച്ചു. മൂന്നാമത്തെ തവണ പ്രതികരണമുണ്ടായി. തല ചെറുതായൊന്നു വിറച്ചു. മുഖത്തെ ഒരു പച്ച ഞരമ്പ് ഒന്ന് വലിഞ്ഞു മുറുകി. പരമേശ്വരൻ വീണ്ടും ചോദിച്ചു.

"അമ്മയ്ക്ക് വാലത്ത് വീട്ടിൽ പോകണോ?"

വീണ്ടും തലയൊന്നു വിറച്ചു. ഞരമ്പ് പിണഞ്ഞ കൈകളും അനങ്ങാൻ ശ്രമിക്കുന്നതുപോലെ. അതെ, എനിക്ക് വാലത്ത് വീട്ടിൽ പോകണം എന്ന് പറയാൻ ശ്രമിക്കുന്നതു പോലെ. ഞാൻ വിവാഹിതയായി വലതുകാൽവച്ച് കയറി വന്ന വാലത്ത് വീട്. ചുരുങ്ങിയ കാലമെങ്കിലും ഭർത്താവിനോടൊപ്പം ജീവിച്ച്, ആറു മക്കളെ പ്രസവിച്ച്, ദാരിദ്ര്യത്തിൽ കണ്ണീരിന്റെ ഉപ്പും ചേർത്ത് എല്ലാവരെയും ഊട്ടിയ വീട്, അവിടെക്കിടന്നു തന്നെ മരിക്കാനാണ് എനിയ്ക്ക് ആഗ്രഹം. അമ്മയുടെ മുഖത്തെ ഭാവമാറ്റം അത്രയ്ക്ക് പ്രകടമായിരുന്നു. വീണ്ടും പരമേശ്വരൻ രംഗത്തെത്തി, ഒരു പൊടിക്കൈ പ്രയോഗിച്ചു. അദ്ദേഹം ഉറക്കെ പറഞ്ഞു.

"അമ്മേ, അമ്മയെ വാലത്ത് തറവാട്ടു വീട്ടിലേക്കു കൊണ്ടുപോകുകയാണ്. കട്ടിലോടെ കൊണ്ടുപോവുകയാണ്. ദേ, കട്ടിൽ പൊക്കുകയാണ്, അമ്മ അനങ്ങല്ലേ, വീഴല്ലേ, കട്ടില് ദേ, പൊക്കിക്കഴിഞ്ഞു, അമ്മ വാലത്തേയ്ക്ക് പോവുകയാണ്, അനങ്ങല്ലേ, വീഴല്ലേ, അമ്മ വാലത്തേയ്ക്ക് പോവുകയാണ്, വാലത്തേയ്ക്ക്, വാലത്തേയ്ക്ക്. . . . . . "

മെലിഞ്ഞുണങ്ങിയ ആ ദേഹം ആകെ ഒന്ന് വിറച്ചു. ഒരു തവണ. പിന്നെ, നിശ്ചലമായി, എന്നെന്നേയ്ക്കുമായി.

# 26

## ഒരു ഏഴിലംപാല

1960-ൽ തറവാട്ടിൽ നിന്ന് കുടുംബസമേതം വാലത്ത് ചേരാനെല്ലൂരേയ്ക്ക് താമസം മാറി. അദ്ദേഹത്തിനും ഭാര്യയ്ക്കും ജോലിയ്ക്ക് പോയി വരാനുള്ള എളുപ്പത്തിനു വേണ്ടിയായിരുന്നു അത്. റോഡരുകിൽ തന്നെ. കുറെ നാളുകളായി അവിടെ സ്ഥിരതാമസക്കാർ ആരുമുണ്ടായിരുന്നില്ല. കുര്യാക്കോസ് എന്ന ഒരു കല്പണിക്കാരനാണ് അവിടെ കുറച്ചുനാളായി താമസിച്ചിരുന്നത്. ആരോടോ കുര്യാക്കോസ് മുമ്പ് വാങ്ങിയിരുന്ന കടം വീട്ടാതിരുന്നതിനാൽ പലിശ കയറി വീട്ടാൻ കഴിയാത്ത അവസ്ഥയിലായി. ഒടുവിൽ ഈട് കൊടുത്തിരുന്ന വീടും പുരയിടവും വിട്ടുകൊടുത്ത് ആ കുടുംബം ഇറങ്ങിപ്പോയ വീടാണ് വാലത്ത് വാങ്ങുന്നത്. അത്രയ്ക്ക് നല്ല ലക്ഷണം തികഞ്ഞ പുരയിടമായിരുന്നില്ല അത്. അതൊരു ശപിക്കപ്പെട്ട വീടാണെന്നും സൂചനയുണ്ടായിരുന്നു. പോരെങ്കിൽ വീടിന്റെ നേരെ മുമ്പിൽ റോഡിനു എതിർവശത്ത് ഒരു പാലമരവും. ഏഴിലംപാല. കൈകൾ ഇരുവശങ്ങളിലേക്കും നീട്ടി കണ്ണ് തുറിച്ചു നോക്കി നിൽക്കുന്ന ഒരു വെളുത്ത പടുവൃദ്ധന്റെ ഭാവത്തിൽ രണ്ടു തട്ടുകളിലായി ശിഖരങ്ങളും നിറയെ ഇലകളുമായി ഒരു പാലമരം . . .

ആ പാലമരവും രണ്ടു കിലോമീറ്റർ വടക്ക് ചേരാനെല്ലൂർ കാർത്യായനി ക്ഷേത്രവും തെക്ക് പോണേക്കര ഭഗവതി ക്ഷേത്രവും (കോക സന്ദേശത്തിലെ പുകണക്കാവ് തന്നെ) ഒരേ ദിശയിലാണെന്നും അത് ദേവതകളുടെ യാത്രാമാർഗ്ഗമാണെന്നും ആ മാർഗ്ഗത്തിൽ വീടുകളോ സ്ഥാപനങ്ങളോ വന്നാൽ യാത്രയ്ക്ക് വിഘ്നം വരുമെന്നും ദേവകൾ കുപിതരായാൽ ഗൃഹനാഥൻ മരിക്കുമെന്നും അനുഭവസാക്ഷ്യം നിര

ത്തി സുഹൃത്തുക്കൾ വാലത്തിനെ ആ വസ്തു വാങ്ങുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ചേരാനല്ലൂർ ഭഗവതി ക്ഷേത്രത്തിൽ കാർത്യായനീ ദേവിയാണ് പ്രതിഷ്ഠ. ഇവിടത്തെ ഉത്സവത്തിന് പിടിയാനയാണ് തിടമ്പ് ഏറ്റുന്നത്. പോണേക്കാവ് ഭഗവതി ക്ഷേത്രത്തിനു പടിഞ്ഞാറായി തമ്മിൽ രണ്ടു കിലോമീറ്റർ അകലത്തിൽ രണ്ടു ശ്രീകൃഷ്ണക്ഷേത്രങ്ങളുണ്ട്. ഒന്ന്, തെക്കൻ ചിറ്റൂർ ശ്രീകൃഷ്ണക്ഷേത്രം. അടുത്തത് ഇടയക്കുന്നം ശ്രീകൃഷ്ണക്ഷേത്രം. ഇവയോരോന്നിനോടും ചേർന്നു വലിയ വിസ്താര മേറിയ കുളങ്ങളുമുണ്ടായിരുന്നു. അതിനോടെല്ലാം കെട്ടുപിണഞ്ഞു കുറെ ഭയങ്ങളും. രാത്രികാലങ്ങളിൽ അതുവഴി ദേവതാസഞ്ചാരമുണ്ട് എന്നാണു വിശ്വാസം. അതു കൊണ്ടാകാം, അകലെ വാലംകരയിൽ നൂറോളം ഹിന്ദു ഭവനങ്ങൾ തിങ്ങി നിറ ഞ്ഞ് ഉണ്ടായിരുന്ന കാലത്ത് പോലും പുകണക്കാവിനും ചേരാനല്ലൂർ ഭഗവതിക്ഷേ ത്രത്തിനും മദ്ധ്യേ ഹിന്ദുഭവനങ്ങൾ ഒന്നും ഉണ്ടാകാതിരുന്നത്. ക്രിസ്ത്യാനികളും മുസ്ലിങ്ങളുമാണ് വൈകിയാണെങ്കിലും അവിടെ പാർത്തു തുടങ്ങിയത്. ഇടക്കാ ലത്ത് പരദേശികളായ കുടുംബികളുടെ ഒരു സംഘം കോളനി സ്ഥാപിച്ചു. ആ സ്ഥലം ചെട്ടിപ്പടി എന്നറിയപ്പെട്ടു. ദേവതാസഞ്ചാരത്തിനു വിഘ്നം വരുത്തിയാൽ വീടുകളിൽ കുടുംബനാഥന് അകാലചരമമോ, കുടുംബാംഗത്തിന് മനോരോഗമോ ആണ് ശിക്ഷ. വെടിക്കാരന്റെ അടുത്താണോ ഉടുക്ക്? എന്നാൽ, ഞാൻ ആ വീട് തന്നെ വാങ്ങും എന്നു വാലത്ത് ഉറപ്പിച്ചു. വാങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഏറിയ പങ്കും കഴിച്ചുകൂട്ടിയത് ആ വീട്ടിലായിരുന്നു. ഒരു ബുദ്ധിമുട്ടും വാലത്തിനു ഉണ്ടായിട്ടില്ല. യുക്തിപൂർവ്വം ഓരോ കാര്യത്തെയും വിശകലനം ചെയ്യണമെന്ന വാശിക്കാരനായിരുന്നു, അദ്ദേഹം. എന്നാൽ, 1972-ൽ ആ വീട് പൊളിച്ചു ആ സ്ഥാനത്ത് പുതിയ വീട് നിർമ്മിച്ചതിനു ശേഷം സ്ഥിതി മാറി. പുതിയ വീട്ടിൽ മുൻവശത്തെ മുറിയിൽ കിഴക്ക് ഭാഗത്തായിരുന്നു അദ്ദേഹത്തിന്റെ എഴുത്തു മുറിയും കിടപ്പുമുറിയും. പഴയവീട്ടിൽ പടിഞ്ഞാറേ ഭാഗത്തും. ആ കിഴക്കേ മുറി പണിതതു ദേവതകളുടെ സഞ്ചാരമാർഗ്ഗത്തിലായിരുന്നുവോ!... കാരണം അപൂർവമായേ വാലത്ത് ആ മുറിയിൽ ഉറങ്ങിയിട്ടുള്ളൂ. അക്കാലത്ത് വാലത്തിന്റെ സ്ഥലനാമഗവേഷണം മുറയ്ക്ക് നടന്നുകൊണ്ടിരുന്നതിനാൽ താമസം അക്കാദമി ഗസ്റ്റ് റൂം, തിരുവനന്തപുരത്ത് കോപ്പാറ ലോഡ്ജ്, ആലത്തൂർ ആശ്രമം എന്നി വിടങ്ങളിലായിരുന്നു. വീട്ടിൽ വരവും പോക്കും ഇടയ്ക്ക് മാത്രം. ഭാര്യ കൃശോദരി തൊട്ടടുത്ത മുറിയിലായിരുന്നു ഉറങ്ങിയിരുന്നത്. ഒരു ദിവസം ആത്മസുഹൃത്തായ പോഞ്ഞിക്കര റാഫിയും ഭാര്യ സബീനാ റാഫിയും വാലത്തിന്റെ വീട്ടിലെത്തി.

റാഫി സാറിന്റെ സഹോദരൻ വാലത്തിന്റെ വീടിനടുത്തായിരുന്നു താമസിച്ചിരുന്നത്.

സ്നേഹപൂർവമുള്ള ആജ്ഞാനുസരണം കൃശോദരിയുടെ കിടപ്പ് വാലത്തിന്റെ മുറിയിൽ തന്നെയാക്കി. അധികനാൾ അത് തുടർന്നില്ല. ആ ദിവസങ്ങളിൽ ശ്വാസം മുട്ടൽ കൂടുതലായി. പലപ്പോഴും ആശുപത്രിയിലും പോകും. ചുരുക്കത്തിൽ വാലത്ത് സ്ഥിരമായി ആ വീട്ടിൽ താമസിച്ചിട്ടില്ല. ഒടുവിൽ ആ വീട് വിട്ടു പറവൂർക്ക് മാറുകയും ചെയ്തു. അതിനിടയിൽ ഒരു സന്യാസി യാദൃച്ഛികമായി വാലത്തിന്റെ വീട്ടിൽ വന്നു. അദ്ദേഹം വീടും പാലമരവും മാറിമാറി നോക്കി. എന്നിട്ട് പറഞ്ഞു. പാലമരച്ചുവട്ടിൽ വേണ്ടത് കുളമാണ്. വീടല്ല. ഈ വീട് തെറ്റായ സ്ഥാനത്താണ്. വാലത്തിന്റെയും ഭാര്യയുടെയും കിടപ്പു മുറി കണ്ടപ്പോൾ സന്യാസി അന്ധാളിച്ചു. ഇവിടെ ദാമ്പത്യമോ? ഒരിക്കലും വാഴില്ല. ഈ മുറിയിലൂടെ ദേവതാ സഞ്ചാരമുണ്ട്.

അറിഞ്ഞോ അറിയാതെയോ ആ ദേവതകളുമായി വാലത്ത് ഏറ്റുമുട്ടിയില്ല. അല്ലെങ്കിൽ ദേവതകൾക്ക് വാലത്തിനോട് വാത്സല്യം തോന്നിയിരിക്കാം. ഏതായാലും അക്കാദമി ഗസ്റ്റ് റൂം, പാലക്കാട് ആലത്തൂർ ആശ്രമം, തിരുവനന്തപുരം കൊട്ടാര ലോഡ്ജ് എന്നിവിടങ്ങളിലെ ഗവേഷണാനുബന്ധ താമസം അവസാനിപ്പിച്ച് എഴുത്തുമായി ബന്ധം വിട്ട് സ്വഗൃഹത്തിലെത്തിയ വാലത്ത്, ആരോഗ്യപ്രശ്നങ്ങളാൽ പറവൂരിലേക്ക് താമസം മാറ്റി. അന്ധവിശ്വാസത്തിന്റെ കൗതുകം ജനിപ്പിക്കുന്ന ചില വസ്തുതകൾ കൂടി. ചേരാനെല്ലൂരിൽ വളരെ മാന്യന്മാർ എന്ന അവസ്ഥയിലുള്ള, എന്നാൽ മനോരോഗികളുമായ ചിലരുണ്ടായിരുന്നു. അവർ ഇടയ്ക്കിടയ്ക്ക് വാലത്തിന്റെ വീട്ടിലേക്കു വരും. വാലത്ത് മാഷെ കാണാനുള്ള വരവാണ്. മാഷില്ലേ, എന്ന ചോദ്യത്തിന് ഇല്ല എന്ന് ഉത്തരം കിട്ടുമ്പോൾ അവർ നിരാശരാകും. ഒന്ന് കണ്ടാൽ മതി. അവർക്ക് സമാധാനമാകും. ചില ചോദ്യങ്ങൾ, സംശയങ്ങൾ, ആശങ്കകൾ, ഭയങ്ങൾ . . . എല്ലാത്തിനും വാലത്ത് സൗമ്യമായി മറുപടി പറയും. അത് കേട്ടാൽ അവർക്ക് തൃപ്തിയാകും. യാത്രപോലും പറയാതെ ഇറങ്ങിപ്പോകുകയും ചെയ്യും. വാലത്തുമാഷ് വൈദ്യനായിരുന്നില്ല. മന്ത്രവാദിയുമായിരുന്നില്ല. വാലത്തുമാഷ് അവർക്കെല്ലാം ഒരു സമാധാനമായിരുന്നു. മറ്റൊരു വീട്ടിലും മറ്റാരെ കാണാനും അവർ പോയിരുന്നില്ല എന്നതു ചിന്തിക്കുമ്പോൾ ദേവതകളുടെ സഞ്ചാരമധ്യേ ദേവതകളെ വെല്ലുവിളിച്ചു ജീവിച്ച വാലത്ത്, ദുർബലചിത്തരായ ഏതാനും പേർക്ക് ഒരഭയകേന്ദ്രമായിരുന്നു, എന്ന് തോന്നിപ്പോകുന്നു . . . ചിലപ്പോൾ ആ ഏഴിലംപാലയുടെ സന്നിധിയിലേക്കായിരിക്കാം അശാന്ത മസ്തി

ഷ്ഷ്ക്കങ്ങൾ ഓടിയണഞ്ഞിരുന്നത്. ആർക്കറിയാം, കഴിഞ്ഞുപോയ കാലത്തിന്റെ ഗതിവിഗതികൾ! ആ പാലമരം ഇപ്പോൾ എല്ലാവരെയും പോലെ ചരിത്രത്തിന്റെ അന്ധകാരത്തിൽ മറഞ്ഞുപോയി.

# 27

## ‘അമ്മാവൻ’

ചേരാനല്ലൂർ അൽ ഫറൂഖിയ ഹൈസ്കൂളിൽ അദ്ധ്യാപകനായിരിക്കെ വാലത്തിനു ശിഷ്യഗണം സമ്മാനിച്ച ഇരട്ടപ്പേരാണ്, ‘അമ്മാവൻ’! അതിന്റെ പിന്നിൽ അല്പം കുടുംബചരിത്രം ഉണ്ട്. വേലുപ്പൂജാരിയ്ക്ക് കുമാരു എന്ന് പേരുള്ള സഹോദരൻ ഉണ്ടായിരുന്നു. സന്യാസജീവിതം ആഗ്രഹിച്ച് കുമാരു ശിവഗിരിയിൽ നാരായണഗുരുദേവന്റെ സന്നിധിയിൽ എത്തി, ആഗ്രഹം അറിയിച്ചു. ഗുരുദേവൻ അല്പം ചിന്തിച്ചിട്ട് പറഞ്ഞു, കുമാരുവിനു സന്യാസം പറഞ്ഞിട്ടില്ല. ഗൃഹസ്ഥം മതി. എന്നാൽ, തനിക്കു ഗൃഹസ്ഥം ഇഷ്ടമല്ലെന്നും ആശ്രമത്തിൽ ഉൾപ്പെടുത്തണമെന്നും കുമാരു വീണ്ടും അപേക്ഷിച്ചു. അതും ഗുരുദേവൻ വാത്സല്യപൂർവ്വം തള്ളിക്കളഞ്ഞു. തനിക്കു ജീവിയ്ക്കാൻ നിവൃത്തിയില്ല, എന്ന് പറഞ്ഞപ്പോൾ ഗുരുദേവൻ ഒരു ഓലയെടുത്തു മരുന്ന് കുറിച്ചു. മൂർദ്ധാവു മുതൽ പാദം വരെ ഏതു രോഗത്തിനും ഉള്ള മരുന്ന്. ഇതുകൊണ്ട് കുമാരുവിനു ജീവിയ്ക്കാം. ഉപദേശമനുസരിച്ച് കുറിപ്പടിയുമായി കുമാരു പോയത് പെരുമ്പാവൂരിലേക്കായിരുന്നു. രണ്ടു വിവാഹം കഴിച്ചു. രണ്ടാമത്തെ ഭാര്യയിൽ അഞ്ചു പെണ്മക്കളുണ്ടായി. ആ അഞ്ചു പേരും വാലത്തും സഹോദരസ്ഥാനീയർ. അതിൽ ഒരു സഹോദരിയുടെ മകനാണ് പ്രസിദ്ധ മലയാള നാടകകൃത്ത്, ഏരൂർ വാസുദേവ്. മറ്റൊരു സഹോദരിയുടെ മകൾ മൈഥിലി അദ്ധ്യാപികയായി ചേരാനല്ലൂർ അൽ ഫറൂഖിയ ഹൈസ്കൂളിൽ തന്നെ ജോലിയിൽ പ്രവേശിച്ചു. മൈഥിലിയ്ക്ക് വാലത്ത് അമ്മാവനാണല്ലോ. അതുകൊണ്ട് വാലത്ത് മാഷിനെ മൈഥിലി അമ്മാവാ എന്ന് വിളിച്ചു. അത് എല്ലാവരും ഏറ്റു പിടിച്ചു. സഹപ്രവർത്തകർ വാല

ത്തിനെ കളിയാക്കി അമ്മാവാ, എന്ന് വിളിച്ചു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആ വിളി നിർത്തുകയും ചെയ്തു. പക്ഷെ പ്രശ്നം അപ്പോഴേയ്ക്കു കൈവിട്ടു പോയിരുന്നു. ശിഷ്യഗണം വാലത്ത് മാഷിന്റെ പേര് മാറ്റി, അമ്മാവൻ എന്നാക്കി. അതേ സ്കൂളിൽ പഠിച്ചിരുന്ന എനിക്കും സഹോദരൻ മോപ്പസാങ്ങിനും കിട്ടി, അമ്മാവൻ എന്ന പേർ. ചുരുങ്ങിയത് മൂന്നു വർഷമെങ്കിലും കഴിഞ്ഞിട്ടാണ് ആ പേര് അപ്രത്യക്ഷമായത്.

## 28

# ജീവിത ശൈലി

വാലത്ത് തന്റെ വീട്ടിൽ ആറു മക്കളിൽ ഒരാളായിരുന്നു. വാലത്തിനു പുറമേ, ഏറ്റവും ഇളയ സഹോദരി ഭാരതി മാത്രമേ അദ്ധ്യാപികയായുള്ളൂ. അച്ഛന്റെ മരണശേഷം വാലത്ത് വീട്ടിൽ നിന്നും ബന്ധുക്കളിൽ നിന്നും അകന്നാണ് കഴിഞ്ഞിരുന്നത്. അതിൽ യാതൊരു വിധ കുറ്റബോധവും വാലത്തിനെ അലട്ടിയിട്ടില്ല. പിൽക്കാലത്ത് വിവാഹിതനും മൂന്നു കുട്ടികളുടെ അച്ഛനുമായതിനു ശേഷവും ആ സ്വഭാവത്തിൽ നിന്ന് വ്യതിചലിച്ചില്ല. മാസങ്ങളോളം വീടുവിട്ട് ദേശാടനം നടത്താൻ വാലത്തിനു കഴിഞ്ഞത് കുടുംബബന്ധങ്ങളിൽ നിന്ന് കുതറിമാറിയതുകൊണ്ട് മാത്രമായിരുന്നു. തന്മൂലം തറവാട്ടു കുടുംബത്തിനും സ്വന്തം അണുകുടുംബത്തിനും എന്തെല്ലാം വൈഷമ്യങ്ങൾ നേരിട്ടിരിക്കാം! വാലത്ത്, കുടുംബം എന്ന ഭാഗത്തേയ്ക്ക് കണ്ണയച്ചതേയില്ല. ചത്തോ, ജീവിച്ചോ എന്നുപോലും അന്വേഷിക്കില്ല, എന്ന് കൃശോദരി പരാതി പറയും. എന്ത് പറഞ്ഞാലും വാലത്തിനു ഒരു കുലുക്കവുമില്ല. കേട്ട ഭാവം കാണിക്കുകയില്ല. പരിഭവങ്ങൾ കുറെ പറഞ്ഞ് ക്ഷീണിക്കുമ്പോൾ കൃശോദരി താനേ നിർത്തും. പോകുമ്പോൾ പറയും. "ഞാൻ ഇത്രയും നേരം സംസാരിച്ചത് ഒരു മരത്തിനോട് ആയിരുന്നെങ്കിൽ ആ മരം ഒന്ന് തലയാട്ടുകയെങ്കിലും ചെയ്യുമായിരുന്നു."

ജന്മനാടായ വാലം, ചേരാനല്ലൂർ എന്നീ പ്രദേശത്തുകാർക്ക് സുപരിചിതനാണ് വാലത്ത് മാഷ്. എന്നും രാവിലെ അഞ്ചു മണിയോടെ ചെട്ടിപ്പടിയിൽ ദ്ദാച്ചൻ മൂപ്പന്റെ ചായക്കടയിൽ മാഷ് എത്തും. ആരോടും നാട്ടുവർത്തമാനമൊന്നും ഇല്ല.

ചെറിയ ലോഹ്യങ്ങൾ മാത്രം. കാരണം, മനസ്സ് അവിടെയെങ്ങും ആയിരിക്കില്ല. താൻ എഴുതിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും ലേഖനത്തിന്റെ ചുവടു പിടിച്ച് ഭാവന സഞ്ചരിച്ചുകൊണ്ടിരിക്കും.

പലരും ചിരിക്കുന്നത് അദ്ദേഹം കണ്ടുകാണില്ല. അഭിവാദ്യം മടക്കിക്കൊടുക്കുകയുമില്ല. പക്ഷെ, ആർക്കും ദേഷ്യമില്ല. കാരണം വാലത്ത് മാഷ് അങ്ങനെയാണ്. ജീവിതത്തിൽ വെറും സാധാരണക്കാരൻ. പക്ഷെ അദ്ദേഹം തങ്ങളെക്കാൾ ഉയർന്ന ഒരു വലിയ വ്യക്തി ആയിട്ടാണ് അവർ അദ്ദേഹത്തെ കരുതിയിരുന്നത്. പാഴ് വാക്കുകൾ ഒന്നും പറയുകയില്ല. താണ വിഷയങ്ങൾ—വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ—പരാതികൾ, മുറുമുറുപ്പുകൾ ഇവയൊന്നും വാലത്തിൽ നിന്നു ആരും കേട്ടിരിക്കില്ല. അതിനൊക്കെ അതീതനായ ഒരു വിശാല ചിന്താസരണിയായിരുന്നു, അദ്ദേഹത്തെ നയിച്ചിരുന്നത്.

സാധാരണ നിലവാരത്തിലുള്ള ഷർട്ടും മുണ്ടുമാണ് സ്ഥിരം വേഷം. വില കൂടിയ 'ശീല' ബന്ധുക്കൾ ആരെങ്കിലും സമ്മാനിച്ചാൽ സ്വീകരിക്കാൻ വളരെ പ്രയാസമാണ്. 'ഓ, അതൊന്നും എനിക്ക് ആവശ്യമില്ല. വൃത്തിയുള്ളത് ധരിക്കണമെന്നെയുള്ളൂ.' അതാണ് വാലത്തിന്റെ ശീലം. താൻ വളർന്നു വന്ന കാലഘട്ടത്തിലെ 'ഇല്ലായ്മ' അദ്ദേഹത്തെ ലളിതജീവിതം നയിക്കുവാൻ പഠിപ്പിച്ചു എന്നുവേണം കരുതാൻ. ഭാര്യയ്ക്ക് സാരി വാങ്ങുമ്പോഴും അതേ പിശുക്ക് തന്നെ. ഭർത്താവ് വാങ്ങിക്കൊടുക്കുന്ന സാരിയുടുത്തു പുറത്തെങ്ങും പോകാൻ കഴിയില്ല, എന്ന് ടീച്ചർ എപ്പോഴും പറയും. ഏറ്റവും വില കുറഞ്ഞതേ വാങ്ങൂ.

ദുദാച്ചന്റെ കടയിലെ ചായ കഴിച്ച് നേരെ നടക്കും. ഗ്രാമാന്തരങ്ങളിലൂടെ കിലോമീറ്ററുകളോളം നിത്യവും നടക്കും. അതായിരുന്നു, എൺപതു വയസ്സിലും ആരോഗ്യ രഹസ്യം. ജീവിതരീതി കൊണ്ട് അദ്ദേഹം എല്ലാവർക്കും വിസ്മയമായി. മൂന്നു മക്കൾക്കും വിശ്വപ്രസിദ്ധരായവരുടെ പേരുകളിട്ട് തന്റെ ചിന്താചക്രവാളം അതിരുകളില്ലാത്തതാണെന്ന് അദ്ദേഹം തെളിയിച്ചു.

താൻ ഒരു സാമൂഹ്യ പരിഷ്കർത്താവോ, സാമൂഹ്യപ്രവർത്തകനോ പോലുമല്ലെന്നു അദ്ദേഹം നന്നായി അറിഞ്ഞിരുന്നു. ആവകയിലുള്ള യാതൊരു തിരക്കും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നത്, പക്ഷെ, ഭൂതകാലത്തെക്കുറിച്ചുള്ള അടങ്ങാത്ത ജിജ്ഞാസ ഒന്ന് മാത്രമായിരുന്നു. ഇന്നലെകളിലൂടെ പിന്നാക്കം പോകുന്ന അനന്തമായ ഭൂതകാലം, അതായത് ചരിത്രം, വാലത്തിന്റെ ഇഷ്ടതട്ടകമായിരുന്നു. വീടിനെ മറന്ന്, കുടുംബത്തെ മറന്ന്, തന്നെത്തന്നെ മറന്ന് അദ്ദേഹം

ആഴ്ചകളോളം താളിയോലകളിലും ശിലാലിഖിതങ്ങളിലും പരതി ചരിത്രത്തിലൂടെ ആവുന്നത്ര പിന്നോട്ട് പോകാൻ കൊതിച്ചു.

അനുകരിക്കാൻ തോന്നിക്കുന്നതും എന്നാൽ അനുകരിക്കാൻ ബുദ്ധിമുട്ടേറിയതുമായ ജീവിതശൈലി മരണം വരെ പിന്തുടർന്ന വ്യക്തിയാണ് വാലത്ത്. പ്രഭാതത്തിനു മുമ്പ് ഉറക്കമെഴുന്നേറ്റു പല്ലുതേപ്പും മറ്റും കഴിച്ചു നടക്കാനിറങ്ങും. വളരെ വേഗത്തിലാണ് നടപ്പ്. അതുകണ്ടാൽ അദ്ദേഹം ഏതോ അത്യാവശ്യ കാര്യം പ്രമാണിച്ച് പോകുന്നതാണെന്നേ കാണുന്നവർക്ക് തോന്നൂ. പതുക്കെ നടക്കുന്ന പതിവില്ല. വഴിയരികിൽ 'ചങ്ങായി'മാരുമായി നാട്ടുവർത്തമാനം പറയലില്ല. വിനോദങ്ങൾ യാതൊന്നുമില്ല; വായനയല്ലാതെ. വായനയ്ക്കും എഴുത്തിനും മാത്രമായി ജീവിതം ഉഴിഞ്ഞു വെച്ചു. വീട്ടിൽ എല്ലാവരും ഉറങ്ങുമ്പോഴും വാലത്ത് വായനയിൽ ആയിരിക്കും. മരണാവശ്യമൊഴികെ മറ്റൊരു കാര്യത്തിനും വേണ്ടി തന്റെ സമയം പാഴാക്കി പുറത്തിറങ്ങില്ല. ആരോടും വഴക്കിനില്ല. സസ്യാഹാരിയും അല്പാഹാരിയുമാണ്. അപൂർവ്വമായി മത്സ്യവും കഴിയ്ക്കും. നന്തൻ, കൊഴുവ, പള്ളത്തി, മുള്ളൻ, എന്നീ പൊടിമീനുകളാണ് പ്രിയകരം. ചുട്ട പപ്പടം വളരെ ഇഷ്ടം. തന്റെ അമ്മ പാറു അര കല്ലിൽ അരച്ച് പാകം ചെയ്ത കറികളാണ് അദ്ദേഹത്തിന്റെ രസലോകം. ഇതൊക്കെ അതേ പാകത്തിൽ വെച്ചുകൊടുക്കാൻ ഒരു സർക്കാർ എൽ. പി. സ്കൂൾ പ്രധാനാദ്ധ്യാപിക കൂടിയായ കൃശോദരിട്ടീച്ചർ വളരെ ക്ലേശിച്ചിരുന്നു. ആർഭാടം കുറഞ്ഞ ജീവിതമാർഗ്ഗമാണ് പിന്തുടർന്നതും. മാതൃക കാണിച്ചതും.

അത്യാവശ്യകാര്യങ്ങൾ ചെയ്തു തീർത്തിട്ട് വേഗം എഴുതാനിരിക്കുക, ആയിരുന്നില്ല, മറിച്ച് എഴുതിക്കൊണ്ടിരിക്കുന്നതിനിടയിൽ വേഗം അത്യാവശ്യകാര്യങ്ങൾ ചെയ്യുക, അത് കഴിഞ്ഞാൽ എഴുത്ത് തുടരുക—എന്നതായിരുന്നു എഴുത്തിന്റെ രീതി. മുഴുസമയ എഴുത്തുകാരനായിരുന്നു അദ്ദേഹം എന്ന് സാരം. ഒരു വലിയ പ്രൊജക്റ്റ് സമയബന്ധിതമായി ചെയ്തുകൊണ്ടിരിക്കുക; അതോടൊപ്പം കാലികവിഷയങ്ങളെക്കുറിച്ച് ചെറു ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുക, ഇതായിരുന്നു വാലത്തിന്റെ രചനാരീതി എന്ന് കൂടി പറയാം. അതിനേക്കാൾ ശ്രദ്ധേയമായിരുന്നത് അദ്ദേഹത്തിന്റെ നിരീശ്വരത്വം ആയിരുന്നു. ഈശ്വരാ, ദൈവമേ എന്നീ വാക്കുകൾ അബദ്ധത്തിൽ പോലും അദ്ദേഹം ജീവിതാന്ത്യം വരെ ഉച്ചരിച്ചിട്ടില്ല. (മകൻ എന്ന നിലയ്ക്ക് എനിയ്ക്ക് അത് ഉത്തമ ബോദ്ധ്യമാണ്.)

പ്രസംഗകല വാലത്തിനു നന്നായി വഴങ്ങിയിരുന്നു. രാഷ്ട്രീയം, സാംസ്കാരികം

എന്നീ മേഖലകളിൽ വാലത്ത് ഒരു തീപ്പൊരി പ്രസംഗകനായിരുന്നു. പ്രസംഗമു ള്ള ദിവസം ഭാരവാഹികൾ സ്റ്റാൻഡേർഡ് കാറിൽ (അതായിരുന്നു അന്നത്തെ ചെറിയ കാർ) വന്നു വാലത്തിനെ കൊണ്ടുപോകും. ചിലപ്പോൾ അംബാസ്സഡ റും. യോഗം കഴിഞ്ഞു തിരിച്ചുകൊണ്ടുവന്നാക്കുമ്പോൾ കയ്യിൽ കശവുമാലയും ഉണ്ടാവും. വാലത്തിന്റെ പുസ്തക അലമാരയുടെ മുകൾത്തട്ടിൽ രണ്ടുമൂന്നു കശവുമാ ലകൾ എപ്പോഴും ഉണ്ടായിരുന്നു. അന്നത്തെ കശവുമാല ഒരുപാട് പണിത്തരങ്ങൾ ഉള്ളതായിരുന്നു. അതിനു ഒരു തലമുറയുടെ സാംസ്കാരിക ബോധത്തിന്റെ മുഖച്ഛാ യയുണ്ട്.

# 29

## ശരണം വിളി കൂടാതെ ഒരു ശബരിമല യാത്ര

1961 ഡിസംബർ 22-നായിരുന്നു സംഭവബഹുലമായ ശബരിമല യാത്ര. ഇതിനകം അറിയപ്പെടുന്ന കമ്മ്യൂണിസ്റ്റും നിരീശ്വരവാദിയുമായി മാറിക്കഴിഞ്ഞിരുന്ന വാലത്തിന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളായിരുന്നു, വേലിക്കകത്ത് പ്രഭാകരനും, വാലത്ത് സുബ്രഹ്മണ്യനും, ഗോപാലനും. അവർ അക്കൊല്ലം ശബരിമലയ്ക്ക് പോകാൻ വ്രതം തുടങ്ങിയിരിക്കുകയായിരുന്നു. 41 ദിവസത്തെ വ്രതം. വാലത്ത് ശബരിമലയെക്കുറിച്ച് കേട്ടിട്ടേയുള്ളൂ. കൂട്ടുകാർ പോകുന്നു എന്ന് കേട്ടപ്പോൾ കൂടെ പോകാൻ ഒരു മോഹം. പക്ഷെ, അവർ കൊണ്ടുപോകുകയില്ല. കാരണം, ഇയാളെയും കൊണ്ടു പോയാൽ അപകടം ഉറപ്പ്. ആരെയെങ്കിലും പുലിപിടിക്കും.

അക്കാലത്ത് ശബരിമല യാത്ര രണ്ടും കൽപ്പിച്ചാണ്. പോകുന്ന സംഘത്തിലെ എല്ലാവരും തിരികെ എത്തുമെന്നുറപ്പില്ല. മലമ്പനി പിടിച്ച് മരിക്കാം. പുലി പിടിച്ചുകൊണ്ടു പോകാം. പുലിപ്പേടി എന്നൊരു പേടി തന്നെ ഇങ്ങനെയുണ്ടായതാണ്. ഇന്നത്തെ കാലത്ത് ശബരി മലയാത്ര എത്രയോ സുഖപ്രദമാണ്. പലരും പമ്പ വരെ വാഹനത്തിലും പിന്നെ ഡോളിയിലുമാണല്ലോ. 'ഡോളി എക്സ്പെൻസ് മാനേജ് ചെയ്യാൻ പറ്റാത്തവർ ആവുന്ന കാലം മലകയറുകയും പിന്നെ നിർത്തുകയും ചെയ്യുന്നു. അർദ്ധരാത്രി പുറപ്പെട്ട്, പിറ്റേന്ന് വെളുപ്പിന് പമ്പയിലെത്തി കുളിച്ച് മല കയറി, ഉച്ചയ്ക്ക് മുമ്പേ തൊഴലും അഭിഷേകവും പ്രസാദ ഊട്ടും കഴിച്ച്, സന്ധ്യയോടെ മടങ്ങിയെത്തുന്നവരുമുണ്ട്.

പണ്ട് സൌകര്യങ്ങൾക്കായിരുന്നില്ല; ഭക്തിയ്ക്കായിരുന്നു പ്രാധാന്യം. ഗ്രാമാ

ന്തരങ്ങളിൽ എങ്ങും രാത്രികാലങ്ങളിൽ അയ്യപ്പൻ പാട്ടുകൾ കേൾക്കാമായിരുന്നു. 'കെട്ടുനിറ' ഭക്തിനിർഭരമായ ചടങ്ങാണ്. വീട്ടിൽ ആഘോഷമാണ്. ബന്ധുക്കളും അയൽക്കാരും സംബന്ധിക്കും. വളരെ നേരം അയ്യപ്പൻ പാട്ട് അഥവാ ശാസ്താംപാട്ട് കേൾക്കാം. പിന്നീട് കെട്ടുനിറ ആരംഭിക്കും. ഇരുമുടിക്കെട്ടിലേക്ക് ഓരോ സാധനങ്ങൾ എടുത്തുവയ്ക്കുമ്പോഴും സ്വാമിയേ, ശരണമയ്യപ്പാ വിളി ഉയരും. ഓരോ ശരണം വിളിയിലും ഒരായിരം പ്രാർത്ഥനയുണ്ട്. എന്റെ ഭർത്താവിന്, എന്റെ അച്ഛന്, അങ്ങനെ 'എന്റെ' എല്ലാവർക്കും സുഖമായി ശബരിമലയിൽ അയ്യപ്പദർശനം കഴിയ്ക്കാൻ സാധിക്കണമേ എന്നൊക്കെയുള്ള പ്രാർത്ഥന. അത് പിന്നീട് തേങ്ങലായി മാറും. വൈകാതെ അത് കരച്ചിലാകും. കെട്ട നിറച്ച് ഉറ്റവർ വീട്ടിൽ നിന്നു പടിയിറങ്ങുമ്പോൾ കരച്ചിൽ അലമുറയായി മാറും. കാരണം അവർ എല്ലാവരും പോകുന്നതു പോലെ തിരിച്ചെത്തുമെന്ന് ഒരു ഉറപ്പുമില്ല. അത്തരം ഒരു കാലമായത് കൊണ്ടാകും, വാലത്തിനെ കൂടെ കൂട്ടാൻ സുഹൃത്തുക്കൾ മടിച്ചത്. വാലത്ത്, പക്ഷെ തന്റെ ആഗ്രഹത്തിൽ നിന്നു പിന്മാറിയില്ല. ഒഴിയാബാധയായപ്പോൾ അവർ മയപ്പെട്ടു. അങ്ങനെ വാലത്തും ശബരിമലയിലേക്ക്.

വ്രതം എടുക്കാതെ, താടിയും മുടിയും വളർത്താതെ, കറുപ്പ് വസ്ത്രം ധരിക്കാതെ ഇരുമുടിക്കെട്ടില്ലാതെ വാലത്തും കൂടെ പുറപ്പെട്ടു. അയ്യപ്പൻ ഹിന്ദു മതദൈവമല്ലെന്നു വാലത്ത് തന്റെ കൂട്ടുകാരോട് പറഞ്ഞു. അയ്യപ്പന് ബുദ്ധമതവുമായിട്ടാണ് ബന്ധം. അനുഗ്രഹമുദ്രയുമായി 'ഇരിക്കുന്ന' ദൈവങ്ങൾ ബുദ്ധമതത്തിലാണ്. കറുത്ത വസ്ത്രവും ശരണം വിളിയും ബുദ്ധമതത്തിലേതാണ്. ചുരുക്കത്തിൽ വാലത്ത് ശബരിമലയിലെത്തുന്നത് ഒരു ടൂറിസ്റ്റായിട്ടാണ്. 1961 ഡിസംബർ 22-ന യാത്ര പുറപ്പെട്ടു. അന്ന് രാത്രി എരുമേലിയിൽ ക്യാമ്പ്. പിറ്റേന്ന് അഴുതയിൽ ക്യാമ്പ്. 24-ന പമ്പയിലും 25-ന സന്നിധാനത്തും എത്തി.

പതിനെട്ടാംപടിക്കുതാഴെ പോലീസ് വാലത്തിനെ തടഞ്ഞു. ഇരുമുടി എവിടെ? വാലത്ത് പറഞ്ഞു. ഇരുമുടി ഇല്ല. എന്നാൽ കയറണ്ട. പോലീസ് തീർത്തു പറഞ്ഞു. വാലത്ത് ഉടനെ പോംവഴി കണ്ടു. അൽപ്പം മാറി നിന്ന് ഭാണ്ഡം തുറന്നു. ചെറിയ കാപ്പിക്കലം, പഞ്ചസാരപ്പാത്രം, പലവ്യഞ്ജനപ്പാത്രങ്ങൾ എന്നിവ നിറച്ച് ഇരുമുടി ഉണ്ടാക്കി. അത് തലയിൽ വെച്ച് പടികയറി സന്നിധാനത്തെത്തി. ഒരു രാത്രി അവിടെ കഴിച്ചു 26-ന വണ്ടിപ്പെരിയാർ വഴി മടങ്ങി. 27-ന വീട്ടിൽ എത്തി. ഒരു നിരീശ്വരനായി ശബരിമലയിൽ എത്തി, നിരീശ്വരനായിതന്നെ മടങ്ങിപ്പോന്നു. നിറയെ സ്മരണകളുമായി വാലത്ത് 'ശബരിമല–ഷോളയാർ–മൂന്നാർ' എന്ന ഗ്രന്ഥം

എഴുതാനിരുന്നു. കൃത്യം ഒരു മാസമായപ്പോൾ ഫെബ്രുവരി 26-ന യുക്തിവാദി മാസികയ്ക്കു ലേഖനം പോസ്റ്റ് ചെയ്തു. "ഞാൻ കണ്ട ശബരിമല."

യുക്തിമാർഗ്ഗത്തിലെ ആ യാത്ര നാട്ടതിർത്തികൾ കടന്നു ദേശീയമായും അന്തർദേശീയമായും മനുഷ്യരാശിയുടെ ഭാഗധേയങ്ങൾ തിരഞ്ഞു. ദൈവസങ്കല്പങ്ങൾ കേവലം സങ്കൽപ്പങ്ങൾ മാത്രമാണെന്ന് തിരിച്ചറിയുക മാത്രമല്ല, സ്വന്തം ഭാര്യയേയും മക്കളേയും അന്ധവിശ്വാസങ്ങളിൽ നിന്നകറ്റിനിർത്തുവാൻ അങ്ങേയറ്റം പരിശ്രമിക്കുകയും ചെയ്തു.

സ്വന്തം മക്കൾ നിത്യവും ചൊല്ലുന്ന സന്ധ്യാപ്രാർത്ഥനയിൽ എന്തൊക്കെ ഉൾപ്പെടുത്തണമെന്ന് പ്രത്യേകം നിഷ്കർഷിച്ചു. പരമ്പരാഗതനാമകീർത്തനങ്ങൾ പാടെ നീക്കം ചെയ്യപ്പെട്ടു. പുതിയ സന്ധ്യാവന്ദനം ഏർപ്പെടുത്തി. സന്ധ്യാദീപമായി നിലവിളക്ക് കൊളുത്താം. വിരോധമില്ല. ഇനി നാമജപം ആരംഭിക്കാം. ആദ്യം 'അഖിലാണ്ഡമണ്ഡലം അണിയിച്ചൊരുക്കി'! തുടർന്ന് കുമാരനാശാന്റെ 'പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി'. അതുകഴിഞ്ഞ് ചങ്ങമ്പുഴയുടെ 'ആരു വാങ്ങുമിന്നാരുവാങ്ങുമീയാരാമത്തിന്റെ രോമാഞ്ചം?' അടുത്തതായി ഋഗ്വേദത്തിൽ നിന്ന് ഒരു സൂക്തം. ഇംഗ്ലീഷിലാണ്. 'ലെറ്റ് ആൾ ദി നോബിൾ തോട്സ് കം ടു അസ് ഫ്രം എവെരിസൈഡ്.' അത് കഴിഞ്ഞു ദേശീയഗാനം, ജനഗണമന! അതിന്റെ അവസാനം നെറ്റിയിൽ കൈ ചേർത്ത് സല്യൂട്ട്. ജയ് ഹിന്ദ്! ഇത്രയുമാണ് സന്ധ്യയ്ക്ക് വരാന്തയിൽ നിലവിളക്ക് കൊളുത്തി, തടുക്കു പായിട്ടിരുന്നു ചൊല്ലുന്ന സന്ധ്യാപ്രാർത്ഥന! ലോകത്ത് ഒരിടത്തും ഇങ്ങനെ ഒരു പ്രാന്ത് കാണില്ല, എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. പക്ഷെ, ഞാനുൾപ്പടെ മൂന്നു മക്കളും കുറേക്കാലം അത് അനുസരിച്ചിട്ടുണ്ട്.

# 30

## ഋഗ്വേദത്തിലൂടെ

1966 ജനവരിയിൽ 'ഋഗ്വേദത്തിലൂടെ' ആദ്യപതിപ്പിറങ്ങി. ഭൂതകാലസംസ്കാരത്തോട് അഭേദ്യമായ ബന്ധമുണ്ട് വാലത്തിന്റെ ഈ കൃതിയ്ക്ക്. 'ഋഗ്വേദസംഹിതയിലൂടെ' തികഞ്ഞ ഗവേഷണബുദ്ധിയോടുകൂടി ഒരു ഉല്ലാസയാത്ര സാധിച്ചിരിക്കുകയാണ് ശ്രീ വാലത്ത് എന്ന്, ശൂരനാട്ട് കുഞ്ഞൻ പിള്ള അവതാരികയിൽ വിശേഷിപ്പിക്കുന്നു. ഒരു മതസാഹിത്യത്തെ മനസ്സിലാക്കാനുള്ള പ്രേരണയല്ല, ഇതിൽ പ്രകടമാകുന്നത്. ആര്യപുരാതനന്മാരുടെ സമൂഹജീവിതത്തെക്കുറിച്ചും സംസ്കാരചരിത്രത്തെക്കുറിച്ചും വിശദമായ പഠനം തന്നെ ഇതിൽ സാധിച്ചിരിക്കുന്നു.

സാധാരണക്കാരന് അപ്രാപ്യമായിരുന്ന ഋഗ്വേദം വാലത്തിന്റെ ലളിത വ്യാഖ്യാനത്തിലൂടെ ഋഗ്വേദയാത്രയ്ക്ക് സാധാരണക്കാരനെ പ്രാപ്തനാക്കി, എന്നതിന് 2008 ആയപ്പോൾ ഇതിനു അഞ്ചാമത്തെ പതിപ്പിറങ്ങി എന്നത് തെളിവാണ്. ഋഗ്വേദത്തിലൂടെ എന്ന ഗ്രന്ഥത്തിനെ ഒന്നുകൂടി വിശദീകരിക്കുവാൻ ആഗ്രഹിക്കുന്ന ഒരാൾ വല്ലാതെ ബുദ്ധിമുട്ടും. ചുരുക്കി വർണ്ണിക്കാൻ സാദ്ധ്യമല്ല. കാരണം ഒരു വിവരവും ഒഴിവാക്കാൻ കഴിയില്ല, വിശദീകരിക്കാൻ ശ്രമിച്ചാലോ ആവർത്തനവുമാകും. അറുപതുകളിൽ ഈ ഗ്രന്ഥം മലയാളരാജ്യം ആഴ്ചപ്പതിപ്പിലൂടെ ഭാഗങ്ങളായി പ്രസിദ്ധീകരിച്ചപ്പോൾ 'ഋഗ്വേദത്തിലൂടെ ഒരു ഉല്ലാസയാത്ര' എന്നാണു പേരിട്ടിരുന്നത്. പിന്നീട് ഗ്രന്ഥരൂപത്തിൽ വന്നപ്പോഴാണ് അത് ചുരുക്കി 'ഋഗ്വേദത്തിലൂടെ' എന്ന് മാത്രമായത്. അറിവും ആനന്ദവും പകർന്ന ഒരു ഉല്ലാസയാത്രയ്ക്ക്

ശേഷം, അത് ഒരു ഉല്ലാസയാത്രയായിരുന്നു, എന്ന് പ്രത്യേകം പറയേണ്ടതില്ല ല്ലോ! വാലത്തിന്റെ രചനാശൈലി ആരെയും ആകർഷിക്കുന്നതാണ്. പൊതുവേ ആർക്കും എളുപ്പം കടന്നുചെല്ലാൻ പറ്റാത്ത വിഷയമാണ് വേദസംഹിത. എന്നാൽ, ഈ ഗ്രന്ഥം വായിക്കുന്ന ഏതു സാധാരണക്കാരനും വേദങ്ങളെയും വേദകാല ഭാരതത്തെയും തീർച്ചയായും ഇഷ്ടപ്പെടും. അതാണ് ഈ ഗ്രന്ഥത്തിന്റെ പ്രചാരത്തിനു കാരണവും.

"ഒന്നും പറയാനില്ലാത്തതുകൊണ്ട് എന്തും പറഞ്ഞുപോകുന്ന ക്ഷണികനിർമ്മിതികളുടെ അപസ്വരങ്ങൾക്കിടയിൽ അപൂർവ്വം ചില അർത്ഥവത്തായ സ്വരങ്ങൾ ഉയർന്നു കേൾക്കുമ്പോൾ അനുവാചകന് എന്തെല്ലാം തോന്നുമോ, അതെല്ലാം തോന്നി വാലത്തിന്റെ 'ഋഗ്വേദത്തിലൂടെ' കടന്നു പോയപ്പോൾ." എന്ന് ഈ കൃതിയുടെ രണ്ടാം പതിപ്പ് നിരൂപണം ചെയ്ത കൃഷ്ണകുമാർ അഭിപ്രായപ്പെട്ടു. അദ്ദേഹം തുടരുന്നു. "വാലത്തിനു മാത്രം വശംവദയായ ഗദ്യകവിതയുടെ ഗന്ധലഹരിയാർന്ന ഹൃദ്യമായ ശൈലിയിൽ വേദസംഹിതയുടെ ഔേതികവീര്യം പകർന്നുതരുന്ന ഈ ഗ്രന്ഥത്തിനു ഇത്രയും വേഗത്തിൽ ഒരു രണ്ടാം പതിപ്പ് ഉണ്ടാകാതിരുന്നെങ്കിലേ അത്ഭുതത്തിനവകാശമുള്ളൂ."

മാനവവംശത്തിന്റെ അങ്ങേത്തലയ്ക്കലുള്ള ഋഗ്വേദത്തെയും അതിന്റെ സംസ്കാരത്തെയും പുതിയ യുഗത്തിന്റെ പാതയിൽ നിന്നുകൊണ്ട് തിരിഞ്ഞു നോക്കുകയും വിലയിരുത്തുകയുമാണ് ഈ കൃതിയിൽ ചെയ്തിട്ടുള്ളത്. ആര്യ പുരാതനന്മാരുടെ സത്യ, ധർമ്മാദിചിന്തകളെ ആവുന്നത്ര ആധുനിക ലോകത്തിന്റെ അനുക്ഷണ ക്ഷീണങ്ങളായ പ്രജ്ഞാനാളികളിലേയ്ക്ക് ആവാഹിച്ച് ഒഴുക്കുവാനുള്ള അഭ്രതപൂർവ്വമായ കർമ്മപരിപാടിയായി ഇതിനെ കണക്കാക്കാം.

ആയിരമായിരമാണ്ടുകൾക്ക് മുമ്പ് ജീവിച്ച ആ മനുഷ്യപരമ്പരയുടെ ഉദാത്ത ജീവിതത്തിനുതകിയ ബോധങ്ങൾ, ബന്ധങ്ങൾ, ശീലങ്ങൾ, ശൈലികൾ, നീതികൾ, നിയമങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവയുമായി അഭിനവയുഗാത്മാവിനെ ചരിത്രപരമായ പശ്ചാത്തലത്തിൽ വെച്ച് പരിചയപ്പെടുത്തുക, അവയുടെ അന്തസ്സത്തയുമായി പൊരുത്തപ്പെടുത്തുക, ആ വഴിയ്ക്ക് മാനവീയ ഉല്ക്കർഷത്തിന്റെ മഹാപഥങ്ങളിലെയ്ക്ക് ആശാഭംഗാത്മാവായ ആധുനിക മനുഷ്യനെ തിരിച്ചുവിടുക, അങ്ങനെ ഇരുപതാം നൂറ്റാണ്ടിന്റെ ഇടിഞ്ഞു തകർന്ന സമൂഹജീവിതത്തിന്റെ അന്യതാബോധത്തിനു സജീവമായ ഒരു പരിവർത്തനം വരുത്തുക, എന്നീ

ഉദ്ദേശ്യങ്ങൾ ഈ ഗ്രന്ഥരചനയുടെ പിന്നിലുണ്ടെന്ന് ഇതിലെ പ്രതിപാദനത്തിന്റെ പ്രത്യേകത പ്രകടമാക്കുന്നു.

"ഭാസുരമായ ഭാവിയ്ക്ക് വേണ്ടി പ്രയത്നിച്ച ഋഗ്വേദകാല മനുഷ്യനിൽ നാം നമ്മെ കണ്ടെത്തുകയത്രേ ചെയ്യുന്നത്" എന്നാണ് ഗ്രന്ഥകാരന്റെ മതം. "ആധുനിക മനുഷ്യൻ ഒരത്ഭുതമാണ്. പക്ഷെ, ഈ അത്ഭുത മനുഷ്യൻ സ്വച്ഛമായ, ധീരമായ മനസ്സിനെ രൂപീകരിക്കാൻ ആ പഴയ മനുഷ്യനിൽ നിന്ന് പഠിക്കേണ്ടിയിരിക്കുന്നു എന്ന് വികാരാസക്തവും വിചാരശക്തവും ആയ ഭാഷയിൽ പ്രഖ്യാപിക്കുകയും ഇന്നത്തെ മനുഷ്യന് നിലനിൽപ്പിനായി വേദകാലമനുഷ്യന്റെ ജീവിതസൂക്തം തന്നെ നിർദ്ദേശിക്കുകയും ചെയ്യുന്നു."

"ഞങ്ങൾ നേടാവൂ കെൽപ്പും
അന്നവും ദീർഘായുസ്സും."

ഋഗ്വേദം സത്യത്തെ കണ്ടുപിടിച്ചു. ധർമ്മത്തെ ജനിപ്പിച്ചു. മനുഷ്യസമുദായത്തിന്റെ തലയ്ക്കൽ സത്യധർമ്മാദികളെ ആദ്യമായ് പ്രതിഷ്ഠിച്ചു. ഋഗ്വേദം ചരിത്രത്തിൽ ആദ്യമായി പ്രപഞ്ചത്തെ വ്യാഖ്യാനിച്ചു. മനുഷ്യനെയും പ്രപഞ്ചത്തെയും ആദ്യമായി കൂട്ടിയിണക്കി. പ്രപഞ്ചത്തിന്റെ സൌന്ദര്യവും ജീവിതത്തിന്റെ സമ്പൂർണ്ണതയും ഋഗ്വേദം വിളംബരം ചെയ്തു. ഋഗ്വേദത്തിലെ സൂക്തങ്ങളധികവും വെളിച്ചത്തിന്റെ കവിതകളാണ്. പുരാതനഭാരതത്തിന്റെ സംഭാവനയാണത്. ധർമ്മം എന്ന വാക്കിന്റെ ഉത്ഭവം ഋഗ്വേദത്തിൽ നിന്ന് തന്നെ. സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനപ്രമാണം ധർമ്മത്തിൽ അധിഷ്ഠിതമാണ്. അത് സത്യത്തെയും ധർമ്മത്തെയും പൂജിച്ചു. സത്യത്തിൽ അടിയുറച്ച മനസ്സും സത്യസന്ധമായ ജീവിതവും! നിങ്ങൾ ഏതു മതക്കാരനാണ്, ഏതു 'ഇസ'ക്കാരനാണ്, എന്നതല്ല; നിങ്ങൾ സത്യസന്ധമായി ജീവിക്കുന്നുണ്ടോ എന്നതാണ് പ്രശ്നം. സത്യംകൊണ്ട് ലോകത്തെ സമുദ്ധരിക്കുക. അതായിരുന്നു, ഋഗ്വേദത്തിന്റെ പ്രഖ്യാപനം.

ഋഗ്വേദത്തിലെ ആസ്തികത്വം ധർമ്മമാണ്. സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനം ധർമ്മത്തിൽ അധിഷ്ഠിതമാണ്. അന്ധമായ വിശ്വാസം അടിച്ചേൽപ്പിക്കാൻ ഋഗ്വേദം ഇഷ്ടപ്പെട്ടില്ല.

ഋഗ്വേദകാലം മനുഷ്യവികാസത്തിന്റെ കാലമായിരുന്നു. ചിന്തയുടെ ഊന്നുവടിയിൽ ഒന്നാമതായി മനുഷ്യൻ എഴുന്നേറ്റു നിൽക്കുവാൻ തുടങ്ങിയ കാലം. ആ കാലത്തിനു വാലത്ത് നന്ദി പറയുന്നുണ്ട്. ഭാരതത്തെ അറിയാൻ, സ്വന്തം പൈതൃ

കത്തിന്റെ സത്ത ഉൾക്കൊള്ളാൻ, അവനവനെ കണ്ടെത്താൻ, തിരിച്ചറിയാൻ ഈ ഗ്രന്ഥം ഉപകരിക്കും, തീർച്ച.

# — 31 —

# സംഘസാഹിത്യവേദി

സംഘകാലം വാലത്തിനെ സംബന്ധിച്ചിടത്തോളം ഒരു ലഹരിയായിരുന്നു. സംഘം കൃതികളെക്കുറിച്ച് നിരവധി പ്രഭാഷണങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. പുതിയ തലമുറകൾക്ക് ഏതാണ്ട് പൂർണമായും അജ്ഞാതമായ ആ അമൂല്യ സാഹിത്യസമ്പത്തിനെ വീണ്ടെടുക്കണമെന്ന വാശിയോടുകൂടി 1977-ൽ വാലത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ചതാണ് 'സംഘസാഹിത്യവേദി'. മേലങ്ങത്ത് നാരായണൻ കുട്ടി, സി.കൃഷ്ണൻനായർ എന്നിവരുടെ സഹായത്തോടെ മദ്ധ്യകേരളത്തിൽ സംഘം കൃതികളെക്കുറിച്ച് അനേകം ക്ലാസുകൾ സംഘടിപ്പിച്ചു. എന്നാൽ, പ്രോൽസാഹനമോ അനുകൂല പ്രതികരണമോ ലഭിക്കാതെ തുടർപ്രവർത്തനങ്ങൾ മുടങ്ങി, ക്രമേണ അത് നിലച്ചു. ഈ മേഖലയിൽ അദ്ദേഹം രചിച്ച ഒരു കൈപ്പുസ്തകമാണ് 'സംഘസാഹിത്യം എന്നാൽ എന്ത്?'

## ചരിത്രകവാടങ്ങൾ

'ഭാരതത്തിന്റെ പൈതൃകം' തുടങ്ങി വിജ്ഞാനപ്രദമായ ഇരുപതു ലേഖനങ്ങളാണ് ഉള്ളടക്കം. നിരന്തരമായ, സ്വന്തമായ തപസ്സിന്റെ, എകാഗ്രമനസ്കമായ അന്വേഷണത്തിന്റെ, ചിന്തയുടെ ഫലമാണത്. കൂടുതൽ ചിന്തിക്കുവാനും പഠിക്കുവാനും നമ്മെ പ്രേരിപ്പിക്കും വിധം ഭാരതീയമായ വിവിധവിഷയങ്ങളുടെ കവാടം തുറന്നിടുകയാണ് അദ്ദേഹം ചെയ്യുന്നത്. കവിതയേയും സാഹിത്യത്തെയും സമീപിക്കുമ്പോൾ ചരിത്രകാരന്റെയും, ചരിത്രത്തെ സമീപിക്കുമ്പോൾ കവിയുടെയും, ഇതരവിഷ

യങ്ങളെ സമീപിക്കുമ്പോൾ മുൻചൊന്ന രണ്ടിന്റെയും അംശങ്ങൾ കൈവിളക്കു പോലെ പ്രകാശം ചൊരിയുന്നതായി ഇതിലെ പ്രബന്ധമോരോന്നും തെളിയിക്കും.

സി. പി. ശ്രീധരന്റെ അവതാരികയോടെ 1977-ൽ പ്രസാധനം ചെയ്യപ്പെട്ട ഈ ഗ്രന്ഥം 1994-ൽ മഹാത്മാഗാന്ധി സർവ്വകലാശാല ഡിഗ്രി തലത്തിൽ പാഠപുസ്തകമായി അംഗീകരിച്ചു.

## 'പണ്ഡിറ്റ് കറുപ്പൻ' പ്രകാശനം

കേരള ഹിസ്റ്ററി അസോസിയേഷൻ 'നവകേരള ശില്പികൾ' പരമ്പരയിൽ ഒമ്പതാമത് പ്രസിദ്ധീകരിച്ച ജീവചരിത്രഗ്രന്ഥം വാലത്ത് രചിച്ച 'പണ്ഡിറ്റ് കറുപ്പൻ' ആയിരുന്നു. ചീഫ് എഡിറ്റർ, പ്രൊഫ. പി. എസ്. വേലായുധൻ ആമുഖം എഴുതി. 1985 ജനുവരി 6-നു സമസ്ത കേരളസാഹിത്യ പരിഷത്ത് ഹാളിൽ നിറഞ്ഞ സദസ്സിൽ 'പണ്ഡിറ്റ് കറുപ്പൻ' പ്രസാധനം ചെയ്യപ്പെട്ടു. ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വൈക്കം ചന്ദ്രശേഖരൻ നായർ പുസ്തകം പ്രകാശനം ചെയ്തു. പി. എസ്.വേലായുധൻ, ടി. എം.ചുമ്മാർ, ടി. കെ. സി.വടുതല, പ്രൊഫ. പി.കുഞ്ഞികൃഷ്ണ മേനോൻ, കെ. എൻ.സുകുമാരൻ എന്നിവർ സംസാരിച്ചു. പ്രൊഫ. പോൾസൻ സ്വാഗതവും ടാറ്റാപുരം സുകുമാരൻ നന്ദിയും പറഞ്ഞു.

അവാർഡുകളുടെ വലിയ ശേഖരമൊന്നും വാലത്തിന്റെ കൈവശമില്ല. വലുതെന്നല്ല, ചെറുത് പോലുമില്ല. ആകെ ലഭിച്ചത് പണ്ഡിറ്റ് കറുപ്പന്റെ ജീവചരിത്രഗ്രന്ഥം രചിച്ചതിനു കേരള ഹിസ്റ്ററി അസോസിയേഷൻ നൽകിയ 1000 രൂപയുടെ അവാർഡ് ആണ്. അത് വാലത്ത് മഹാകാര്യമായി കരുതിയിട്ടുമില്ല. കാരണം അത്തരം ഒരു ജീവചരിത്ര ഗ്രന്ഥം തയ്യാറാക്കുക എന്നത് പ്രതിഫലങ്ങൾക്ക് അതീതമായ കർത്തവ്യമാണ്. പണ്ഡിറ്റ് കറുപ്പനെ നേരിട്ടറിയാവുന്നതുകൊണ്ട് അന്നത്തെ കാലഘട്ടത്തിന്റെ സാമൂഹ്യാവസ്ഥകളുടെ സത്യസന്ധമായ അവതരണത്തിലൂടെ കറുപ്പൻ മാഷിന്റെ കുറ്റമറ്റ ഒരു ജീവചരിത്രം രചിക്കുവാൻ തനിക്കു മാത്രമേ കഴിയുള്ളൂ, എന്നും വാലത്തിനു തോന്നിയിരിക്കണം. പണ്ഡിറ്റ് കറുപ്പന് ഇതുവരെ നാലോ അഞ്ചോ ജീവചരിത്രഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും ഏറ്റവും വസ്തുതാസമഗ്രമായ ജീവചരിത്രം വാലത്ത് എഴുതിയതാണ് എന്ന് അംഗീകരിക്കപ്പെടുന്നു.

# 32

## റിട്ടയർമെന്റ്

1973 മാർച്ച് മാസം വാലത്ത് അദ്ധ്യാപകജീവിതത്തിൽ നിന്ന് വിരമിച്ചു. സ്വകാര്യ സ്കൂളുകൾ ഗവർമെന്റ് എയ്ഡെഡ് സ്കൂളുകൾ ആകുന്നതിനു മുമ്പായിരുന്നു വാലത്ത് ജോലിയിൽ പ്രവേശിച്ചത്. എന്നുവച്ചാൽ കാര്യമായ ശമ്പളം ഒന്നും ലഭിച്ചിരുന്നില്ല, എന്നർത്ഥം. കിട്ടുന്നതാകട്ടെ മാനേജരുടെ വീട്ടു പടിക്കൽ കൂടി പല തവണ നടന്നാൽ മാത്രം. ചിലപ്പോൾ കിട്ടിയില്ലെന്നും വരാം. മുണ്ടശ്ശേരി മാസ്റ്ററുടെ നിയമനിർമ്മാണത്തോടെ എയ്ഡെഡ് അദ്ധ്യാപകർ രക്ഷപ്പെട്ടു, എന്നതാണ് വാസ്തവം. റിട്ടയർമെന്റ് ആയെങ്കിലും വാലത്ത് വിരമിക്കുകയായിരുന്നില്ല, ആരംഭിക്കുകയായിരുന്നു. പിന്നീടാണ് വാലത്തിൽ മറഞ്ഞു നിന്നിരുന്ന ചരിത്രാന്വേഷി സ്വതന്ത്രനാകുന്നത്. ഒപ്പം കേരള സാഹിത്യ അക്കാദമിയുടെ പ്രോജക്റ്റുകളും യഥാസമയം എത്തിച്ചേർന്നപ്പോൾ കേരളചരിത്രപഠനത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കപ്പെട്ടു.

1969-ൽ 'കേരളത്തിലെ സ്ഥല ചരിത്രങ്ങൾ' പ്രസാധനം ചെയ്തു. ആ ഗ്രന്ഥത്തിന്റെ മാതൃകയിൽ തുടർന്ന് ചരിക്കണമെന്നു ആഗ്രഹിച്ചിരിക്കുമ്പോഴാണ് കേരള സാഹിത്യ അക്കാദമിയിൽ നിന്ന് അക്കാദമിയിലെ ഗ്രന്ഥശേഖരവും മാസികാശേഖരവും പ്രയോജനപ്പെടുത്തിക്കൊണ്ട് ഗ്രന്ഥം രചിക്കണമെന്ന വ്യവസ്ഥയിൽ സ്കോളർഷിപ്പ് ലഭിച്ചത്. അക്കാദമിയുടെ ഒരു ഭാഗമായ രാമവർമ റിസർച്ച് ഇൻസ്റ്റിട്യൂട്ട് വക അപൂർവ്വ ഗ്രന്ഥശേഖരം കൂടി കാണാനിടവന്നപ്പോൾ പഴയ ആഗ്രഹം ശക്തിപ്പെട്ടു. മുൻപറഞ്ഞ ഗ്രന്ഥം എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ നിന്ന്

പെറുക്കി എടുത്ത ഏതാനും സ്ഥലങ്ങളെയാണ് ഉൾക്കൊള്ളിച്ചിരുന്നത്. പ്രതിപാദന ഭംഗിയിലൂന്നിക്കൊണ്ടുള്ള ഒരു തരം ചരിത്രവീക്ഷണമായിരുന്നു അതിൽ. വസ്തുതകൾക്ക് മുൻതൂക്കം നൽകിയും ആഴത്തിലുള്ള അന്വേഷണബുദ്ധി ആർജ്ജിച്ചുമുള്ള രീതിയിൽ തൃശ്ശൂർ ജില്ലയെ കേന്ദ്രമാക്കി ഒരു സ്ഥലചരിത്രമെഴുതാനുള്ള ആഗ്രഹം അക്കാദമി സെക്രട്ടറിയെ അറിയിക്കുകയും, അക്കാദമി നിർവാഹക സമിതി അതിനു അനുമതി നൽകുകയുമായിരുന്നു.

സ്ഥലനാമഗവേഷണത്തിൽ ഊന്നിക്കൊണ്ടുള്ളതായിരുന്നു, വാലത്തിന്റെ ചരിത്രാന്വേഷണം. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയുടെ ചരിത്രരചനയായിരുന്നു ആദ്യം തുടങ്ങിയത്. ഒടുവിലത്തേത് കേരളത്തിന്റെ രാഷ്ട്രീയതലസ്ഥാനമായ തിരുവനന്തപുരത്തിന്റെയും. കൂട്ടിൽ നിന്ന് തുറന്നുവിട്ട ദേശാടനപ്പക്ഷിയുടെ ആഹ്ലാദത്തോടെ വാലത്ത് വീട്ടിൽ നിന്നിറങ്ങി. സെൽ ഫോൺ പോയിട്ട് ലാന്റ് ഫോൺ പോലും സ്വന്തമായില്ല. അതിന്റേതായ മനസ്സമാധാനവും സമയലാഭവും വാലത്തിനു അനുഗ്രഹമായി.

അക്കാദമിയുടെ ഗസ്റ്റ് റൂമിൽ ദിവസവാടകയ്ക്ക് താമസം. വായ്ക്കു രുചിയുള്ള കറികളില്ലെങ്കിൽ വാലത്തിനു വിശപ്പില്ല. കുഞ്ഞുന്നാളിലേ അങ്ങനെയാണ് ശീലം. വീട് വിട്ടാൽ വായ്ക്കു രുചിയുള്ള ഭക്ഷണം എവിടെ കിട്ടും? പെറ്റമ്മ അരകല്ലിൽ അമ്മി കൊണ്ടരച്ച് കൈപ്പുണ്യത്തോടെ വെച്ച കറികളുടെ സ്വാദ് ഓർമ്മയിൽ മാത്രം. ഭാര്യ കൃശോദരി രാവിലെ എട്ടു മണിയ്ക്ക് സ്കൂളിൽ പോകാനുള്ള തത്രപ്പാടിൽ മിക്സിയിൽ അരച്ചുണ്ടാക്കിയ കറികൾ പലപ്പോഴും വാലത്തിനെ നിരാശപ്പെടുത്തിയിട്ടേയുള്ളൂ. ചില ദിവസങ്ങളിൽ അക്കാദമിയിലെ ജീവനക്കാരോടൊപ്പം ഊണ് കഴിക്കാൻ അവസരമുണ്ടാകും. അത് വാലത്തിനു വലിയ സന്തോഷമാണ്. കാരണം, വീടുകളിൽ കല്ലിൽ അരച്ച് വെച്ച കറികൾ കൂട്ടാം. ഒളരിമനയിലെ ആരോ അക്കാലത്ത് അവിടെ ജോലി ചെയ്തിരുന്നു.

‘ഒളരിമനക്കൽ ചമ്മന്തിയ്ക്കു-
ള്ളോരുരുചി നാവിൽ ഊറുന്നു!’

എന്ന് വാലത്ത് ഇടയ്ക്കിടെ മൂളാറുണ്ടായിരുന്നു.

നാടലഞ്ഞ ചരിത്രാന്വേഷണമായിരുന്നു, വാലത്തിന്റേത്. ഓരോ സ്ഥലത്തും ചെന്നെത്തി നേരിട്ട് വിവരങ്ങൾ ശേഖരിക്കുകയായിരുന്നു, പതിവ്.

ഔദ്യോഗികവൃത്തിയിൽനിന്ന് വിരമിച്ച് ആറുവർഷങ്ങൾക്കു ശേഷം അദ്ദേഹം

കേരളസാഹിത്യ അക്കാദമിയിൽ റിസർച്ച് സ്കോളർ ആയി പഠനം നടത്തി. അത് അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവായി. ആ ഗവേഷണപ്രവർത്തനങ്ങൾ ഇരുപത്തിയാറു വർഷങ്ങൾ നീണ്ടു നിന്നു. കേരളത്തിലെ ജില്ല തിരിച്ചുള്ള സ്ഥലനാമപഠനം വളരെ ഗൌരവപൂർവ്വം അദ്ദേഹം ഏറ്റെടുത്തു. തൃശ്ശൂർ ജില്ലയുടെ സ്ഥലചരിത്രമാണ് ആദ്യം രചിച്ചത്.

വാലത്തിന്റെ സ്ഥലനാമഗവേഷണ പദ്ധതി ഏറെ ക്ലേശകരമായിരുന്നു. കാരണം, ഒരു ജില്ലയുടെ സ്ഥലചരിത്രം രചിക്കുമ്പോൾ ആ ജില്ലയിലെ ഓരോ മുക്കിലും മൂലയിലും നേരിട്ട് ചെന്ന് വിവരങ്ങൾ കുറിക്കുന്ന രീതിയായിരുന്നു. അദ്ദേഹം പറയുന്നു:

"മണ്ണിന്റെ മകനായ മനുഷ്യൻ മരിക്കുന്നു. മണ്ണ് മരിക്കുന്നില്ല. മണ്ണിന്റേതായ സ്ഥലപ്പേരും മാഞ്ഞു പോകുന്നില്ല. സഹസ്രാബ്ദങ്ങളുടെ, അഥവാ ശതാബ്ദങ്ങളുടെ കാലപ്പഴക്കത്തിൽ മണ്മറഞ്ഞവയും മറ്റൊന്നായി മാറിപ്പോയവയും വളരെയേറെയാണെങ്കിലും പഴക്കം നിർണ്ണയിക്കാൻ പറ്റാത്ത പരശ്ശതം പേരുകൾ ഇന്നും നമ്മോടൊപ്പം നിൽക്കുന്ന അവയുടെ മൂലമെവിടെ? അവ ഇവിടെ എത്തിച്ചേർന്നത് ഏതേതു വഴിയ്ക്ക്? ഏതേതു ഭാഷാഗോത്രങ്ങളിൽ കൂടി? കാലചക്രഗതിയിൽ ചതവോ, മുറിവോ, പൊട്ടലോ, പോറലോ പോലുമേൽക്കാതെ എങ്ങനെ ചിരംജീവികളായി ഇവിടംവരെയെത്തി? ഈ സമസ്യകളുടെ ഉത്തരം തേടിയുള്ള അന്വേഷണമാണ് എന്റെ ഓരോ സ്ഥലചരിത്രഗ്രന്ഥവും.

ബാല്യത്തിൽ കണ്ട വഴികൾ, വഴിയമ്പലങ്ങൾ, അത്താണികൾ, ചക്രച്ചുറ്റുകൾ, മലവാരങ്ങൾ, ഗുഹാക്ഷേത്രങ്ങൾ . . . എല്ലാത്തിലും നൂറ്റാണ്ടുകളുടെ കഥകളുണ്ട്. ആ കഥകൾ തേടിയാണ് ഞാനലഞ്ഞത്. ഓരോ ജില്ലയുടേയും സ്ഥലചരിത്രമെഴുതിയത് എന്റെ വീട്ടിലിരുന്നുകൊണ്ടല്ല. ജില്ലയിലെ ഓരോ ഗ്രാമത്തിലും പോയി വിവരങ്ങൾ ശേഖരിക്കുകയായിരുന്നു. എത്ര കഷ്ടപ്പെട്ടായാലും നേരിൽ കാണാതെ ഞാനൊന്നുമെഴുതിയിട്ടില്ല. ഞാൻ ഐതിഹ്യം നോക്കാറില്ല. പറഞ്ഞു കേട്ട് വിശ്വസിക്കാറുമില്ല. യുക്തി കൊണ്ട് ഖനനം ചെയ്യുകയാണ് എനിക്കിഷ്ടം.

ഒരിക്കൽ പാലക്കാട്ട് കോട്ടമല കാണാൻ പോയി. മല കയറി മുകളിൽ എത്തിയപ്പോഴാണ് സന്ധ്യയായെന്നറിഞ്ഞത്. താഴേയ്ക്കു വരാൻ പറ്റാത്ത വിധം നേരം ഇരുട്ടുകയും ചെയ്തു. കാൽ വഴുതി, കല്ലിൽ തലയടിച്ചു മരിക്കുമോ, എന്നു പോലും പേടിച്ചുപോയ നിമിഷം. ഒന്നു നിലവിളിച്ചാൽപ്പോലും അവിടെ ആരും വരികയില്ല. ഒടുവിൽ ഇരുട്ടിൽ തപ്പിത്തടഞ്ഞാണ് ഞാൻ മടക്കദൂരം താണ്ടി

യത്. പാമ്പിനേയും ഇരുട്ടിനേയും പേടിച്ച ആ രാത്രി ഇന്നും എന്റെ മനസ്സിലുണ്ട്. കഷ്ടപ്പെട്ട് ഞാൻ കണ്ടെത്തിയ രേഖകൾ പിൽക്കാലത്ത് കുട്ടികൾക്കുംമറ്റും പ്രയോജനപ്പെട്ടത് സന്തോഷകരമായി. എം. ജി. യുണിവേർസിറ്റി എന്റെ "ചരിത്ര കവാടങ്ങൾ" പാഠപുസ്തകമാക്കിയിരുന്നു. യാത്രകളുടേയും അന്വേഷണങ്ങളുടേയും ഒടുവിൽ ഞാൻ രോഗിയായത് ഓർക്കുമ്പോൾ വിഷമവുമുണ്ട്. ഇത്തരം ഗവേഷണ ങ്ങളിൽ നിന്ന് പിൽക്കാലത്ത് എനിക്ക് സാമ്പത്തികമായ നേട്ടമൊന്നുമുണ്ടായില്ല. മൂന്ന് ജില്ലകളക്കുറിച്ച് പഠിക്കാൻ സാഹിത്യ അക്കാദമി പ്രതിമാസം തൊള്ളായിരം രൂപ വീതം തന്നു. ഒരു ജില്ലയ്ക്ക് ഒരു വർഷം വീതം. പുസ്തകങ്ങൾ നാലും അക്കാ ദമി പ്രസിദ്ധീകരിച്ചു. അതിൽ നിന്ന് റോയൽറ്റി ഇനത്തിൽ കാര്യമായൊന്നും കിട്ടാനില്ല. സ്കോളർഷിപ്പു കിട്ടിയ തുക ഗവേഷണത്തിനായി ചെലവാകുകയും ചെയ്തു. എങ്കിലും ആറു മാസത്തിനുള്ളിൽ എന്റെ സ്ഥലനാമഗവേഷണഗ്രന്ഥങ്ങൾ ക്ക് പുതിയ പതിപ്പുകൾ ഉണ്ടാകുന്നത് ആനന്ദം നൽകുന്നു. അവയ്ക്ക് വായനക്കാ രുണ്ടല്ലോ. സ്ഥലനാമങ്ങളുടെ ഉത്ഭവരഹസ്യം തേടിയുള്ള യാത്രയിൽ എനിക്ക് ധനനഷ്ടവും സ്വത്തുനഷ്ടവും ഉണ്ടായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയെപ്പറ്റി പഠി ക്കാനുള്ള യാത്രയ്ക്കിടയിൽ കാമറയും കുറിപ്പുകൾ രേഖപ്പെടുത്തിയ നോട്ടുബുക്കു കളുമടങ്ങിയ സ്യൂട്ട്കെയ്സ് നഷ്ടപ്പെട്ടു. ഒടുവിൽ ഉടുതുണി മാത്രമായി വീട്ടിൽ തിരിച്ചെത്തുകയായിരുന്നു."

പാലക്കാട് ജില്ലയിൽ ഒരു പുരാതനക്ഷേത്രം ജീർണ്ണാവസ്ഥയിൽ ഉള്ളതായി അറിഞ്ഞ് ഒരു ദിവസം അത് സന്ദർശിക്കുവാൻ വാലത്ത് ചെന്നു. വിജനമായ ഒരു കുന്നിന്റെ ഉച്ചിയിലായിരുന്നു, ക്ഷേത്രം. താഴെ അടിവാരത്ത് ഒരു ചെറിയ വീടുണ്ടായിരുന്നു. വാലത്തിനെ കണ്ടപ്പോൾ വീട്ടുകാർക്ക് വിസ്മയം. ആ വീട്ടുകാർ ഇറങ്ങി വന്ന് ആരാ, എന്താ എന്നൊക്കെ ചോദിച്ചു. ക്ഷേത്രത്തിന്റെ സ്ഥിതി ഒന്നു നോക്കാൻ വന്നതാണെന്ന് പറഞ്ഞപ്പോൾ വീട്ടുകാർക്ക് വിസ്മയം വർദ്ധിച്ചു. വാലത്ത് കുന്നു കയറി ക്ഷേത്രം കണ്ട് ഇറങ്ങി വന്നപ്പോൾ മുമ്പ് കണ്ട വീട്ടുകാർ വരാന്തയിൽ പുൽപ്പായ വിരിച്ച് നിലവിളക്ക് കൊളുത്തി വാലത്തിനെ സ്വീകരിച്ചു. സന്ധ്യ മയങ്ങിയതിനാൽ വേഗം മടങ്ങണമെന്നു വാലത്ത് ധൃതി കാണിച്ചപ്പോൾ വീട്ടുകാർ നിർബന്ധിച്ചു വിളിച്ചിരുത്തി സൽക്കരിച്ചു.

ചായ കുടിച്ചു കഴിഞ്ഞപ്പോൾ ഗൃഹനാഥൻ രണ്ടു ജാതകക്കെട്ടുകൾ എടുത്തു വാലത്തിന്റെ മുന്നിൽ വെച്ചു. "അമ്പലത്തിന്റെ സ്ഥിതി നോക്കുന്ന ആളല്ലേ? ഇനി ഞങ്ങളുടെ സ്ഥിതി ഒന്ന് നോക്കണം. രണ്ടു പെൺകുട്ടികളുടെ വിവാഹം

ഒന്നും അങ്ങോട്ട് ഒക്കുന്നില്ല.” വാലത്തിനു കാര്യങ്ങളുടെ കിടപ്പ് ഇപ്പോഴാണ് മനസ്സിലായത്. “വാലത്ത് ജ്യോത്സ്യൻ” രക്ഷപ്പെടാൻ വഴി തിരയേണ്ടിവന്നു. ഉടനെ പറഞ്ഞു: “ഞാൻ ഏതെങ്കിലും ഒരു കാര്യം നോക്കാൻ വന്നാൽ അന്നേ ദിവസം വേറെ കാര്യം നോക്കാറില്ല. അതുകൊണ്ട് നാളെ വരാം.” വേഗം സ്ഥലം വിട്ടു.

# 33
## ഷഷ്ടിപൂർത്തി

'മലയാളത്തിന്റെ ഇടിമുഴക്കം' എന്ന ലേഖനത്തിൽ, ടി. കെ. സി. വടുതല ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"നാൽപ്പതു വർഷങ്ങളായി മലയാള സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിത്വമുള്ള കൃതികൾ രചിച്ച് പ്രസിദ്ധി നേടിയ വാലത്തിനു 1977 ഡിസംബർ 18-നു 60 വയസ്സ് തികഞ്ഞു. ഗദ്യകവിതകളുമായി മലയാള സാഹിത്യത്തിൽ ഇടിമുഴക്കവും മിന്നൽ വെളിച്ചവും സൃഷ്ടിച്ച വാലത്ത് ഒരു വിപ്ലവകാരിയായിട്ടാണ് സാഹിത്യരംഗത്ത് പ്രവേശിച്ചത്. അക്കാലത്ത് പലരും പതുക്കെ പറയാൻ ഭയന്നിരുന്ന കാര്യങ്ങൾ ഉറക്കെപ്പറയുകയാണ് വാലത്ത് ചെയ്തത്. താൻ ജനിച്ച ഗ്രാമത്തിന്റെ ഹൃദയത്തുടിപ്പുകൾ ഒപ്പിയെടുത്തവയാണ് അദ്ദേഹത്തിന്റെ കഥകളും കവിതകളും. യുദ്ധാനന്തരലോകത്തെ ഗ്രാമങ്ങളെ നോക്കി നെടുവീർപ്പിട്ടുകൊണ്ട് അദ്ദേഹം രചിച്ച കവിതയാണ് 'ഗ്രാമത്തിന്റെ കണ്ണുനീർ'.

"നിശ്ശബ്ദമായ നിലവിളികളിൽ
വികലിച്ച മുഖാകൃതികൾ,
ക്ഷയിച്ച ശരീരവും കീറത്തുണിയും കൊണ്ട്
പുറത്തിറങ്ങാൻ ലജ്ജിക്കുന്ന പെൺകിടാങ്ങൾ;
ഗ്രാമങ്ങൾ കണ്ണടയ്ക്കുകയാണ്." (മിന്നൽ വെളിച്ചം)

സ്ഥലങ്ങൾ നേരിട്ട് സന്ദർശിച്ച് അവിടത്തെ ചരിത്രാവശിഷ്ടങ്ങൾ പരിശോ

ധിച്ച് സ്വന്തമായ നിഗമനങ്ങളിൽ എത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചു. കേരളത്തിലെ ഓരോ ഗ്രാമത്തിലും ചുറ്റിയടിക്കുന്നതിലും ഐതിഹ്യങ്ങളും മറ്റും ചോദിച്ചറിയുന്നതിലും ഗ്രാമ വൃദ്ധന്മാരോട് ദീർഘമായി സംസാരിക്കുന്നതിലും വാലത്തിനുള്ള കഴിവും താൽപര്യവും അന്യാദൃശമാണ്. താൻ കണ്ടെത്തുന്നതെന്തും യുക്തിയുടെ മൂശയിൽ വെച്ച് സ്ഫുടംചെയ്തെടുക്കാൻ വാലത്തിനു പ്രത്യേക ശ്രദ്ധയുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഗവേഷണ ഫലങ്ങൾ മൌലിക പ്രാധാന്യം അർഹിക്കുന്നു."

എറണാകുളം ഉഷാ ടൂറിസ്റ്റ് ഹോമിൽ സംഘടിപ്പിക്കപ്പെട്ട ഷഷ്ടിപൂർത്തിയാഘോഷത്തിൽ സി. പി. ശ്രീധരൻ, ടി. കെ. സി. വടുതല, സി. കൃഷ്ണൻ നായർ, മേലങ്ങത്ത് നാരായണൻ കുട്ടി, ടാറ്റാപുരം സുകുമാരൻ, ഒ. പി. ജോസഫ്, പി. ഏ. സെയ്ത് മുഹമ്മദ്, കെ. രാമൻകുട്ടി മേനോൻ, ഡോ. പി. കെ. ഗോപാലകൃഷ്ണൻ, തുടങ്ങിയവർ സംബന്ധിച്ചു. കൊച്ചി മേയർ ഏ. കെ. ശേഷാദ്രി പൊന്നാടയണിയിച്ചു. വാലത്തിന്റെ കവിതകളുടെ സംഗീതാവിഷ്കരണവും നടന്നു.

## — 34 —

# സ്ഥലനാമഗവേഷണം

വാലത്തിന്റെ സാഹിത്യ ജീവിതത്തിലെ അനശ്വരസംഭാവനകൾ സ്ഥലനാമ പഠന രംഗത്താണ് അർപ്പിതമായത്. തൃശ്ശൂർ, പാലക്കാട്, എറണാകുളം, തിരുവന ന്തപുരം എന്നീ നാല് ജില്ലകളുടെ സ്ഥലചരിത്ര പഠനം നടത്തി, പ്രസിദ്ധീകരിച്ചു. അവയോരോന്നും സാഹിത്യപഠന രംഗത്ത് റഫറൻസ് ഗ്രന്ഥങ്ങളായിത്തീർന്നു. സാധാരണ രീതിയിൽ സ്വാധീനങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള ഒരു വിധ പ്രചാര ണവും വാലത്ത് നടത്തിയിട്ടില്ല. ഓരോ ഗ്രന്ഥവും അതാതിന്റെ ഗുണമേന്മ കൊണ്ട് പഠിതാക്കളെ ആനയിക്കുകയായിരുന്നു.

പഴമയുടെ നല്ല് നറുങ്ങുകളാണ് സ്ഥലനാമാക്ഷരങ്ങൾ. കാലത്തിന്റെ നീല ക്കയങ്ങളിൽ അടിഞ്ഞുപോയ നൂറ്റാണ്ടുകളുടെ അമൂല്യ സമ്പത്തുകളത്രേ, ഓരോ ഭൂഖണ്ഡത്തിലെയും ദേശസംജ്ഞകൾ. ഒരു ജനതയുടെ സംസ്കാരത്തിന്റെ ആദിമ സ്രോതസ്സുകളിലേയ്ക്കും ചരിത്ര വിജ്ഞാനീയത്തിലേക്കും വെളിച്ചം വീശുന്ന ഒട്ടേറെ വിവരങ്ങൾ നൽകാൻ സ്ഥലനാമപഠന ശാഖയ്ക്ക് കഴിയുമെന്ന് ഡോ. പി. വി. കൃഷ്ണൻ നായർ പ്രസാധകക്കുറിപ്പിൽ പറഞ്ഞു. 1981-ലായിരുന്നു തൃശ്ശൂർ ജില്ലാ സ്ഥലചരി ത്രഗ്രന്ഥം പുറത്തുവന്നത്. 2003- ഇറങ്ങിയ മൂന്നാം പതിപ്പിന്റെ പത്രാധിപക്കുറിപ്പ് ഇങ്ങനെ തുടരുന്നു.

“കേരളത്തിലെ സ്ഥലനാമചരിത്രപഠനത്തിൽ വി. വി. കെ. വാലത്തിനെ പ്പോലെ ആണ്ടുമുഴുകിയ മറ്റൊരാൾ ഇല്ല. ഈ ഗ്രന്ഥത്തിലെ ഒരോ വിവരങ്ങളും വളരെ മുഷിഞ്ഞ് ചടഞ്ഞിരുന്ന് സാഹിത്യ അക്കാഡമിയുടെ ഗ്രന്ഥശേഖരവും

താളിയോലകളും പരതിപ്പരതി കണ്ടെടുത്തവയാണ്. ഭൗതികമായി വലിയപ്രയോജനമില്ലാത്ത, ഇത്തരം കഠിനമായ ജോലികൾ ഏറ്റെടുക്കുന്ന നിഷ്കാമകർമികൾ ഇന്ന് വളരെ കുറവാണ്.

കാരണം, ഒരുപാട് അന്വേഷണം നടത്തിയാലേ ഇത്തിരിയെങ്കിലും ഫലം കിട്ടൂ. അതിലേറേ കുത്തിയിരുന്ന് പരതിപ്പരതി മുഷിയുന്ന പണി. ഗവേഷണപ്രധാനമായ ജോലി. എങ്ങനെ നിരീക്ഷിച്ചാലും അപഗ്രഥിച്ചാലും അവസാനവാക്ക് പറയാനാകാത്ത അവസ്ഥ. ചുരുക്കത്തിൽ ഒരുമാതിരി പണി കൊണ്ടൊന്നും ഫലം കണ്ടെത്താനാകില്ല. ഇക്കാലത്ത് പി. എച്ച്. ഡി. വരെ സൂകരപ്രസവമാണല്ലൊ. എളുപ്പം കാര്യം നേടാവുന്ന ലഘുവും അമൂർത്തവുമായ വിഷയങ്ങളാണ് അധികം പേരും സ്വീകരിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ വാലത്തുമാഷ് ചെയ്ത വിജ്ഞാനപ്രസരണത്തിന് എത്രയോ പി. എച്ച്. ഡി.യുടെ മൂല്യമുണ്ട്!

കേരളസാഹിത്യ അക്കാദമിയുടെ ഗ്രന്ഥരചനാഗവേഷണപദ്ധതിയിൽ ഏറ്റവും സാർത്ഥകങ്ങളായ അവസരങ്ങളാണ് വാലത്തുമാഷ് സൃഷ്ടിച്ചത്. അദ്ദേഹത്തിന്റെ സ്ഥലനാമചരിത്രങ്ങൾക്ക് വീണ്ടും വീണ്ടും പതിപ്പുകൾ ഉണ്ടാകുന്നുവെന്നത് അതിന്റെ പ്രാധാന്യത്തെയും പ്രസക്തിയേയും എടുത്തു കാണിക്കുന്നു. അദ്ദേഹത്തിന് നമ്മുടെ അക്കാദമിക സ്ഥാപനങ്ങൾ ഉയർന്ന ഒരു പ്രോജക്ട് നൽകിയിരുന്നെങ്കിൽ ഇന്നു കേരള സ്ഥലചരിത്രപഠനത്തിൽ ഒട്ടൊക്കെ പൂർണ്ണതയുണ്ടാക്കിയെടുക്കാൻ കഴിയുമായിരുന്നു.

വാലത്ത് ഈ വിജ്ഞാനശാഖയിൽ മനസ്സും ശരീരവും അർപ്പിക്കുന്നത് ജീവിതത്തിന്റെ ഏതാണ്ടു രണ്ടാം പകുതിയിലാണ്. എന്നാൽ ഒരു പൂർണ്ണജീവിതം കൊണ്ടു നേടാവുന്നത്ര കാര്യങ്ങൾ അദ്ദേഹം രണ്ടു ദശകം കൊണ്ടു ചെയ്തു. അദ്ദേഹത്തിന്റെ യത്നങ്ങൾ അതിതീവ്രവും ശീഘ്രവുമായിരുന്നെന്ന് ഓരോ കൃതിയും റഫർ ചെയ്യുമ്പോൾ ബോദ്ധ്യമാകുന്നുണ്ട്. തൃശ്ശൂർ, പാലക്കാട്, എറണാകുളം, തിരുവനന്തപുരം എന്നീ നാലു ജില്ലാ സ്ഥലചരിത്രങ്ങൾ അക്കാദമി സ്കോളർഷിപ്പോടെ പ്രസിദ്ധീകരിച്ചു. കോഴിക്കോട് ജില്ലയെ പറ്റിയുള്ള പഠനം മുഴമിപ്പിക്കാൻ ആയുസ്സ് തികഞ്ഞില്ല. ബാക്കിയുള്ള ജില്ലകളുടേയും സ്ഥലനാമചരിത്രങ്ങൾ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് സാഹിത്യ അക്കാദമി ആലോചിച്ചുവരുന്നു. ഇതിനെല്ലാം പ്രേരകമായ വാലത്തുമാഷുടെ സ്മരണയ്ക്കു മുമ്പിൽ നമ്രശിരസ്കരാകുന്നു.''

—ഡോ. പി. വി. കൃഷ്ണൻ നായർ

മറ്റു ചില വിലപ്പെട്ട അഭിപ്രായങ്ങൾ കൂടി ഈ അവസരത്തിൽ ചേർക്കുന്നു.

“സ്ഥലചരിത്രകാരന് കൂടുതൽപരിശ്രമം വേണം. പലപല കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കുക, ഐതിഹ്യാദികളും മറ്റും ശേഖരിക്കുക, സാഹിത്യകൃതികൾ, പ്രാചീനലിഖിതങ്ങൾ, തീട്ടൂരങ്ങൾ, ഗ്രന്ഥവരികൾ. കത്തുകൾ, ഡയറികൾ മുതലായവ പരിശോധിക്കുക, ഇങ്ങനെ ഒട്ടധികം ജോലി അയാൾക്കു ചെയ്യേണ്ടതുണ്ട്. ക്ഷമയും, സമയച്ചെലവും, പണച്ചെലവും ഒട്ടേറെ ഇതിനാവശ്യമാണ്. വിശാലമായ അറിവും ഓർമ്മശക്തിയും നിഷ്പക്ഷതയും ത്യാജ്യഗ്രാഹ്യവിവേകവുമെല്ലാം ലേഖകനു വേണം. ഇതെല്ലാം ഒത്തുചേർന്നവർ നമ്മുടെ നാട്ടിൽ കുറവായതാണ് സ്ഥലചരിത്രങ്ങൾ കുറവായതിനു കാരണമെന്നു സംശയമില്ല. അർപ്പണമനോഭാവത്തോടുകൂടിയ ദീർഘപഠനം ആവശ്യമായ ഈ വിഷയത്തിൽ കാര്യമായി പലതും പ്രവർത്തിക്കുകയും സിദ്ധിസമ്പാദിക്കുകയും ചെയ്തിട്ടുള്ളവ്യക്തിയാണ്, ശ്രീവാലത്ത്.

കേരളത്തിലെ എല്ലാജില്ലകളെ സംബന്ധിച്ചും ഇത്തരം ഗ്രന്ഥങ്ങൾ ഉണ്ടായാൽകൊള്ളാമെന്നു വായനക്കാർ ആഗ്രഹിക്കാതിരിക്കില്ല. ശ്രീ വാലത്തുതന്നെ ഈ പ്രവർത്തനം തുടരുന്നത് എല്ലാംകൊണ്ടും ഉചിതമായിരിക്കും.”

—ഡോ. കെ. എൻ. എഴുത്തച്ഛൻ

ദേശചരിത്രവും സ്ഥലനാമചരിത്രവും സമഞ്ജസമായി സമ്മേളിക്കുന്ന ഈ ഗ്രന്ഥം പ്രമേയത്തിലും പ്രതിപാദനത്തിലും വാലത്തിന്റെ ആദ്യ ഗ്രന്ഥത്തെ അപേക്ഷിച്ച് വളരെയേറെ മുമ്പോട്ട് പോയിട്ടുണ്ട്. 1986-ൽ പ്രസാധനം ചെയ്ത ഇതിന്റെ അവതാരികയിൽ ഡോ. എസ്. ഗുപ്തൻ നായർ ഇങ്ങനെ കുറിച്ചു. “മലയാളത്തിൽ തീരേ അവികസിതമായ ഒരു വിജ്ഞാനശാഖയിലേക്കുള്ള വിലപ്പെട്ട സംഭാവനകളാണ്, വി. വി. കെ. വാലത്തിന്റെ സ്ഥലനാമഗവേഷണഗ്രന്ഥങ്ങൾ. ഒട്ടേറേ ഗ്രന്ഥങ്ങളും, മാസികകളും പരതുന്നതുകൊണ്ടു മാത്രം സഫലമാകുന്ന ഒരു ഗവേഷണപ്രയത്നമായിരുന്നില്ല, വാലത്ത് ഏറ്റെടുത്തത്. കാൽപരിശ്രമം നിനയാതെ ദിക്കെല്ലാം തെണ്ടിയലഞ്ഞ്, കാണേണ്ടതൊക്കെ നേരിൽകണ്ട്, ഗ്രാമവൃദ്ധൻമാരിൽ നിന്ന് പഴങ്കഥകൾ ശേഖരിച്ച് ഗ്രന്ഥഗതങ്ങളായ സൂചനകളുമായി അവയെ സമന്വയിച്ച് ചരിത്രം നിർമ്മിക്കുക എന്ന മഹോദ്യമത്തിലാണ് വാലത്ത് ഏർപ്പെട്ടത്. അങ്ങനെ നമുക്ക് അന്യഥാ അലബ്ധമാകുമായിരുന്ന വിശിഷ്ടഗ്രന്ഥങ്ങൾ കിട്ടിയെന്നു പറയാം.

മുൻ ചരിത്രകാരൻമാരുടെ ദൃഷ്ടി വേണ്ടത്ര പതിഞ്ഞിട്ടില്ലാത്ത അനേകം വസ്തുതകൾ കണ്ടെടുത്തു വിവരിക്കാൻ വാലത്തിനു കഴിഞ്ഞിട്ടുണ്ട്. മുമ്പു സൂചിപ്പിച്ചതുപോലെ, അദ്ദേഹം കാൽനടയായി പോയി കാണാത്ത പ്രദേശങ്ങൾ കുറയും.

ഫുള്ളാർഡും, ബുക്കാനനും, ലോഗനും വെവ്വേറേ കണ്ടിട്ടുള്ളത്ര വാലത്ത് ഒറ്റയ്ക്ക കണ്ടിട്ടുണ്ടാകും."

—പ്രൊഫ. എസ്. ഗുപ്തൻ നായർ

പ്രഭാതം മുതൽ പ്രദോഷം വരെ നാട്ടിടകൾ അവിരാമം നടന്ന താണ്ടിയ വാലത്തിന്റെ കാലടികൾ പ്രൊഫ. ഗുപ്തൻ നായരുടെ മേലുദ്ധരിച്ച വരികൾക്ക് മുന്നിൽ സാഷ്ടാംഗം നമസ്കരിച്ചു കാണണം. കാരണം വാലത്തിന്റെ അധ്വാനത്തെ ഏറ്റവും അടുത്ത് കണ്ട അഭിപ്രായമാണ് അത്.

1991-ൽ പ്രസിദ്ധീകരിച്ച എറണാകുളം ജില്ലാ സ്ഥലച്ചരിത്രം "ഒന്ന് ഓടിച്ചു നോക്കി, അത്യാവശ്യകാര്യങ്ങൾക്ക തിരിയാൻ ഉദ്ദേശിച്ച് വാലത്തിന്റെ സ്ഥലചരിത്ര ഗ്രന്ഥം കയ്യിലെടുക്കുന്നവർ ഇതിന്റെ ആകർഷണത്തിൽപ്പെട്ട് മറ്റെല്ലാം മറന്ന വായിച്ചിരുന്ന പോകും. ഓരോ സ്ഥലങ്ങളേയും അവിടങ്ങളിലെ പൂർവ്വകഥകളേയും ശ്രീവാലത്ത് വിവരിക്കുമ്പോൾ ചരിത്രജിജ്ഞാസയും അത്ഭുതവും നമ്മുടെ ഹൃദയത്തിൽ ഓളംതല്ലും. ചരിത്രഗവേഷണകുശലനും സാഹിത്യമർമ്മജ്ഞനുമായ വാലത്തിന് സ്ഥലചരിത്ര പ്രതിപാദനത്തിന് സ്വന്തമായ ഒരു രീതിയുണ്ട്. സാഹിത്യ സരസമായഒരു ആഖ്യാനശൈലി. ചരിത്രപശ്ചാത്തലം കണ്ടെത്തി വിവരിച്ചും കൊണ്ടാണ് ദേശകഥയിലേക്ക തിരിയുക. തന്റെ മാർഗ്ഗദീപങ്ങളേയും തീരുമാനങ്ങളേയും വ്യക്തമായി സൂചിപ്പിക്കുന്നുമുണ്ട്.

പുരാതനകാലത്തേയ്ക്കാണ് താൻ സഞ്ചരിക്കുന്നതെന്നും അസ്ഥിപഞ്ജരമോ അസ്ഥിഖണ്ഡമോ വെച്ചുകൊണ്ടാണ് താൻ പൂർവ്വരൂപത്തേയും പൂർവ്വഭാവത്തേയും പുനഃസൃഷ്ടി ചെയ്യുന്നതെന്നും അദ്ദേഹത്തിനു ബോധമുണ്ട്. അതുകൊണ്ട് അദ്ദേഹം സത്യാന്വേഷകനായ ഒരു യഥാർത്ഥ പണ്ഡിതൻ എന്ന നിലയ്ക്ക് പൂർവ്വസ്ഥിതി കാണാൻശ്രമിക്കുകയാണ്, ചെയ്തിട്ടുള്ളത്.

എറണാകുളം ജില്ലയെപ്പറ്റിയുള്ള സ്ഥലചരിത്രം വായിച്ചുതീർത്ത്, പുസ്തകം അടക്കുമ്പോൾ മനസ്സിൽ പൊന്തിവരുന്ന ആഗ്രഹം ഈ ഗ്രന്ഥകാരൻ ഇതുപോലെ ശേഷമുള്ള ജില്ലകളുടേയും സ്ഥലചരിത്രം നിർമ്മിച്ച് ഭാഷാദേവിക്ക സമർപ്പിച്ചു കാണണമെന്നാണ്. അതിലേയ്ക്ക് അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കേണ്ട കർത്തവ്യം കേരളസാഹിത്യഅക്കാദമിയോ സർവ്വകലാശാലകളോ ഏറ്റെടുക്കുന്നത് ആശാസ്യമായിരിക്കും. സാധാരണ ഒരു പണ്ഡിതന് ഇത്തരം ജോലി സാദ്ധ്യമല്ല. മൂന്നു ജില്ലകളെ സംബന്ധിച്ച് ഗ്രന്ഥരചന ചെയ്ത് കഴിവുതെളിയിച്ച ശ്രീ വാലത്തിനെ

ഈ ജോലി പൂർത്തിയാക്കാൻ പ്രേരിപ്പിക്കുന്നത് മഹത്തായ ഭാഷാസേവനം ആയിരിക്കും.”

—ശൂരനാട്ടു കുഞ്ഞൻപിള്ള

വി. വി. കെ. വാലത്ത് നിർത്തിവെച്ചിടത്ത് കേരളത്തിലെ സ്ഥലനാമഗവേഷണം അവസാനിച്ചു എന്നാണ് ഇക്കഴിഞ്ഞ പതിനാറു വർഷങ്ങളിലെ അനുഭവം സാക്ഷ്യപ്പെടുത്തുന്നത്. തൃശ്ശൂർ, പാലക്കാട്, എറണാകുളം, തിരുവനന്തപുരം എന്നീ നാല് ജില്ലകളുടെ സ്ഥലനാമചരിത്രഗ്രന്ഥങ്ങൾ വാലത്ത് സംഭാവന ചെയ്തു. അതിനു ശേഷം ആ പരമ്പരയിലോ ആ സ്വഭാവത്തിലോ മറ്റൊരു കൃതി ഉണ്ടായില്ല എന്നത് ശ്രദ്ധേയമാണ്. വാലത്ത് ഒഴിച്ചിട്ട ഇരിപ്പിടം ഒഴിഞ്ഞു തന്നെ കിടക്കുന്നു.

# 35
## തിരുവനന്തപുരം ജില്ലാ സ്ഥലചരിത്രം

വാലത്തിന്റെ സാഹിത്യ ജീവിതത്തിലെ ഏറ്റവും ദുരിതപൂർണമായ കാലഘട്ട ത്തിലെ കൃതിയാണ്. തിരുവനന്തപുരം ജില്ലാ സ്ഥലചരിത്രം. ഗർഭത്തിലിരിക്കെ ചത്തുപോയെങ്കിലും ഒരു കാവ്യനീതിയുടെ ഫലമെന്നോണം ജീവനോടെ ജനിച്ച ശിശു. ഇത് എഴുതപ്പെട്ടത് 1998-ലാണ്.

1991-ൽ എറണാകുളം ജില്ല എഴുതിയതിനു ശേഷം 1998-ലാണ് അടുത്ത ഗ്ര ന്ഥമായ തിരുവനന്തപുരം ജില്ല എഴുതുന്നത്. ഇവിടെ ആറേഴ് കൊല്ലത്തെ ഇടവേള കാണുന്നുണ്ട്.

1991-ൽ ഏറണാകുളം ജില്ലാ സ്ഥലച്ചരിത്രം പ്രസിദ്ധീകരിച്ചപ്പോൾ ആമുഖ ത്തിൽ വാലത്ത് ഇങ്ങനെ എഴുതി.

> ‘1977 മുതൽ 1987 വരെയുള്ള അക്കാദമി നിർവ്വാഹക സമിതി യുടെ സഹകരണമില്ലായിരുന്നെങ്കിൽ തൃശ്ശൂർ, പാലക്കാട്, എറണാ കുളം ജില്ലകളുടെ ചരിത്ര ഗ്രന്ഥങ്ങൾ വെളിച്ചം കാണുമായിരുന്നില്ല. ആകയാൽ ആ കാലഘട്ടത്തിലെ അക്കാദമി നിവാഹക സമിതി അംഗങ്ങളായിരുന്ന പവനൻ, എസ്. ഗുപ്തൻ നായർ, സി. പി. ശ്രീ ധരൻ, ഡോ. സുകുമാർ അഴീക്കോട്, തകഴി, പി. സി. കുട്ടികൃഷ്ണൻ, ഡോ. കെ. എം. ജോർജ്, ഡോ. എം. ലീലാവതി, കെ. എം. തരകൻ, എം. കെ. മാധവൻ നായർ, എന്നിവർക്കും പുറമേ നിന്ന് പ്രോൽസാ

ഹനങ്ങൾ തന്ന പ്രൊഫ. എൻ. കൃഷ്ണപിള്ള, സി. അച്യുതമേനോൻ, ഡോ. പുതുശ്ശേരിരാമചന്ദ്രൻ, ഡോ. ചുമ്മാർചൂണ്ടൽ, എന്നിവർക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു.'

തുടർന്ന് തിരുവനന്തപുരം ജില്ലാ രചനയ്ക്കായിരുന്നു ആഗ്രഹം. അതിനു തിരുവനന്തപുരത്ത് പോയി കുറെനാൾ താമസിക്കണം. അവിടെയുള്ള ആർക്കൈവ്സ് തുടങ്ങിയ പുരാരേഖാ കേന്ദ്രങ്ങളിലും പ്രധാന ലൈബ്രറികളിലും വേണ്ടത്രകാലം പഠനം നടത്തണം. ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ പഠനപര്യടനം സാധിക്കണം. ഗ്രന്ഥരചനയ്ക്ക് ഇതൊക്കെ ആവശ്യമായിരുന്നുതാനും. പുറത്തു നിന്നുള്ള ധനസഹായം കൊണ്ടല്ലാതെ ഈ യത്നം നിറവേറ്റുക പ്രയാസമായിരുന്നു. 1987-ൽ മാറിവന്ന നിർവ്വാഹക സമിതിയിൽ നിന്ന് പതിവുപോലെ സ്കോളർഷിപ്പോ, ധനസഹായമോ കിട്ടുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ അതുണ്ടായില്ല.

ഇതിനു അവതാരികയെഴുതിയ മഹാപണ്ഡിതനും അതിലേറെ മഹാമനസ്കനുമായ പത്മശ്രീ ശൂരനാട്ട് കുഞ്ഞൻ പിള്ളയുടെ മുൻപിൽ ഞാൻ വിനയപൂർവം തലകുനിക്കുന്നു. കേരളത്തിലെ സ്ഥലചരിത്രങ്ങൾ എന്ന പരമ്പരയിലെ 'ഒരുപക്ഷെ അവസാനത്തെ കൃതിയായേക്കാവുന്ന ഈ ഗ്രന്ഥത്തെ'യും സഹൃദയലോകം സർവാത്മനാ സ്വീകരിക്കുമെന്നു പ്രത്യാശിക്കുന്നു.'

1991-നു ശേഷം തിരുവനന്തപുരം ജില്ലയെക്കുറിച്ച് ഗവേഷണം ആരംഭിക്കേണ്ട സമയമായപ്പോൾ പുതുതായി വന്ന അക്കാദമി സെക്രട്ടറി, ആദ്യം ജോലി ആരംഭിച്ചോളൂ അക്കാദമിയുടെ അനുവാദവും സ്കോളർഷിപ്പും പിന്നാലെ വരും, എന്നു പറഞ്ഞതനുസരിച്ച് വാലത്ത് തയ്യാറെടുപ്പുകൾ ആരംഭിച്ചു. എന്നാൽ, താമസിയാതെ, അദ്ദേഹത്തിന് വാഗ്ദാനം പിൻവലിക്കേണ്ടിവന്നു. കൊടുത്തയാൾക്കു തന്നെ വീണ്ടും വീണ്ടും സ്കോളർഷിപ്പ് കൊടുക്കാനാവില്ലെന്നു പറഞ്ഞ് അദ്ദേഹം അക്കാദമി വഴിയുള്ള ഗവേഷണം തടഞ്ഞു. തൃശ്ശൂർ, പാലക്കാട്, എറണാകുളം എന്നീ ജില്ലാസ്ഥലചരിത്രങ്ങൾ പുറത്തുവന്ന ഘട്ടത്തിൽ ഈ വിഷയത്തിൽ വാലത്തിന്റെ അദ്ധ്വാനത്തെ അംഗീകരിച്ചുകൊണ്ടും, മറ്റാരും ഈ മേഖലയിൽ കടന്നു വരാത്തതു കൊണ്ടും വാലത്ത് തന്നെ ഈ പ്രവർത്തനവുമായി മുന്നോട്ട് പോകണമെന്ന് കേരളത്തിലെ പണ്ഡിതരും സാംസ്കാരിക നായകൻമാരും വിവിധ സന്ദർഭങ്ങളിൽ പ്രസ്താവിച്ചിരുന്നു. ഇതായിരുന്നു വാലത്തിന്റെ ധാർമ്മിക പിൻബലം. എന്നാൽ, ഡോ. എസ്. ഗുപ്തൻനായരും, പി. ടി. ഭാസ്കരപ്പണിക്കരും ഡോ. കെ. എൻ.

എഴുത്തച്ഛനും, ഡോ. പി. വി. കൃഷ്ണൻനായരും മറ്റനേകം പേരും, വാലത്തിന് കൂടു തൽവലിയ പ്രോജക്റ്റ് നൽകണമെന്ന് വ്യക്തമായി എഴുതിവച്ചതൊന്നും കമ്മിറ്റി പരിഗണിച്ചില്ല.

നീതിക്കു വേണ്ടി വാലത്ത് അന്നത്തെ അക്കാദമി പ്രസിഡന്റിനെ സമീപിച്ചു. അദ്ദേഹത്തിന്റെ വീട്ടിലേക്ക് വാലത്ത് ഒരു പത്തു തവണ പോയിക്കാണും. ഒരു തവണയെങ്കിലും നേരിൽ കാണാൻ കഴിഞ്ഞിട്ടില്ല, കമ്മിറ്റി വരട്ടെ, അടുത്ത കമ്മിറ്റിയിൽ പറയാം എന്നൊക്കെ കത്തുകൾക്ക് അദ്ദേഹത്തിന്റെ മറുപടി വരും അത്രതന്നെ. നിർഭാഗ്യവശാൽ അദ്ദേഹത്തിനും സഹായിക്കാൻ കഴിഞ്ഞില്ല. പിന്നീട് അന്നത്തെ സാംസ്കാരിക വകുപ്പു മന്ത്രി ടി. കെ. രാമകൃഷ്ണനെ കണ്ട് വിവരം പറഞ്ഞു. ടി. കെ. യുടെ പ്രതികരണം കൂട്ടിവായിച്ചപ്പോൾ സംശയാസ്പദ മായ ഒരു ഐകരൂപ്യം എല്ലാവരുടെയും വാക്കുകളിൽ വാലത്ത് തിരിച്ചറിഞ്ഞു. അക്കാദമിക്ക് വേണ്ടി മൂന്നു ജില്ലാചരിത്രം എഴുതിയ ആൾ എന്ന പരിഗണന ഇനി തനിക്കു ലഭിക്കില്ല എന്ന യാഥാർത്ഥ്യം അദ്ദേഹത്തിന് ബോദ്ധ്യമായി.

സർവ്വകലാശാലയുടെ പടി പോലും കണ്ടിട്ടില്ലാത്ത, ശാസ്ത്രീയ ഗവേഷണം എന്തെന്നറിയാത്ത വി. വി. കെ. വാലത്ത് ചരിത്ര രചന പരമ്പരയായി തുടരുന്ന തിൽ അസഹിഷ്ണത വളരെ വലുതായിരുന്നു. ഒരു സ്ഥലത്തെ ചരിത്രം വാലത്ത് എഴുതുന്നത് ആദ്യം സ്ഥല സന്ദർശനം നടത്തിയ ശേഷം മാത്രമായിരുന്നു. വാല ത്ത് കേരളത്തിൽ നടന്ന് കണ്ട അത്രയും സ്ഥലങ്ങൾ മറ്റൊരു ചരിത്രകാരനും കണ്ടിട്ടില്ല. ഇനി കാണാൻ സാദ്ധ്യതയുമില്ല. അതുകൊണ്ടാണ് പ്രൊഫ. എസ്. ഗുപ്തൻ നായർ "അദ്ദേഹം കാൽനടയായി പോയി കാണാത്ത പ്രദേശങ്ങൾ കുറയും. ഫുള്ളാർഡും, ബുക്കാനനും, ലോഗനും വെവ്വേറേ കണ്ടിട്ടുള്ളത്ര വാലത്ത് ഒറ്റയ്ക്കു ണ്ടിട്ടുണ്ടാകും" എന്ന് എഴുതിയത്. തന്റെ ആയുസ്സും ആരോഗ്യവും അനുവദിക്കുന്ന അത്രയും നാൾ ചരിത്രപഠനം നടത്തണം എന്ന് മോഹിച്ച് അക്കാദമിയുടെ പുറകെ നടന്ന്, വർഷങ്ങൾ അഞ്ചു പാഴായി.

ശുഭകാംക്ഷികൾ എന്ന് വിശ്വസിച്ച ആളുകൾ കൈവിട്ടതിന്റെ ദുഃഖം വലുതാ യിരുന്നു. അതുവരെ കാണാതിരുന്ന തന്റെ കുടുംബത്തിലേക്ക് ആദ്യമായി വാല ത്ത് നോക്കി. ആ കുടുംബത്തിന്റെ പിന്തുണയിൽ വർഷങ്ങൾക്കു ശേഷം തിരുവ നന്തപുരത്തിന്റെ പഠനം സ്വന്തമായി തുടങ്ങി. പൂർത്തീകരിച്ചു. പുതിയ അക്കാദമി ഭരണസമിതി അധികാരമേറ്റപ്പോൾ സെക്രട്ടറി എം. കുട്ടികൃഷ്ണന്റെ നേതൃത്വത്തിൽ

അക്കാദമി തിരുവനന്തപുരം പ്രോജക്റ്റ് ഏറ്റെടുത്തു പ്രസിദ്ധീകരിച്ചു. അതിന്റെ തുടർച്ചയായി കോഴിക്കോട് ജില്ലാ സ്ഥലചരിത്രമെഴുതാനുള്ള പ്രോജക്റ്റും നൽകി.

അങ്ങനെയിരിക്കെ, അസംബ്ലി തെരഞ്ഞെടുപ്പു വന്നു. ടി. കെ. രാമകൃഷ്ണൻ തൃപ്പൂണിത്തുറ അസംബ്ലി മണ്ഡലത്തിൽ സ്ഥാനാർഥിയാണ്. ചേരാനല്ലൂർ തൃപ്പൂണിത്തുറ മണ്ഡലത്തിലാണ്. മുമ്പൊക്കെ ടി. കെ. വന്നാൽ വാലത്തിന്റെ വീട്ടിൽ കയറാതെ പോവില്ല. സഖാവ് പപ്പൻ ചേട്ടനും ടി. കെ. യും വാലത്തിന്റെ ഭാര്യ കൃശോദരിയുടെ അടുത്ത ബന്ധുക്കളുമാണ്.

പക്ഷെ, അത്തവണ ടി. കെ. വാലത്തിനെ കാണാൻ വന്നില്ല. പകരക്കാരനായ് എം. എം. ലോറൻസ് വാലത്തിന്റെ വീട്ടിലെത്തി. ലോറൻസിന്റെ സഹോദരൻ, കവിയും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന എബ്രഹാം മാടമാക്കലും ലോറൻസും ഒരുപോലെ വാലത്തിന്റെ സുഹൃത്തുക്കളായിരുന്നു. ലോറൻസിന്റെ കൂടെ ചേരാനല്ലൂർ സി. പി. ഐ. ലോക്കൽ സെക്രട്ടറിയും വന്നിരുന്നു. ഈ സമാഗമത്തിന് ഗ്രന്ഥകാരൻ ദൃക്‌സാക്ഷിയാണ്. (ഞാനാണ് അതിഥികൾക്ക് ചായ കൊടുത്തത്!) സ്വീകരണവും ചായകുടിയും ഒക്കെ കഴിഞ്ഞു. നാട്ടുവർത്തമാനവും പറഞ്ഞു കഴിഞ്ഞു. ലോറൻസ് തെരഞ്ഞെടുപ്പു സംബന്ധമായി ഒന്നും പറയുന്നില്ല. വാലത്തും ഒന്നും പറയുന്നില്ല. തികഞ്ഞ നിശ്ശബ്ദത. ഒരു മണിക്കൂർ അങ്ങനെ നിശ്ശബ്ദരായി അവർ അഭിമുഖം ഇരുന്നു. വാലത്തിന്റെ മനസ്സിൽ ഒരു അഗ്നിപർവതം പുകയുന്നു എന്ന് ലോറൻസ് ഗ്രഹിച്ചു. തന്റെ ഒരു വാക്കുമതി, അത് പൊട്ടിത്തെറിക്കാൻ. ഏറെ നേരം ഇരുന്നു, ഒടുവിൽ ലോറൻസ് പോകാൻ എഴുന്നേറ്റു.

'എന്നാൽ, വരട്ടെ?'

'ശരി. '

വാലത്ത് ഹസ്തദാനം ചെയ്തു. തികച്ചും യാന്ത്രികം. മഞ്ഞുരുകാൻ തുടങ്ങിയോ? ലോറൻസ് ചവിട്ടുകല്ലിൽ നിന്നു. എന്നിട്ട് മുഖത്ത് നോക്കാതെ പറഞ്ഞു. 'വാലത്തിനു എന്തോ പരിഭവം ഉണ്ടെന്നു ടി. കെ. പറഞ്ഞു. 'മറുപടി കിട്ടാഞ്ഞിട്ടാകണം ലോറൻസ് തുടർന്നു. "ഇത്തവണ അൽപ്പം ബുദ്ധിമുട്ടാണ്." വാലത്ത് വ്യക്തമായി പറഞ്ഞു. "പരിഭവം ഉണ്ടെങ്കിൽ തന്നെ അതൊന്നും ഇലക്ഷനെ ബാധിക്കില്ല. ലോറൻസ് ഒന്നുകൊണ്ടും വിഷമിക്കേണ്ട. ടി. കെ. തന്നെ ജയിക്കും . . . " ലോറൻസ് നിശ്ശബ്ദനായി ഇറങ്ങിപ്പോയി. വാലത്തും ടി. കെ. യും തമ്മിലുള്ള പ്രശ്നം അവർ നേരിട്ട് തീർക്കേണ്ടിയിരുന്നു എന്ന് അദ്ദേഹത്തിന് തോന്നിയോ, എന്തോ.

പിന്നീട്, വർഷങ്ങൾക്കു ശേഷം ഒരിക്കൽ ടി. കെ. രാമകൃഷ്ണൻ പോലീസ് അകമ്പടിയോടെ വാലത്തിന്റെ വീട്ടിൽ നേരിട്ട് എത്തി. എസ്കോർട്ട് പോലീസിനെ കണ്ടിട്ടാവാം, ആരും കുശലമൊന്നും പറഞ്ഞില്ല. ഇരുപതു മിനിട്ടോളം നിശ്ശബ്ദനായി കസേരയിൽ ഇരുന്നു. വാലത്തിന്റെ ഭാര്യ കൃശോദരിട്ടീച്ചർ ഒരു ഗ്ലാസ് നാരങ്ങാവെള്ളം കൊടുത്തു. പോകാൻ നേരം ടി. കെ. ചോദിച്ചു. “എന്തായിരുന്നു?”

“പ്രത്യേകിച്ച് . . . ഒന്നുമുണ്ടായില്ല.” ടീച്ചർ കണ്ണ് തുടച്ചു.

* * *

വീട്ടപ്പെടാത്ത കടം വീട്ടാൻ പിന്നീട് ഒരവസരം ലഭിച്ചേക്കില്ല, എന്ന്, ടി. കെ. ചിന്തിച്ചുവോ, എന്തോ.

# 36

## ജന്മനാടിന്റെ ആദരം

ഒടുവിൽ ജന്മനാട് വാലത്ത് മാഷിനു പൌരസ്വീകരണം നൽകി. 1997 ഫെബ്രു. 2-ന് വാലത്ത് മാഷിനു പൌരസ്വീകരണം നൽകുന്നു, എന്ന വാർത്ത വലിയ ആഘോഷത്തോടെയാണ് ഗ്രാമവാസികൾ ഏറ്റെടുത്തത്. ചേരാനല്ലൂർ ഗ്രാമപഞ്ചായത്തും. പണ്ഡിറ്റ് കറുപ്പൻ സ്മാരക വായനശാലയും സംയുക്തമായി എല്ലാവിധ ഒരുക്കങ്ങളും നടത്തി. ചേരാനല്ലൂർ എൻ. ബി. എഫ്. ഹാളായിരുന്നു സമ്മേളന വേദി.

വൈകിട്ട് സമ്മേളനം നടക്കുന്ന ചേരാനല്ലൂർ എൻ. ബി. എഫ്. ഹാളിലേക്ക് ഗ്രാമവാസികൾ നേരത്തെ എത്തിതുടങ്ങി. പഞ്ചായത്തിന്റെയും വായനശാലയുടെയും അലങ്കരിച്ച വാഹനങ്ങൾ വാലത്ത് മാഷിന്റെ വീട്ടിലെത്തി. സ്വീകരണയോഗത്തിൽ പ്രസംഗിക്കാൻ തൃശ്ശൂരിൽ നിന്ന് വന്ന പവനൻ, സമ്മേളന സ്ഥലത്തേയ്ക്ക് പോകുന്ന വഴി 3 മണിക്ക് വാലത്തിന്റെ വീട്ടിൽ വന്നു. അവടെനിന്നു രണ്ടു കിലോമീറ്റർ അകലെയുള്ള സമ്മേളനവേദിയിലേക്ക് പുഷ്പാലംകൃതമായ തുറന്ന വാഹനത്തിൽ വാലത്ത് മാഷിനെ ഇരുത്തി, ഇരുവശത്തും രണ്ടു സുഹൃത്തുക്കളും ഇരുന്നു. 4 മണിക്ക് തുറന്ന വാഹനത്തിലിരുത്തി ബാന്റ് മേളത്തോടെ യാത്ര ആരംഭിച്ചു. അത്തരം പരസ്യമായ പ്രചരണങ്ങളുടെ പരിഹാസ്യതകളോട് ജീവിതകാലം മുഴുവൻ പോരടിച്ച വാലത്ത്, ആ യാത്രയിൽ ഏറെ സന്തുഷ്ടനായി കാണപ്പെട്ടു. ഒരു പക്ഷെ, തീർത്തും അനാവശ്യമെന്ന് തോന്നാമെങ്കിലും ഒരു നാട്ടിലെ ഏതാണ്ട് മുഴുവൻ ജനങ്ങളും ആഘോഷമായി നടത്തിയ ആ അനുമോദനം തന്റെ ദീർഘകാ

ലത്തെ കഠിനപ്രയത്നങ്ങൾക്കുള്ള നന്ദി പ്രകടനമായി അദ്ദേഹം കരുതിയിരിക്കാം. അലങ്കരിച്ച വാഹനം മെല്ലെ നീങ്ങുമ്പോൾ സ്ഥലത്തെ മൂന്ന വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർഥികളും അദ്ധ്യാപകരും റോഡിനിരുവശവും നിരന്ന നിന്ന പുഷ്പ ങ്ങൾ ചൊരിഞ്ഞു. ഏറെക്കാലം നിരീശ്വരനും കമ്മ്യൂണിസ്റ്റും ജനവിരുദ്ധനും ഒക്കെ യായി ഗ്രാമം മുദ്രകുത്തിയ ഒരു വ്യക്തി പിൽക്കാലത്ത് ഇത്രയധികം മാനിക്കപ്പെട്ടു എന്നത് ആ വ്യക്തിത്വത്തിന് ലഭിച്ച അംഗീകാരമായി കരുതാം. ചടങ്ങുകൾ ആരം ഭിച്ചു... പ്ലയിസ് നെയിം സൊസൈറ്റി പ്രസിഡന്റ് പുതുശ്ശേരി രാമചന്ദ്രന്റെയും സെക്രട്ടറി കെ. എം. ലെനിന്റെയും ആശംസകൾ വായിച്ചു. തുടർന്ന് പുരസ്കാരവും പ്രശംസാപത്രവും ഫലകവും സമ്മാനിച്ചു. വിവിധ മേഖലകളിൽ നിന്നുള്ള വിശിഷ്ട വ്യക്തികൾ ആശംസകൾ നേർന്നു. ഗ്രാമ പഞ്ചായത്ത് വാലംകരയിലെ തറവാട് വീട്ടിലേക്കുള്ള റോഡിനു അദ്ദേഹത്തിന്റെ സ്മരണയ്ക്കായി 'വി. വി. കെ. വാലത്ത് റോഡ്' എന്ന് പേരിട്ടു. സമ്മേളനവാർത്ത ദൂരദർശൻ മലയാളം ചാനലും ആകാശ വാണി വിവിധ നിലയങ്ങളും റിപ്പോർട്ട് ചെയ്തു. എല്ലാ മലയാള ദിനപത്രങ്ങളിലും പിറ്റേന്ന് വാർത്ത പ്രസിദ്ധീകരിച്ചു. വാലത്ത് എന്ന വ്യക്തി അപ്പോൾ മാത്രം അന്ധകാരത്തിൽ നിന്ന് വെളിച്ചത്തേയ്ക്ക് വന്നത് പോലെ!

സത്യത്തിൽ വാലത്തിന്റെ സാഹിത്യയാത്ര അന്ധകാരത്തിലൂടെയായിരുന്നു. അദ്ദേഹം ദ്രുതഗതിയിൽ യാത്ര ചെയ്തിരുന്നത് ആരും കണ്ടില്ല. മറ്റുള്ളവർ തന്റെ ഓരോ നീക്കങ്ങളും അറിയണമെന്നോ, അടയാളപ്പെടുത്തണമെന്നോ വാലത്തിനു നിർബന്ധമില്ലായിരുന്നു. വാലത്തിന്റെ ചുവടുകൾ തന്റേതു മാത്രമായിരുന്നു. തന്റെ ഓരോ എളിയ സാഹിത്യ സൃഷ്ടിയുമായി വാലത്ത് നിഷ്കളങ്കമായ പുഞ്ചിരിയോടെ നിന്നു. വളരെ കുറച്ചു പേർ മാത്രം അത് കണ്ടു. അധികം പേരും കണ്ടില്ല. ചിലർ കണ്ടില്ലെന്നു നടിച്ചു. ചിലർ വഴിമുടക്കി നിന്നു. വാലത്ത് ആരോടും കലഹിച്ചതായി അറിവില്ല. ഒഴിഞ്ഞു മാറിയിട്ടേയുള്ളൂ. അതുകൊണ്ട് വാലത്ത് ആരുടെ മുന്നിലും തോറ്റിട്ടില്ല. തല കുനിച്ചിട്ടില്ല. പദ്യകവിതയുടെ കൂടെ കുറെ നടന്നു. പിന്നെ ഗദ്യക വിതയുടെ കൂടെ പോയി. അവിടുന്ന് കവിത തുളുമ്പുന്ന ഗദ്യവുമായി ഋഗ്വേദത്തിലൂടെ കടന്നുപോയി. തുടർന്ന് സ്ഥലനാമ ഗവേഷണത്തിൽ നിലയുറപ്പിച്ചു. അങ്ങനെ കവിയായ ചരിത്രകാരൻ ചരിതകാരനായ കവിയുമായി.

## 37

# അക്കാദമി പുരസ്കാരം

സ്ഥലനാമചരിത്രം,കവിത വിഭാഗങ്ങളിലായി 18 ഗ്രന്ഥങ്ങളും നൂറോളം കവിതകളും രചിച്ച് 1938 മുതൽ 2000 വരെ മലയാള സാഹിത്യത്തിൽ സജീവമായി സാന്നിധ്യം വിളംബരം ചെയ്ത വ്യക്തി എന്ന നിലയിലാണ് യശഃശരീരനായ വി. വി. കെ. വാലത്ത് വിലയിരുത്തപ്പെടുന്നത്. അവാർഡുകളുടെ വലിയ ശേഖരമൊന്നും വാലത്തിന്റെ കൈവശമില്ല.

അനർഹരായ പലരും സ്വാതന്ത്ര്യസമരപെൻഷൻ വാങ്ങിച്ചപ്പോഴും, സ്വാതന്ത്ര്യ സമരപ്രേരകമായ കവിതകൾ രചിച്ച കുറ്റത്തിന് ബ്രിട്ടീഷ് സർക്കാരിനാൽ സൈനികവൃത്തിയിൽ നിന്നു പിരിച്ചുവിടപ്പെട്ട വാലത്ത് ഒരു രൂപയുടെ ആനുകൂല്യത്തിന്റെയും ഒരു അവാർഡിന്റെയും പിന്നാലെ പോയിട്ടില്ല. വലിയ പ്രതീക്ഷകൾ ഒന്നും ഉണ്ടായിരുന്നില്ല. ഒരൊറ്റ ആഗ്രഹം മാത്രം. മരിക്കുമ്പോൾ ഒരു രൂപ പോലും കടം ഉണ്ടാകരുത്. അത് വലിയ നിർബന്ധം ആയിരുന്നു. റിട്ടയർ ചെയ്തപ്പോൾ കിട്ടിയ തുകയും ഒരു ചിട്ടിയും ചേർത്ത് പുതിയ വീട് പണി കഴിച്ചു. ഒരു വക ബാങ്ക് ലോണും ഇല്ല. തികച്ചും ലളിതമായ ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. ലാഭ ചിന്ത കൂടാതെയാണ് അദ്ദേഹം ഗവേഷണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. ഒരു വിധ നഷ്ടബോധവും ആ മനസ്സിനെ അലട്ടിയിട്ടില്ല.

രണ്ടു പതിറ്റാണ്ടത്തെ ചരിത്രഗവേഷണം വാലത്തിനു നൽകിയ സമ്മാനമായിരുന്നു, ശ്വാസതടസ്സം. അക്കാദമിയുടെയും ആർക്കൈവ്സിന്റെയും പുരാരേഖകളുമായി നിത്യമിടപെട്ടു, പഴകിയ പൊടി നിരന്തരം ശ്വസിച്ച അദ്ദേഹത്തിന് ശ്വാസം

മുട്ടൽ പതിവായി വരാൻ തുടങ്ങി. 1996-ന ശേഷം ശ്വാസതടസ്സം വർദ്ധിച്ചു. പലപ്പോഴും മൂർദ്ധന്യാവസ്ഥയിൽ ആശുപതിയിൽ എത്തിച്ചു ഓക്സിജൻ കൊടു ക്കേണ്ടിവന്നു. ശ്വാസംമുട്ടെന്ന കടുത്ത വെല്ലുവിളിയെ അതിജീവിച്ചു കൊണ്ടാണ് തൃശ്ശൂരിൽ അക്കാദമി ഗസ്റ്റ് റൂമിലും പാലക്കാട് ആലത്തൂർ ആശ്രമത്തിലും തിരുവ നന്തപുരത്ത് കോപ്പാറ ലോഡ്ജിലും താമസിച്ച് ഓരോ ജില്ലയുടെയും ചരിത്രരചന നടത്തിയത്. രാത്രികളിൽ എല്ലാവരും ഉറങ്ങുമ്പോഴും വാലത്തിന ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ഡോക്ടർമാരെ മാറിമാറി കണ്ടു. എല്ലാവരും നൽകിയ മരുന്ന് ഒന്നുതന്നെ. ഉപദേശവും ഒന്നുതന്നെ. 'പൊടി ഒഴിവാക്കുക.' അതെങ്ങനെ ഒഴി വാക്കും? ആ പൊടിയോടു പ്രണയമായിരുന്നല്ലോ. പൊടിപിടിച്ച പുരാരേഖകൾ തട്ടിക്കുടഞ്ഞു വാലത്ത് തന്റെ ജോലി തുടർന്നു... ഒരുവഴിയ്ക്ക് ശ്വാസതടസ്സവും തുടർന്നു.

ഫാക്റ്റ് കമ്പനിയിൽ നിന്നുള്ള വിഷപ്പുക വാലത്തിനെപ്പോലുള്ള കാസരോ ഗികൾക്ക് അന്തകനായിരുന്നു. കൂട്ടുകാരിൽ ചിലരൊക്കെ നേരം വെളുപ്പിക്കാ നാവാതെ, ഒരു നൂൽ ശ്വാസം കിട്ടാതെ മരിച്ചു. ചേരാനല്ലൂരിലെ വീട്ടിൽ നിന്ന് പറവൂർക്ക് മാറുവാൻ കാരണം ഇതാണ്. അങ്ങനെയിരിക്കെയാണ് കേരള സാഹി ത്യ അക്കാദമി 1999-ലെ സമഗ്ര സാഹിത്യ സംഭാവനകൾക്കുള്ള പുരസ്കാരം വാലത്തിന പ്രഖ്യാപിച്ചത്. പുരസ്കാരങ്ങൾ കൂടാതെ തന്നെ വാലത്തിന്റെ കൃതികൾ കേരളീയ ഹൃദയങ്ങളിൽ കുടിയിരുന്നുകൊള്ളും.

എങ്കിലും ആ പുരസ്കാരം അത് തന്നെ തേടി വന്നതായതുകൊണ്ടു കൂടി വാല ത്തിന ഏറെ സന്തോഷപ്രദമായിരുന്നു. കേരളസാഹിത്യ അക്കാദമി ഹാളിൽ വെച്ച് നടന്ന പുരസ്കാരവിതരണ ചടങ്ങിൽ വിശ്വസാഹിത്യകാരൻ എം. ടി. വാസു ദേവൻനായർ വാലത്തിനെ പൊന്നാടയണിയിച്ചു. സമഗ്രസംഭാവനകൾക്കുള്ള എന്ഡോവ്മെന്റ് നൽകപ്പെട്ടു. ചിത്രം അനാച്ഛാദനം ചെയ്തു.

# 38

## അക്കാദമിയിലെ സുജനങ്ങൾ

തൃശ്ശൂർ, പാലക്കാട് ജില്ലകളുടെ പഠനം നടത്തുമ്പോൾ പൂർണ്ണമായും എറണാകുളം, തിരുവനന്തപുരം ജില്ലാചരിത്രം തിരയുന്ന കാലത്ത് ഭാഗികമായും അദ്ദേഹം കേരളസാഹിത്യ അക്കാദമിയുടെ ഗസ്റ്റ് റൂമിലായിരുന്നു താമസം. 1978 മേയ് 27 ശനിയാഴ്ച മഹാകവി പി. കുഞ്ഞിരാമൻ നായരുടെ മൃതദേഹത്തിൽ അക്കാദമി റിസർച്ച് സ്റ്റാഫിനു വേണ്ടി റീത്ത് സമർപ്പിച്ചു.

പോൾ, കൃഷ്ണൻകുട്ടി, ആനന്ദൻ പിള്ള, ദാശ, ലീല, മാധവിക്കുട്ടി എന്നീ ഉദ്യോഗസ്ഥർ നൽകിയ നിസ്വാർത്ഥ സേവനങ്ങൾക്ക് വാലത്തിന്റെ ജീവിതത്തിൽ വലിയ സ്ഥാനമുണ്ട്. അവിടെ താമസിക്കുമ്പോൾ വാർധക്യ സഹജമായ പല അസുഖങ്ങൾ അദ്ദേഹത്തെ വിഷമിപ്പിച്ചപ്പോഴെല്ലാം മക്കളുടെ സ്ഥാനത്തു നിന്ന് വാലത്തിനെ പരിചരിച്ചവരായിരുന്നു അക്കാദമി ജീവനക്കാർ. ലാളിത്യം കൈമുതലായുള്ള സത്യസന്ധനായ ഒരു പഠിതാവ് എന്ന നിലക്കുള്ള ആദരം സർവ്വരിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചിരുന്നു. അതുകൊണ്ട് ആ സുജനങ്ങൾ ഒരർത്ഥത്തിൽ വാലത്തിനു സ്വജനങ്ങൾ തന്നെ ആയിരുന്നു.

# 39

## പ്രിയപ്പെട്ടവരുടെ വേർപാട്

വൈകാതെ പറവൂരിൽ താമസമായി. സ്ഥിരമായി മരുന്നും ഇൻഹേലരും ഉപയോഗിച്ചിരുന്ന വാലത്ത് പറവൂരിൽ എത്തിയപ്പോൾ രണ്ടും ഉപേക്ഷിച്ചു. ഒരു കൊല്ലത്തിലേറെ സുഖമായി അവിടെ കഴിഞ്ഞു. പക്ഷേ, എഴുത്ത് പൂർണ്ണമായി നിന്ന് കഴിഞ്ഞിരുന്നു. പേന പിടിക്കാൻ കഴിയാത്ത വിധം വിരലുകൾ ദൃഢമായിക്കഴിഞ്ഞിരുന്നു. കോഴിക്കോട് ജില്ലാ സ്ഥലചരിത്രമെഴുതുക എന്ന ദൌത്യം മുഴമിക്കാനാവാതെവന്ന നിരാശ വലുതായിരുന്നു. ഓടിത്തളർന്ന കുതിരയുടെ വാർധക്യം. ഒരുപാട് ഓർമ്മകൾ. ഒരുപാട് അനുഭവങ്ങൾ. അനുഭവങ്ങൾ ഓർമ്മകളിലൂടെ പുനരവതരിച്ചു... ഒരിക്കലും തിരിച്ചു കിട്ടാത്ത പോയകാലം വാലത്തിനു വലിയ വിഷാദമായി. ഒരിക്കൽ ഡയറിയിൽ കുറിച്ചു. 'കൃശോദരിയെ ഞാൻ ഒരുപാട് കഷ്ടപ്പെടുത്തി. വീടിനെയും കുടുംബത്തെയും അവളുടെ തലയിൽ ഇട്ടിട്ടു ഞാൻ പുറം ലോകത്ത് ചുറ്റി. എന്നിട്ട് എന്ത് നേടി?'.

### ജേഷ്ഠൻ മാധവൻ

പാലക്കാട് ജില്ലാ സ്ഥല ചരിത്രത്തിന്റെ രചനയുമായി 1984 ഫെബ്രുവരിയിൽ ഒരു വ്യാഴാഴ്ച രാവിലെ വീട്ടിൽ നിന്ന് പാസഞ്ചറിൽ വാലത്ത് അക്കാദമിയിൽ എത്തി. താൽക്കാലികമായി താമസിക്കുന്ന ഗസ്റ്റ് റൂമിൽ രാത്രി പ്രൊഫ. സുകുമാർ അഴീക്കോട് വന്നു. അദ്ദേഹവുമായി സംസാരിച്ചു കൊണ്ടിരിക്കെ ജ്യേഷ്ഠൻ മാധവൻ മരിച്ചു എന്ന് ഫോൺ വന്നു. ഉടൻ മടങ്ങി. അഴീക്കോടിന്റെ കാറിൽ ട്രാൻസ്പോർട്ട്

സ്റ്റാന്റിൽ എത്തി. അവിടെനിന്ന എറണാകുളം ഫാസ്റ്റ് കിട്ടി രാത്രി ഒരു മണി യോടെ വീട്ടിലെത്തി. ജേഷ്ഠൻ എല്ലാവരെയും വിട്ടു പോയി. കൗമാര പ്രായത്തിൽ അച്ഛനെ നഷ്ടപ്പെട്ടപ്പോൾ ആ സ്ഥാനത്ത് നിന്ന് അച്ഛന്റെ കുറവ് പരിഹരിച്ചത് ജേഷ്ഠനായിരുന്നു. ആ കാരണവരും കടന്ന് പോയി. അച്ഛനോ ജേഷ്ഠനോ വേണ്ടി ഒന്നും ചെയ്തുകൊടുക്കാൻ കഴിഞ്ഞിട്ടില്ല, എന്ന ഓർമ്മ വാലത്തിനു വലിയ വിഷാദ മായിരുന്നു.

## ടി. കെ. സി. വടുതല, 1988 ജൂലായ് 1

ചിരകാല സുഹൃത്തും കുടുംബ സുഹൃത്തും. രാവിലെ 6 മണിക്ക് നിര്യാതനായി. വൈകിട്ട് 5 മണിക്ക് ശവസംസ്കാരം നടന്നു. സുഖമില്ലായിരുന്നു. എങ്കിലും സംസ്കാ രത്തിൽ കുടുംബ സമേതം പങ്കെടുത്തു. ടി. കെ. സി. വാലത്തിന്റെ ആത്മസുഹൃത്താ യിരുന്നു. വളരെനാൾ അക്കാദമി ഗസ്റ്റ് റൂമിൽ അവർ ഒരുമിച്ച് താമസിച്ചിട്ടുണ്ട്. അന്ന് അദ്ദേഹം ലളിതകലാ അക്കാദമി സെക്രട്ടറി. വാലത്ത് സാഹിത്യ അക്കാദ മിയിലെ സ്കോളർ. വളരെ വളരെ ഓർമ്മകൾ. 1977-ൽ വാലത്തിന്റെ ഷഷ്ടിപൂർത്തി എറണാകുളത്ത് വെച്ച് ആഘോഷിക്കാൻ മുൻകൈ എടുത്തത് അദ്ദേഹമായിരു ന്നു. സ്നേഹസമ്പന്നൻ. പ്രസാദാത്മകതയും ആത്മവിശ്വാസവും നർമ്മബോധവും തിളങ്ങി നിന്ന വ്യക്തി. എം. പി. ആയപ്പോൾ പല തവണ വാലത്തിനെ ദില്ലിയ്ക്ക് ക്ഷണിച്ചു. ഒരു പൈസയും ചെലവാക്കണ്ട. കൂടെ ചെന്നാൽ മതി. വാലത്ത് ക്ഷണം നീട്ടി നീട്ടി കഴിച്ചുകൂട്ടി. 6 കൊല്ലമാണല്ലോ എം. പി. യുടെ കാലാവധി. പോകാം, വരട്ടെ എന്നു കരുതി. 2 കൊല്ലത്തെ എം. പി. സ്ഥാനമേ കഴിഞ്ഞുള്ളൂ. അദ്ദേഹം പെട്ടെന്ന് വേർപെട്ടുപോയി. വാലത്ത് അന്നത്തെ ഡയറിയിൽ എഴുതി. 'എന്റെ മുന്നിൽ ശൂന്യത. ശൂന്യത മാത്രം.'

## ടാറ്റാപുരം സുകുമാരൻ, 1988 ഒക്ടോബർ 26

പകൽ 12.30-നു ടാറ്റാപുരം സുകുമാരൻ എറണാകുളം സിറ്റി ആശുപത്രിയിൽ ചികി ത്സയിലിരിക്കെ, നിര്യാതനായി. സുകുമാരൻ ആശുപത്രിയിൽ കിടപ്പിലായ എല്ലാ ദിവസവും വാലത്ത് കൂടെയുണ്ടായിരുന്നു. മൂത്ത സഹോദരിയുടെ ഏക മകനാണ്. ചേച്ചിയുടെ മകന് എന്ന നിലയ്ക്ക് മരുമകൻ ആണെങ്കിലും സുകുമാരൻ വാലത്തിനു സുഹൃത്തിനെപ്പോലെയാണ്. പ്രായത്തിലും വലിയ അന്തരമില്ല. പുസ്തക പ്രകാശന

ങ്ങൾ അവർ പരസ്പരം കൂടിയാലോചിച്ച് സംഘടിപ്പിച്ചിരുന്നു. ഒരിക്കൽ ഗൌരവമേറിയ ഒരു പ്രശ്നം ടാറ്റാപുരം അമ്മാവന്റെ മുന്നിൽ അവതരിപ്പിച്ചു. റഷ്യൻ ക്ലാസ്സിക്കുപുസ്തകങ്ങൾ വാങ്ങണം എന്ന് കലശലായ ആഗ്രഹം. പക്ഷെ പണമില്ല. രണ്ടു പേരും കൂടിയാലോചിച്ചു. പുസ്തകങ്ങൾ ഇരുവർക്കും വളരെ പ്രധാനമാണ്. വാങ്ങിയേതീരു. പണം ആർ തരും? നിവൃത്തിയില്ല എന്നർത്ഥത്തിൽ സുകുമാരൻ തലയാട്ടി. സുകുമാരന്റെ കാതുകളിലെ കടുക്കൻ വാലത്തിന്റെ കണ്ണിൽ പെട്ടു. രണ്ടു സ്വർണ്ണക്കടുക്കനുകൾ കാതിലുണ്ടായിട്ടാണോ പണത്തിനു ബുദ്ധിമുട്ട്? കാതിലെ കടുക്കനെക്കാൾ പ്രധാനം കയ്യിൽ വരുന്ന ക്ലാസ്സിക്കുകളാണെന്ന് അമ്മാവനുപദേശിച്ചത് മരുമകൻ ശിരസാവഹിച്ചു. ഉടൻ തന്നെ കടുക്കനുകൾ ഊരി വിറ്റ് സുകുമാരൻ ക്ലാസ്സിക്കുകൾ വാങ്ങി. ആ സംഭവം തന്റെ സാഹിത്യജീവിതത്തിൽ ഉണ്ടാക്കിയ പരിവർത്തനത്തെക്കുറിച്ച് കൃതജ്ഞതാപൂർവ്വം ടാറ്റാപുരം സുകുമാരൻ പലതവണ സ്മരിച്ചിട്ടുണ്ട്.

1989 ഫെബ്രുവരി 23 വ്യാഴം. ഡയറിയിൽ ചില കുറിപ്പുകൾ ഇങ്ങനെ കാണുന്നു. ". . . . . . ഒരു ഉന്മേഷവുമില്ല. ഏകാന്തത പണ്ടേ ഇഷ്ടമായിരുന്നു. ഇപ്പോൾ അത് വിഷാദത്തെ വർദ്ധിപ്പിക്കാനേ ഉതകുന്നുള്ളൂ. വേണ്ടപ്പെട്ട മിത്രങ്ങൾ മരിച്ചുപോയി. സ്വന്തം മരുമകൻ ടാറ്റാപുരവും. സ്വന്തം വീട്ടിൽ സ്വന്തം ഭാര്യാപുത്രന്മാരുടെ പരിചര്യ ഏറ്റു കഴിയാനും ഭാഗ്യമുണ്ടായില്ല."

1999 മേയ് 29. 'പ്രഭാതം വെറും കൈയുമായി വന്നു. സായാഹ്നവും വെറും കൈയുമായി പോകുന്നു. എനിക്കും വെറുംകൈയോടെ മടങ്ങാം. ജീവിതം എന്നെ എന്ത് പഠിപ്പിച്ചു? ജീവിതം എന്നെ ഞാനെന്നു പഠിപ്പിച്ചു. ഇത് പഠിക്കാൻ 80 വയസ്സ് വരെ കാത്തിരുന്നു. അതൊരു വലിയ കാര്യം തന്നെ. ബാല്യത്തിൽ രാവിലെ അമ്മ അമ്പലത്തിൽ കൊണ്ടുപോയി. അകലെ ഇരുട്ടറയിൽ നരകത്തിന്റെ കണ്ണ് പോലെ ജ്വലിച്ച നിലവിളക്ക് ചൂണ്ടി അമ്മ തൊഴാൻ പറഞ്ഞു. "അത് കല്ലല്ലേ, അമ്മെ?" അന്ന് തുടങ്ങിയ യുക്തിവാദം അന്ത്യം വരെ കൂട്ടുവിട്ടില്ല."

## 40

# അന്ത്യനാളുകൾ

വാലത്ത് ഒരിക്കൽ എഴുതിയ 'ഈ സായംസന്ധ്യസന്ധ്യയിൽ' എന്ന ലേഖനം വാലത്തിന്റെ ആത്മ നിരീക്ഷണം നിറഞ്ഞു നിൽക്കുന്നതാണ്. അത് ഇവിടെ ഉദ്ധരിക്കട്ടെ.

### ഈ സായംസന്ധ്യയിൽ

'എനിയ്ക്ക് ജാതിയില്ല. മതമില്ല. ദൈവമോ, ക്ഷേത്രമോ ഇല്ല. ആ വക സൂചനകളൊന്നും എന്റെയോ എന്റെ മക്കളുടെയോ പേരക്കുട്ടികളുടേയോ പേരുകളിൽ ഒളിച്ചുനിൽക്കുന്നില്ല.

അതുപോലെ എന്റെ പുസ്തകങ്ങളും എന്റെ ജാതി വിളംബരം ചെയ്കയില്ല. ജാതിചിന്ത മനുഷ്യന്റെ മനസ്സിൽ വരുന്നതോടെ അവൻ അങ്ങേയറ്റം തരം താഴ്ന്നതായാണ് ഞാൻ കണക്കാക്കിയിട്ടുള്ളത്. ഈ എൺപതാം വയസ്സിൽ തിരിഞ്ഞുനോക്കുമ്പോൾ എനിക്ക് അഭിമാനം തോന്നുന്നത് ഞാനൊരിക്കലും ഒരു ജാതിയുടെ ഭാഗമായി ചിന്തിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല എന്നതു കൊണ്ടാണ്. ഞാൻ മനുഷ്യനാണ്. ഒരു ചരിത്രകാരനായി അറിയപ്പെട്ടാൽ മതി.

"അച്ഛന്റെ തോളിലിരുന്നാണ് ഞാൻ ആദ്യമായി ലോകം കാണുന്നത്. ഒരു വഴി കണ്ടാൽ, ഒരു കുളം കണ്ടാൽ, ഞാനന്വേഷിയ്ക്കും ഈ വഴി എവിടേയ്ക്കാണ്? ഈ കുളം എങ്ങനെയുണ്ടായി?"എന്നൊക്കെ.

ആ അന്വേഷണമാണ് ഞാനിപ്പോഴും തുടരുന്നത്.

ബാല്യത്തിൽ കണ്ട വഴികൾ, വഴിയമ്പലങ്ങൾ, അത്താണികൾ, ചക്രച്ചുറ്റുകൾ, മലവാരങ്ങൾ, ഗുഹാക്ഷേത്രങ്ങൾ . . . എല്ലാത്തിലും നൂറ്റാണ്ടുകളുടെ കഥകളുണ്ട്. ആ കഥകൾ തേടിയാണ് ഞാനലഞ്ഞത്.

ഓരോ ജില്ലയുടേയും സ്ഥലചരിത്രമെഴുതിയത് എന്റെ വീട്ടിലിരുന്നുകൊണ്ടല്ല. ജില്ലയിലെ ഓരോ ഗ്രാമത്തിലും പോയി വിവരങ്ങൾശേഖരിക്കുകയായിരുന്നു.

എത്ര കഷ്ടപ്പെട്ടായാലും നേരിൽ കാണാതെ ഞാനൊന്നുമെഴുതിയിട്ടില്ല. ഞാൻ ഐതിഹ്യം നോക്കാറില്ല. പറഞ്ഞുകേട്ട് വിശ്വസിക്കാറുമില്ല. യുക്തികൊണ്ട് ഖനനം ചെയ്യുകയാണ് എനിക്കിഷ്ടം. ഒരിക്കൽ പാലക്കാട്ട് കോട്ടമല കാണാൻ പോയി. മലകയറി മുകളിൽ എത്തിയപ്പോഴാണ് സന്ധ്യയെന്നറിഞ്ഞത്. താഴേയ്ക്കു വരാൻ പറ്റാത്ത വിധം നേരം ഇരുട്ടുകയും ചെയ്തു. കാൽ വഴുതി, കല്ലിൽ തലയടിച്ചു മരിക്കുമോ, എന്നു പോലും പേടിച്ചുപോയ നിമിഷം. ഒന്നു നിലവിളിച്ചാൽപ്പോലും അവിടെ ആരും വരികയില്ല. ഒടുവിൽ ഇരുട്ടിൽ തപ്പിത്തടഞ്ഞാണ് ഞാൻ മടക്കദൂരം താണ്ടിയത്. പാമ്പിനേയും ഇരുട്ടിനേയും പേടിച്ച ആ രാത്രി ഇന്നും എന്റെ മനസ്സിലുണ്ട്.

കഷ്ടപ്പെട്ട് ഞാൻ കണ്ടെത്തിയ രേഖകൾ പിൽക്കാലത്ത് കുട്ടികൾക്കുംമറ്റും പ്രയോജനപ്പെട്ടത് സന്തോഷകരമായി. എം. ജി. യൂണിവേർസിറ്റി എന്റെ "ചരിത്ര കവാടങ്ങൾ" പാഠപുസ്തകമാക്കിയിരുന്നു. യാത്രകളുടേയും അന്വേഷണങ്ങളുടേയും ഒടുവിൽ ഞാൻ രോഗിയായത് ഓർക്കുമ്പോൾ വിഷമവുമുണ്ട്. ഇത്തരം ഗവേഷണങ്ങളിൽ നിന്ന് പിൽക്കാലത്ത് എനിക്ക് സാമ്പത്തികമായ നേട്ടമൊന്നുമുണ്ടായില്ല. മൂന്ന് ജില്ലകളക്കുറിച്ച് പഠിക്കാൻ സാഹിത്യ അക്കാദമി പ്രതിമാസം തൊള്ളായിരം രൂപ വീതം തന്നു. ഒരു ജില്ലയ്ക്ക് ഒരു വർഷം വീതം. പുസ്തകങ്ങൾ നാലും അക്കാദമി പ്രസിദ്ധീകരിച്ചു. അതിൽ നിന്ന് റോയൽറ്റി ഇനത്തിൽ കാര്യമായൊന്നും കിട്ടാനില്ല. സ്കോളർഷിപ്പ് കിട്ടിയ തുക ഗവേഷണത്തിനായി ചെലവാകുകയുംചെയ്തു. എങ്കിലും ആറു മാസത്തിനുള്ളിൽ എന്റെ സ്ഥലനാമഗവേഷണഗ്രന്ഥങ്ങൾക്ക് പുതിയ പതിപ്പുകൾ ഉണ്ടാകുന്നത് ആനന്ദം നൽകുന്നു. അവയ്ക്ക് വായനക്കാരുണ്ടല്ലോ. സ്ഥലനാമങ്ങളുടെ ഉത്ഭവരഹസ്യം തേടിയുള്ള യാത്രയിൽ എനിക്ക് ധനനഷ്ടവും സ്വത്തുനഷ്ടവും ഉണ്ടായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയെപ്പറ്റി പഠിക്കാനുള്ള യാത്രയ്ക്കിടയിൽ കാമറയും കുറിപ്പുകൾ രേഖപ്പെടുത്തിയ നോട്ടുബുക്കുകളുമടങ്ങിയ സ്യൂട്ട്കെയ്സ് നഷ്ടപ്പെട്ടു. ഒടുവിൽ ഉടുതുണി മാത്രമായി വീട്ടിൽ തിരിച്ചെത്തുകയായിരുന്നു.

പട്ടിണി ഒരു സാധാരണ സംഭവമായിരുന്ന കാലഘട്ടത്തിൽ ജനിക്കാൻ ഭാഗ്യമുണ്ടായി. ലോകത്തെമ്പാടുമുള്ള മനുഷ്യന്റെ യഥാർത്ഥപ്രശ്നം വിശപ്പു തന്നെ എന്ന തിരിച്ചറിവിലൂടെ ഞാൻ വളർന്നു.

എന്റെ വഴികൾ കഠിനാദ്ധ്വാനത്തിന്റെയും കഷ്ടപ്പാടിന്റേതുമായിരുന്നു. എത്ര ക്ലേശിച്ചാണ് എന്റെ ജീവിതപ്പാതയിൽ കുറച്ചെങ്കിലും നേട്ടങ്ങളുണ്ടാക്കിയതെന്ന് ഓർക്കുകയാണ്. എന്നാൽ, എനിക്ക് ജീവിതം കൈനിറച്ച തന്നു എന്നൊന്നും തോന്നിയിട്ടില്ല. ചിലപ്പോൾ ആലോചിക്കുമ്പോൾ തോന്നും പല തീരുമാനങ്ങളും ഭ്രാന്തമോ, അതിസാഹസികമോ ആയിരുന്നെന്ന്.

എങ്കിലും ജിജ്ഞാസുവായിരുന്നു ഞാൻ. അതാണ് എന്നെചരിത്രകാരനാക്കിയത്. എന്റെ ഭാഷ ഇന്നും തീക്ഷ്ണമായാണ് എനിക്ക് അനുഭവപ്പെടുന്നത്.

ഞാനൊരു സോഷ്യലിസ്റ്റായിരുന്നു. അതേസമയം കമ്മ്യൂണിസ്റ്റ് ആശയങ്ങളോട് എന്നും ഭ്രാന്തമായ അടുപ്പവും കാണിച്ചിരുന്നു. ജീവിതത്തിന്റെ ആദ്യനാളുകളിൽ നേരിട്ട പട്ടിണിയും ദുരിതവും എന്നെ കൂടുതൽ തുല്യതയുള്ള ഒരു സമൂഹത്തെക്കുറിച്ച് ചിന്തിക്കാൻ ഇടയാക്കി. അതെല്ലാം ഇന്നും എന്നിൽ പുത്തനുണർവ്വായി നിൽക്കുകയാണ്.

എന്റെ ആദ്യ ഗദ്യകവിതാസമാഹാരമായ 'ഇടിമുഴക്കം' ഞാൻ സമർപ്പിച്ചിട്ടുള്ളത് എന്റെ അച്ഛനു തന്നെയാണ്.

ദാരിദ്ര്യത്തിൽ ജനിച്ച്,
ദാരിദ്ര്യത്തിൽ ജീവിച്ച്,
ദാരിദ്ര്യത്തിൽ വെച്ച്
ഒരു ദിവസം കാണാതെ പോയ
എന്റെ അച്ഛന്റെ ഓർമ്മയ്ക്ക്.

അച്ഛന്റെ ദുരിതങ്ങൾ എന്റെ ചിന്തയിൽവല്ലാത്ത പരിവർത്തനങ്ങൾ വരുത്തിയെന്ന് പറയാം.

എനിക്ക് ഒരു മനുഷ്യനായിത്തീരുവനായിരുന്നു ആഗ്രഹം. കാരണം മനുഷ്യത്വത്തിന്റെ വില അത്രമാത്രം ഞാനറിഞ്ഞിട്ടുണ്ട്. മനുഷ്യത്വം മരവിച്ച ഒരു ലോകത്താണല്ലോ, നാം ജീവിക്കുന്നത്. ചളിയും വെള്ളവും ഇരുട്ടും ചോരയും നിറഞ്ഞ ഈ അഗാധതയിൽ വച്ചുള്ള ജീവിതത്തിൽ നിന്നും നമുക്ക് രക്ഷപ്പെടാനാവുമൊ? ഇതെന്റെ പഴയ ചോദ്യമാണ്. ഞാൻ ഒരിക്കൽ വിപ്ലവത്തെ സ്നേഹിച്ചു. രാഷ്ട്രീയമായി പുതിയൊരുണർവിലൂടെ, നമുക്ക് നല്ലൊരു ജീവിതമുണ്ടാകുമെന്ന് ചെറുപ്പകാ

ലത്ത് വിശ്വസിച്ചു. ഇന്നിപ്പോൾ നോക്കുമ്പോൾ മനുഷ്യന്റെ മഹത്വം എവിടെയോ കളങ്കപ്പെട്ടില്ലേ, എന്നു സംശയിക്കുന്നു.'

# 41

## ഒമർ ഖയ്യാം വരൂ, വരൂ!

തിരുവനന്തപുരം ജില്ലാ സ്ഥലചരിത്രം പ്രസാധനം കഴിഞ്ഞപ്പോൾ വാലത്ത് ഒന്ന് തിരിഞ്ഞു നിന്നു. 1930 മുതൽ 2000 വരെ ഏഴു പതിറ്റാണ്ടുകൾ എഴുത്തിന്റെ വഴിയെ സഞ്ചരിച്ചു. ഇപ്പോൾ വിരലുകൾ തീരെ വഴങ്ങാതായി. എഴുത്ത് ഏതാണ്ട് അവസാനിച്ച മട്ടാണ്. 2000 ആയപ്പോൾ എഴുത്ത് മിക്കവാറും നിലച്ചിരുന്നു. മതി. വിശ്രമം എന്തെന്നറിയാതെ ചരിത്രാന്വേഷണവുമായി സന്യാസിയെപ്പോലെ അലഞ്ഞു. കാണാത്ത നാടില്ല. പോകാത്ത കാടില്ല. കേറാത്ത കുന്നില്ല. എഴുതാത്ത ദിവസമില്ല. പക്ഷെ, ഇപ്പോൾ ഇനി ഒന്നിനും ആവില്ല. കോഴിക്കോട് ജില്ലാ സ്ഥലചരിത്രം എഴുതുവാൻ ആരംഭിച്ചുവെങ്കിലും അനാരോഗ്യത്താൽ നിർത്തിവെയ്ക്കുകയായിരുന്നു.

മനസ്സ് അപ്പോഴും പ്രവർത്തനനിരതമായി താൻ ചെയ്യേണ്ട കാര്യങ്ങളെ നിരന്തരം ഓർമ്മിപ്പിച്ചു. പക്ഷെ, ശരീരം ഒരിഞ്ചുപോലും വഴങ്ങിക്കൊടുത്തില്ല. ഈ ലോകത്ത് നിന്ന് അദ്ദേഹത്തിന്റെ പിടി വിട്ടുതുടങ്ങിയിരുന്നു. ജീവിതാന്ത്യം ആഗതമായി എന്ന് അദ്ദേഹമറിഞ്ഞു. തന്റെ ജീവിതം സമാപ്തിയോട് അടുക്കുകയാണ്. മരണം തന്റെ സമീപത്ത് എത്തിക്കഴിഞ്ഞു എന്ന് വാലത്ത് ഈ വർഷം അവസാനമാകുമ്പോഴേയ്ക്ക് ഉറപ്പിച്ചു കഴിഞ്ഞിരുന്നു.

മുൻവർഷങ്ങളിൽ കുനുകുനാ കുത്തിക്കുറിച്ചു നിറച്ചിരുന്ന ഡയറിത്താളുകളുടെ സ്ഥാനത്ത് പേജുകളോളം ശൂന്യത. 99 ആയപ്പോൾ ഓരോ ദിവസവും ഡയറിയിൽ അന്നത്തെ തീയതി മാത്രമെഴുതുന്ന രീതിയായി. വാലത്ത് മരണത്തിലേക്ക് അടുക്കുകയായിരുന്നു.

ഈ ഘട്ടത്തിൽ മിക്കവാറും എല്ലാ പത്രമാസികകളിൽ നിന്നും ലേഖകന്മാർ വീട്ടിലെത്താൻ തുടങ്ങി. ചൂടോടെ വാലത്തുമായുള്ള അഭിമുഖങ്ങൾ പ്രസിദ്ധീകരിക്കുകയും ഉണ്ടായി. വാലത്ത് ഒരു സംഭവമാണെന്ന് വെളിപാട് കിട്ടിയ പോലെ. സമകാലിക മലയാള സാഹിത്യം വാലത്തിനെ തമസ്കരിച്ചു, എന്ന് പുതുതായി കണ്ടെത്തി. വാലത്ത്, പക്ഷെ, ഇതിനെല്ലാം അതീതനായിരുന്നു എന്ന് എനിക്ക് പറയാതെ വയ്യ. കുടത്തിലെ വിളക്ക് പോലെ തന്റെ വെട്ടം താൻ മാത്രം കാണുന്ന അവസ്ഥയിൽ നിന്ന് ഒടുക്കമായപ്പോൾ വാലത്ത് മോചിപ്പിക്കപ്പെട്ടു. സജീവമായ സാഹിത്യരചന, അതായത് 'എഴുത്ത്' എന്ന, തന്നെ താനാക്കിയ ജീവൽപ്രക്രിയ പൂർണ്ണവിരാമത്തിൽ വലിയ വിഷാദമായി മാറി. ഞരമ്പുകൾ തടിച്ചുവീർത്ത, മുരടിപ്പ് പിടി കൂടിയ കൈവിരലുകൾ വഴങ്ങാൻ കൂട്ടാക്കാതെ വാലത്തിനെ വിസ്മയിപ്പിച്ചു. ഇനിയൊന്നും വായിക്കാനാവില്ലെന്ന് കണ്ണുകളും പിണങ്ങി. മനസ്സ് മാത്രം ഉണർന്നിരുന്നു. ആ മനസ്സ് ദുഃഖപൂർവ്വം ഉഴറുകയായിരുന്നു, ഒരു സമാധാന വാക്കിനു വേണ്ടി. അങ്ങനെയാവാം, മനോവികാരത്തിനിണങ്ങിയ ചില വരികൾ അദ്ദേഹത്തിന് ഓർമ്മ വന്നത്.

'ഇരിപ്പില്ല, നമുക്കേറെ നിമിഷങ്ങൾ . . .
ഒരിക്കൽ നാം മരിച്ചെന്നാൽ തിരിച്ചൊരു വരവുമില്ല . . .'

ഉമർ ഖയ്യാമിന്റെ വരികൾ.

ഉമർ ഖയ്യാമിനെ വാലത്ത് അറിയാത്തതല്ല. റൂബായിയാത്ത് എന്ന് കേൾക്കാത്തതുമല്ല. ഉമർ ഖയ്യാമിനെ നായകനാക്കി എം. എൻ. സത്യാർത്ഥി രചിച്ച നോവൽ 1966 ഫെബ്രുവരി 7-ലക്കം മലയാളരാജ്യം ചിത്രവാരികയിൽ നിരൂപണം ചെയ്തിട്ടുമുണ്ട്. പക്ഷെ, ഇക്കാലമത്രയും ഉമർ ഖയ്യാമിനെക്കുറിച്ച് മിണ്ടാത്ത വാലത്ത് ഇപ്പോൾ റൂബായിയാത്തിലെ വരികൾ ഡയറിയിൽ ഓർമ്മയിൽ നിന്ന് എന്നപോൽ കുറിക്കുന്നു . . .

'ഇരിപ്പില്ല, നമുക്കേറെ നിമിഷങ്ങൾ . . .
ഒരിക്കൽ നാം മരിച്ചെന്നാൽ തിരിച്ചൊരു വരവുമില്ല . . .'
ഒരിക്കൽ മരിച്ചെന്നാൽ
പിന്നീട് ഒരു മടക്കം ഇല്ല.
അത് എന്നേക്കുമായുള്ള യാത്രയാണ് . . .'

എന്ന വരികൾ കടുത്ത നൊമ്പരത്തോടെ വാലത്ത് ഡയറിയിൽ കുറിച്ചു. ഒരിക്കലല്ല. പലതവണ.

'ഇല്ല, ഇനിയൊരു ജീവിതം.
ഒരിക്കൽ മരിച്ചെന്നാൽ
പിന്നീട് ഒരു മടക്കം ഇല്ല.
അത് എന്നേക്കുമായുള്ള യാത്രയാണ് . . .'

മടക്കമില്ലാത്ത, തിരിച്ചു വരവില്ലാത്ത ഒരു യാത്ര. തീർച്ചയായും അത് ദുസ്സഹമായ ചിന്ത തന്നെ. പക്ഷെ, അത്, മരണാനന്തരജീവിതം ഒരു യാത്രയാണോ? യാത്രയാണെന്ന് തീരുമാനിച്ചത് ആരാണ്? നമ്മളൊക്കെ തന്നെയല്ലേ? മരണം യാത്രയുടെ അവസാനം അല്ലെ? പതിറ്റാണ്ടുകളിലൂടെ കടന്നുപോന്ന ആയുസ്സിന് തുടർവർഷങ്ങളിലേക്ക് നയിക്കപ്പെടാൻ ഒരു ശരീരം; രക്തമജ്ജകളുള്ള നാഡിവ്യൂഹമുള്ള ഒരു വാഹനം അനിവാര്യമാണ്. പക്ഷെ, തന്റെ ശരീരം ശുഷ്കമായിക്കഴിഞ്ഞു എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. കണ്ണുകൾ, മറ്റ് ഇന്ദ്രിയങ്ങൾ, കൈകൾ, കാലുകൾ, ഓർമ്മശക്തി എല്ലാം ക്ഷീണിച്ചുപോയി.

പതിറ്റാണ്ടുകൾ വിശ്രമമില്ലാതെ, വിശപ്പറിയാതെ, ദാഹമറിയാതെ നാട്ടിടകൾ താണ്ടിയ ശരീരം. രാപ്പകൽ ഭേദമില്ലാതെ പ്രവൃത്തിനിരതമായ മനീഷ. എല്ലാം നിലയ്ക്കാൻ പോവുകയാണ്. ഇനി യാത്രയില്ല. ഉണ്ടെങ്കിൽ തന്നെ ആരാണ് ആ യാത്ര നടത്തുന്നത്? ശരീരമോ? അല്ല. അത് മണിക്കൂറുകൾക്കകം അപ്രത്യക്ഷമാകും. പിന്നെ ആര്? പിന്നെ ആരുമില്ല. ആരും എങ്ങോട്ടും യാത്ര ചെയ്യുന്നില്ല. ആരും എന്നേയ്ക്കുമായി വിശ്രമിക്കുന്നില്ല. അനന്തമായി ഉറങ്ങുന്നുമില്ല. ജീവിതാന്ത്യം വരെ ആത്മാവിലും മോക്ഷത്തിലും വിശ്വാസമില്ലാതിരുന്ന വാലത്ത് മരണാസന്നനിലയിലും അതിനു മാറ്റം വരുത്തിയില്ല.

പക്ഷെ, ഒരു കാര്യം വാലത്തിനു ഉറപ്പായിരുന്നു. ഇത്രയും കാലം തിരക്കേറിയ ഒരു വലിയ ലോകത്തിൽ ചെറിയ മനുഷ്യനായി ജീവിച്ചു. ഒരുപാട് സൂര്യോദയങ്ങൾ കണ്ടു. ഒരുപാട് പൂർണ്ണചന്ദ്രന്മാരെ കണ്ടു. മഴയും വെയിലും. ഇടിമുഴക്കവും മിന്നൽ വെളിച്ചവും. പേമാരിയും വെള്ളപ്പൊക്കവും. പട്ടിണി, മലമ്പനി, കോളറ, വസൂരി, ഭൂമി മുഴുവൻ പൂ ചൂടുന്ന പൊന്നോണം, മീനവെയിൽ, മഞ്ഞുകാലം, അച്ഛനമ്മമാർ, സഹോദരങ്ങൾ, ഭാര്യ, മക്കൾ, കുടുംബം, സ്കൂൾ ജീവിതം, പ്രണയകാലം, രണ്ടു ലോകമഹായുദ്ധങ്ങൾ, സ്വാതന്ത്ര്യ സമരം . . . സാഹിത്യജീവിതം . . .

അങ്ങനെ, ആയുസ്സിന്റെ ദൃശ്യപടം അദ്ദേഹത്തിന്റെ കണ്മുന്നിലൂടെ വിഷ്കംഭത്തിലെന്നപോലെ കടന്നു പോയി.

അപരിചിത പ്രദേശങ്ങളിലേക്കുള്ള ആദ്യ യാത്രയും, ആ യാത്രയിലെ അനുഭവങ്ങളും വാലത്തിനു ഏറ്റവും പ്രിയങ്കരമായിരുന്നു. പക്ഷെ, യാത്രകൾക്ക് ശരീരം അനുവദിക്കാതെ വന്നപ്പോഴാണ് തന്റെ ജീവിതാനന്ദം യാത്രാനുഭവങ്ങളായിരുന്നുവെന്നു അദ്ദേഹം തിരിച്ചറിഞ്ഞത്. കഴിഞ്ഞ് പോയതെല്ലാം കഴിഞ്ഞുപോയത് തന്നെ. ഒരു ദിവസവും തിരികെ വരില്ല. വല്ലാത്ത നഷ്ടബോധം വാലത്തിനെ വലയം ചെയ്തു. ഡയറിത്താളുകളിലൂടെ അദ്ദേഹം വിളിച്ചു . . .

ഒമർ ഖയ്യാം . . . . വരൂ, വരൂ . . . . . . . . .

# 42

## അങ്ങനെ ഒരു ദിവസം . . .

2000 ഡിസംബർ 31. ഒരു ഞായറാഴ്ച. ക്രിസ്മസ് അവധി അവസാനിക്കുന്നു. പിറ്റേന്ന് സ്കൂൾ തുറക്കും. ഈ ദിവസത്തെ അനുഭവം ഞാൻ നേരിട്ട് പങ്കുവെയ്ക്കുകയാണ്.

സമയം വൈകിട്ട് നാല് മണി. ഞാൻ അന്ന് രാത്രി കോഴിക്കോട്ടേയ്ക്ക് പോകാനുള്ള തയ്യാറെടുപ്പിലാണ്. അപ്പോൾ അനുജൻ സോക്രട്ടീസിന്റെ ഫോൺ. 'അച്ഛന് തീരെ സുഖമില്ല.' ഞാനും ഭാര്യയും ഉടൻ തന്നെ പറവൂരിലുള്ള വീട്ടിലേക്കു ചെന്നു. അച്ഛൻ മേശപ്പുറത്തു പിണച്ചു വെച്ച കൈകളിൽ തല ചായ്ച്ചു കസേരയിൽ ഇരിക്കുന്നു. സമാധാനമായി. കിടപ്പല്ലല്ലോ. അദ്ദേഹത്തിന്റെ കണ്ണുകൾ മഞ്ഞച്ചിരിക്കുന്നു, അത് അത്ര നല്ല ലക്ഷണമല്ല എന്ന് അമ്മ പറഞ്ഞു. ഭക്ഷണം ഒന്നും കഴിയ്ക്കുന്നില്ല. ഞാനും ഭാര്യയും ചേർന്നു അല്പം കഞ്ഞി കഴിപ്പിച്ചു. ഞാൻ അപ്പോൾ 'കോകസന്ദേശ'ത്തെക്കുറിച്ച് ഒരു സംശയം ചോദിച്ചു. ഒന്ന് ഉണർവ് ആകാൻ. അതിനു ഫലമുണ്ടായി. അച്ഛൻ തലയുയർത്തി. തനിക്കു പ്രിയപ്പെട്ട ചരിത്രവിഷയത്തിൽ ജീവൻ വെച്ച് അച്ഛൻ കോകസന്ദേശത്തിന്റെ രചനാകാലത്തെക്കുറിച്ച് പതിയെ പറഞ്ഞു. വീണ്ടും തല കുമ്പിട്ടു. പിന്നെ ചോദിച്ചു, 'എന്റെ അമ്മ വന്നിട്ട്, പോയോ' എന്ന്. എനിക്ക് രണ്ടു വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ അമ്മ മരിച്ചതാണ്. ആ അമ്മയാണ് ഇപ്പോൾ വന്നിരിക്കുന്നത്. മരണം അടുക്കുമ്പോൾ പെറ്റമ്മയെ അരികിൽ കാണുമെന്നു കേട്ടിട്ടുണ്ട്. പത്തു ദിവസം മുമ്പ് അച്ഛൻ ഡയറിയിൽ കുറിച്ചത് എനിക്കോർമ്മ വന്നു. "... ഇന്ന് അമ്മ വന്നിരുന്നു." കഴിഞ്ഞ പത്തു ദിവസങ്ങളായി

അഛന്റെ ഓർമ്മ അമ്മയെ ചുറ്റിപ്പറ്റി നിന്നു. അഥവാ ആ ദിവസങ്ങളിൽ അമ്മ തന്റെ മകൻ കൃഷ്ണന്റെ ചാരത്തുണ്ടായിരുന്നു.

അനുജൻ ഉടനെ കാറുമായി വന്നു. അച്ഛനെ കാറിൽ ആശുപത്രിയിൽ എത്തിച്ചു. കാറിൽ ഇരിക്കാൻ പാകത്തിന് കാലുകൾ മടക്കാൻ അച്ഛന് കഴിഞ്ഞിരുന്നില്ല. അപ്പോഴേയ്ക്കു അരയ്ക്കു താഴെ മരിച്ചു കഴിഞ്ഞിരുന്നു എന്ന് പിന്നീട് എനിക്ക് തോന്നി. മരണം കാലുകളിലൂടെയാണ് കടന്നു വരിക എന്ന് കേട്ടിട്ടുണ്ട്.

ഡോക്ടർ വന്നു പരിശോധിച്ച് ഓക്സിജൻ കൊടുക്കാൻ നിർദേശിച്ചു. പിന്നെ ഞങ്ങളോടായി പറഞ്ഞു, സ്ഥിതി മോശമാണ്. അകലെയുള്ളവരെ അറിയിക്കുന്നത് നന്നായിരിക്കും. ഞങ്ങൾക്ക് അതിൽ വലിയ കാര്യം തോന്നിയിട്ടില്ല. ഇത് അഛന്റെ സ്ഥിരം കലാപരിപാടിയാണ്. ആശുപത്രിയിൽ പോകും, രണ്ടു ദിവസം കഴിഞ്ഞു തിരിച്ചും പോരും. എങ്കിലും ചേട്ടൻ മോപ്പസാങ്ങിനെ അറിയിക്കാമെന്ന് കരുതി, എന്റെ ഭാര്യയെ കാഷ്വാലിറ്റിയിൽ അച്ഛന് കൂട്ടിരുത്തി ഞങ്ങൾ പുറത്തിറങ്ങി. എസ്. ടി. ഡി. ബൂത്ത് പലതും അടഞ്ഞുകിടക്കുന്നു. ഞായറാഴ്ചയാണ്. മൊബൈൽ ഫോൺ പ്രചാരം തുടങ്ങിയിട്ടില്ല. ഒടുവിൽ തുറന്നിരുന്ന ഒരു ബൂത്തിൽ കയറി ചുക്കു ജ്യേഷ്ഠനെ വിളിച്ചു വിവരം പറഞ്ഞു. പുറത്തിറങ്ങിയ ചുക്കു അസ്വസ്ഥനായിരുന്നു. ജ്യേഷ്ഠൻ കരയുകയായിരുന്നത്രേ. അച്ഛന് എന്ത് പറ്റി? സത്യം പറയൂ, അച്ഛന് എന്തെങ്കിലും സംഭവിച്ചോ? നീ നുണ പറയുകയാണ്, എന്നൊക്കെ പറഞ്ഞുകൊണ്ട്. പേടിക്കാൻ ഒന്നുമില്ല എന്ന് ജ്യേഷ്ഠനെ ബോദ്ധ്യപ്പെടുത്തിയ ഞങ്ങൾ തൊട്ടടുത്തുണ്ടായിട്ടും അഛന്റെ മരണം അറിഞ്ഞത് അകലെ കോട്ടയത്തിരുന്ന ജ്യേഷ്ഠനാണ്. ആ നിമിഷങ്ങളിൽ അച്ഛൻ മരിച്ചിരുന്നു. ഞങ്ങൾ തിരിച്ചെത്തിയപ്പോൾ അച്ഛന്റെ ശിരസ്സും താടിയും ചേർത്തു കോറത്തുണിക്കീറുകൊണ്ട് കെട്ടിക്കഴിഞ്ഞിരുന്നു. എന്റെ ഭാര്യ ഉറക്കെ കരയുകയായിരുന്നു.

അവിശ്വസനീയമായിരുന്നു ആ മരണം. അപ്പോഴേയ്ക്കു ഒരു ഓട്ടോയിൽ അമ്മയും അനുജന്റെ ഭാര്യയും എത്തി. അകത്തു വന്നു കാണുന്നതിനേക്കാൾ മുമ്പ് അമ്മയെ വിവരം അറിയിക്കണം. ഞാൻ പുറത്തേക്കിറങ്ങിച്ചെന്ന് അമ്മയോട്പറഞ്ഞു. 'ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. വിഷമിക്കരുത്. ആള് പോയി' . . . അമ്മ ഒരാന്തലോടെ വാപൊത്തി. അങ്ങനെ ഒരു ദിവസം . . . .

* * *

കുറെ ദിവസങ്ങളായി ഡയറിയിൽ വിറയാർന്ന വിരലുകൾ കൊണ്ട് അന്നന്നത്തെ തീയതി മാത്രം കുറിക്കുമായിരുന്നു. ഇന്നും ഞാൻ മരിച്ചിട്ടില്ല, എന്ന് സ്വയം

ബോദ്ധ്യപ്പെടാനായിരിക്കാം. 2000 ഡിസംബർ 31 എന്ന് ഡയറിയിൽ എഴുതിയത് അവസാനമായിട്ടായിരുന്നു.

കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നു വാലത്ത് മാഷിനു അന്ത്യോപചാര മർപ്പിക്കുവാൻ പറവൂരിലെ വസതിയിൽ ആയിരങ്ങൾ എത്തിച്ചേർന്നു. അപ്പോൾ മാത്രമാണ് പറവൂർ മുനിസിപ്പൽ അധികൃതർ തങ്ങളുടെ പുതിയ താമസക്കാരനെ തിരിച്ചറിഞ്ഞത്. ഉടൻ തന്നെ പറവൂർ ദേശീയപാതയിൽ നിന്നു വീട് വരെയുള്ള വീഥി വൃത്തിയാക്കി മരണവാർത്താ ബോർഡ് വച്ചു. സംസ്കാരസമയത്ത് ഉച്ചവരെ പറവൂരിൽ കടകളടച്ച് ഹർത്താൽ ആചരിച്ചു.

ഇടപ്പള്ളിയിൽ നിന്ന് പറവൂർ വഴിയുള്ള NH 17-ലെ വരാപ്പുഴപ്പാലം പണിപൂർത്തീകരിച്ചിരുന്നെങ്കിലും കമ്മീഷൻ ചെയ്തിരുന്നില്ല. വാലത്ത് മാഷിന്റെ ശവസംസ്കാരത്തിൽ ചേരാനല്ലൂരിലും എറണാകുളത്തും ഉള്ളവർക്ക് പങ്കെടുക്കുന്നതിനു വേണ്ടി, ചേരാനല്ലൂർ പഞ്ചായത്ത് പ്രത്യേകയോഗം ചേർന്ന് തീരുമാനം എടുത്തു വരാപ്പുഴപ്പാലം തുറന്നുകൊടുത്തു. വരാപ്പുഴപ്പാലത്തിലൂടെ ഔദ്യോഗികമായി ആദ്യം കടന്നു പോയ വാഹനം, നാടിന്റെ സാഹിത്യനായകന് അന്ത്യാഞ്ജലി അർപ്പിക്കുവാൻ വേണ്ടിയുള്ളതായിരുന്നു.

## 43

# 2001-ലെ ഒരു ജനുവരി ദിനം

അദ്ധ്യാത്മവിദ്യാലയത്തിലേക്ക്.

താൻ മരിക്കുമ്പോൾ പൂജാദി കർമ്മങ്ങൾ കൂടാതെ പൊതുശ്മശാനത്തിൽ സംസ്കരിക്കണമെന്ന വാലത്തിന്റെ അഭിലാഷം അപ്രകാരം തന്നെ നിറവേറ്റപ്പെട്ടു.

കേട്ടറിവും പരിചയവുമുള്ള ഒട്ടേറെപ്പേർ അവസാനമായി വാലത്ത് മാഷിനെ ഒരു നോക്ക് കാണുവാനെത്തി. പൊതുദർശനത്തിന് ശേഷം ഭൌതികശരീരം പുഷ്പാർച്ചനയോടെ പറവൂരിൽ തോന്നിയകാവ് എന്ന സ്ഥലത്ത് 'അദ്ധ്യാത്മവിദ്യാലയം' എന്ന പേരിലുള്ള പൊതുശ്മശാനത്തിൽ വെച്ച് പ്രകൃതിയ്ക്ക് തിരികെ നൽകി.

ഒരു നിമിഷം. കവിയും ചരിത്രകാരനും സ്ഥലനാമ ഗവേഷകനുമായിരുന്ന വി. വി. കെ. വാലത്ത് അഗ്നിച്ചിറകുകളിലേയ്ക്ക്.

പുകക്കുഴലിലൂടെ വെളുത്ത പുക ആകാശത്തേയ്ക്ക് കുതിച്ചു. ഉയർന്നുയർന്നു പൊങ്ങിയ ആ ധൂമപടലങ്ങൾ ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു,

"ഞാൻ ഇനിയും വരും.
കൈ നിറയെ വിജയവും കാൽ നിറയെ ചോരയും കൊണ്ട്
ഞാൻ കയറി വരും.
അന്ന് നീ
ഈ നെറ്റിയിലെ വിയർപ്പു തുടക്കുമോ . . . ?
ഈ കവിളിലെ കണ്ണീരൊപ്പുമോ . . . ?"

ശുഭം

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA